**<u>ധനകാര്യം</u>**

## 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക<br>റവന്യൂ (രൂപ) | മൂലധനം (രൂപ) | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക<br>റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVII | വിദ്യാഭ്യാസം, കായിക വിനോദം, | 5435,33,39,000 | 117,38,33,000 | 10870,66,79,000 | 234,76,67,000 | 11105,43,46,000 |

| | | | | | | |
|---|---|---|---|---|---|---|
| | കല, സംസ്കാരം | | | | | |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ഖണ്ഡനോപക്ഷേപങ്ങൾ**

ധനാഭ്യർത്ഥന നമ്പർ XVII- വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എം. ഹംസ: സർ, വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചും സാംസ്കാരിക വകുപ്പിനെക്കുറിച്ചുമുള്ള ചർച്ചകൾ നടക്കുമ്പോൾ, ഇവിടെ ഇന്ന് ഏറ്റവും പ്രധാനപ്പെട്ട വിഷയമായി കേരളത്തിലും ലോകത്തിലുമാകെ ചർച്ച ചെയ്യപ്പെടുന്ന വിഷയം

കേരളത്തിലെ വിദ്യാർത്ഥികൾക്ക് പഠിക്കാൻ പാഠപുസ്തകമില്ലായെന്നാണ്. പഠിക്കാൻ പാഠപുസ്തകം വേണമെന്ന് ആവശ്യപ്പെട്ടാൽ ലാത്തിച്ചാർജ്ജും ടിയർഗ്യാസ് ഷെല്ലും പ്രയോഗിച്ച് അടിച്ചമർത്തുമെന്ന സമീപനം സ്വീകരിച്ചുകൊണ്ടാണ് ഇന്നത്തെ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. പാഠപുസ്തകം വേണമെന്ന് വിദ്യാർത്ഥികൾ പറയുന്നത് എങ്ങനെയാണ് തെറ്റാകുന്നത്. ഇന്നത്തെ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് എല്ലാവർക്കും ഒരേപോലെ അഭിപ്രായമുണ്ടോ; ഐക്യജനാധിപത്യമുന്നണിക്ക് അഭിപ്രായമുണ്ടോ? ഇന്നത്തെ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് ഞാൻ പറയുമ്പോൾ സഹായകരമായിട്ടുള്ള രേഖ ഇതിന്റെ മുമ്പിൽ വയ്ക്കുകയാണ്. 2014 ജൂലൈ മാസം 17-ാം തീയതി ഐക്യജനാധിപത്യമുന്നണിയുടെ പ്രധാന പാർട്ടിയായ കോൺഗ്രസ് പാർട്ടിയുടെ വീക്ഷണം പത്രം എഴുതിയത് വിദ്യാഭ്യാസ വകുപ്പ് ഈജിയൻ തൊഴുത്തായി മാറിയിരിക്കുന്നു. അതിനെ വൃത്തിയാക്കിയേ പറ്റൂവെന്നാണ്. വിദ്യാഭ്യാസ വകുപ്പിനെ വൃത്തിയാക്കണമെന്ന് പറയുന്നത് ഞങ്ങളല്ല, ഐക്യജനാധിപത്യ മുന്നണിയാണ്, അവരുടെ വീക്ഷണം പത്രം തന്നെയാണ്. വിദ്യാഭ്യാസകാര്യത്തിൽ മറ്റേത് സംസ്ഥാനത്തേക്കാളും മുന്നിലെത്തിയവരെന്ന് അഭിമാനിക്കുന്നവരാണ് നമ്മൾ. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഉന്നത വിദ്യാഭ്യാസത്തിന്റെ

കാര്യത്തിലും ഈ പെരുമ നിലനിർത്തിപ്പോരാൻ നമുക്ക് കഴിയാറുണ്ട്. ഇന്ന് ആ സ്ഥിതിക്ക് ഭംഗം വന്നിരിക്കുന്നുവെന്ന് പറയുന്നത് വീക്ഷണം പത്രമാണ്. എങ്ങനെയാണ് ഐക്യജനാധിപത്യമുന്നണി ഈ വിദ്യാഭ്യാസ വകുപ്പിനെ പിന്തുണയ്ക്കുന്നുവെന്ന് പറയാൻ കഴിയുന്നത്. അതാണ് ഇന്നത്തെ വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥിതി.

<u>ശ്രീ. സാജു പോൾ</u>: സർ, വീക്ഷണം പത്രം കോൺഗ്രസ്സുകാർ ആരും വായിക്കാറില്ല. പണ്ടൊക്കെ ക്ലാസിൽ ചെല്ലുമ്പോൾ പുസ്തകമില്ലെങ്കിൽ നമ്മളെ അധ്യാപകർ അടിച്ചുപുറത്താക്കുമായിരുന്നു. ഇപ്പോൾ പുസ്തകം ചോദിക്കുന്ന വിദ്യാർത്ഥികളെ പോലീസടിച്ച് ജയിലിൽ ആക്കുകയാണ്. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. എം. ഹംസ</u>: സർ, അതുമാത്രമല്ല, ഇന്ന് ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് വീക്ഷണം പത്രം പറഞ്ഞത് അങ്ങയുടെയും ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിലും ഉണ്ടായിരിക്കും. 2014 ജനുവരി മാസം 15-ാം തീയതിയിൽ വീക്ഷണം പത്രം എഴുതിയത്, സർവ്വകലാശാല വൈസ് ചാൻസലർമാരെക്കുറിച്ച് ബഹുമാനവും ആദരവുമുണ്ടായിരുന്നു എന്നാൽ ഇന്ന് സർവ്വകലാശാല വൈസ് ചാൻസലർമാരെക്കുറിച്ച് ആദരവും ബഹുമാനവുമില്ലെന്ന അവസ്ഥയിലേയ്ക്ക്

മാറിയിരിക്കുന്നുവെന്ന് പറഞ്ഞത് വീക്ഷണം പത്രം തന്നെയാണ്. ഇതൊരു കൂട്ടുത്തരവാദിത്വമുള്ള ഗവൺമെന്റാണോ; ഗവൺമെന്റെന്ന് പറയുന്നത് കൂട്ടുത്തരവാദിത്വമുള്ളതല്ലേ? കൂട്ടുത്തരവാദിത്വമില്ലാത്ത ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. കണ്ണൂർ സർവ്വകലാശാലയിൽ വി.സി.ക്ക് പി.എച്ച്.ഡി.കിട്ടിയത് മാജിക് രൂപത്തിലാണ്. എം.ഫിൽ ഉള്ളവർക്ക് 48 മാസം വേണം പി.എച്ച്.ഡി. കിട്ടാൻ എന്നാൽ കണ്ണൂർ സർവ്വകലാശാലയിലെ വി.സി.ക്ക് 32 മാസം കൊണ്ട് പി.എച്ച്.ഡി. കിട്ടുകയെന്ന മാജിക് ഉണ്ടാകുന്നത് നാണക്കേടല്ലേ നമ്മുടെ കേരളത്തിൽ. റോൾ മോഡലുകളെ കുട്ടികൾക്ക് കാണിച്ചുകൊടുക്കാൻ നമ്മളെപ്പോഴും പറയാറുണ്ട്. വൈസ് ചാൻസലർമാരെ നമുക്ക് റോൾ മോഡലായി കാണിച്ചുകൊടുക്കാമായിരുന്നു. അവരുടെ അക്കാദമിക് രംഗവും ജീവിതശൈലിയും എല്ലാം മാതൃകയായി കാണിച്ചുകൊടുക്കാമായിരുന്നു. ഇപ്പോൾ കണ്ണൂർ സർവ്വകലാശാല വി.സി.യെ കാണിക്കാൻ പറ്റുമോ; മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലറെ പുറത്താക്കേണ്ട സ്ഥിതി വന്നില്ലേ; കേരള യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് അംഗത്തിന് സീറ്റ് കിട്ടാതെ വന്നപ്പോൾ വൈസ് ചാൻസലറുടെ കസേരയിൽ കയറിയിരിക്കുകയെന്ന അപമാനം കേരളത്തിൽ അല്ലാതെ എവിടെയാണ് സംഭവിക്കുന്നത്. അത് സംഭവിച്ചില്ലേ?

ബി.എസ്.സി. നഴ്സിംഗിന്റെ ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടേണ്ട കുട്ടികൾക്ക് എം.ബി.ബി.എസ്. സർട്ടിഫിക്കറ്റ് കൊടുത്ത ലോകത്തിലെ തന്നെ ഏതെങ്കിലും അത്ഭുതം സംഭവിച്ച യൂണിവേഴ്സിറ്റിയുണ്ടെങ്കിൽ അത് കേരളത്തിലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആണെന്ന സ്ഥിതിയിലേയ്ക്ക് എത്തിയില്ലേ; ബി.എസ്.സി.നഴ്സിംഗ് പരീക്ഷ എഴുതിയ കുട്ടികൾക്ക് എം.ബി.ബി.എസ്. സർട്ടിഫിക്കറ്റ് കൊടുക്കുന്ന അത്ഭുതം ഈ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നടക്കുന്നു, അത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടക്കുന്നു. വൈസ് ചാൻസലർ ഉൾപ്പെടെയുള്ള നാല് ഉന്നത അക്കാദമിക് രംഗത്ത് പ്രവർത്തിക്കുന്ന ഏറ്റവും നല്ല പണ്ഡിതന്മാരെന്ന് വിശേഷിപ്പിക്കേണ്ടവർ ഇരിക്കേണ്ടവരാണല്ലോ സർവ്വകലാശാലയുടെ ഉന്നതരംഗത്ത്. ആ നാലുപേർക്കെതിരെ വിജിലൻസ് കേസ് തൃശ്ശൂർ കോടതിയിൽ ചാർജ് ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെയാണ് നിയമസഭയിൽ ആ വിവരം അറിയിച്ചത്. ഇങ്ങനെയുള്ള സർവ്വകലാശാല, നമുക്ക് പ്രീ-ഡിഗ്രി വേർപെടുത്തുന്ന സന്ദർഭത്തിൽ, സർവ്വകലാശാലകളുടെ ബാധ്യത കുറയുന്ന സന്ദർഭത്തിൽ, സർവ്വകലാശാല ഗവേഷണത്തിലും വൈജ്ഞാനിക മേഖലയിലും പുതിയ സംഭാവനകൾ ചെയ്യുന്ന കാര്യത്തിൽ, നമ്മൾ ലോകത്തിന്റെ മാതൃകകളായി കേരളത്തിലെ സർവ്വകലാശാലകൾ മാറുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണല്ലോ ഈ

രൂപത്തിലുള്ള മാറ്റമെല്ലാം ഉണ്ടാക്കിയത്. എന്ത് മാറ്റമാണുണ്ടായത്? വിദ്യയാണ് പ്രധാനം, വിദ്യാധനമാണ് പ്രധാനം എന്ന് പറയുന്ന സ്ഥാനത്ത് ഇപ്പോൾ ഭൂമിയാണ് ദാനം ചെയ്യുന്നത് എന്ന തരത്തിൽ സർവ്വകലാശാലകൾ മാറുന്നത് അപമാനമല്ലേ; ഈ രൂപത്തിൽ കേരളത്തിലെ സർവ്വകലാശാലകളുടെ നിലവാരം തകർന്നിരിക്കുകയാണ്. സർവ്വകലാശാലകളുടെ നിലവാരം തകർക്കുകയും ഇരിക്കാൻ പാടില്ലാത്തവർ ഇരിക്കുകയും ക്രിമിനലുകൾ അവിടെ കൈകാര്യം ചെയ്യുകയും ചെയ്യുമ്പോൾ കേരളത്തിന്റെ സാംസ്കാരിക രംഗത്തിന് വിദ്യാഭ്യാസ രംഗത്തിന് തലകുനിക്കേണ്ട ഗതികേടിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ അവസ്ഥ മാറണമെന്ന് ഞാൻ വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു. ഐക്യജനാധിപത്യമുന്നണി ഉന്നത വിദ്യാഭ്യാസത്തെയും എല്ലാ വിദ്യാഭ്യാസത്തെയും ആകെ തകർത്തിരിക്കുകയാണ്. ഇവിടെ സർവ്വകലാശാലകളിൽ സമയത്ത് പരീക്ഷ നടത്താൻ കഴിയുന്നുണ്ടോ; ഒരു പരീക്ഷ കലണ്ടറുണ്ടോ? സെക്കൻഡ് സെമസ്റ്റർ പരീക്ഷ എഴുതിയ കുട്ടിക്ക് തേർഡും ഫോർത്തും സെമസ്റ്റർ കഴിഞ്ഞാലും സെക്കൻഡ് സെമസ്റ്ററിന്റെ റിസൾട്ട് വരുന്നില്ല, ചിലപ്പോൾ ഫോർത്ത് സെമസ്റ്ററിന്റെ റിസൾട്ട് വരും. ഇങ്ങനെയുള്ള കുത്തഴിഞ്ഞ അവസ്ഥയുണ്ടാകുന്നു. കേരളത്തിൽ പഠിക്കുന്ന എം.ബി.ബി.എസ്. വിദ്യാർത്ഥിയും

അന്യ സംസ്ഥാനത്ത് പഠിക്കാൻ പോകുന്ന എം.ബി.ബി.എസ്. വിദ്യാർത്ഥിയും ഒരേ കൊല്ലം ചേർന്നാൽ അന്യസംസ്ഥാനത്ത് പഠിക്കാൻ പോയ വിദ്യാർത്ഥി എം.ബി.ബി.എസ്. കഴിഞ്ഞുവരുമ്പോഴേയ്ക്കും നമ്മുടെ കേരളത്തിൽ പഠിക്കുന്ന ബി.ടെക്/എം.ബി.ബി.എസ്. വിദ്യാർത്ഥിക്ക് ബി.ടെക്കോ എം.ബി.ബി.എസ്സോ പൂർത്തിയാക്കാൻ കഴിയുന്നില്ല. ഈ സ്ഥിതി മാറണ്ടേ? കേരളം വലിയ സംഭാവന വിദ്യാഭ്യാസ രംഗത്ത് ചെയ്ത സംസ്ഥാനമല്ലേ; ആ സംസ്ഥാനത്തിന് ആ രൂപത്തിൽ ഉന്നത വിദ്യാഭ്യാസത്തെ മാറ്റണ്ടേ? അതിനല്ലേ ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രീ. എം. എ. ബേബിയുടെ നേതൃത്വത്തിൽ കൗൺസിൽ രൂപീകരിച്ച് വളരെ നല്ല പ്രവർത്തനങ്ങൾ നടത്തിയത്. അതെല്ലാം കുത്തഴിഞ്ഞില്ലേ. വിജ്ഞാനം എന്ന് പറയുന്നത് ഒരു കച്ചവട ഉത്പന്നമാക്കുകയെന്ന 21-ാം നൂറ്റാണ്ടിന്റെ ആഗോളവത്ക്കരണ സാമ്പത്തിക നയത്തെ വളരെ ഭംഗിയായി പ്രയോഗിക്കുന്ന സംസ്ഥാനമായി ഇന്ന് കേരളം മാറിയിരിക്കുകയാണ്. യു. ആർ. അനന്തമൂർത്തി, ഡോ. ബി. ഇക്ബാൽ അതുപോലെയുള്ള ബഹുമാനപ്പെട്ട ആളുകൾ വൈസ് ചാൻസലറായിരിക്കുന്ന സ്ഥാനത്താണ് ഇന്ന് ഇങ്ങനെയുള്ളവർ വൈസ് ചാൻസലർമാരായിരിക്കുന്നത് വല്ലാത്ത അപകടകരമാണ്. എൻട്രൻസ് ഇന്ന് വേണോ വേണ്ടയോ എന്നതിനെക്കുറിച്ച് ചിന്തിക്കണമെന്ന അഭിപ്രായം

എനിക്കുണ്ട്. എന്തിനാണ് എൻട്രൻസ്? കുറേപേർക്ക് പണമുണ്ടാക്കാൻ. പ്ലസ് ടു വിദ്യാഭ്യാസം വളരെ നന്നായി നടത്തുകയും നല്ല റിസൾട്ട് പ്രഖ്യാപിക്കുകയും വളരെ ചിട്ടയായി നടത്തുകയും ചെയ്താൽ ആ മാർക്കിന്റെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്.ന് അഡ്മിഷൻ കൊടുത്തുകൂടെ? എഞ്ചിനീയറിംഗിനും എം.ബി.ബി.എസിനും എൻട്രൻസ് എന്തിനാണ്? ആ വിദ്യാഭ്യാസത്തെ തകർക്കുന്ന രീതിയിൽ കുറേ പേർക്ക് കച്ചവടം നടത്താനുള്ള ഉപകരണമായി മാറുന്നുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട പോരായ്മയാണ്. ആ പോരായ്മ പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളതു പോലെതന്നെയാണ് പൊതു വിദ്യാഭ്യാസ രംഗത്തും. അഞ്ചുവയസായ എല്ലാ കുട്ടിയും സ്കൂളിൽ എത്തുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ഒന്നാം ക്ലാസിൽ നൂറ് കുട്ടികൾ ചേർന്നാൽ 0.56 കുട്ടിയൊഴിച്ച് എല്ലാ കുട്ടികളും പത്താം ക്ലാസ്സിലെത്തുന്ന സംസ്ഥാനം കേരളമാണ്. ഈ കേരള സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തെ പുരോഗതി കാത്തുസൂക്ഷിക്കാൻ കഴിയുന്നുണ്ടോ? എസ്.എസ്.എൽ.സി. ഫലം രണ്ടുതവണ പ്രഖ്യാപിച്ചു. ഒരുതവണ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അതുകഴിഞ്ഞു ഡി.പി.ഐ.യും ഫലം പ്രഖ്യാപിച്ചു. അളവല്ല പ്രധാനം ഗുണമാണ് പ്രധാനമെന്ന്

പറഞ്ഞുകൊണ്ട് ചെയറിൽ ഇരിക്കുന്ന അങ്ങേയ്ക്ക് ലേഖനം എഴുതേണ്ടി വന്നില്ലേ? അങ്ങ് വിളക്ക് കൊളുത്തും വേറൊരാൾ വിളക്ക കൊളുത്തില്ല. വിളക്കുകൊളുത്തുന്ന കാര്യത്തിൽ നിങ്ങൾക്ക് വ്യക്തിപരമായി അഭിപ്രായങ്ങളുണ്ടാകും. പക്ഷെ ഇങ്ങനെയുള്ള രീതിയിൽ വിദ്യാഭ്യാസ രംഗത്തെ കൈകാര്യം ചെയ്യുമ്പോൾ ഈ രൂപത്തിൽ നിലവാരം കുറയാൻ പാടുണ്ടോ? കേരളത്തിൽ നാല് വർഷത്തിനിടയിൽ എത്ര ഡി.പി.ഐ. (Director of Public Instruction)-മാർ മാറിവന്നു. ഡി.പി.ഐ.-മാർ മാറുകയോ പുതിയ ആളുകൾ വരികയോ ചെയ്യട്ടെ. പക്ഷേ ഡി.പി.ഐ. മാർക്ക് ധൈര്യമായി ഇരിക്കാനോ ഇടപെടാനോ കഴിയാത്ത സ്ഥിതിയല്ലേ. ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. മുഹമ്മദ് ഹനീഷ് IAS, ശ്രീ. ഷാജഹാൻ IAS, ശ്രീ. ബിജു പ്രഭാകർ IAS, ശ്രീ. ഷെയ്ക്ക് പരീത് IAS, ശ്രീ. ഗോപാലകൃഷ്ണ ഭട്ട് IAS കൂടാതെ ഇവർക്കെല്ലാമിടയ്ക്ക് ശ്രീമതി വത്സമ്മ മാത്യു, ശ്രീ. എൽ. രാജൻ, ശ്രീ. ജോൺസ് വി. ജോൺ ഉൾപ്പെടെയുള്ള എട്ട് ഡി.പി.ഐ.-മാർ വന്നു. ഒരു അദ്ധ്യയന വർഷമെങ്കിലും ഒരു ഡി.പി.ഐ. ഇരിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞാലല്ലേ വിദ്യാഭ്യാസ രംഗത്ത് മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഡി.പി.ഐ. മാർക്ക് ആ സീറ്റിലിരിക്കാൻ ധൈര്യമില്ലാത്തതെന്താണ്; അവർക്ക് ആ മേഖലയിൽ സംഭാവന ചെയ്യാൻ

കഴിയാത്തതെന്താണ്; ഈ രൂപത്തിൽ ഐക്യജനാധിപത്യ മുന്നണിയുടെ നയം പൊതുവിദ്യാഭ്യാസത്തെ തകർക്കുകയല്ലേ; എട്ട് D.D. (Deputy Director) മാരുടെ ഒഴിവുള്ളത് നികത്തണ്ടേ; പതിനെട്ട് D.E.O. (District Educational Officer) മാരുടെ തസ്തികയുള്ളതിൽ ഒഴിവുള്ളത് നികത്തിയോ; 35 A.E.O. (Assistant Educational Officer) മാരുടെ തസ്തിക നികത്തിയോ; 310 സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരില്ല. അവരുടെ നിയമനവുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പ് തിരിച്ചയച്ചു. ഇതെന്തൊരു പൊതുവിദ്യാഭ്യാസമാണ്. ഇങ്ങനെയുള്ള സ്ഥിതിയിലേയ്ക്ക് വിദ്യാഭ്യാസ വകുപ്പ് മാറാൻ പാടുണ്ടോ?

ആർ.എം.എസ്.എ. സ്കൂളുകൾക്കുവേണ്ടി ലഭിച്ചിട്ടുള്ള ഫണ്ടിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് അടുത്ത ഘട്ടം വാങ്ങാൻ കഴിഞ്ഞില്ല. ഇപ്പോൾ ആർ.എം.എസ്.എ. സ്കൂളുകളായി പ്രഖ്യാപിച്ച സ്കൂളുകളെ ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. എം.ഐ.എസ്.-ന്റെയും മറ്റും തകരാറാണെന്ന് പറഞ്ഞുകൊണ്ട് ആർ.എം.എസ്.എ. സ്കൂളുകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. എത്ര ഐ.ടി അറ്റ് സ്കൂളുകൾ (I.T@ School) ആണ് നന്നായി പ്രവർത്തിച്ചത്. ആ സ്കൂളുകൾക്ക് കേന്ദ്രത്തിൽനിന്നും കിട്ടുമായിരുന്ന 550 കോടി രൂപ വാങ്ങാനോ ഉപയോഗിക്കുവാനോ കഴിഞ്ഞില്ല. വിദ്യാഭ്യാസ വകുപ്പിന്റെ

ഒരു പോരായ്മയല്ലേ ഇത്. എനിക്കുശേഷം സംസാരിക്കുന്ന ശ്രീ. ഹൈബി ഈഡനും ശ്രീ. ഷാഫി പറമ്പിലും ഒക്കെ ഇതിനെക്കുറിച്ച് പറയുമെന്ന് എനിക്കറിയാം.

വിക്ടേഴ്സ് ചാനൽ മാതൃകയായിരുന്നില്ലേ. കേരള നിയമസഭാ സമ്മേളനത്തിൽ അന്നത്തെ ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് ഡോ. എ. പി. ജെ. അബ്ദുൾകലാം വന്നപ്പോൾ പറഞ്ഞത്, എന്തുകൊണ്ട് വിദ്യാഭ്യാസരംഗത്ത് സ്പെയ്സ് ടെക്നോളജി ഉപയോഗിക്കുന്നില്ല എന്നാണ്. ഞാൻ ഇതിനെക്കുറിച്ച് മനസ്സിലാക്കിയപ്പോൾ ഇത് ഉപയോഗിക്കാത്തതിനെക്കുറിച്ച് അത്ഭുതം തോന്നുന്നു. കേരളം, സ്പെയ്സ് ടെക്നോളജിയെ വിദ്യാഭ്യാസരംഗത്ത് ഉപയോഗിക്കാത്തത് മോശമാണെന്ന് പറഞ്ഞു. അതിനുശേഷം സ്പെയ്സ് ടെക്നോളജി ഉപയോഗിച്ചു. വിക്ടേഴ്സ് ചാനൽ വന്നു. അത് നന്നായി പ്രവർത്തിച്ചു. ഇപ്പോൾ വിക്ടേഴ്സ് ചാനൽ എവിടെ; അതിന്റെ പ്രവർത്തനവും തകർന്ന് തരിപ്പണമായില്ലേ?

സ്കൂളുകളിലെ ടൈം ടേബിൾ പുതുക്കി. ചിത്രകലയ്ക്ക് സമയം കൊടുത്താൽ ഒരു കുഴപ്പവുമില്ല. കായികവും ചിത്രകലയും സംഗീതവും പഠിപ്പിക്കണമെന്ന കാഴ്ചപ്പാട് ശരിയാണ്. പക്ഷേ അദ്ധ്യാപകരെ നിയമിക്കണ്ടേ? അദ്ധ്യാപകരെ നിയമിക്കാതെ പീരീയഡ് കൂട്ടിയതുകൊണ്ട് ആ പീരീയഡിൽ കുട്ടികൾ വെറുതെയിരിക്കുകയാണ്. അശാസ്ത്രീയമായ രീതിയിൽ വിദ്യാഭ്യാസത്തെ കൊണ്ടുപോകുന്ന സ്ഥിതിയാണുള്ളത്.

വിദ്യാഭ്യാസ രംഗത്ത് ഗവേഷണം നടത്താനാണ് എസ്.സി.ഇ.ആർ.ടി. (State Council of Educational Research and Training). അതിനിപ്പോൾ ഡയറക്ടറില്ല.

ഏഷ്യയിലെ ഏറ്റവും വലിയ യുവജനോത്സവമല്ലേ സംസ്ഥാന യുവജനോത്സവം. ആ സംസ്ഥാന യുവജനോത്സവത്തിന്റെ മാന്വൽ പുതുക്കണമെന്ന് പറഞ്ഞിട്ട് പുതുക്കിയോ? കഴിഞ്ഞ യുവജനോത്സവത്തിൽ പങ്കെടുത്തവരുടെ കണക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ നിയമസഭയിൽ ഉത്തരമായി നൽകി. മത്സര വേദികളിൽനിന്ന് വന്നത് 8991 കുട്ടികളും കോടതിവഴിയും അപ്പീൽ വഴിയും വന്നത് 6275 കുട്ടികളുമാണ്. മത്സര വേദിയിൽനിന്നുവന്ന കുട്ടികൾക്ക് സമാനമായ രീതിയിൽ കോടതിയിൽനിന്നും അപ്പീലുവഴിയും കുട്ടികൾ വരുമ്പോൾ ഇതെന്തൊരു യുവജനോത്സവമാണ്. ഇതിൽ മാറ്റം വരുത്തണ്ടേ? ഈ രൂപത്തിൽ നമ്മുടെ വിദ്യാഭ്യാസരംഗത്തെ തകർക്കുകയാണ്. ഇങ്ങനെ തകർക്കുന്ന സന്ദർഭത്തിൽ വിമർശനം ഉന്നയിക്കുമ്പോൾ അരുവിക്കര കണ്ടില്ലേയെന്നാണ് ചോദിക്കുന്നത്. അരുവിക്കര മണ്ഡലത്തിൽ ഇപ്പോൾ എൽ.ഡി.എഫ്. തോറ്റു. 2006-ലെ തെരഞ്ഞെടുപ്പിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തോല്ക്കുമെന്ന് ആരെങ്കിലും കരുതിയോ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. എം. കെ. മുനീറും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും തോറ്റ

കാലത്ത്, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കനുകൂലമായി കൊടുങ്കാറ്റടിച്ച സമയത്ത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി തോറ്റ മണ്ഡലമാണ് അരുവിക്കര. അരുവിക്കരയല്ല കേരളമെന്ന് ശ്രീ. വി. എം. സുധീരൻ പറഞ്ഞത് മനസ്സിലാക്കിക്കൊണ്ട് അഹങ്കാരത്തിന്റെ ഭാഗത്തുനിന്നും മാറി വിനയത്തിന്റെ ഭാഗത്തേയ്ക്ക് പോയി, ഈ രാജ്യത്തിലെ വിദ്യാർത്ഥികളെ അടിച്ചമർത്താതെ, അവർക്കുവേണ്ടി സംസാരിക്കണം. പതിനെട്ടാമത്തെ വയസ്സിൽ മലാല യൂസഫ് സായ് എന്ന നോബൽ സമ്മാന ജേതാവ് പറഞ്ഞ ഒരു കാര്യമുണ്ട്. 'എനിക്ക് പതിനെട്ട് വയസ്സായി, ഞാൻ യുവതിയായി, കുട്ടികൾക്കുവേണ്ടി ഞാൻ എവിടെയും പൊരുതും' എന്നുപറഞ്ഞ മലാലയെപ്പോലെ കുട്ടികൾക്കുവേണ്ടി സംസാരിക്കാൻ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പും തയ്യാറാകട്ടെയെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ലോകത്തെമ്പാടുമുള്ള വിദ്യാഭ്യാസ സങ്കല്പങ്ങൾക്ക് ഏറെ മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. 'Knowledge is globally accessible' എന്നാണ് പറയപ്പെടുന്നത്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് മാറുന്ന കാഴ്ചപ്പാടുകളും ചിന്തകളും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട് പോകുന്നു എന്നുള്ളതാണ്

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും ഏറെ പ്രതീക്ഷ നൽകുന്ന കാര്യങ്ങൾ. We have a close system of education. വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് വിദേശ സർവ്വകലാശാലകളിലും അന്യ സംസ്ഥാനങ്ങളിലുമടക്കം close system of education-ൽ നിന്ന് open system of education-ലേയ്ക്ക് മാറുന്നു. Industry, Trade, Tourism, Banking തുടങ്ങിയ ലോകോത്തര നിലവാരത്തിലുള്ള മേഖലകളുമായി നമ്മുടെ വിദ്യാഭ്യാസ രംഗം കണക്ടഡാകണമെന്നുള്ളത് പലപ്പോഴും നമ്മൾ നേരിടുന്ന ആക്ഷേപമാണ്. Student Entrepreneurship Programme-ലൂടെ പ്രൊഫഷണൽ വിദ്യാഭ്യാസം സ്കൂൾ വിദ്യാഭ്യാസ രംഗത്തേയ്ക്ക് മാറേണ്ട ഒരു കാലമാണ്. പഠിക്കുന്ന സമയത്തുതന്നെ ലോകത്തിലെ എല്ലാ മേഖലകളിലും വിദ്യാഭ്യാസ രംഗം കണക്ടഡാകണമെന്നുള്ള ആവശ്യകതയാണ് ഈ ഗവൺമെന്റ് Student Entrepreneurship Programme-ലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. കാലം മാറുന്നതിനനുസൃതമായി മാറേണ്ട സാഹചര്യമാണ് ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന ഒരു പ്രധാനപ്പെട്ട ആശയം. ഇടത് സംഘടന എക്കാലത്തും സ്വാശ്രയ വിദ്യാഭ്യാസത്തെയും സ്വകാര്യ വിദ്യാഭ്യാസത്തെയും എതിർക്കുന്നവരാണ്. എന്നാൽ അവർ സർക്കാർ മേഖലയിൽ ചെയ്തതെന്താണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. സർക്കാർ മേഖലയിൽ പൊതുവിദ്യാഭ്യാസത്തിന്

അവർ ചെയ്യുന്ന സംഭാവന എന്താണ്? സ്വകാര്യമേഖലയെ എതിർക്കുമ്പോൾ സർക്കാർ മേഖലയിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താനുള്ള എന്തെങ്കിലും നിലപാടെടുക്കണം. സർക്കാർ കോളേജുകളില്ലാത്ത 27 നിയോജക മണ്ഡലങ്ങളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടക്കമുള്ള ആളുകളുടെ മണ്ഡലങ്ങളിൽ യാതൊരു രാഷ്ട്രീയ വിവേചനവുമില്ലാതെ സർക്കാർ മേഖലയിൽ കോളേജുകൾ അനുവദിച്ചു. പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെയും ഭൗതിക സാഹചര്യങ്ങളൊരുക്കുന്നതിന്റെയും ഭാഗമായി എം.എൽ.എ. ഫണ്ടും അസ്സറ്റ്സ് ഫണ്ടും നൽകുകയുണ്ടായി. സർക്കാർ സ്കൂളുകളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് നേതൃത്വം കൊടുത്തു.

ഈ ഗവൺമെന്റ് വന്നതിനുശേഷം 250 എയ്ഡഡ് കോഴ്സുകൾക്കാണ് അംഗീകാരം കൊടുത്തത്. അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് ആശങ്കകളുണ്ടായിരുന്നു. മാനേജ്മെന്റുകളുമായി സംസാരിച്ച് ആ ആശങ്കകൾ അകറ്റി. അയ്യായിരത്തോളം അദ്ധ്യാപകരെ സ്ഥിരപ്പെടുത്താനുള്ള, അവരുടെ ജീവിതം

സുരക്ഷിതമാക്കാനുള്ള നടപടി സ്വീകരിച്ച ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്.

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) എന്നു പറയുന്ന പദ്ധതി, കുട്ടികൾ കോഴ്സുകൾ പഠിച്ച് ഡിഗ്രികളും പ്രാഥമിക വിദ്യാഭ്യാസവുമെല്ലാം പൂർത്തിയാക്കുന്നു. പക്ഷെ, കേരളത്തിന് ഇന്ന് ആവശ്യമായിട്ടുള്ള സ്കിൽഡ് ലേബർ ഇല്ല. അതിനുള്ള ഒരു സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് 33 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ 953 സ്കൂളുകളിലായി ആരംഭിച്ചത്. 25,500 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിരിക്കുകയാണ്. അത് മെച്ചപ്പെടുത്തേണ്ട ആവശ്യകതയുണ്ട്. അത് റീഫ്രെയിം ചെയ്യേണ്ട ആവശ്യകതയുണ്ട്. അതിൽ മാറ്റങ്ങളുണ്ടാവേണ്ടതുണ്ട്.

പ്രതിപക്ഷം ഏറ്റവും കൂടുതൽ എതിർക്കുന്ന ഓട്ടോണമസ് കോളേജ് എന്ന സങ്കല്പത്തെയാണ്. ഇൻഡ്യയിലെ പ്രശസ്തമായ പല സർവ്വേകളും സ്റ്റാറ്റിസ്റ്റിക്സും മാഗസിനുകളും സൂചിപ്പിക്കുന്നത് ആദ്യത്തെ അൻപതോ നൂറോ കോളേജുകളിൽ കേരളത്തിലെ ഒരു ആർട്സ് ആന്റ് സയൻസ് കോളേജോ ഒരു 'ബി' സ്കൂളോ ഒരു എഞ്ചിനീയറിംഗ് കോളേജോ ഇല്ല എന്നുള്ളത് ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ് എന്നാണ്. ഞാനും ശ്രീ. വി. ഡി. സതീശനും പഠിച്ച തേവര

സേക്രട്ട് ഹാർട്ട് കോളേജിന്റെ commerce department മാത്രമാണ് ഒരു റാങ്കിംഗിൽ വന്നത്. Basic infrastructure ഉള്ള academic excellence പുലർത്തുന്ന കോളേജുകൾക്ക് ഓട്ടോണമി കൊടുക്കുന്നതിൽ എന്താണ് തെറ്റ്? Autonomy എന്നു പറയുന്നത് qualitative transformation-ലേയ്ക്കുള്ള major steps ആണ്. Autonomy എന്നുപറയുന്നത് വലിയ ഒരു സങ്കല്പമാണ്. ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ഡീംഡ് യൂണിവേഴ്സിറ്റികളും ഓട്ടോണമസ് കോളേജുകളുമെല്ലാം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. കേരളത്തിൽ മാത്രം ഒൻപത് കോളേജുകളിൽ, ചരിത്രപരമായ വളരെ പ്രധാനപ്പെട്ട സംഭാവനകൾ പൊതുസമൂഹത്തിന് നല്കിയ ക്യാമ്പസുകൾക്ക് ഓട്ടോണമസ് പദവി കൊടുത്തപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ മഹാരാജാസ് കോളേജ് അടക്കം ഓട്ടോണമിയെ എതിർത്തു. ഓട്ടോണമി വന്നാൽ മാറുന്ന കാലോചിതമായ മാറ്റം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അദ്ധ്യാപകർ കുറച്ച് പണിയെടുക്കേണ്ടി വരും. മഹാരാജാസ് കോളേജ് ഒഴിച്ച് ബാക്കി 8 കോളേജുകളിലും ഓട്ടോണമി ഭംഗിയായി നടക്കുന്നു. മെരിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന, എസ്.സി./എസ്.റ്റി./ഒ.ബി.സി. വിഭാഗത്തിൽ നിന്നുവരുന്ന കുട്ടികൾ പഠിക്കുന്ന കോളേജിൽ മാത്രം പരീക്ഷയില്ല; സമരമാണ്; വിദ്യാർത്ഥികൾക്ക് ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല. ബാക്കി

8 കോളേജുകളിലും ഓട്ടോണമി അംഗീകരിച്ചു. അവിടെയൊന്നും സമരമില്ല. സർക്കാർ കോളേജുകളിൽ മാത്രമാണ് സമരമുള്ളത്. അത് മാറേണ്ട കാലഘട്ടമായിരിക്കുന്നു. എക്കാലത്തും ഇടതുപക്ഷ മുന്നണികൾ/സംഘടനകൾ വിദ്യാർത്ഥി വിഭജന സംഘടനകളെ എതിർത്ത നിലപാട് മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

ഇവിടെ സിൻഡിക്കേറ്റുകളെക്കുറിച്ചും യൂണിവേഴ്സിറ്റികളെക്കുറിച്ചും പറഞ്ഞു. കേരളത്തിലെ പ്രശസ്ത സർവ്വകലാശാലയായ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ കുറച്ചുനാൾ സിൻഡിക്കേറ്റ് മെമ്പർ ആകാൻ ഒരവസരം ലഭിച്ച ആളാണ് ഞാൻ. അവിടെനിന്ന് ഞാൻ രാജിവച്ചാണ് മാറിയത്. യൂണിവേഴ്സിറ്റികൾ സ്ഥാപിക്കപ്പെടുന്നത് ചില ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ വേണ്ടിയാണ്. ഇന്ന് ഓട്ടോണമി എന്നുപറയുന്ന സ്റ്റെപ്പ് തന്നെ എക്സാമിനേഷൻ ഫാക്ടറികളായി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റികൾക്ക് എതിരായ ഒരു നിലപാട് ആണ്. കാരണം കരിക്കുലം മാറ്റാനും റീഫ്രെയിം ചെയ്യാനും പരീക്ഷകൾ നടത്താനും വളരെ എളുപ്പത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കാനുമെല്ലാം അധികാരം കൊടുക്കുകയും എന്നാൽ അതിനെയെല്ലാം നിയന്ത്രിക്കാൻ പരിപൂർണ്ണമായ അധികാരം സർക്കാരിനും അതുപോലെതന്നെ യൂണിവേഴ്സിറ്റിക്കും ഉള്ള ക്ലോസ്സ് വച്ചിട്ടാണ് ഈ

ഓട്ടോണമി പാസ്സാക്കിയത്. ഈ നിയമസഭയിൽ ഏറ്റവും കൂടുതൽ ഭേദഗതികൾ ഓട്ടോണമി ബില്ലിനെക്കുറിച്ച് കൊടുത്തത് ശ്രീ. സുരേഷ് കുറുപ്പാണ്. പക്ഷെ ദൗർഭാഗ്യമെന്നു പറയട്ടെ അന്ന് ചില flimsy reasons പറഞ്ഞ് പ്രതിപക്ഷം സഭ സ്തംഭിപ്പിക്കുകയും അത് ചർച്ച ചെയ്യാൻ പറ്റാത്ത ഒരു സാഹര്യം ഉണ്ടാക്കുകയും ചെയ്തു. ഞങ്ങൾ എല്ലാവരും അത് ചർച്ച ചെയ്യണമെന്ന് ആഗ്രഹിച്ച ആൾക്കാരാണ്. ന്യൂനതകളുണ്ടെങ്കിൽ അത് മാറ്റണമെന്ന് ആഗ്രഹിച്ച ആളുകളാണ്. പലപ്പോഴും സിൻഡിക്കേറ്റ് മീറ്റിംഗുകളിൽ അവിടത്തെ ജീവനക്കാരുടെ/അദ്ധ്യാപകരുടെ പ്രശ്നങ്ങളാണ് ചർച്ച ചെയ്യുന്നത്. അക്കാദമിക പ്രശ്നങ്ങളോ വിദ്യാർത്ഥികളുടെ നിലപാടുകളോ അവർക്ക് ആവശ്യമായ കാര്യങ്ങളോ ചർച്ച ചെയ്യാൻ പറ്റാത്ത ഒരു സാഹചര്യമാണുള്ളത്. കൊച്ചിൻ യൂണിവേഴ്സിറ്റി ഏറ്റവും പ്രശസ്തമായ ഒരു സർവ്വകലാശാലയാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ സിൻഡിക്കേറ്റുകളെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങളുണ്ട്. ഒരു വ്യാവസായിക തലസ്ഥാനത്തിൽ ടെക്നോക്രാറ്റുകൾ വരേണ്ട സ്ഥാനത്തേയ്ക്ക് ഏതു പക്ഷം അധികാരത്തിൽ വന്നാലും അവിടെയെല്ലാം പവർ ബ്രോക്കർമാരായി പ്രവർത്തിക്കുന്ന ചില മൂടുതാങ്ങികളെ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ സിൻഡിക്കേറ്റ് മെമ്പർമാരായി നിയമിക്കുന്നതാണ് അക്കാഡമിക് രംഗത്ത് വലിയ

അപചയം ഉണ്ടാക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം. 'To Err is Human, to forgive is Divine' എന്നാണ്. തെറ്റു പറ്റുന്നത് മാനുഷികവും അത് ക്ഷമിക്കുന്നത് ദൈവീകവുമാണ് എന്നാണ് പറയപ്പെടുന്നത്. ഈ ഗവൺമെന്റിന് തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്താനുള്ള സമയം ഉണ്ട്. അത്തരം നിലപാടുകൾ മാറ്റേണ്ട സമയമാണ്. ഇനിയും ആ തെറ്റ് ആവർത്തിച്ചാൽ കേരളത്തിലെ പൊതുസമൂഹവും അക്കാഡമിക് സമൂഹവും അതിനോട് പൊറുക്കില്ല എന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്.

കേരളത്തിന്റെ കായികസ്വപ്നങ്ങൾക്ക് കരുത്തും നിറവും അഭിമാനവും പകർന്നതാണ് നാഷണൽ ഗെയിംസ്. ആ നാഷണൽ ഗെയിംസിനെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങളുണ്ടായിരുന്നു. കേരളത്തിലെ sports infrastructure പടുത്തുയർത്തുന്നതിൽ വലിയ സംഭാവനകൾ നാഷണൽ ഗെയിംസ് നല്കിയിട്ടുണ്ട്. ഇവിടെ 2009-ൽ ഇടതുപക്ഷം അധികാരത്തിലിരുന്നപ്പോൾ നടത്താൻ പറ്റാത്ത ഒരു കാര്യം വെറുതെ അഴിമതിയാരോപണങ്ങൾ ഉന്നയിച്ച് ഇല്ലാതാക്കാൻ ശ്രമിക്കുകയും കേരളത്തിന്റെ കായികസ്വപ്നങ്ങൾ തകർക്കാൻ ശ്രമിക്കുകയും ചെയ്തതാണ്. ഞങ്ങളുടെ എല്ലാവരുടെയും ജില്ലകളിൽ sports infrastructure വന്നത് നമ്മുടെ കൺമുന്നിൽ നില്ക്കുകയാണ്. കേരളം കായികരംഗത്ത് നേടിയ നേട്ടങ്ങൾ നമ്മുടെ

മുന്നിലുണ്ട്. ഇതെല്ലാം വിസ്മരിച്ചുകൊണ്ട് വെറുതെ അഴിമതിയാരോപണങ്ങൾ ഉന്നയിച്ച്, അതിലൊന്നും യാതൊരു കഴമ്പുമില്ല അതിലെല്ലാം അപഹാസ്യരായത് നമ്മളെല്ലാം കണ്ടതാണ്.

എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. അംബേദ്കർ സ്റ്റേഡിയം - ഫിഫ നിർമ്മിക്കുന്ന, സാങ്കേതിക വൈദഗ്ദ്ധ്യംകൊണ്ട് പ്രത്യേകതകളുള്ള, ആ സ്റ്റാൻഡേർഡിലുള്ള ഫുട്ബോൾ സിന്തറ്റിക് ടർഫ് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന അംബേദ്കർ സ്റ്റേഡിയത്തിന്റെ ഗ്യാലറി സമുച്ചയത്തിന് എം.എൽ.എ. അസെറ്റ് ഫണ്ടിൽ നിന്ന് ഒരു കോടി രൂപ കൊടുത്തിട്ടുണ്ട്. അതിന്റെ ഗ്യാലറി നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ബാക്കി പണം ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കേരളത്തിലെ ആദ്യത്തെ സിന്തറ്റിക് ട്രാക്ക് മഹാരാജാസ് കോളേജിലാണ്. അത് resurface ചെയ്യാനുള്ള സമയം ആയിട്ടുണ്ട്. അതിനു വേണ്ടുന്ന നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് പറയുകയാണ്.

'സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്', 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്നീ പദ്ധതികൾ വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികളുടെ ഇടയിൽ ഒരു ഡിസിപ്ലിൻ

ഉണ്ടാക്കാനും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി മരുന്നുകളുടെ ഉപയോഗത്തിനെതിരെ വലിയ ക്യാമ്പെയിനുകളായി മാറിക്കൊണ്ടിരിക്കുന്ന പദ്ധതികളാണ്. അത് തുടരണം. അതോടൊപ്പംതന്നെ കോതമംഗലം സംഭവം എല്ലാവരെയും വേദനിപ്പിച്ച ഒന്നാണ്. ഏറെ കാലപ്പഴക്കമുള്ള ഒന്നാണ് സമ്മർ വെക്കേഷൻ എന്നുള്ള ആശയം. വളരെ ചൂടുള്ള വിദേശരാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലും extremely hot ആയിട്ടുള്ള കാലാവസ്ഥയെ നിയന്ത്രിക്കാൻ വേണ്ടിയാണ് കുട്ടികൾക്ക് സമ്മർ വെക്കേഷൻ കൊടുക്കുന്നത്. അതുപോലെ ചില രാജ്യങ്ങളിൽ വിന്റർ വെക്കേഷൻ കൊടുക്കാറുണ്ട്. എന്നാൽ കേരളം അതിഭയങ്കരമായ ചൂടോ തണുപ്പോ ഉള്ള സംസ്ഥാനമല്ല. പക്ഷേ നമ്മെ ഹാനികരമായി ബാധിക്കുന്ന ഒരു climatic condition എന്നുപറയുന്നത് മൺസൂൺ ആണ്. ആ മൺസൂൺ സമയത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ജൂൺ-ജൂലൈ മാസങ്ങളിലേയ്ക്ക് കലണ്ടർ ഷിഫ്റ്റ് ചെയ്യണം. അതിന് പ്രാഥമിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും സ്കൂൾ വെക്കേഷനുകൾ ജൂൺ-ജൂലൈ മാസങ്ങളിൽ ആക്കുന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്.

ശ്രീമതി ഗീതാ ഗോപി: സർ, ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ലാത്ത ബഡ്ജറ്റിനെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജറ്റും ധനാഭ്യർത്ഥനകളും ചർച്ചകളും സർക്കാരിന്റെ പ്രവർത്തനങ്ങളും നിഷ്പ്രയോജനമായിട്ടാണ് അനുഭവപ്പെടുന്നത്. ജാതിമത ശക്തികളെയും അഴിമതിക്കാരെയും തട്ടിപ്പുവീരന്മാരേയും തോളിലേറ്റി നടക്കുന്ന ഒരു സർക്കാരാണ് ഈ കേരളം ഭരിക്കുന്നത്. കാൽ നൂറ്റാണ്ടുകാലം തുടർച്ചയായി ജയിച്ചുവന്ന അരുവിക്കരയിലെ വിജയതരംഗം യഥാർത്ഥത്തിൽ ജനതാല്പര്യം മുൻനിർത്തിയാണെന്ന് യു.ഡി.എഫ്. അവകാശപ്പെടുന്നുണ്ടെങ്കിലും അഴിമതിയും കെടുകാര്യസ്ഥതയും ധനദുർവിനിയോഗവുംവഴി എല്ലാ സർക്കാർ വകുപ്പുകളും ജനവിരുദ്ധമായി മുന്നോട്ടുപോകുന്നു എന്ന യാഥാർത്ഥ്യമാണ് കേരള ജനത കണ്ടിട്ടുള്ളത്. ഉദാഹരണം നമ്മുടെ മുന്നിൽ തന്നെയുണ്ടല്ലോ; ഒരു വകുപ്പിന്റെ ചീഫ് സെക്രട്ടറി അതിരുകവിഞ്ഞ് ധനം സമ്പാദിച്ച എന്നതിന്റെ പേരിൽ സസ്പെൻഡ് ചെയ്ത സംഭവം കേരളചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഏതൊരു രാജ്യത്തും അടിസ്ഥാന പരിഗണന നല്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ കാര്യംതന്നെ എടുക്കുക. എന്തു പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്; 'ആന കയറിയ കരിമ്പിൻതോട്ടം' എന്ന പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങളാണ് ഈ വകുപ്പിൽ നടക്കുന്നത്.

വിദ്യാഭ്യാസമന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം വളരെ ശാലീനനും സ്നേഹസമ്പന്നനും ലാളിത്യനുമാണ്. അദ്ദേഹത്തിന്റെ വകുപ്പ് ചെയ്യുന്ന ഓരോ കാര്യങ്ങളും അദ്ദേഹം അറിയുന്നുണ്ടോ അതോ അദ്ദേഹത്തിന്റെ പാർട്ടി ഇടപെടുന്ന ഒരു സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. ഞാൻ ഇതു പറയാൻ കാരണം, പൊതുവിദ്യാഭ്യാസ രംഗത്തെ തകർക്കുന്ന നയങ്ങൾ ഈ സർക്കാർ പിന്തുടരുകയാണ്. രണ്ടുതവണ എസ്.എസ്എൽ.സി. റിസൾട്ട് പ്രഖ്യാപിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു എന്നുള്ളത് ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. വിദ്യാഭ്യാസ വകുപ്പും അതിന്റെ ചീഫ് തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരും അദ്ദേഹത്തെ തുരങ്കം വയ്ക്കുന്ന സമീപനമല്ലേ സ്വീകരിക്കുന്നതെന്നാണ് ഇക്കഴിഞ്ഞ എസ്.എസ്എൽ.സി. ഫലം എല്ലാവരെയും ബോധ്യപ്പെടുത്തിയത്. ഇത്രയും നേരത്തെ ഈ റിസൾട്ട് പ്രഖ്യാപിക്കേണ്ട സാഹചര്യം ഉണ്ടാക്കിയത് എന്തിനാണ്? എസ്.എസ്.എൽ.സി. റിസൾട്ട് വന്നതിനുശേഷം രണ്ടുമാസം കഴിഞ്ഞിട്ടല്ലേ പ്ലസ് വൺ, പ്ലസ് ടു പ്രവേശനം നടന്നത്. കേരള സംസ്ഥാനം സുന്ദര സാക്ഷര കേരളമാണെങ്കിൽപ്പോലും ആ ഒരു അവബോധം ബഹുമാനപ്പെട്ട മന്ത്രി ഉൾക്കൊണ്ടില്ല. കേരളത്തിലെ വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടേയും പൊതുവികാരം വളരെ വ്യക്തമായി

കണ്ട ഒരു സംഭവമായിരുന്നു എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം. ഈ ഫലപ്രഖ്യാപനം അദ്ദേഹത്തെ തകർത്തില്ലേ? ഇത് ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് ഖേദകരമായി തോന്നുന്നെങ്കിൽ അത്തരം നയങ്ങൾ തിരുത്താൻ അവസരമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്ലസ് ടു അനുവദിച്ചപ്പോൾതന്നെ സർക്കാരിന്റെ സമീപനം വളരെയധികം വ്യക്തമായി. ഇങ്ങനെ അനുവദിച്ച സർക്കാർ സ്കൂളുകളിൽ ഇതുവരെ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടില്ല. ഉദാഹരണമായി പറയുകയാണെങ്കിൽ നിരവധി സമരം ചെയ്തിട്ടും എന്റെ മണ്ഡലത്തിലെ വലപ്പാട് ഗവൺമെന്റ് സ്കൂളിൽ ഗസ്റ്റ് ലക്ചേഴ്സിന് നാളിതുവരെ ശമ്പളം കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ സമീപപ്രദേശത്തെ മണ്ഡലത്തിൽ ഒരു പൊതുപരിപാടിയുമായി ബന്ധപ്പെട്ട് വന്നപ്പോൾ ഞാൻ അദ്ദേഹത്തെ ടെലിഫോണിൽ വിളിച്ച് വലപ്പാട് ഗവൺമെന്റ് സ്കൂളിലെ പകരം ജീവനക്കാരായിരിക്കുന്ന അദ്ധ്യാപകർക്ക് നാളിതുവരെ ശമ്പളം കൊടുത്തിട്ടില്ലെന്നും ശ്രദ്ധിക്കണമെന്നും ഇടപെടണമെന്നും പറഞ്ഞു. അവർക്ക് ശമ്പളം സമയബന്ധിതമായി കൊടുക്കുന്നില്ലെന്നതിനേക്കാളുപരി പ്ലസ് ടു അനുവദിച്ച വിദ്യാലയങ്ങളിൽ ഇപ്പോഴും പോസ്റ്റ്പോലും ക്രിയേറ്റ് ചെയ്തിട്ടില്ല. അത് വകുപ്പ് ഉദ്യോഗസ്ഥർ അദ്ദേഹത്തെ ബോധ്യപ്പെടുത്തികൊടുക്കണം. ഇത്തരം

നയസമീപനങ്ങൾ തിരുത്തിക്കൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയോടുള്ള സമീപനങ്ങൾക്ക് യാഥാർത്ഥ്യ ബോധ്യമുണ്ടാക്കികൊടുക്കാൻ എന്തുകൊണ്ട് അദ്ദേഹം തയ്യാറാവുന്നില്ല? അദ്ധ്യാപകർ ജോലി ചെയ്യുകയാണ്. ആസ്തി വികസന ഫണ്ടുപയോഗിച്ച്  ഏത് പ്രോജക്ട് എടുക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം ഗവൺമെന്റ് എം.എൽ.എ.-മാർക്ക് തന്നിട്ടുള്ളതുപോലെ അതാത് മണ്ഡലങ്ങളിലെ ഏത് സ്കൂളുകൾക്ക് പ്ലസ് ടു അനുവദിക്കണമെന്ന് തീരുമാനിക്കാനുള്ള അനുമതി ഞങ്ങൾക്ക് തന്നുകൂടേ?  അങ്ങനെയാണെങ്കിൽ ഇതിലൊരു ആരോപണം വരുമോ? ആ ഒരു നയം കൂടി വകുപ്പ് ചർച്ച ചെയ്യണം. വിദ്യാഭ്യാസ വകുപ്പിൽ സ്വജനപക്ഷപാതപരമായി ദ്രുതഗതിയിൽ സ്ഥലംമാറ്റങ്ങൾ നടക്കുകയാണ്. സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് ട്രാൻസ്ഫർ നൽകുന്ന സംവിധാനത്തിലേയ്ക്ക് ഈ ഗവൺമെന്റ് പോകുന്ന വിദ്യാഭ്യാസ നയസമീപനം തിരുത്തണം. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം വൻതോതിൽ സ്വകാര്യ മേഖലയ്ക്ക് തീറെഴുതിക്കൊടുക്കുന്ന നയം വളരെയധികം ദ്രുതഗതിയിലാണ് സർക്കാർ കൈക്കൊള്ളുന്നത്. ഉദാഹരണം പറയുകയാണെങ്കിൽ, രണ്ടു മൂന്നു ദിവസത്തിനുള്ളിൽ കേരളത്തിലുണ്ടായ സമരങ്ങൾ നോക്കണം. പുസ്തകം അച്ചടിച്ച് സമയബന്ധിതമായി സ്കൂളുകളിൽ കൊടുക്കാത്തതിന്റെ ഭാഗമായി വിവിധ വിദ്യാർത്ഥി സംഘടനകൾ നടത്തിയ സമരത്തെ

ലാത്തിചാർജ്ജുകൊണ്ടും ഗ്രനേഡ് കൊണ്ടും അടിച്ചമർത്തുന്നത് ന്യായമാണോ? സമയബന്ധിതമായി പുസ്തകങ്ങളും യൂണിഫോമുകളും വിദ്യാലയങ്ങളിലെത്തിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്; ഉച്ചക്കഞ്ഞി വിതരണത്തിലുള്ള ക്രമക്കേടുകൾ എന്തുകൊണ്ട് അന്വേഷിക്കുന്നില്ല. ഇത്തരം സമീപനങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി നല്ല രീതിയിൽ ഉയർത്തിക്കൊണ്ടുവരാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു ഓർഡർ ഇട്ടാൽ മതി. അദ്ദേഹത്തെ സഹായിക്കാൻ ബന്ധപ്പെട്ട വകുപ്പും ഉദ്യോഗസ്ഥരുമുണ്ട്. അത്തരം കാര്യങ്ങളിൽ യാതൊരു ശ്രദ്ധയും ചെലുത്തുന്നില്ല. പുസ്തകം സമയത്ത് അച്ചടിക്കുന്നതിലും റീ-ടെണ്ടർ ചെയ്യുന്നതിലും വൻ അഴിമതി നടക്കുന്ന സാഹചര്യം നിലനിൽക്കുന്നില്ലേ? ഇത്രയും ഉദാസീനമായി പൊതുവിദ്യാഭ്യാസ രംഗത്തെ കാണുന്നതുകൊണ്ടല്ലേ ഇത്തരം സ്ഥാപനങ്ങളും വിദ്യാഭ്യാസവും കച്ചവടവത്ക്കരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പ് ദുരുദ്ദേശം ചെയ്യുന്നുണ്ടോ എന്ന് ഞങ്ങൾ സംശയിക്കുന്നത്. എത്ര സർക്കാർ സ്കൂളുകളാണ് നൂറു ശതമാനം വിജയം കൈവരിച്ചത്. നാട്ടിക മണ്ഡലത്തിൽത്തന്നെ ഏഴ് സർക്കാർ സ്കൂളുകളാണ് നൂറു ശതമാനം വിജയം കൈവരിച്ചത്. ഇപ്പോൾ പുസ്തകം എത്തിയിട്ടില്ല. ഫോട്ടോസ്റ്റാറ്റ് എടുത്തിട്ടാണ് വിദ്യാർത്ഥികൾ പഠിക്കുന്നത്. ഇക്കാര്യം ഇവിടെയല്ലാതെ ഞങ്ങൾ എവിടെപ്പോയി പറയും? ഞങ്ങൾ മണ്ഡലത്തിൽ

ചെന്നാൽ വിദ്യാർത്ഥികൾ ചോദിക്കുന്നത് പുസ്തകമെവിടെയെന്നാണ്. പ്രവേശനോത്സവം വരുന്നെന്ന് ഗവൺമെന്റിന് അറിയാമല്ലോ. സ്കൂൾ തുറക്കുമ്പോൾ പുസ്തകം എത്തിക്കണം. ഇതെല്ലാം ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയമാണ്. അത് അട്ടിമറിച്ചാൽ വളരെ മോശമായിട്ടുള്ള ഒരു സ്ഥിതിയിലേക്ക് വിദ്യാഭ്യാസ മേഖല കൂപ്പുകുത്തുമെന്നുള്ള യാഥാർത്ഥ്യം ബഹുമാനപ്പെട്ട മന്ത്രി തിരിച്ചറിയണമെന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാരിന് സ്വന്തമായി അച്ചടി സംവിധാനങ്ങളുണ്ടെങ്കിൽപ്പോലും പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റ് എപ്പോഴാണ് നടപടികളുമായി മുന്നോട്ടുപോയത്. സർക്കാർ പ്രസ്സുകളെ ഒഴിവാക്കാനുള്ള സാഹചര്യമെന്താണ്? ഖജനാവിന് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തണമെങ്കിൽ സർക്കാരിന്റെ അച്ചടി ജോലികൾ നെഗോഷ്യേറ്റ് ചെയ്തോ റീ-ടെണ്ടർ ചെയ്തോ ഏത് ലോവസ്റ്റ് ക്വട്ടേഷനാണോ വരുന്നത് അത് അംഗീകരിച്ചുകൊണ്ട് അച്ചടി സംവിധാനത്തിന് അനുമതി കൊടുക്കാനുള്ള സമീപനം വകുപ്പ് ചെയ്യുണ്ടേ? കേരളത്തിലെ ഏറ്റവും പ്രശസ്തനായിരുന്ന കവിയാണ് കുഞ്ഞുണ്ണിമാഷ്. അദ്ദേഹം എന്റെ മണ്ഡലത്തിലായിരുന്നു. കാലാകാലങ്ങളായി നമ്മൾ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കവിയാണ് അദ്ദേഹം. നാട്ടിക മണ്ഡലത്തിലെ വലപ്പാട് കേന്ദ്രീകരിച്ച് അദ്ദേഹത്തിന്റെ വസതിയിൽ അദ്ദേഹത്തിന്

ഒരു സാംസ്കാരിക സമിതിയുണ്ട്. ഈ സമിതിയിൽ ഏകദേശം എട്ട് അംഗങ്ങളുണ്ട്. ഇതിന്റെ ചെയർമാൻ തൊട്ടടുത്തുള്ള മണ്ഡലത്തിലെ എം.എൽ.എ. ആണ്. നാട്ടിക മണ്ഡലത്തിൽ കുഞ്ഞുണ്ണിമാഷ് സ്മാരക സമിതിയിലെ ചെയർമാൻ തൊട്ടടുത്ത മണ്ഡലത്തിലേതാണ്. ഭാവിയിൽ വരുന്ന പ്രവർത്തനങ്ങൾ വളരെ ശോചനീയമായ അവസ്ഥയിൽ വരുമെന്നുള്ളതിനാൽ അവിടെ സമരം നടക്കുകയാണ്. കുഞ്ഞുണ്ണി മാഷിന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ കുടുംബം 4 സെന്റ് ഭൂമി സാംസ്കാരിക സമിതിയെ ഏല്പിച്ചിരുന്നു. 2013-14-ൽ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് 25 ലക്ഷം രൂപ അതിനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവയ്ക്കുകയുണ്ടായി. ഇക്കാലമത്രയും ഈ സാംസ്കാരിക സമിതിയോ ചെയർമാനോ പത്ത് പൈസപോലും ആ സമിതിക്കുവേണ്ടി മാറ്റിവച്ചില്ല. ആ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽപ്പോലും വളരെ നിസ്സംഗമായിട്ടുള്ള സമീപനമാണ് സമിതി സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അത്രയും അനുകമ്പയോടെയാണ് ഫണ്ട് അനുവദിച്ചത്. സാംസ്കാരികമായിട്ടുള്ള ഒരു സംവിധാനത്തെയും കവിയെയും വളരെ മോശമായി ചിത്രീകരിക്കുന്ന രീതിയിലാണ് സമിതി മുന്നോട്ടുപോകുന്നത്. വരുംവർഷങ്ങളിൽ വലപ്പാട് കേന്ദ്രീകരിച്ചുള്ള കുഞ്ഞുണ്ണിമാഷ് സ്മാരക സമിതിക്ക് വലിയൊരു സംഖ്യ നീക്കിവച്ചുകൊണ്ട് തുടർന്നു കൊണ്ടുപോകണം എന്നുള്ളതുകൊണ്ടാണ് ഇക്കാര്യം സഭയുടെ മുന്നിൽ

ബോധ്യപ്പെടുത്തുന്നത്.

മി. ചെയർമാൻ: യെസ്.....യെസ്.....പ്ലീസ് കൺക്ലൂഡ്.

ശ്രീമതി ഗീതാ ഗോപി: സർ, ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കേരളത്തിന്റെ വിദ്യാഭ്യാസപരമായ കാഴ്ചപ്പാടിനെ മുൻനിർത്തി സംസാരിക്കുമ്പോഴും കേരളത്തിൽ എത്ര കർഷകരാണ് ആത്മഹത്യചെയ്യുന്നത്; സർവ്വീസിൽനിന്നും വിരമിച്ച എത്ര കെ.എസ്.ആർ.ടി.സി. ജീവനക്കാരാണ് പെൻഷൻ കിട്ടാതെ മരണപ്പെടുന്നത്? ലംസംഗ്രാന്റ് കിട്ടാത്ത എത്രയോ പട്ടികജാതി വിദ്യാർത്ഥികളാണുള്ളത്. അവർ എ.ഇ.ഒ.-യെയും ഡി.ഇ.ഒ.-യെയും വിളിക്കുന്നു. അവർ നേരിട്ട് എം.എൽ.എ.-മാർക്ക് പരാതി തരുന്നു. ഇത്തരം മേഖലയിൽ അസംഘടിതമായിട്ടുള്ള പ്രവർത്തനങ്ങൾ കേരളത്തിലെ ജനത അഭിമുഖീകരിക്കുമ്പോൾ അത് കണ്ടില്ല, ഇത് ഞങ്ങളുടെ ഭാഗമല്ലെന്ന് മുദ്രകുത്തുന്ന ഭരണ സംവിധാനം കേരളത്തിൽ നീണ്ടുപോകുന്നത് ശരിയല്ല. ഇവിടെ ബഡ്ജറ്റും അതിന്റെ അനുബന്ധ കാര്യങ്ങളും ചർച്ച ചെയ്ത് വികസന പാതയിലേയ്ക്ക് ഇനിയുള്ള എട്ട് മാസം യു.ഡി.എഫ്. ഇറങ്ങുന്നുണ്ടെങ്കിൽ ജനങ്ങളുടെ ക്ഷേമം തിരിച്ചറിയണം, ജനങ്ങളുടെ പ്രശ്നങ്ങൾ കണ്ടറിയണം, വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളെ തിരിച്ചറിയണം, പാവപ്പെട്ട മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാർത്ഥികളെ

തിരിച്ചറിയാൻ ഇവിടത്തെ ഭരണാധികാരികൾ മുന്നോട്ട് വരുന്നതോടുകൂടി ഈ നാടിന്റെ പ്രശ്നങ്ങൾ അവസാനിക്കുന്നതാണ്. ........(മൈക്ക് ഓഫ്)......

<u>ശ്രീ. എം.പി. അബ്ദുസമദ് സമദാനി</u>: സർ, വളരെ പ്രധാനപ്പെട്ട വിഷയങ്ങളെ ആധാരമാക്കിയുള്ള ഇന്നത്തെ ഈ ചർച്ചയിൽ പങ്കെടുക്കാൻ കഴിയുന്നതിലുള്ള കൃതാർത്ഥത ഇവിടെ രേഖപ്പെടുത്തട്ടെ. ഈ സർക്കാരിന്റെ കഴിഞ്ഞ നാലു വർഷത്തെ പ്രവർത്തനത്തിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ, വളരെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച വകുപ്പുകളുടെ കാര്യത്തിൽ ഈ വകുപ്പുകളും നമുക്ക് കൂട്ടിച്ചേർക്കാൻ സാധിക്കും. വിദ്യാഭ്യാസം, കല, കായികം, സംസ്കാരം ഈ വകുപ്പുകളിലെല്ലാം നാഴികക്കല്ല് പോലുള്ള നേട്ടങ്ങൾ കൈവരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുംം ഒരോ വകുപ്പിലെയും മന്ത്രിമാരുടെ നേതൃത്വത്തിലും വളരെ വ്യവസ്ഥാപിതമായ ശുഭോദർക്കമായ നീക്കങ്ങളുണ്ടായി എന്നത് അനിഷേധ്യമായിട്ടുള്ള യാഥാർത്ഥ്യമാണ്. വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ ഓരോന്നും വിശദീകരിച്ച് സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. അതിന് സമയവുമില്ല. സർക്കാർ സ്കൂളുകൾക്ക് ലഭിച്ചിട്ടുള്ള പരിഗണന മാത്രമെടുത്താൽ നയപരമായ ഒരു മാറ്റമാണ് ഇക്കാര്യത്തിൽ നമുക്ക് സൃഷ്ടിക്കാൻ സാധിച്ചിട്ടുള്ളതെന്ന് മനസ്സിലാകും. അതുമാത്രമല്ല മലയാളം നിർബന്ധ ഭാഷയാക്കിയത്, സംസ്കൃതത്തിന് കൊടുത്ത

പ്രത്യേക പരിഗണന, ശാസ്ത്രാഭിരുചി പരിപോഷിപ്പിക്കുന്നതിനായി സർക്കാർ എടുത്തിട്ടുള്ള നടപടികൾ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, സ്മാർട്ട് ചിൽഡ്രൻ പദ്ധതി, ലേണിംഗ് എൻഹാൻസ്മെന്റ് പദ്ധതി, മലയാളം സർവ്വകലാശാല, ഇംഗ്ലീഷ് വിദ്യാഭ്യാസം, ഭാഷാ പരിശീലനം പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയ നിരവധി പദ്ധതികൾ വിദ്യാഭ്യാസ വകുപ്പിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധ്യമാവുകയുണ്ടായി. കഴിഞ്ഞ നാലുവർഷക്കാലം നിശബ്ദമായി ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിൽ കൊണ്ടുവന്ന നടപടികളും പരിഷ്ക്കാരങ്ങളും കേരളത്തെ ആഗോളവിദ്യാഭ്യാസത്തിന്റെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്നുള്ളത് ആർക്കും കാണാൻ കഴിയുന്ന ഒരു കാര്യമാണ്. ഈ ഒരു പ്രത്യേകമായ സന്ധിയിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. സർവ്വകലാശാലകളുടെയൊക്കെ കാര്യം, ശ്രീ. പി. കെ. അബ്ദുറബ്ബ് വിദ്യാഭ്യാസവകുപ്പുമന്ത്രി ആയപ്പോൾ തുടങ്ങിയതല്ല. കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പിൽ വലിയ ചർച്ചകൾ നടക്കണം. അഗാധതല സ്പർശിയായ ചർച്ചകൾ ഉണ്ടാകണം. അതിന് രാഷ്ട്രീയപാർട്ടികളുടെ നേതൃത്വവും എല്ലാവരുംകൂടി ചേർന്നുകൊണ്ടുള്ള കൂട്ടായ

പരിശ്രമവുമാണ് വേണ്ടത്. ചില സർവ്വകലാശാലകൾ വിഭജിക്കണം. അഫിലിയേറ്റ് ചെയ്യാൻ വേണ്ടി നൂറുകണക്കിന് കോളേജുകളുണ്ട്. കെട്ടിയേൽപ്പിക്കപ്പെട്ട ഭരണസങ്കേതങ്ങളായി സർവ്വകലാശാലകൾ മാറുന്നതിനുപകരം അക്കാഡമികമായ, ഗവേഷണസംബന്ധിയായ, സൗരഭ്യം പരത്തുന്ന വിജ്ഞാനകേന്ദ്രങ്ങളായി, സംസ്കാരത്തിന്റെ ഗോപുരങ്ങളായി സർവ്വകലാശാലകളെ മാറ്റിയെടുക്കണം. അത് ഒറ്റയടിക്ക് സാധിക്കുന്ന കാര്യമല്ല. എങ്കിലും നിലവിലുള്ള സാഹചര്യങ്ങൾ വച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്ത് ഉണ്ടായത് വലിയ നേട്ടങ്ങളും മാറ്റങ്ങളുമാണ്. ഒരു കാര്യം കൂടി മനസ്സിലാക്കണം. നമ്മൾ ഒരു സന്ധിയിൽ ജീവിക്കുന്ന തലമുറയാണ്. പഴയതലമുറ പോയി പുതിയൊരു തലമുറ വന്നിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് പുതിയ പരീക്ഷണങ്ങൾ, പുതിയ സങ്കേതങ്ങൾ, പുതിയ സാധ്യതകൾ, പുതിയ സങ്കീർണ്ണതകൾ എല്ലാം ഒന്നിനുപുറകേ ഒന്നായി കടലിൽ തിരമാലകൾ അടിക്കുന്നതുപോലെ പുതിയ കോളിളക്കം വന്നിട്ടുള്ള കാലഘട്ടത്തിന്റെ മദ്ധ്യത്തിലാണ് നമ്മൾ ജീവിക്കുന്നത്. പുതിയ പരീക്ഷണങ്ങളുണ്ട്, പുതിയ സാഹസങ്ങൾ അനിവാര്യമാണ്. അതൊക്കെ ഉൾക്കൊണ്ടുകൊണ്ട് നീങ്ങാൻ ബഹുമാനപ്പെട്ട മന്ത്രിക്കും സർക്കാരിനും സാധിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. അക്കാഡമികവൽക്കരണമാണ് വിദ്യാഭ്യാസ

രംഗത്തെയാകെ മാറ്റിയെടുക്കുന്നതിനുള്ള ഒരു പരിഹാരം. അതിന് എല്ലാവരും കൂടി വിചാരിക്കണം. സർവ്വകലാശാല സർവ്വകലാശാലയാകണമെങ്കിൽ സർവ്വകലാശാലകൾ അക്കാഡമിക കേന്ദ്രങ്ങളാകണം. അതിലേയ്ക്ക് കേരളം എത്തിയിട്ടില്ല. അടുത്തകാലത്തൊന്നും എത്തുമെന്ന് പ്രതീക്ഷിക്കാൻ പറ്റിയ സാഹചര്യമല്ല. അത് ഒറ്റയടിക്ക് ഉണ്ടാക്കാൻ സാധിക്കുന്ന കാര്യവുമല്ല. അതിന് വിദ്യാഭ്യാസ രംഗം മാത്രം മാറിയാൽ പോരാ, സമൂഹവും രാഷ്ട്രീയ നേതൃത്വങ്ങളുമൊക്കെ മാറണം. ലോകത്ത് എവിടെയും സർവ്വകലാശാലകൾ അക്കാഡമിക കേന്ദ്രങ്ങളാണ്. എന്നാൽ കേരളത്തിൽ മാത്രമാണ് ചില അനഭിലഷണീയമായ, അനാരോഗ്യകരമായ, അനാശാസ്യപരമായ പ്രവണതകൾ ഇപ്പോഴും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ചുറ്റിപ്പറ്റി, ഒരു പിടികിട്ടാ പ്രേതം പോലെ, ഒരു ഒഴിയാബാധപോലെ വലയം ചെയ്തുകൊണ്ടിരിക്കുന്നത്. അതിനെ മാറ്റാൻ എല്ലാവരും ഒന്നിച്ച് നിൽക്കണം. ഇന്ത്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ ബോധത്തിന്റെ കേന്ദ്രം കൂടിയാണ് ജെ.എൻ.യു. ഞാൻ പാർലമെന്റ് മെമ്പറായിരുന്ന സമയത്ത് അവിടെ ഗവേഷണ വിദ്യാർത്ഥിയായി ചേർന്ന് പഠിച്ച ഒരാളാണ്. ഞാൻ അവിടെ എത്തിയപ്പോൾ അത്ഭുതപ്പെട്ടുപോയി. കാരണം വലിയ മന്ത്രിമാരെയും രാഷ്ട്രീയ നേതാക്കന്മാരെയും ഉൽപ്പാദിപ്പിച്ച സർവ്വകലാശാലയാണ്

ജെ.എൻ.യു. പക്ഷെ അവിടെ രാഷ്ട്രീയബോധമേയുള്ളൂ, രാഷ്ട്രീയവൽക്കരണമില്ല. ഗവേഷണങ്ങൾ, സെമിനാറുകൾ, പ്രബന്ധങ്ങൾ എല്ലാം നടക്കുന്നുണ്ട്. അങ്ങനെയാകണം സർവ്വകലാശാല. ഇന്ത്യയിൽ ഇന്നും ജെ.എൻ.യു. മെച്ചപ്പെട്ടൊരു യൂണിവേഴ്സിറ്റിയാണ്. ലോകത്തിലെ ആകെ മെച്ചപ്പെട്ട യൂണിവേഴ്സിറ്റികൾ എടുക്കുമ്പോൾ കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിയും ആ ഭൂപടത്തിൽ എവിടെയും കാണാനില്ല. അതിനുകാരണം ഇവിടത്തെ അതിരുകടന്ന രാഷ്ട്രീയവൽക്കരണമാണ്. ആ രാഷ്ട്രീയവൽക്കരണത്തിന്റെ നടുവിൽ നിന്നുകൊണ്ട് ഇത്രയെങ്കിലും നേട്ടങ്ങൾ കൈവരിച്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയെ അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. കായികരംഗം, വിദ്യാഭ്യാസരംഗം, സാംസ്കാരിക രംഗം ഇവയൊക്കെ ചർച്ച ചെയ്യപ്പെടുന്ന ഒരു അവസരമാണ്. നമ്മുടെ സംസ്കാരം മൊത്തത്തിൽ ചർച്ചയ്ക്ക് വരേണ്ട സമയമാണ്. ദേശീയ ഗെയിംസിനെക്കുറിച്ച് എന്തൊക്കെ പുലമ്പലായിരുന്നു. ആവശ്യമില്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് പല നന്മകളെയും തടയുക എന്നത് അടുത്തകാലത്ത് നമ്മുടെ ഒരു സ്വഭാവമായി മാറിയിരിക്കുകയാണ്. വിവാദ-അപവാദ വ്യവസായങ്ങളുടെ കൂത്തരങ്ങായി മാറുമ്പോൾ നമ്മൾ എവിടെ എത്തിയെന്ന് ആലോചിക്കണം. പക്ഷെ ഒരു കാര്യവുമുണ്ടായിട്ടില്ല. ദേശീയ ഗെയിംസ് വർണ്ണ

ശബളിമയാർന്ന വിജയം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ കൈവരിച്ചു, പറയാതിരിക്കാൻ വയ്യ. കാരണം നമ്മുടെ തലമുറയുടെ ഭാഗധേയത്തിന്റെ വിഷയമാണ്. അതുപോലെ തന്നെ ശ്രീ. കെ. സി. ജോസഫിന്റെ നേതൃത്വത്തിൽ സാസ്കാരിക വകുപ്പിൽ ഒരുപാട് കാര്യങ്ങൾ നടക്കുന്നുണ്ട്. നമ്മുടെ കേരളീയ സംസ്കാരത്തെയും കലകളെയും പുനരുദ്ധരിപ്പിക്കാൻ, പരിപോഷിപ്പിക്കാൻ ഈ ഗവൺമെന്റിന് നാല് കൊല്ലംകൊണ്ട് കഴിഞ്ഞു. അവിടെ വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. നമ്മൾ ഇന്ന് മൊത്തത്തിൽ മനസ്സിലാക്കേണ്ടതായിട്ടുള്ള സംഗതി, സർക്കാരിന്റെ സാംസ്കാരിക വകുപ്പോ വിദ്യാഭ്യാസ വകുപ്പോ മാത്രം ചർച്ച ചെയ്യാനുള്ളൊരു അവസരമാകരുത് ഇത്തരം വേളകൾ. അതിനെക്കാൾ ഉയർന്നുനിന്ന് നമ്മുടെ പൊതുവിദ്യാഭ്യാസവും പൊതുസംസ്കാരവും ചർച്ച ചെയ്യാൻ സാധിക്കണം. ഒരു കച്ചവട സംസ്കാരം വളർന്നുവരുന്നത് നമ്മുടെ കണ്ണിൽ പെട്ടേ തീരൂ. നമ്മുടെ സംസ്കാരത്തെ നശിപ്പിക്കുന്ന, ജീവിതത്തിന്റെ മഹിത ഭാവങ്ങളെ തകർത്തുകളയുന്ന ഒരു കച്ചവട സംസ്കാരം. ആർത്തിയുടെ, ആർഭാടത്തിന്റെ അശ്ലീലത നമ്മെ ഏവരെയും ബാധിച്ചുകൊണ്ടിരിക്കുകയാണ്. അത് വളരെയേറെ അനാരോഗ്യകരമായ സാഹചര്യം സൃഷ്ടിക്കുന്നു. കേരളത്തിൽ പണമുള്ള ചില ആളുകൾ നടത്തുന്ന വിവാഹങ്ങൾ... ഈ അടുത്ത കാലത്ത് തന്റെ മകളെ

കെട്ടിക്കുന്നതിന് കല്ല്യാണവേളയിൽ നടത്തിയ കരിമരുന്നുപ്രയോഗം കൊണ്ട് തൊട്ടടുത്ത വീട്ടിലെ 250 കോഴികളാണ് ചത്തത്. അങ്ങനെ ഇവിടത്തെ പറവകൾക്ക് പോലും രക്ഷയില്ലാത്ത വിധം.. ഈ രീതിയിലുള്ള ആർഭാടപരത, അശ്ലീലത, അതിനെയാണ് തടഞ്ഞുനിർത്തേണ്ടത് എന്ന് എനിക്ക് തോന്നുന്നു. അതോടൊപ്പം പലതിന്റെയും ദുരുപയോഗം ചർച്ച ചെയ്യേണ്ട വിഷയമാണ്. മോട്ടറോളാ കമ്പനിയിൽ ഗവേഷകനായിരുന്ന മാർട്ടിൻ കൂപ്പർ 1973-ൽ മൊബൈൽ ഫോൺ കണ്ടുപിടിക്കുമ്പോൾ സാധരണക്കാരനായ മനുഷ്യനായിരുന്നു. സാധാരണക്കാരിൽ നിന്നാണ് വലിയ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്. സാധാരണ ജീവിതത്തിന്റെ മഹാത്ഭുതങ്ങളിൽനിന്നാണ് സംസ്കാരം ഉത്ഭവിക്കുന്നത്, - യേശുക്രിസ്തുവിന്റെ കാരുണ്യത്തിൽ നിന്നാണ്. മരുഭൂമിയിലെ ഇടയനായിരുന്ന അനാഥ ബാലനായിരുന്നു പ്രവാചകൻ, ആ പ്രവാചകനിൽ നിന്നാണ്. വെറും വേടനായിരുന്നു വാല്മീകി മഹർഷി. വേടനാണ് പിന്നീട് മഹർഷിയായത്. വേദവ്യാസൻ നാടുചുറ്റി നടന്ന സാധാരണക്കാരനായിരുന്നു. കാളിദാസൻ സ്വയം മറന്ന അന്വേഷണങ്ങളിൽ, താൻ ഇരുന്ന കൊമ്പ് മുറിച്ച വ്യക്തിയാണ്. ആ കാളിദാസനാണ് വലിയ സംസ്കാരത്തിന്റെ ഗോപുരമായി നമ്മുടെ മുൻപിൽ പ്രഭ ചൊരിഞ്ഞു നിൽക്കുന്നത്. ഇങ്ങനെയുള്ള മഹത്തുക്കളിലൂടെയാണ് സംസ്കാരം

ഉണ്ടാകുന്നത്. അല്ലാതെ അതിരുകടന്ന ആർഭാടങ്ങളും കാട്ടിക്കൂട്ടലുമല്ല. മൊബൈൽ ഫോൺ-സോഷ്യൽ മീഡിയ വളരെ വലിയ സാധ്യതയുള്ള മേഖലയാണ്. പതിനാലാമത്തെ വയസ്സിൽ അമ്മയോടൊപ്പം ഉക്രൈനിൽനിന്നും അമേരിക്കയിലേയ്ക്ക് നാടുവിട്ട 14 വയസ്സുള്ള Jan Koum എന്ന ദരിദ്രനായ ചെറുപ്പക്കാരനാണ് വാട്ട്സ് ആപ് നിർമ്മിച്ചെടുത്തത്. ഒരു പരീക്ഷണശാലപോലും സ്വന്തമായി ഉണ്ടായിരുന്നില്ല. മുറക്കാൻ കടയിൽപോയിരുന്നാണ് Jan Koum തന്റെ പരീക്ഷണങ്ങൾ നടത്തിയത്. പക്ഷെ വലിയ മനുഷ്യർ വലിയ വലിയ സംസ്കാരങ്ങൾ നിർമ്മിക്കുമ്പോൾ ചെറിയ മനുഷ്യർ അതിനെ നശിപ്പിക്കുന്നു. അതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇന്നിപ്പോൾ വാട്ട്സ് ആപ്പിൽ ആളുകൾ നല്ല കാര്യത്തിന് ഉപയോഗിക്കുന്ന... use and abuse and misuse. ദുരുപയോഗമാണ്. തന്റെ മരണപ്പെട്ടുപോയ പിതാവിന്റെയും പിതാമഹന്റെയും കൂടെ സെൽഫി എടുക്കുക അത് പ്രചരിപ്പിക്കുക. Good bye Grandpa എന്ന് അടിക്കുറിപ്പ് കൊടുക്കുക. തീർച്ചയായും ഇതൊക്കെയാണ് ഇന്നത്തെ സംസ്കാരത്തിനെതിരെ ഉയർന്നുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. തുർക്കി ഭൂകമ്പത്തിൽ മൊബൈൽ ശബ്ദം കേട്ടിട്ടാണ് മൂന്നുപേരുടെ ജീവൻ രക്ഷിക്കാൻ സാധിച്ചത്. മനുഷ്യന് സഹായത്തിനും മനുഷ്യത്വത്തിനും അറിവിനും ഉപയോഗിക്കേണ്ട മഹത്തായിട്ടുള്ള

ഉപകരണങ്ങളാണ് ഇതെല്ലാം. ഇതൊക്കെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പുതിയ സംസ്കാരത്തെ തീർച്ചയായും നമുക്ക് കണ്ടറിയാനും തിരുത്താനും സാധിക്കണം. ആൽബർട്ട് ഐൻസ്റ്റീന്റെ ഒരു വലിയ തിയറിയുണ്ട്. പദാർത്ഥത്തിനും ദ്രവ്യത്തിനും മാത്രമല്ല ഊർജ്ജമുള്ളത്, ശൂന്യതയ്ക്കും ഊർജ്ജമുണ്ട് എന്നാണ്. ഒന്നുമില്ലാത്ത സ്ഥലത്തും എനർജി ഉണ്ടെന്നാണ്. അതാണ് ആൽബർട്ട് ഐൻസ്റ്റീൻ ലോകത്തിന് നൽകിയ വലിയൊരു ആശയം. ഒന്നും ഇല്ലായ്മയിൽ നിന്നും എല്ലാം പടുത്തുയർത്തിയ ഗാന്ധിജിയുടെ ലാളിത്യത്തിന്റെ, സാധാരണക്കാരുടെ നാടാണ് ഇന്ത്യ. ആ ഒരു സംസ്കാരത്തെ തിരിച്ചുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ തീർച്ചയായും ഏറ്റവും വലിയ നാശത്തിലേയ്ക്കാണ് നമ്മൾ കൂപ്പുകുത്താൻ പോകുന്നത്. അതുപോലെ നമ്മുടെ ചലച്ചിത്ര നിർമ്മാണ രംഗം, വളരെ കഷ്ടപ്പെട്ട് ഒരു കലാകാരൻ മെനഞ്ഞെടുത്ത ഒരു കലാസൃഷ്ടിയാണ് സിനിമ. ഒരു ദിവസം അത് പൈറസി നടത്തി. ഈ രീതിയിലുണ്ടാകുന്ന സിനിമയാകട്ടെ, പുസ്തകമാകട്ടെ ബുദ്ധിപരമായ കണ്ടെത്തലുകൾ ഏതുമാകട്ടെ അതിനെ നശിപ്പിക്കുന്ന രീതിയിലുള്ള സഭ്യേതരമായ ഒന്നും നിലനിൽക്കുകയില്ല. വൈക്കത്തെ മുട്ടസ്സ് നമ്പൂതിരിയുടെ ഫലിതങ്ങൾക്ക് നിലനിൽക്കാൻ കഴിഞ്ഞില്ല. അതൊന്നും നിലനിൽക്കില്ല, അതൊക്കെ കാലഹരണപ്പെട്ടുപോകും. നിലനിൽക്കുന്നത് സാമാന്യബുദ്ധിയുടെ നർമ്മബോധം

മാത്രമാണ്. അതാണ് ജീവിതത്തിന് അനിവാര്യമായിട്ടുള്ളത്. നമ്മുടെ സംസ്കാരത്തെ തിരിച്ചുപിടിക്കുന്നതിന്, ഈ ആർഭാടപരതയ്ക്കെതിരെ കോർപ്പറേറ്റ് സംസ്കാരത്തിനെതിരെ, ആർത്തിക്കെതിരെ, ജീവിതത്തിന്റെ മഹിതഭാവങ്ങൾക്കുവേണ്ടി, കാഠിന്യത്തിനുപകരം കാരുണ്യം കൊണ്ടുവരാൻ, കാഠിന്യമെന്നുപറഞ്ഞാൽ യുദ്ധം ചെയ്യുന്ന, ദേശത്തും വിദേശത്തും ആളുകളെ കൊല്ലുന്ന ആളുകൾ മാത്രമല്ല കാഠിന്യം കാണിക്കുന്നത്, മൃതദേഹത്തോടൊപ്പം ഫോട്ടോ എടുക്കുന്ന, മരണപ്പെട്ടവന് ഒരു മാന്യതയുണ്ട്. മൃതദേഹത്തിനുമുണ്ട് ആ മാന്യത. Dead man's dignity. അതിനെ പരിഹസിക്കുന്ന രീതിയിലുള്ള..... അതൊക്കെ നമ്മുടെ വിദ്യാഭ്യാസ നിലവാരത്തോടൊപ്പം കൊണ്ടുവരേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മാർക്കുല്പാദനം മാത്രമാക്കാൻ ഇനി കഴിയില്ല. ഞാൻ ഇതൊന്നുമാത്രമാണ് അവസാനമായി പറയാൻ ആഗ്രഹിക്കുന്നത്. വിദ്യാർത്ഥി മാർക്കുല്പാദകയന്ത്രവും അദ്ധ്യാപകൻ ആ യന്ത്രം പ്രവർത്തിപ്പിക്കുന്ന തൊഴിലാളിയും എന്ന നിലവിട്ട് സംസ്കാരത്തിന്റെ നിർമ്മാണശാലകളായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റാനുള്ള ഒരു പുതിയ പരിവർത്തനത്തിന് ഈ നിയമസഭകളെപ്പോലുള്ള നിയമനിർമ്മാണ കേന്ദ്രങ്ങൾ വേദിയാകട്ടെയെന്ന് ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് എനിക്കുമുമ്പ് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചില യാഥാർത്ഥ്യങ്ങൾ കാണാതെപോകുന്നുവെന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ കാര്യം. കേരളത്തിലെ വിദ്യാഭ്യാസമേഖല ഇന്ന് സമഗ്രമായ പുരോഗതിയുടെ പാതയിലാണെന്ന കാര്യത്തിൽ സംശയമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പാക്കിയ ഒട്ടേറെ പദ്ധതികളെക്കുറിച്ച് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എം. പി. അബ്ദുസമദ് സമദാനി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനെക്കുറിച്ചെല്ലാം പറയാനുള്ള സമയമില്ല. നമ്മുടെ മുമ്പിൽ ഒരു യാഥാർത്ഥ്യമുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികൾ കടന്നുവരാതിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും അൺ എയിഡഡ് വിദ്യാലയങ്ങളിൽ നിന്നുപോലും കുട്ടികൾ വിടുതൽ സർട്ടിഫിക്കറ്റുകൾ വാങ്ങി പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവരുന്നത് യഥാർത്ഥത്തിൽ കാണുന്ന കാഴ്ചയാണ്. കണക്കുകൾ തന്നെ ഇത് രേഖപ്പെടുത്തുന്നു. 2013-14-ൽ ഒന്നാം ക്ലാസിൽ ഏതാണ്ട് 10,935 കുട്ടികളാണ് പുതിയതായി ചേർന്നതെങ്കിൽ ആ സ്ഥാനത്ത് കഴിഞ്ഞവർഷം 4017 കുട്ടികൾ അധികമായി ചേർന്നിട്ടുണ്ട്. ഓരോ വർഷവും കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്ന കാഴ്ചയാണ് കാണുന്നത്. ഇന്ന്

കേരളത്തിലെ സ്കൂളുകളിലെ അടിസ്ഥാന വികസനങ്ങൾക്കായി എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടുമൊക്കെ വിനിയോഗിക്കുന്നുണ്ട്. അതുപോലെതന്നെ പല നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുന്ന സമഗ്രവിദ്യാഭ്യാസ പദ്ധതി, വ്യത്യസ്ഥതലങ്ങളിൽ നിന്ന് ഫണ്ടുകൾ പൂൾചെയ്ത്.... വിദ്യാലയങ്ങളുടെ കാഴ്ചപ്പാടുകൾ തന്നെ മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ കാണാതെപോകുന്നത് ശരിയല്ല എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. പാഠപുസ്തകങ്ങൾ മാറിയ ചില കാലഘട്ടങ്ങളുണ്ടായിരുന്നു. അന്ന് എന്തെല്ലാം വിവാദങ്ങളായിരുന്നു. പാഠപുസ്തകങ്ങളിൽ നിന്ന് കുമാരനാശാനെ മാറ്റി നിർത്തി, 'സ്ലേറ്റേ സ്ലേറ്റേ എന്റെ കണക്ക് തെറ്റിയാൽ നിന്നെ ഞാൻ തല്ലിപ്പൊട്ടിക്കും' എന്ന ആധുനിക കവിതവരെ നമ്മുടെ പാഠ്യപദ്ധതിയുടെ ഭാഗമായി കൊണ്ടുവന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇവിടെ പാഠപുസ്തകങ്ങൾ മാറി. കേരളത്തിൽ ഒരു രക്ഷകർത്താവ് പോലും പരാതി പറഞ്ഞില്ല. മാത്രമല്ല എന്റെ പരിമിതമായ അറിവിൽ നിന്നും ഞാൻ മനസിലാക്കുന്നത് കുട്ടിക്കും രക്ഷകർത്താവിനും അദ്ധ്യാപകനും പരസ്പരം കമ്മ്യൂണിക്കേറ്റ് ചെയ്യാവുന്ന, കൺവിൻസ് ചെയ്യാവുന്ന വളരെ നല്ല നിലയിലാണ് നമ്മുടെ പാഠപുസ്തക നിർമ്മിതി നടത്തിയിട്ടുള്ളതെന്നാണ്. കുട്ടിയെ

സംബന്ധിച്ചിടത്തോളം അതിൽ നിന്ന് എന്ത് പാഠമാണ് ഉൾക്കൊള്ളാൻ കഴിഞ്ഞത്, അതിൽ നിന്ന് കിട്ടിയ ഔട്ട്പുട്ട് എന്താണെന്ന് തിരിച്ചറിയാൻ കഴിയുന്ന തരത്തിലേയ്ക്ക് വളരെ കൃത്യമായ, ശാസ്ത്രീയമായ രീതിയിലുള്ള പാഠപുസ്തക നിർമ്മിതിയാണുണ്ടായത്. പാഠപുസ്തകത്തിന്റെ ലഭ്യതയെ സംബന്ധിച്ചുള്ള തർക്കങ്ങൾ ഒരു ഭാഗത്തുണ്ട്. പക്ഷേ അത് ഒന്നോ രണ്ടോ ആഴ്ചകൊണ്ട് അവസാനിക്കുന്ന കാര്യമാണ്. പക്ഷേ അതിനപ്പുറത്ത്, പാഠപുസ്തകത്തിന്റെ കണ്ടന്റാണ് പ്രധാനപ്പെട്ട ഒരു കാര്യം. കണ്ടന്റുകളുടെ വിവാദത്തിലേയ്ക്ക് പോകാതെ വളരെ സൂക്ഷ്മമായി ആ പ്രക്രിയ നിർവ്വഹിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഏറെ സന്തോഷകരമായ ഒരു കാര്യമാണ്. അതുകൊണ്ടുതന്നെ കുട്ടികൾക്ക് ഒരു സ്വയം വിലയിരുത്തലിന് തയ്യാറാകുന്ന നിലയിലേയ്ക്ക് ആധുനികമായ വിദ്യാഭ്യാസ സമ്പ്രദായത്തിലുണ്ടാകുന്ന മാറ്റങ്ങളെ ഉൾക്കൊള്ളുവാൻ കഴിഞ്ഞ കാലഘട്ടങ്ങളിൽ കേരളത്തിലെ വിദ്യാഭ്യാസമേഖലയ്ക്ക് കഴിഞ്ഞുവെന്നുള്ളത് തീർച്ചയായും നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഒരു കാര്യമാണ്. നമ്മുടെ പരീക്ഷാരീതികൾ മാറ്റണം. നൂറ് ശതമാനവും തൊണ്ണൂറ്റിയേഴ് ശതമാനവും റിസൾട്ട് പറയുമ്പോഴും അടിസ്ഥാനപരമായ മാറ്റം ഇക്കാര്യത്തിലുണ്ടാകണം. പ്രത്യേകിച്ച് എനിക്ക് സൂചിപ്പിക്കാനുള്ള കാര്യം, ഈ കണ്ടിന്യുവസ് ഇവാല്യുവേഷനും ടേം

ഇവാല്യവേഷനും നടക്കുന്നത് ഒരേപോലെയാണ്. ഇതിന് വ്യത്യസ്തമായി രണ്ടുതരത്തിൽ മാർക്കിടണം. പഴയതുപോലെ ഓരോ വിഷയത്തിനും സെപ്പറേറ്റ് മിനിമം കൊണ്ടുവരണം. സെപ്പറേറ്റ് മിനിമം കൊണ്ടുവരികയും കണ്ടിന്യൂവസ് ഇവാല്യൂവേഷന്റെയും ടെർമിനൽ ഇവാല്യവേഷന്റെയും മാർക്കുകൾ സെപ്പറേറ്റ് ആക്കുകയും ചെയ്യുന്ന ഒരു സാഹചര്യമുണ്ടായെങ്കിൽ മാത്രമേ ക്വാളിറ്റി ഇംപ്ലൂവ്മെന്റിന്റെ കാര്യത്തിലേയ്ക്ക് നമുക്ക് കടന്നുവരാൻ സാധിക്കുകയുള്ളൂവെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, സബ്ജക്ടിൽ സെപ്പറേറ്റ് മിനിമം ഉറപ്പുവരുത്തുന്നതോടൊപ്പം, എന്റെ ഒരു നിർദ്ദേശം ശരാശരി 35 മാർക്കെങ്കിലും കിട്ടാത്ത കുട്ടി ജയിച്ചുവെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? അതുമാത്രമല്ല പത്താം ക്ലാസിലെ പരീക്ഷയ്ക്ക് ഇത്രയും അമിതമായ പ്രാധാന്യം ഈ കാലഘട്ടത്തിലുണ്ടോ? കാലം മാറിപ്പോയി. പ്ലസ് ടു അടിസ്ഥാനയോഗ്യതയായി നിർണ്ണയിക്കുന്ന ഒരു കാലഘട്ടത്തിൽ, കോടിക്കണക്കിന് രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. പത്താം ക്ലാസിലെ പരീക്ഷാപേപ്പർ പോലീസ് അകമ്പടിയോടെ ട്രഷറിയിൽ കൊണ്ടുപോയി വളരെ രഹസ്യമായിപൂട്ടിവയ്ക്കുന്നു. എന്നാൽ പ്ലസ് ടു പരീക്ഷാപേപ്പർ ഇരിക്കുന്നത് പ്രിൻസിപ്പാളിന്റെ മുറിയ്ക്കകത്തെ ലോക്ക് ചെയ്യുന്ന ഒരു

അലമാരയിലാണ്. സി.ബി.എസ്.ഇ. ഉൾപ്പെടെ കേന്ദ്രവിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്ലസ് ടു - വിനെ അടിസ്ഥാന യോഗ്യതയായി അംഗീകരിച്ച കാലഘട്ടത്തിൽ, ആ മാറ്റം ഉൾക്കൊണ്ട് മുന്നോട്ടുപോകേണ്ടതും ഇത് ഒരു ക്വാളിഫൈയിംഗ് എക്സാമിനേഷൻ എന്ന നിലയിലേയ്ക്ക് ..... എട്ടാം ക്ലാസുവരെ ഏതായാലും പരാജയപ്പെടുത്താൻ കഴിയുകയില്ല. എട്ടാം ക്ലാസുവരെ വിജയിച്ചുവന്ന കുട്ടി പത്താം ക്ലാസിൽ തോൽക്കണമെന്ന പറയുന്നതിൽ അർത്ഥമില്ലയെന്നുള്ളതാണ് യാഥാർത്ഥ്യം. അതുൾക്കൊണ്ട് പത്താം ക്ലാസിലെ കുട്ടികൾക്ക് നൽകുന്ന അമിതമായ ആവേശവും ഭാരവും മാറ്റിവച്ച് പ്ലസ് ടു വിനെ കുറച്ചുകൂടി ഗൗരവമായി കാണുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ മാറണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

CWSN കുട്ടികൾ - എല്ലാ സ്കൂളുകളിലും കാണുന്ന ഒരു പ്രത്യേകത എൽ.ഡി. കുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാരണം ഗ്രേസ് മാർക്ക് കിട്ടും. അങ്ങനെ വരുമ്പോൾ A കിട്ടുന്ന കുട്ടിക്ക് A+ കിട്ടും. ഗ്രേസ് മാർക്കിന്റെ കാര്യത്തിലും ഇതേ വിഷയമുണ്ട്. എനിക്കുമുമ്പ് ഇവിടെ സംസാരിച്ചവർ യുവജനോത്സവത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ കഥകളിയും മോഹിനിയാട്ടവും പഠിക്കുന്നത് കലയോടുള്ള താൽപ്പര്യംകൊണ്ടു മാത്രമല്ല, പകരം

ഈ ഗ്രേസ് മാർക്ക് കിട്ടാൻവേണ്ടിയാണ്. സത്യത്തിൽ A കിട്ടുന്ന കുട്ടിക്ക് ഗ്രേസ് മാർക്കിലൂടെ A+ കിട്ടാൻ സഹായിക്കുന്നു. ഇപ്പോൾ കേരളത്തിൽ A+ കൂടിയതിന് ഒരു കാരണം ഗ്രേസ് മാർക്ക് കിട്ടി A യിൽ നിന്ന് A+ ലേയ്ക്ക് പോയതാണ്. അതൊഴിവാക്കി, പരീക്ഷയുടെ സർട്ടിഫിക്കറ്റുകളിൽ ഗ്രേസ് മാർക്ക് ഉൾപ്പെടുത്തണം. കാരണം അത് ഉന്നത പഠനത്തിന് സഹായിക്കണം. പക്ഷേ റിസൾട്ട് വർദ്ധിപ്പിക്കാനായി ഗ്രേസ് മാർക്ക് കൊടുക്കുകയും..... എൻ.എസ്.എസ്-ലും സ്കൗട്ടിലുമൊക്കെ ചേരുന്നത് അതിനോടുള്ള അമിതമായ പ്രിയംകൊണ്ടാണെന്ന് എനിക്ക് തോന്നുന്നില്ല. അത് ഗ്രേസ് മാർക്ക് കിട്ടുമെന്നുള്ളതുകൊണ്ടാണ്. കാലോചിതമായ ആ മാറ്റം ഈ മേഖലയിൽ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. DIET കളെ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. DIET വളരെ നിർണ്ണായകമായ നടപടികൾ സ്വീകരിക്കുന്ന ഒരു പ്രസ്ഥാനമായി മാറുന്നുവെന്നതാണ് പ്രധാനപ്പെട്ട ഒരുകാര്യം. മറ്റൊരു പ്രധാനപ്പെട്ട കാര്യം ISM വിസിറ്റുമായി ബന്ധപ്പെട്ടതാണ്. മീഡിയയിലും മറ്റും വന്നതാണ് പരിശോധന എന്ന വാക്ക്, ചില വാക്കുകൾ ഉപയോഗിക്കുന്നതിനകത്തു വന്ന അപാകതയാണ്. ഞാൻ ആ മെക്കാനിസത്തോട് യോജിപ്പുള്ള ആളാണ്. കാരണം ഈ പ്രക്രിയിലൂടെ വിദ്യാഭ്യാസ വകുപ്പ് ഉന്നംവച്ചത് എവിടെയെങ്കിലും അപാകതകളുണ്ടെങ്കിൽ

കണ്ടെത്തി അത് പരിശോധിച്ച് മാറ്റമുണ്ടാക്കാനും എവിടെയെങ്കിലും മികവുണ്ടെങ്കിൽ ആ മികവിനെ തിരിച്ചറിഞ്ഞ് മറ്റുള്ള ആളുകളിലേയ്ക്കുകൂടി എത്തിക്കാനുള്ള, വളരെ നല്ല ഒരു ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഐ.എസ്.എം വിസിറ്റ് എന്നുള്ളതാണ് ഞാൻ മനസിലാക്കുന്നത്. പക്ഷേ പരിശോധനയാണെന്നും പറഞ്ഞ് അദ്ധ്യാപകന്റെ ക്ലാസിൽ കയറി വീഡിയോയിൽ പകർത്തുന്നുവെന്ന് പറഞ്ഞ് ആവശ്യമില്ലാത്ത കലാപങ്ങൾ പലപ്പോഴുമുണ്ടാക്കുന്ന ഒരു പ്രവണത ശരിയല്ല. കാര്യങ്ങളെ മനസിലാക്കുന്നില്ല എന്നുള്ളതാണ്. അതോടൊപ്പം നിയമനവുമായി ബന്ധപ്പെട്ട വളരെയധികം ആശങ്കകൾ ഉണ്ടായിട്ടുണ്ട്. അതിനുള്ള തീരുമാനം ഇന്നുണ്ടാകുമെന്നുള്ളതാണ് ഏറ്റവും സന്തോഷകരമായ ഒരു കാര്യം. വളരെ കാലങ്ങളായി അദ്ധ്യാപകരും മാനേജ്മെന്റും .....മാനേജ്മെന്റുകളെയെല്ലാം കുറ്റപ്പെടുത്തി പറയാൻ സാധിക്കില്ല. പ്രത്യേകിച്ച് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് വർഷങ്ങളായി വളരെ നിസ്തുലമായ സേവനം നടത്തുന്ന വലിയ മേഖലയാണ് നമ്മുടെ സ്വകാര്യമാനേജ്മെന്റുകൾ. എല്ലാവരേയും ഒരുപോലെ കാണാൻ കഴിയില്ല. തീർച്ചയായും ആ കാര്യത്തിലുള്ള അപാകത പരിഹരിക്കാനുള്ള നടപടികൾ ഉണ്ടാകണം. ഞാൻ വിദ്യാഭ്യാസ വകുപ്പിനെ ആത്മാർത്ഥമായി അഭിനന്ദിക്കുന്ന കാരണം പരിമിതിക്കകത്തുനിന്ന്, വിവാദങ്ങൾ എപ്പോഴും

കേരളത്തിലുണ്ടായിക്കൊണ്ടേയിരിക്കും. വിവാദത്തിനപ്പുറം ഡിജിറ്റൽ നോട്ട് ബുക്കുകൾ കേരളത്തിൽ വരുന്നു. മാറ്റങ്ങൾ കേരളത്തിലുണ്ടാകുന്നു. നമ്മുടെ ക്ലാസ് മുറികളിലേയ്ക്ക് സ്മാർട്ട് ക്ലാസ് മുറികൾ കടന്നുവരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് വളരെ കാലോചിതമായ മാറ്റങ്ങൾ നേരിട്ടുകാണുന്നുണ്ട്. 13 കുട്ടികൾമാത്രം വിജയിച്ചിരുന്ന ഒരു ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ കഴിഞ്ഞ രണ്ടുവർഷമായി 100 ശതമാനം റിസൾട്ട് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞെങ്കിൽ അത് ഒരു ദിവസം രാവിലെ ഉണ്ടായ മാറ്റമൊന്നുമല്ല. കുറേയാളുകളുടെ വളരെ അദ്ധ്വാനപൂർണ്ണമായ, ആത്മാർത്ഥമായ സമീപനം തീർച്ചയായും ആ മേഖലയുമായി ബന്ധപ്പെട്ട് കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. നിലവിൽ എയ്ഡഡ് സ്കൂളുകൾക്ക് എസ്.എസ്.എ.-യുടെയോ ആർ.എം.എസ്.എ.-യുടേയോ ഫണ്ട് ലഭിക്കുന്നില്ല. ഏതായാലും ഗവൺമെന്റ് എയ്ഡ് ഉള്ളതാണ്. കേന്ദ്രത്തിലിരിക്കുന്നയാളുകൾക്ക് കേരളത്തിലെ എയ്ഡഡ് സ്കൂളുകളെക്കുറിച്ച് എത്രമാത്രം ബോധമുണ്ടെന്ന് എനിക്കറിയില്ല. എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത്, ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ എന്നുള്ള പേരുമാറ്റം ഉണ്ടായാൽ, എയ്ഡഡ് സ്കൂളുകൾക്ക് എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ

ഉപയോഗിക്കാൻ പറ്റുന്നതരത്തിൽ ഒരു മാറ്റമുണ്ടായാൽ പ്രയോജനപ്രദമായിരിക്കും. അദ്ധ്യാപകരെ എൽ.പി. അസിസ്റ്റന്റ്, യു.പി. അസിസ്റ്റന്റ് എന്നുപറയുന്ന പഴയ രീതി ദയവായി മാറ്റണം. കാരണം ഹെഡ്മാസ്റ്ററുടെ അസിസ്റ്റന്റ് എന്നുപറഞ്ഞ് പണ്ട് ആരോ എഴുതിവച്ചതാണ്. അവർ ടീച്ചർമാരാണ്. ഹയർ സെക്കണ്ടറി ടീച്ചർ എന്നുപറയേണ്ടിടത്ത് എൽ.പി./യു.പി. അസിസ്റ്റന്റ് എന്നുപറയുന്നത് ശരിയല്ല. ഒരു വാക്കിന്റെ പ്രശ്നമേയുള്ളുവെങ്കിൽപ്പോലും കുറേക്കൂടി മാന്യത കൊടുക്കാൻ കഴിഞ്ഞാൽ തീർച്ചയായും നല്ലതായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പംതന്നെ എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂളുകളിൽ കമ്പ്യൂട്ടർ കൊടുക്കാറുണ്ട്. കത്ത് കൊടുത്തുകഴിഞ്ഞാൽ എം.എൽ.എ. മാരുടെ കൺട്രോൾ കഴിഞ്ഞു. പിന്നീട് ഇത് ഏതെങ്കിലും ഏജൻസിക്ക് കൊടുക്കും. പലപ്പോഴും സ്കൂളുകളിൽ ചെന്നുനോക്കുമ്പോൾ കാണുന്നത് എം.എൽ.എ.-മാർ കൊടുത്ത കമ്പ്യൂട്ടറുകളൊക്ക ഉപയോഗമില്ലാതെ ഒരു മൂലയ്ക്ക് ഇരിക്കുന്ന കാഴ്ചയാണ്. ഇത് റെക്കറിംഗ് ആയി മെയിന്റനൻസ് ചെയ്യാനുള്ള സംവിധാനം ഇല്ല. എം.എൽ.എ. മാർക്ക് അത് ചെയ്യാൻ കഴിയില്ല. സ്കൂൾ അധികൃതരും അത് ചെയ്യുകയില്ല. അങ്ങനെ ഇ-വേസ്റ്റിന്റെ ഗോഡൗണുകളായി പലപ്പോഴും സ്കൂളുകൾ മാറുന്നുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് മുൻകൈയെടുത്ത് എം.എൽ.എ. മാർ ഉൾപ്പെടെയുള്ളവർ

സപ്പോർട്ട് ചെയ്യുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ റെക്കറിംഗ് മെയിന്റനൻസിനുള്ള ഒരു സംവിധാനം തീർച്ചയായും ഉണ്ടാകണം. കലാപഠനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒന്ന് മുതൽ ഒമ്പതുവരെയുള്ള ക്ലാസ്സുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയാണ്. ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ടെർമിനൽ എക്സാമിനേഷന് സപ്തസ്വരങ്ങളിൽ ആദ്യത്തെ സ്വരം ഏതാണെന്ന് ചോദിച്ചാൽ സംഗീതാദ്ധ്യാപകൻ ഇല്ലാത്ത സ്കൂളിലെ കുട്ടി അത് പഠിക്കണമെന്നുപറഞ്ഞാൽ നടക്കില്ല. അതുകൊണ്ട് അവിടങ്ങളിലെല്ലാം കായികാദ്ധ്യാപകരെയും കലാദ്ധ്യാപകരെയും കൃത്യമായി നിയമിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ASAP പോലുള്ള പദ്ധതികൾ വളരെ സജീവമായിട്ടാണ് നമ്മുടെ നിയോജകമണ്ഡലങ്ങളിലൊക്ക നടപ്പിലാക്കുന്നത്. ഞാൻ അതിന് അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കാരണം പഠനത്തോടൊപ്പം കുട്ടികൾക്ക് ഏതെങ്കിലും ഒരു വിഷയത്തിൽ പ്രത്യേകമായ അഭിരുചി നേടിയെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളാണ്. അങ്ങനെ വലിയൊരു മനോഭാവ മാറ്റമാണ് യഥാർത്ഥത്തിൽ കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ളത്. ആ നല്ല മാറ്റങ്ങളെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്.

സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട ഒന്നുരണ്ടു കാര്യങ്ങൾ കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സാംസ്കാരികപരമായ ഒരു മാറ്റമാണ്, ഭൗതികമായ നേട്ടങ്ങൾക്ക് അപ്പുറത്ത് ഒരു ജനതയുടെ സാംസ്കാരികമായ മുന്നേറ്റമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരുപക്ഷേ ജനതയുടെ നിലനിൽപ്പുതന്നെ അതുമായി ബന്ധപ്പെട്ടതാണ്. അതുമാത്രമല്ല കഴിഞ്ഞ കാലത്തിന്റെ അടയാളങ്ങളെയും അടയാളപ്പെടുത്തലുകളെയും പൈതൃകങ്ങളെയും സംസ്കൃതിയേയുമൊക്കെ തിരിച്ചറിയുവാനും സംരക്ഷിക്കുവാനുമുള്ള ആത്മാർത്ഥമായ ശ്രമം എല്ലാഭാഗത്തുനിന്നുമുണ്ടാകണം. സാംസ്കാരികവകുപ്പിന്റെ മന്ത്രി ഇവിടെയില്ല. പക്ഷേ സാംസ്കാരിക വകുപ്പ് കഴിഞ്ഞ നാലുവർഷമായി നടത്തുന്ന പ്രവർത്തനങ്ങളെ വളരെ ആത്മാർത്ഥമായി ഞാൻ അഭിനന്ദിക്കുകയാണ്. 'തിരക്കത്തൂർപൂരം തനിക്കൊത്തപോലെയാണ്' എന്ന് ഒറ്റപ്പാലത്തുള്ളവർ പറയാറുണ്ട്. കാരണം തൃശ്ശൂർപൂരം പോലെ വലിയ ആഘോഷമോ വെടിയോ പുകയോ ഒന്നും അവിടെയില്ല. പക്ഷേ തിരക്കത്തൂർ പൂരത്തിന്റെ പ്രത്യേകത എല്ലാവരും ഏറ്റെടുത്ത് നടത്തുന്ന ഒരു വലിയ പ്രവർത്തനമാണ്. സാംസ്കാരിക വകുപ്പിൽ നടത്തുന്ന.....

മി. ചെയർമാൻ: യെസ്...പ്ലീസ് കൺക്ലൂഡ്....

ഡോ. എൻ. ജയരാജ്: സർ, ഞാൻ രണ്ടുമിനിട്ടിൽ നിർത്തിക്കൊള്ളാം. ഞാൻ സൂചിപ്പിച്ചത് സാംസ്കാരികരംഗത്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ സംഭാവന തീർച്ചയായും അഭിനന്ദനീയാർഹമാണ്. അദ്ദേഹത്തിന് തന്റെ കഴിവിനൊത്തുള്ള കാര്യങ്ങൾ നടത്താൻ കഴിയുന്നുവെന്നതാണ്. ഞാൻ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. കണ്ണൂർ സ്വദേശിയായ രാജീവൻ എന്ന കലാകാരൻ കണ്ടാകർണ്ണൻ എന്നുപറയുന്ന തെയ്യം നടത്തുന്ന സമയത്ത് തീപ്പൊള്ളലേറ്റ് ഗുരുതരമായ അപകടാവസ്ഥയിലായി. രണ്ടുദിവത്തിനുള്ളിൽ സാംസ്കാരിക വകുപ്പിൽനിന്നും മുപ്പത്തയ്യായിരം രൂപ അദ്ദേഹത്തിന് എത്തിച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽനിന്നും വീണ കണ്ണുനീർ യഥാർത്ഥത്തിൽ യുനെസ്കോയിൽനിന്നും ലഭിച്ച അവാർഡിനെക്കാൾ ഈ ഗവൺമെന്റിന് ലഭിച്ച വിലപ്പെട്ട അവാർഡാണെന്ന കാര്യത്തിൽ സംശയമില്ല. കാരണം സമൂഹത്തിലെ സാധാരണയാളുകളെ തിരിച്ചറിഞ്ഞുകൊണ്ട്, സാംസ്കാരികമോ വിദ്യാഭ്യാസമോ ഏതുമേഖലയുമാകട്ടെ, വളരെ ആത്മാർത്ഥമായിട്ടുള്ള പ്രവർത്തനം നടത്തുന്ന ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളെയും ഒരിക്കൽക്കൂടി ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഇന്നത്തെ ചർച്ചാവിഷയം വിദ്യാഭ്യാസം,

കായികവിനോദം, കല, സാംസ്കാരം എന്നിവ സംബന്ധിച്ചാണ്. ഇത് ഇമ്മീഡിയറ്റായി ഒരു ഇംപാക്ട് ഉണ്ടാക്കുന്ന കാര്യം മാത്രമല്ല. വരുംതലമുറ എങ്ങനെ ആയിരിക്കണമെന്നതിനെക്കുറിച്ച് നിശ്ചയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന അതിനിർണ്ണായകമായ വിഷയങ്ങളാണ്. ഇത് വർത്തമാനകാലാധിഷ്ഠിതമായ കാര്യം മാത്രമല്ല. ഭൂതകാലത്തിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ഭാവി എങ്ങനെ ആയിരിക്കണമെന്നതിനെക്കുറിച്ചുള്ള ഒരു ദൂരദർശിനിയാണ് ഈ മൂന്ന് വകുപ്പുകളും. ഞാൻ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് ഒന്നും പറയുന്നില്ല. കാരണം പറഞ്ഞിട്ട് കാര്യമില്ല. 'എന്തിനാണമ്മാവാ എന്നെ തല്ലുന്നത്, ഞാൻ നന്നാവുകയില്ല' എന്ന് പറഞ്ഞതുപോലെയായതുകൊണ്ട് പ്രത്യേകിച്ച് ഒന്നും പറയാനില്ല. പക്ഷേ ഒരു സെന്റൻസ് പറയാതിരിക്കാൻ നിവൃത്തിയില്ല. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചറിയാൻ വകുപ്പിന്റെ 2014-15 വർഷത്തിലെ എക്സ്പെൻഡീച്ചർ (30-11-2014 വരെയുള്ളത്) പരിശോധിച്ചാൽ മതിയാകും. ഇക്കണോമിക് റിവ്യൂവിൽ നിന്നും ലഭിച്ചതാണ്. സ്കൂൾ എഡ്യൂക്കേഷൻ, ഔട്ട്‌ലേ - 361.81 കോടിരൂപ, എക്സ്പെൻഡീച്ചർ -106 കോടിരൂപ, വെറും 28.97 ശതമാനം. ഹയർ എഡ്യൂക്കേഷൻ 367.97 കോടിരൂപ, എക്സ്പെൻഡീച്ചർ 61.96 കോടിരൂപ (16.83%). ജനറൽ എഡ്യൂക്കേഷൻ, ഔട്ട്‌ലേ 735.78 കോടിരൂപ, എക്സ്പെൻഡീച്ചർ

168.52 കോടിരൂപ (22.91%). ടെക്നിക്കൽ എഡ്യൂക്കേഷൻ, ഔട്ട്‌ലേ 143.22 കോടിരൂപ, എക്സ്പെൻഡീച്ചർ 42.48 കോടിരൂപ (29.67%). ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഒരു വിഷയം പ്രധാനമായും പറയാനുള്ളത്, ഇന്ത്യയിൽ ഇന്ന് അടിയന്തരാവസ്ഥയുടെ ചൂളംവിളി കേൾക്കുകയാണ്. കേരളത്തിലെ ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ആളുകളാരും അത് ശ്രദ്ധിക്കുന്നില്ല. 40 വർഷം മുമ്പ്, 1975-ൽ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ഭരണഘടനയുടെ 352-ാം ആർട്ടിക്കിൾ പ്രകാരം അടിയന്തരാവസ്ഥ പ്രഖ്യാപിച്ചെങ്കിൽ ഇന്നിപ്പോൾ വരാൻ പോകുന്ന അടിയന്തരാവസ്ഥ ഭരണഘടനയിൽ പറയുന്ന അടിയന്തരാവസ്ഥയല്ല. ഇന്ദിരാഗാന്ധി രണ്ട് അടിയന്തരാവസ്ഥ ഒരുസമയത്ത് പ്രഖ്യാപിച്ച വ്യക്തിയാണ് എങ്കിൽ ഇന്ന് ഭരണഘടനയിൽ പറയാത്ത ഒരു അടിയന്തരാവസ്ഥ ശ്രീ. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ വരാൻ പോകുകയാണ്. അത് അപ്രഖ്യാപിതമായ അടിയന്തരാവസ്ഥയായിരിക്കും. അത് സാംസ്കാരിക അടിയന്തരാവസ്ഥയാണ്. രാജ്യത്തിന്റെ പൈതൃകവും സംസ്കാരവും നശിപ്പിച്ച് അതിന്റെ സ്വത്വവും തനിമയും ഇല്ലാതാക്കാനുള്ള തീവ്രമായ ശ്രമം ഇന്ത്യയിൽ നടക്കുകയാണ്. നമ്മളാരും അത് ശ്രദ്ധിക്കുന്നില്ല, കണ്ടില്ലെന്ന് നടിക്കുകയാണ്. അപ്പുറത്തും ഇപ്പുറത്തും

മാറിയിരുന്നുകൊണ്ട് ഇപ്പോൾ എന്താണ് നമ്മുടെ പണി? അരുവിക്കരയിലെ വിജയം, വിജയം തന്നെയാണെന്നതിൽ സംശയമില്ല. നമ്മുടെ സുഹൃത്ത് ജി. കാർത്തികേയന്റെ മകൻ ജയിച്ചത് നല്ലതുതന്നെയാണ്. വിഷയം അതല്ല. ബി.ജെ.പി. ക്കാരെക്കുറിച്ച് പറയുമ്പോൾ എന്തുകൊണ്ടാണ് നമ്മൾ യാഥാർത്ഥ്യബോധത്തോടുകൂടി പറയാത്തത്; യു.ഡി.എഫ്. കാർ എൽ.ഡി.എഫ്. കാരെ പറയുന്നു. തിരിച്ചും പറയുന്നു. എൽ.ഡി.എഫ്. തോറ്റുപോയതിലാണ് യു.ഡി.എഫ്.-ന് സന്തോഷം. ഇതിൽ അത്രയധികം ആഹ്ലാദിക്കരുത്. അമിതാഹ്ലാദം ആത്മഹത്യയിലേയ്ക്ക് നയിക്കും. അതാണ് സംഭവിക്കാൻ പോകുന്നത്. ഇന്ത്യൻ പാർലമെന്റിൽ രാജീവ് ഗാന്ധിയുടെ കാലത്ത് 452 സീറ്റുണ്ടായിരുന്ന കോൺഗ്രസ്സാണ് വെറും 45 സീറ്റിലേയ്ക്ക് ചുരുങ്ങിയത്. ഊർജ്ജ്വസ്വലനായ യുവനേതാവ് രാഹുൽഗാന്ധി ഉണ്ടായിരുന്നിട്ടുപോലും 45 സീറ്റാണ് കോൺഗ്രസിന് ലഭിച്ചത്. നമ്മൾ അത് ആലോചിക്കണം. ഞാൻ കുറ്റപ്പെടുത്താൻ പറയുന്നതല്ല. നിങ്ങളുടെ ബേസിക്കായ കുഴപ്പം, ഇന്ത്യാരാജ്യത്തെക്കുറിച്ച് പറയുമ്പോൾ എൽ.ഡി.എഫ്., യു.ഡി.എഫ്., സി.പി.ഐ.(എം), വി. എസ്. അച്ചുതാനന്ദൻ, പിണറായി വിജയൻ ഇങ്ങനെയൊക്കെയാണ് പറയുന്നത്. ഇതല്ല രാജ്യത്തിന്റെ പ്രശ്നം. രാജ്യത്തിന്റെ പ്രശ്നം ഇതിലപ്പുറമാണ്. ഇന്നത്തെ രാഷ്ട്രീയ

സ്ഥിതികളെക്കുറിച്ച് നിങ്ങൾ ആലോചിക്കുന്നില്ല. ബി.ജെ.പി. ഒരു അധികാര രാഷ്ട്രീയം മാത്രമല്ല. സാംസ്കാരിക അധിനിവേശം ആഗ്രഹിക്കുന്ന ആളുകളാണ്. അതിനെതിരായി നിങ്ങൾ എന്താണ് പറയുന്നത്; യു.ഡി.എഫ്.-ന്റെ കുഴപ്പമെന്നുപറയുന്നത് 'ആങ്ങള ചത്താലും കുഴപ്പമില്ല, നാത്തൂന്റെ കണ്ണീർ കണ്ടാൽ മതി' എന്നുള്ള രീതിയാണ്. ഇവിടെ ഇടതുപക്ഷം നശിക്കുകയാണ് എന്നുള്ള രീതിയിലാണ് പറയുന്നത്. ഇതുതന്നെയാണ് മുമ്പ് രണ്ടാം ലോകമഹായുദ്ധകാലത്തുമുണ്ടായിരുന്നത്. ഹിറ്റ്ലറുടെ കാലത്തുണ്ടായ സംഭവമെന്താണ്? ഒരു കാര്യം ഓർമ്മിപ്പിക്കാൻ വേണ്ടി പറയുകയാണ്, ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീറിന്റെ 'ഫാസിസവും സംഘപരിവാറും' എന്ന പുസ്തകമാണിത്. (പുസ്തകം ഉയർത്തിക്കാട്ടി) നിങ്ങളെല്ലാവരും ഇതൊന്ന് വായിക്കു. അതിനകത്ത് പറയുന്നതെന്താണെന്ന് നിങ്ങൾ വായിച്ചിട്ടുണ്ടോ; അതിൽ പറയുന്നത് ഹിറ്റ്ലറുടെ മുഖ്യശത്രു കമ്മ്യൂണിസ്റ്റാണെന്നാണ്. അതിലെ ഒരു ഭാഗത്ത് പറഞ്ഞിരിക്കുന്നത് - "യഹൂദനായ കാറൽ മാർക്സിന്റെ തത്വം ഇവിടെ സ്വീകാര്യമല്ല. സമത്വവാദം പ്രപഞ്ചത്തിന് വിരുദ്ധമാണെന്ന രീതിയിൽ പറയുകയാണ്". അത് മാത്രമല്ല, 'എൽ.ഡി.എഫ്. തോറ്റു, ഞങ്ങൾ ജയിച്ചു, അതുകൊണ്ട് ഞങ്ങൾക്ക് കുഴപ്പമില്ലല്ലോ' എന്ന ചിന്തയാണ് നിങ്ങൾക്ക്. പാസ്റ്റർ മാർട്ടിൻ നെയ്മുള്ളറുടെ

പുസ്തകത്തിൽ പറയുന്നത്, 'ഒന്നാമതായി അവർ ജൂതന്മാരുടെ നേരെചെന്നു, ഞാൻ ഒന്നും മിണ്ടിയില്ല, കാരണം ഞാൻ ഒരു ജൂതനല്ലായിരുന്നു. പിന്നീട് അവർ കമ്മ്യൂണിസ്റ്റുകാരുടെ നേർക്ക് ചെന്നു. അപ്പോഴും ഞാൻ ഒന്നും പറഞ്ഞില്ല, കാരണം ഞാൻ ഒരു കമ്മ്യൂണിസ്റ്റല്ലായിരുന്നു. പിന്നെയവർ കത്തോലിക്കരുടെ നേർക്കുചെന്നു. അപ്പോഴും ഞാൻ ഒന്നും ഉരിയാടിയില്ല, കാരണം ഞാൻ ഒരു കത്തോലിക്കനല്ലായിരുന്നു. ഒടുവിൽ അവർ എന്റെ നേർക്കുവന്നു, അപ്പോൾ എനിക്കായി ശബ്ദിക്കാൻ ആരും അവശേഷിച്ചിരുന്നില്ല.' ഇത് ഇന്ത്യയിൽ സംഭവിക്കും. നമ്മുടെ നാട്ടിലെ യു.ഡി.എഫ്.-ഉം കോൺഗ്രസും ആലോചിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണിത്. ഡോ. എം. കെ. മുനീറിന്റെ പുസ്തകത്തിലെ 45-ാം മത്തെ പേജിലെ ഒരു വാചകംകൂടി ഞാൻ ക്വാട്ട് ചെയ്യാം, 'എല്ലാ ഫാസിസവും കമ്മ്യൂണിസത്തെ ചെറുത്തുകൊണ്ടാണ് വളർന്നുവന്നത്. അതിനാൽ ഫാസിസ്റ്റ് സിദ്ധാന്തം കമ്മ്യൂണിസത്തെ നഖശിഖാന്തം എതിർക്കുന്നതാണ്. ഫാസിസത്തിന്റെ പീഡനങ്ങൾ ധാരാളമായി ഏറ്റുവാങ്ങിയ പ്രത്യയശാസ്ത്രമാണ് കമ്മ്യൂണിസം.' ഒരു കമ്മ്യൂണിസ്റ്റ് എന്ന രീതിയിൽ മാത്രമല്ല ഞാനിത് പറയുന്നത്, ഇന്ത്യയിലുള്ള ഇത്തരമൊരു പ്രശ്നത്തിൽ എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. പ്രത്യേകിച്ച് ശ്രീ. എം. പി. അബ്ദു സമദ് സമദാനിയെപ്പോലുള്ളവർ ചിന്തിക്കേണ്ടതാണ്. 'റബ്ബിന്റെ

വിളക്കും മതസംസ്കാരത്തിന്റെ വിലക്കും' വലിയ പ്രശ്നമാണ്. നമുക്ക് തോന്നും നിസ്സാരമാണെന്ന്. സി. എച്ച്. മുഹമ്മദ്കോയ വിളക്കുകത്തിച്ചിരുന്നോ; ഡോ. എം. കെ. മുനീർ വിളക്ക് കത്തിച്ചിരുന്നോ; ഇപ്പോൾ എന്താണ് വിഷയം? ഞാൻ എതിരായി ഒന്നും പറയുകയല്ല, വേദനകൊണ്ടുപറയുന്നതാണ്, എന്നെ തെറ്റിദ്ധരിക്കരുത്. ആമുഖമായി ഞാൻ പറയാം, കേരളത്തിൽ മുസ്ലീം സ്ത്രീകൾ പർദ്ദ ഇടുകയും തട്ടം ധരിക്കുകയും ചെയ്ത് തുടങ്ങിയത് അടുത്തകാലത്താണ്. ആർ.എസ്.എസ്. കാരെ പ്രകോപിപ്പിക്കുന്ന രീതിയിൽ മുസ്ലീം തീവ്രവാദികൾ വരുമ്പോൾ അതിനെതിരെ ചെറുത്തുനിൽക്കേണ്ടത് യഥാർത്ഥത്തിൽ മുസ്ലീംലീഗും മുസ്ലീം സമുദായത്തിൽപ്പെട്ട ആളുകളുംകൂടി ചേർന്നാണ്. മുസ്ലീം രാഷ്ട്രീയപ്പാർട്ടിയുടെ അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്. മുസ്ലീം തീവ്രവാദികളെ ഒതുക്കാൻവേണ്ടി ഹിന്ദുതീവ്രവാദികൾ ശക്തമാകുകയാണ്. ഇവിടുത്തെ പ്രശ്നമതാണ്. രണ്ട് മതമൗലികവാദവും ചേർന്ന് സംഘർഷവും സംഘട്ടനവും ഉണ്ടാക്കുകയാണ്. ഇപ്പോൾ ഒരു വിഷയം കൂടിയുണ്ട്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ വരുന്ന മതമൗലികവാദത്തിന് ഓരോ സംസ്കാരത്തിന്റെ നീർച്ചാലുകളുണ്ട്. ലൗ ജിഹാദ്, യോഗ നിർബ്ബന്ധമാക്കൽ -യോഗ നല്ല കാര്യമാണെന്നത് വേറെ കാര്യം. അത് എതിർക്കുന്ന രീതിക്കാണ് പ്രശ്നമുണ്ടാക്കുന്നത്. യോഗ നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ

ചെയ്താൽ മതി. പക്ഷെ അതിന് മതപരമായ കളർ കൊടുക്കുകയാണ്. അപ്പോൾ എതിരാവുകയാണ്. രക്ഷാബന്ധൻ നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ കെട്ടിയാൽ മതി. ഭഗവദ്ഗീത ദേശീയഗ്രന്ഥമാക്കുന്നു, ഇഷ്ടമുള്ളവർ നോക്കിക്കോട്ടെ, എന്താണ് കുഴപ്പം? ഗാന്ധിവധം നിസ്സാരവൽക്കരിക്കുന്നു, ആരും എതിർക്കാൻ പോകുന്നില്ല, മാറിനിൽക്കുകയാണ്. ഗോഡ്സെയെ പുണ്യപുരുഷനാക്കുന്നു, അതിനെതിരെ ആരും സംസാരിക്കുന്നില്ല. ഗോമാംസം നിരോധിക്കുന്നു, ആർക്കാണ് പ്രതിഷേധം? സന്യാസിമാരിലൂടെ ഒരു സ്പിരിച്ച്വൽ ഇംപീരിയലിസം നടത്തുന്ന ഇത്തരത്തിലുള്ള സാംസ്കാരികമായ അടിയന്തരാവസ്ഥയെ എതിർക്കാനെങ്കിലും നമ്മൾ ഒരുമിച്ച് നിൽക്കണ്ടേ; ഇത് രാഷ്ട്രീയത്തിന്റെ പ്രശ്നമല്ല. സിനിമയുടെ കാര്യത്തെക്കുറിച്ചുകൂടി പറഞ്ഞ് ഞാൻ നിർത്താം. കേരളത്തിലെ സിനിമാ വ്യവസായത്തിൽ ഇപ്പോൾ എന്താണ് സ്ഥിതി. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ കാര്യമെന്തായി; ഞാൻ സംസ്കാരത്തെക്കുറിച്ച്......

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട മെമ്പർ.... പ്ലീസ്..... കൺക്ലൂഡ്....

<u>ശ്രീ. ജോസ് തെറ്റയിൽ:</u> സർ, ഇത്തരത്തിലുള്ള സാംസ്കാരിക കാര്യങ്ങളെക്കുറിച്ച് നമ്മുടെ ഗവൺമെന്റ് അന്വേഷിക്കുന്നില്ല. ഞാൻ വിദ്യാഭ്യാസത്തെക്കുറിച്ച് അധികമായി ഒന്നും പറയുന്നില്ല എന്നുപറഞ്ഞതുപോലെ

ഇതിനെക്കുറിച്ചും കൂടുതലൊന്നും പറയുന്നില്ല. കാരണം, അവിടെയും പ്രത്യേകിച്ച് ഒന്നും നടക്കുന്നില്ല. പതിവ് പരിപാടികൾ ഉദ്യോഗസ്ഥന്മാർ നടത്തുന്നതല്ലാതെ പുതിയതായി ഒന്നും നടക്കാത്തതുകൊണ്ട് പ്രത്യേകിച്ച് ഒന്നും പറയുന്നില്ല.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന ധനാഭ്യർത്ഥന നമ്പർ XVII - നെ പിന്താങ്ങുന്നു. ഈ സഭയിൽ ഒരു സാമാജികനായി ആദ്യം പ്രസംഗിക്കുമ്പോൾ എന്റെ മനസ്സിൽ പല ഓർമ്മകളും വരുന്നുണ്ട്. ഞാൻ ഒരു ചെറിയ കുട്ടിയായിരുന്നപ്പോഴാണ് അച്ഛൻ ആദ്യമായി എം.എൽ.എ. ആയത്. ഈ സഭയോടുള്ള എന്റെ കൗതുകം ആദ്യം തുടങ്ങിയത് എന്റെ വായനാശീലത്തിൽനിന്നാണ്. അക്കാലത്ത് എല്ലാ സാമാജികരുടെയും പേരുള്ള 'Who is Who' എന്നൊരു പുസ്തകം വീട്ടിൽ വരുമായിരുന്നു. അതിൽ ഇപ്പോൾ കാണുന്ന പല ആൾക്കാരുടെയും ചെറുപ്പത്തിലുള്ള ഫോട്ടോ ഉണ്ടായിരുന്നു. പല ലാറ്റിനമേരിക്കൻ രാജ്യങ്ങളെയും യൂറോപ്യൻ രാജ്യങ്ങളെയുമൊക്കെക്കുറിച്ച് ഞാൻ പഠിച്ചത് ആ പുസ്തകം വായിക്കുമ്പോഴായിരുന്നു. ഈ സഭയിൽ അച്ഛനില്ലാതെ, അച്ഛന്റെ സ്ഥാനത്തുവന്ന് സംസാരിക്കുമ്പോൾ വലിയൊരു വിഷമമുണ്ട്. നിങ്ങളുടെയൊക്കെ അനുഗ്രഹവും വഴികാട്ടലുമുണ്ടെങ്കിൽ ഒരു വ്യക്തിയെന്ന രീതിയിൽ, ഒരു സാമാജികനെന്ന

രീതിയിൽ എനിക്ക് മുന്നോട്ടുപോകാൻ പറ്റുമെന്നൊരു വിശ്വാസമുണ്ട്. ആ വിശ്വാസത്തോടെ ഞാൻ എന്റെ കന്നിപ്രസംഗം തുടങ്ങുകയാണ്.

ആദ്യമായി, വിദ്യാഭ്യാസത്തെക്കുറിച്ച് പറയുകയാണെങ്കിൽ, മനുഷ്യനെന്ന രീതിയിൽ പൂർണ്ണത കൈവരിക്കുകയെന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം. പക്ഷെ ഇന്ന് കാലം മാറുകയാണ്, വളരെയധികം കോമ്പറ്റീഷനുണ്ട്. ഇങ്ങനെയുള്ള സമയങ്ങളിൽ നമ്മൾ പലരും വിദ്യാഭ്യാസത്തെ എടുക്കുന്നത് ഉപജീവനമാർഗ്ഗത്തിനുവേണ്ടിയാണ്. അതൊരു പ്രധാനപ്പെട്ട കാര്യംകൂടിയാണ്. ഈ മാറ്റങ്ങൾ മുന്നിൽക്കണ്ട് നമ്മുടെ യുവാക്കളെയും വിദ്യാർത്ഥികളെയും ശാക്തീകരിക്കുന്നതിനും അവരുടെ ഹ്യൂമൻ റിസോഴ്സസിനെ സ്വതന്ത്രമാക്കാനുംവേണ്ടി പല പദ്ധതികളും ചെയ്യുന്നുണ്ട്. ഞാൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്നു. നേരത്തെ ശ്രീ. ഹൈബി ഈഡൻ പറഞ്ഞതുപോലെയുള്ള സ്റ്റാർട്ടപ്പും എന്റർപ്രണർഷിപ്പുമൊക്കെ ആദ്യമായി തുടങ്ങിയ ഒരു ഈറ്റില്ലും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജായിരുന്നു. ആ സമയത്ത് ഞാൻ സി.ഇ.റ്റി. യിൽ ഉണ്ടായിരുന്നു. അപ്പോൾ എനിക്കതൊരു വലിയ ഊർജ്ജമായിരുന്നു. നമ്മുടെ സർക്കാർ ഇപ്പോൾ ഒരു സ്റ്റാർട്ടപ്പ് പോളിസി

കൊണ്ടുവന്നിട്ടുണ്ട്. അതനുസരിച്ച്, രണ്ടാം വർഷ വിദ്യാർത്ഥിയാണെങ്കിൽ സ്വന്തമായി സംരംഭങ്ങൾ തുടങ്ങാം. തുടങ്ങി ഒരു വർഷത്തിനകം അത് വിജയിച്ചില്ലെങ്കിൽ തിരിച്ചുവന്ന് കോഴ്സ് സ്റ്റാർട്ട് ചെയ്യാം. നമ്മളൊക്കെ കാണുന്നതിനേക്കാളുപരി വളരെ ശക്തമായ ഒരു കൾച്ചറൽ ചെയ്ഞ്ച് അത് കൊണ്ടുവരുന്നുണ്ട്. നമുക്കെല്ലാമറിയാം നമ്മുടെ നാട്ടിൽ ആദ്യമായി ഒരു പരാജയം വന്നാൽ അതിനൊരു സോഷ്യൽ സ്റ്റിഗ്മയുണ്ട്. ഒരിക്കൽ പരാജയപ്പെട്ടവനായാൽ പിന്നെ കുറേക്കാലത്തേയ്ക്ക് ആരും അയാളെ മൈൻഡ് ചെയ്യാറില്ല. പക്ഷെ, ചെറുപ്പകാലത്ത് പരാജയപ്പെട്ടാലും വീണ്ടുംവന്ന് ജീവിതം പുനരാരംഭിക്കാമെന്ന വലിയൊരു മെസേജ് നമ്മുടെ ഗവൺമെന്റ് ഈ ഒരു പദ്ധതിയിലൂടെ കൊടുക്കുന്നുണ്ട്. അതുപോലെതന്നെ സ്റ്റാർട്ടപ്പ് വില്ലേജിലും എന്റർപ്രണർഷിപ്പിലുമൊക്കെ ചെയ്യുന്ന പല കാര്യങ്ങളും നമ്മുടെ നാട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയാണ്. വിദ്യാഭ്യാസമാകട്ടെ, ആരോഗ്യമാകട്ടെ അതുപോലെ ടെക്നോളജികളാകട്ടെ അത് പലതും അതിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. നമ്മൾ രാവിലത്തെ ആരോഗ്യ വകുപ്പിന്റെ ഡിസ്കഷൻ കണ്ടു. ഇവിടെ പറഞ്ഞ പല കാര്യങ്ങളും വിദേശത്തുനിന്നും വരുന്നതുകൊണ്ടും സ്വയംപര്യാപ്തത ഇല്ലാത്തതുകൊണ്ടും വരുന്ന പ്രശ്നങ്ങളാണ്. പക്ഷെ നമ്മൾ ഇങ്ങനെയൊരു കൾച്ചറൽ ചെയ്ഞ്ച് കൊണ്ടുവന്നാൽ നമ്മുടെ

പ്രശ്നങ്ങൾക്ക് നമ്മുടെ ഉള്ളിൽനിന്നുതന്നെ ഒരു പരിഹാരം ഉണ്ടാക്കാൻ പറ്റും. അതിന് വിദ്യാഭ്യാസം നന്നായി ഉതകുമെന്നാണ് എന്റെ വിശ്വാസം. അതിനുവേണ്ടി പല കാര്യങ്ങളും നമ്മുടെ ഗവൺമെന്റ് ചെയ്യുന്നുണ്ട്. അതുപോലെതന്നെ പല ബൃഹത്പദ്ധതികളും വരുന്നു. എന്റെ മണ്ഡലത്തിലെ വിതുരയിലെ IISER (Indian Institute of Science Education and Research)-ഉം പാലക്കാട് വരുന്ന IIT-യുമാകട്ടെ, ഇതിലൊക്കെ നമ്മൾ കാണേണ്ട പ്രധാനപ്പെട്ട ഒരു കാര്യം, നമ്മുടെ നാട്ടിൽ വിദ്യാഭ്യാസം നേരത്തെപറഞ്ഞതുപോലെ ഒരു തൊഴിലിനുവേണ്ടിയുള്ളതാകുന്നു. റിസർച്ചിന്റെ ശതമാനം ഇന്ത്യയിലാകെ കുറയുകയാണ്. വിദ്യാഭ്യാസത്തിന് റിസർച്ച് ആംഗിൾ കൊണ്ടുവരണമെന്നാണ് ശ്രീ. പ്രണബ് കുമാർ മുഖർജി പറഞ്ഞിട്ടുള്ളത്. ഞാൻ എം.ഐ.റ്റി. യിലുള്ളവരോടൊപ്പവും ഹാർവേർഡിലും വർക്ക് ചെയ്തിട്ടുള്ളതാണ്, അവിടൊക്കെ പ്രാധാന്യം വരുന്നത് റിസർച്ചിനാണ്. നമ്മുടെ പാലക്കാട് IIT വരുമ്പോളും IISER വരുമ്പോളും ഈ റിസർച്ച് എങ്ങനെ ഉൾക്കൊള്ളാൻ പറ്റുമെന്നത് തന്ത്രപ്രധാനമായ ഒരു കാര്യമാണ്. നമ്മുടെ നാട്ടിലെ പ്രശ്നങ്ങൾ, ഇപ്പോൾ വിതുരയിലെ പ്രശ്നങ്ങൾ സോൾവ് ചെയ്യാൻ ഈ IISER-ലെ അക്കാഡമിക് എക്സ്പേർട്ട്സ് എന്തെങ്കിലും കൊണ്ടുവരുകയാണെങ്കിൽ അപ്പോഴാണ് വിദ്യാഭ്യാസത്തിന്റെ ശരിക്കുമുള്ള അർത്ഥം

നമ്മുടെ നാട്ടിൽ കൊണ്ടുവരാൻ പറ്റുന്നത്.

രണ്ടാമത് ഞാൻ സംസാരിക്കുന്നത് ഇവിടുത്തെ സ്പോർട്ട്സിനെക്കുറിച്ചാണ്, കായിക വിനോദത്തെക്കുറിച്ചാണ്. നമുക്കെല്ലാമറിയാവുന്നതാണ് കേരളത്തിൽ വച്ചുനടന്ന 35-ാമത് നാഷണൽ ഗെയിംസ്. ഇനിയും കേരളത്തിലോ ഇന്ത്യയിലോ ഒരു സ്പോർട്ട്സ് ഇവന്റ് നടക്കണമെങ്കിൽ അതിനൊരു ചൂണ്ടുപലകയായി എല്ലാവരും- ഇന്ത്യൻ പ്രസിഡന്റും പ്രധാനമന്ത്രിയും ഒളിംപിക് അസോസിയേഷനുമെല്ലാം കാണിക്കുന്നത് നമ്മുടെ നാഷണൽ ഗെയിംസാണ്. അതിനുവേണ്ടി ഇത്രയും നന്നായി പ്രവർത്തിച്ച സർക്കാരിനെയും വകുപ്പുമന്ത്രിയെയും എത്ര പ്രശംസിച്ചാലും മതിയാവില്ല.

മൂന്നാമതായി, അച്ഛനിഷ്ടമുള്ള ഒരു കാര്യമായിരുന്നതുകൊണ്ട് കലയെയും സാംസ്കാരികത്തെയും കുറിച്ച് ഞാൻ ചെറുതായി സൂചിപ്പിക്കാം. മനുഷ്യ മനസ്സിന്റെ ആന്തരികമായ വളർച്ചയാണ് കലയുടെ ലക്ഷ്യം. പഴയകാലം നോക്കുകയാണെങ്കിൽ നമുക്കെല്ലാമറിയാം, കലയെന്നുപറഞ്ഞാൽ വളരെ റിസർവ്ഡായ, എലീറ്റായ ഒരു ഗ്രൂപ്പിനുവേണ്ടിയുള്ളതായിരുന്നു. പിന്നീട് കല ജനാധിപത്യമാകാൻ തുടങ്ങി. നമ്മുടെ പല സംസ്ഥാനങ്ങളിലും പല സംസ്കാരങ്ങളിലും കല കുറച്ചുകൂടി വലുതായപ്പോൾ, അത് ജനാധിപത്യവൽക്കരിക്കപ്പെട്ടപ്പോൾ അതൊരു മെയിൻ സ്ട്രീം

രീതിയിലേയ്ക്കാണ് പോയത്. കേരളം മാത്രമാണ് ഒരു സംസ്ഥാനമായിട്ടും മെയിൻ സ്ട്രീമിലല്ലെങ്കിൽ പോലും കലയിൽ കേരളീയ ശൈലി ഉൾക്കൊണ്ട് അതൊരു തെറ്റില്ലാത്ത വ്യവസായമാക്കി മാറ്റിയത്. അതിന് ഏറ്റവും വലിയ ഉദാഹരണം, നമ്മുടെ സിനിമാ വ്യവസായം. നമ്മുടെ തനതുശൈലിയിൽ നിന്നുകൊണ്ട് വലിയ ആർഭാടങ്ങളില്ലാതെ തെറ്റില്ലാത്ത ഒരു വ്യവസായമായി സിനിമ മാറി. രാവിലെ ശ്രീ. എസ്. ശർമ്മ, ശ്രീ. എം. പി. അബ്ദു സമദ് സമദാനി തുടങ്ങിയ എല്ലാവരും സംസാരിച്ചത് പ്രേമം എന്ന സിനിമയെക്കുറിച്ചാണ്. ഞാനും ആ സിനിമ കണ്ടതാണ്. ആ സിനിമയിൽ ഞാൻ കണ്ട ഏറ്റവും വലിയ സവിശേഷത, അതൊരു ചെറിയ ചിത്രമാണ്. സംവിധായകൻ അദ്ദേഹത്തിന്റെ മനസ്സിലുള്ള ആശയങ്ങൾ കലർപ്പില്ലാതെ, വലിയ ആഡംബരമില്ലാതെ കാണിച്ചൊരു സിനിമയാണത്. അങ്ങനെയൊരു സിനിമ വിജയിക്കുമ്പോൾ ഏറ്റവും കൂടുതൽ ശക്തി കിട്ടുന്നത് കലർപ്പില്ലാതെ ആശയങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്ന സംവിധായകർക്കും എഴുത്തുകാർക്കുമാണ്. പക്ഷെ അങ്ങനെയൊരു സിനിമയുടെ വ്യാജ സി.ഡി. ഇറങ്ങുമ്പോൾ അത് തളർത്തുന്നത് അവരെയും പുതിയ ടെക്നീഷ്യൻസിനെയും പുതിയ ചിന്തകളെയുമാണ്. പല രീതിയിലുമുള്ള threat വരുന്നത് കൗണ്ടറുചെയ്യാനുള്ള മാർഗ്ഗങ്ങളുണ്ട്. പക്ഷെ ഈ ഇന്റർനെറ്റ് ടെക്നോളജി യുഗം വന്നതോടെ പല

കാര്യങ്ങളും നമുക്കറിയില്ല. നമ്മൾ വിചാരിക്കാത്ത രീതിയിലാണ് ടെക്നോളജി വരുന്നത്. അതൊക്കെ മുൻകൂട്ടികണ്ടുകൊണ്ട് കൗണ്ടർ ചെയ്തില്ലെങ്കിൽ പിന്നീട് പല മേഖലകളിലും നമ്മൾ അറിയാത്ത രീതിയിൽ അതിന്റെ വ്യാപ്തിയുണ്ടാകുന്നു. എന്തായാലും സർക്കാരിനോടുള്ള എന്റെ അഭ്യർത്ഥന, ഇങ്ങനെ പുതിയതായി വരുന്ന ഭീഷണികളെയൊക്കെ മുൻകൂട്ടിക്കണ്ട് അത് ശരിയാക്കിയില്ലെങ്കിൽ പിന്നീട് പല കാര്യങ്ങളും അവതാളത്തിലാകുമെന്നാണ്.

ചുരുങ്ങിയ സമയത്തിനുള്ളിൽ ഞാൻ സംസാരിച്ചത് വിദ്യാഭ്യാസത്തെക്കുറിച്ചും കായിക വിനോദത്തെക്കുറിച്ചും കലയെക്കുറിച്ചുമാണ്. ഈ മൂന്ന് ബൃഹത്തായ ഡിപ്പാർട്ടുമെന്റുകളുടെയും ചെറിയ ഏടുകളെടുത്താണ് ഞാൻ സംസാരിച്ചത്. ഇതുപോലെ ഈ ഗവൺമെന്റിൽ പല ഡിപ്പാർട്ടുമെന്റുകളുമുണ്ട്. അതിൽ പല ഏടുകളുമുണ്ട്. കഴിഞ്ഞ നാല് വർഷം കൊണ്ട് എല്ലാ ഡിപ്പാർട്ടുമെന്റിലും എല്ലാ മേഖലകളിലും വ്യക്തമായ ഒരു കയ്യൊപ്പ് ചാർത്തിയതാണ് ഈ ഗവൺമെന്റ്. അങ്ങനെ ഒരു ഗവൺമെന്റിന്റെ എല്ലാ പദ്ധതികൾക്കും ശക്തിപകരുവാനും അതിന്റെ കൂടെ നിൽക്കുവാനും ഞാൻ എപ്പോഴും കാണും. ആ ഒരു വിശ്വാസത്തോടെ, വാക്കോടെ ഞാൻ നിറുത്തുന്നു. നന്ദി. നമസ്കാരം.

<u>മി. ചെയർമാൻ:</u> കൺഗ്രാജുലേഷൻസ്.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, വിദ്യാഭ്യാസം, കല, കായികം, സംസ്കാരം തുടങ്ങിയ വകുപ്പുകൾക്കുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. പി. കെ. അബ്ദു റബ്ബ് സൗമ്യനും ശാന്തനും മാന്യനും ഭാവനാസമ്പന്നനുമായ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണെന്ന് കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനം കൊണ്ട് അദ്ദേഹം തെളിയിച്ചിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷം വിദ്യാഭ്യാസ മേഖലയിൽ ശാന്തിയും സമാധാനവും പ്രത്യാശയുമാണ് നടമാടിയിരുന്നത്. എസ്.എഫ്.ഐ.-ക്കാർക്ക് സമരം ചെയ്യാൻ കാര്യമായ ഒരു വിഷയവും കഴിഞ്ഞ നാല് വർഷത്തിനിടെ ഉണ്ടായിട്ടില്ല എന്നുള്ളത് തന്നെയാണ് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നല്ല കാര്യങ്ങളാണ് നടന്നതെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവ്. ഇപ്പോൾ പതിനഞ്ച് ദിവസത്തിനകം നടന്ന സമരത്തെക്കുറിച്ച് ഞാൻ പിന്നീട് പറയാം. എസ്.എഫ്.ഐ.-ക്കാർക്ക് വിദ്യാഭ്യാസ മേഖലയിലെ ഏതെങ്കിലുമൊരു പ്രശ്നവുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ കാര്യമായൊരു സമരവും നടത്താൻ പറ്റിയിട്ടില്ല. നിങ്ങളുടെ മാതൃ സംഘടനയായ മാർക്സിസ്റ്റ് പാർട്ടി നടത്തിയിട്ടുള്ള സെക്രട്ടേറിയറ്റ് വളഞ്ഞുപിടിക്കൽ, അടുപ്പുകൂട്ടി സമരം, രാപ്പകൽ സമരം, വഴിവാസ സമരം തുടങ്ങി പൊളിഞ്ഞ കുറെ സമരങ്ങൾക്ക് ഏലായിടാൻ വേണ്ടി കുറെ വിദ്യാർത്ഥികളെ ഇറക്കാൻ കഴിഞ്ഞു

എന്നല്ലാതെ വിദ്യാഭ്യാസ മേഖലയിൽ കാതലായി ഒരു പ്രശ്നത്തിനും ഏതിരായ സമരം നടത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

ശ്രീ. എം. എ. ബേബിയുടെ കാലത്ത് വിദ്യാഭ്യാസ മേഖലയിൽ അശാന്തിയുടെ കാലഘട്ടമായിരുന്നു. സ്വാശ്രയ വിദ്യാഭ്യാസ മേഖല സംഘർഷഭരിതമായിരുന്നു. പ്രൈമറി വിദ്യാഭ്യാസരംഗത്തെ ഒരു പരീക്ഷണ ശാലയാക്കിമാറ്റി. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും എന്താണ് നടക്കുന്നതെന്ന് അറിയാൻ കഴിയാതിരുന്നൊരു കാലഘട്ടമായിരുന്നു. പാഠപുസ്തകങ്ങളിൽ പാർട്ടിയുടെ പ്രത്യയശാസ്ത്രം തിരുകിക്കയറ്റാൻ ശ്രമിച്ചതിനെ തുടർന്ന്, 7-ാം ക്ലാസിലെ 'മതമില്ലാത്ത ജീവൻ' ഉൾപ്പെടെയുള്ള പാഠപുസ്തകങ്ങളുടെ പേരിൽ അക്കാലഘട്ടത്തിലുണ്ടായ സമരത്തെക്കുറിച്ച് ഞാൻ ഓർത്തുപോകുകയാണ്. സത്യത്തിൽ വിദ്യാഭ്യാസ മന്ത്രിയാകുന്നതുവരെ ശ്രീ. എം. എ. ബേബിക്ക് ഒരു ഇമേജുണ്ടായിരുന്നു. ഞങ്ങളൊക്കെ ആരാധനയോടെ അകലെനിന്ന് അദ്ദേഹത്തെ നോക്കിയിട്ടുള്ളതാണ്. വെളുത്ത താടിയും മനോഹരമായ മുഖവും വളരെക്കുറച്ച് അളന്നുമുറിച്ചുള്ള പ്രസംഗങ്ങളും വാക്കുകളുമൊക്കെയായി അദ്ദേഹത്തെക്കുറിച്ച് വലിയൊരു ഇമേജുണ്ടായിരുന്നു. സത്യം പറഞ്ഞാൽ അദ്ദേഹത്തിന്റെ ഇമേജ് മുഴുവൻ തകർത്തു കളഞ്ഞത് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയതിന്റെ പേരിൽ മാത്രമാണ്.

എന്നാൽ ശ്രീ. പി. കെ. അബ്ദു റബ്ബിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ അതിനുമുൻപ് നമ്മൾ അത്രയൊന്നും ശ്രദ്ധിച്ചിരുന്നില്ല, ഞങ്ങളൊന്നും ശ്രദ്ധിച്ചിട്ടില്ല. പക്ഷെ, വിദ്യാഭ്യാസ മന്ത്രിയായതിനുശേഷമുള്ള അദ്ദേഹത്തിന്റെ വളരെ കൃത്യമായ പ്രവർത്തനങ്ങൾ, അതുകൊണ്ട് ആർക്കും, പ്രതിപക്ഷത്തിനുപോലും എതിർക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നിപ്പോൾ പാഠപുസ്തകം സമയത്ത് കിട്ടിയില്ല എന്നു പറഞ്ഞൊരു സമരമുണ്ട്. പാഠപുസ്തകം സമയത്ത് കൊടുക്കാൻ പറ്റാത്തത് ഒരു വീഴ്ച തന്നെയാണെന്ന് ഞാൻ അംഗീകരിക്കുന്നു, അതിന് യാതൊരു സംശയവുമില്ല. അക്കാര്യത്തിൽ ഒരു ഡിപ്പാർട്ട്മെന്റുതല അന്വേഷണം നടത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഗുരുതരമായൊരു വീഴ്ച, മന:പൂർവ്വമായൊരു വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യത്തിൽ നടപടിയും എടുക്കണം. പക്ഷേ നിങ്ങളൊന്ന് ഓർത്തുനോക്കണം, കഴിഞ്ഞ നാലുവർഷത്തിന് മുൻപുണ്ടായിരുന്ന കാലഘട്ടത്തിൽ പുസ്തകം സമയത്ത് കിട്ടിയില്ലായെന്ന് മാത്രമല്ല കച്ചിപ്പേപ്പറിൽ, ഏറ്റവും വിലകുറഞ്ഞ ന്യൂസ് പ്രിന്റിൽ അച്ചടിച്ച് ഒട്ടും വ്യക്തമല്ലാത്ത രീതിയിൽ അന്ന് നവംബർ മാസത്തിലും ഡിസംബർ മാസത്തിലും പുസ്തകം കിട്ടിയത് എന്റെ ഓർമ്മയിലുണ്ട്. അതിന് എത്ര കോടിയാണ് കമ്മീഷൻ വാങ്ങിച്ചത് എന്നുള്ളതിനെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്

വന്നുകൊണ്ടിരിക്കുകയാണ്. ആ കാലഘട്ടത്തിൽ പല ഭാഗത്തുമായി, പല അധ്യാപക സംഘടനകൾക്കുമായി അത് വിതരണം ചെയ്തിരിക്കുകയായിരുന്നു. പല പ്രസ്സുകളിലും അച്ചടിച്ചു. പറഞ്ഞിരിക്കുന്ന പ്രസ്സുകളിലല്ലാതെ മറ്റു പ്രസ്സുകളിൽ അച്ചടിപ്പിച്ചിട്ട് കള്ളബില്ലുണ്ടാക്കി. എത്ര കോടി രൂപയുടെ അഴിമതിയാണ് നടന്നതെന്ന് അറിയാമോ? അന്ന് പാഠപുസ്തകങ്ങൾ വായിക്കാൻ കൊള്ളാത്ത കച്ചിപ്പേപ്പറുകളിൽ അച്ചടിച്ച് കൊടുത്തിരുന്നതിന് ഇദ്ദേഹം ഒരു മാറ്റമുണ്ടാക്കി. കഴിഞ്ഞ മൂന്ന് വർഷവും പാഠപുസ്തകം കൃത്യസമയത്തുതന്നെയാണ് എത്തിച്ചത്. ഈ വർഷം ചെറിയ വീഴ്ചയുണ്ടായി. പക്ഷേ എനിക്കൊരു നിർദ്ദേശം ആ കാര്യത്തിലുണ്ട്. പാഠപുസ്തകം ബൾക്കായിട്ട് അച്ചടിച്ച് താഴോട്ടു കൊടുക്കുന്നൊരു പരിപാടി വേണ്ടെന്നാണ് എന്റെ അഭിപ്രായം. എസ്.സി.ഇ.ആർ.ടി. ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ സിലബസ്സ് വെബ്സൈറ്റിൽ വന്നുകഴിഞ്ഞാൽ അത് ഡൗൺലോഡ് ചെയ്ത് ആരുവേണമെങ്കിലും അച്ചടിക്കട്ടെ. ഗവൺമെന്റ് അതിന്റെ പേപ്പർ, കളർ, വില എന്നിവയൊക്കെ ഫിക്സ് ചെയ്തുകൊടുത്താൽ മതി. സ്കൂളിലെ സൊസൈറ്റികൾ, ഡി.ഇ.ഒ., അല്ലെങ്കിൽ ഡി.ഡി., ആർക്കുവേണമെങ്കിലും ഓർഡർ കൊടുത്ത് സമയത്ത് പുസ്തകങ്ങൾ വാങ്ങി വിതരണം നടത്താം. സമയത്ത് അച്ചടിക്കാൻ പറ്റും. യൂണിഫോമിന്റെ കാര്യത്തിലും ബൾക്ക് പർച്ചേസ് ആവശ്യമില്ല. അതൊക്കെ

കുറച്ചുകൂടി വികേന്ദ്രീകരിക്കുകയാണ് നല്ലത്. അതുകൊണ്ടാണ് ഈ രീതിയിലുള്ള ആവശ്യമില്ലാത്ത കാലതാമസങ്ങളുണ്ടാകുന്നത്. അക്കാര്യത്തിൽ ശ്രദ്ധിക്കണം, അത് മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം എന്നാണ് എന്റെ വിനീതമായൊരു അഭ്യർത്ഥന.

ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ഒരു നേട്ടം, പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തി എന്നുള്ളതാണ്. കഴിഞ്ഞ വർഷം ഒന്നാം ക്ലാസിൽ 10,935 കുട്ടികൾ കൂടുതലായി വന്നു. ഈ വർഷം 5000-ൽ കൂടുതൽ കുട്ടികൾ വന്നുകഴിഞ്ഞു. കേരളത്തിലെ എല്ലാ സ്കൂളുകളിലും കുട്ടികൾ കൂടുതലായി വരുന്നുണ്ട്. എനിക്കറിയാം ഞാൻ എന്റെ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്നതാണല്ലോ. കൂടുതൽ കുട്ടികളെ മറ്റ് ഇംഗ്ലീഷ് മീഡിയം, അൺ എയ്ഡഡ് സ്കൂളുകളിൽനിന്ന് നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് തിരിച്ച് കൊണ്ടുവരാൻ കഴിഞ്ഞു എന്നു പറയുന്നത് തീർച്ചയായും പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തിയതിന്റെ ഭാഗം തന്നെയാണ്. ഏകദേശം 53 മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടക്കുന്നുണ്ട്. എന്റെ മണ്ഡലമായ മൂവാറ്റുപുഴയിലുമുണ്ട്, ഞാനതിന് 'റെയിൻബോ' എന്നാണ് പേരുകൊടുത്തിരിക്കുന്നത്. ഈ വർഷവും കഴിഞ്ഞതിന്റെ മുൻ വർഷവും കേരള സംസ്ഥാനത്തിൽ എസ്.എസ്.എൽ.സി.-ക്ക് ഏറ്റവും കൂടുതൽ

വിജയശതമാനം ഉണ്ടായത് എന്റെ വിദ്യാഭ്യാസ ജില്ലയ്ക്കാണ്. അവിടെയൊക്കെ ഞങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെ എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും. പൊതുവിദ്യാഭ്യാസ മേഖലയിൽ ഈ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതികളുടെ ഭാഗമായുള്ള എത്രയോ പ്രോജക്ടുകൾ നടപ്പിലാക്കുന്നു. ഉന്നത വിജയത്തിലേയ്ക്ക് തുടർച്ചയായി ഈ വർഷവും മൂവാറ്റുപുഴ വിദ്യാഭ്യാസ ജില്ലയ്ക്ക് എത്താൻ കഴിഞ്ഞിട്ടുള്ളത് അതിന്റെയും ഒരു ഭാഗമാണ് എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അവിടെയെല്ലാവരും അത് സമ്മതിക്കുന്നൊരു കാര്യമാണ്. അത് ഈ ഗവൺമെന്റിന്റെ പദ്ധതിയാണ്. അതുപോലെ, 60-ൽ കുറവ് കുട്ടികളുള്ള സ്കൂളുകളിൽ നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് FOCUS 2015. സെലക്ട് ചെയ്ത 1500 സ്കൂളുകളിലെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രത്യേക പരിപാടിയാണത്. അതുപോലെ ASAP (Additional Skill Acquisition Programme) ഏറ്റവും മനോഹരമായൊരു പദ്ധതിയാണ്. കുട്ടികൾക്ക് എല്ലാ തരത്തിലുമുള്ള കഴിവുകൾ വർദ്ധിപ്പിക്കാനും ഏതെങ്കിലുമൊരു പ്രത്യേകമായ ട്രേഡിൽ പ്രത്യേകമായ ട്രെയിനിംഗ് കൊടുക്കുവാനും വേണ്ടിയുള്ള ASAP സ്കീം വളരെ നല്ലൊരു പദ്ധതിയാണ്. അതുപോലെതന്നെ ഇ-ഗവേണൻസ്, സ്മാർട്ട് ചിൽഡ്രൻ പദ്ധതി, പെൺകുട്ടികൾക്ക് വേണ്ടി പ്രത്യേക

പരിശീലനം കൊടുക്കുന്ന 'കരുത്ത്', പി.ടി.എ. കൾക്കും, എൻ.ജി.ഒ.-സിനും വാർഡ് മെമ്പർക്കും മാനേജ്മെന്റിനുമൊക്കെ എസ്.എസ്.എ.-യുടെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ രംഗത്തെ മറ്റു പ്രവർത്തനങ്ങളുമൊക്കെ പരിചയപ്പെടുത്തിക്കൊടുക്കാനും അതിനെക്കുറിച്ച് അവബോധമുണ്ടാക്കാനും വേണ്ടിയിട്ടുള്ള കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം. അങ്ങനെ നിരവധി പരിപാടികൾ നടക്കുന്നുണ്ട്. അതൊന്നും നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് സർവ്വകലാശാലകൾ തന്നെ മൂന്നെണ്ണം ഉണ്ടായി. സാങ്കേതിക സർവ്വകലാശാല, മലയാളം സർവ്വകലാശാല, മെഡിക്കൽ സർവ്വകലാശാല എന്നിവയെല്ലാം കഴിഞ്ഞ നാല് വർഷത്തിനിടയിലുണ്ടായതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കോളേജ് ഇല്ലാത്ത നിയോജകമണ്ഡലമില്ല. കോളേജുകളില്ലാത്ത എല്ലായിടത്തും സർക്കാർ കോളേജുകൾ തന്നെയാണ് ആരംഭിച്ചിരിക്കുന്നത്. അതുപോലെ ഓരോ മേഖലകളിലും ശ്രദ്ധിച്ചുകൊണ്ടാണ് പോകുന്നത്. ഞാനതാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിനെക്കുറിച്ച് പറഞ്ഞത്. വലിയ നാട്യങ്ങളും ജാഡകളുമൊന്നുമില്ലെങ്കിലും ഒരു നിശബ്ദ വിപ്ലവം കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹം കൊണ്ടുവന്നിട്ടുണ്ട്. വെറുതെ പറയുന്നവർക്ക് എന്തെങ്കിലും പറയാമെന്നേയുള്ളൂ. എന്റെ അനുഭവത്തിൽനിന്ന് ഞാൻ പറയുകയാണ്, ഏതു

നിയോജകമണ്ഡലത്തിലെയും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യങ്ങളിലും സമയബന്ധിതമായ തീരുമാനമുണ്ടാക്കിയിട്ടുണ്ട്.

എനിക്ക് ഒരു നിർദ്ദേശം കൂടി വയ്ക്കാനുണ്ട്. SSA-കളിലെ വിഭിന്ന ശേഷിയുള്ള കുട്ടികൾക്കുവേണ്ടിയുള്ള റിസോഴ്സ് അധ്യാപകർ (Resource Persons) ഉണ്ടായിരുന്നു. അവരിൽ കുറച്ചുപേരെ പിരിച്ചു വിട്ടു. അവർ ഏകദേശം 8-ഉം 10-ഉം ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിൽ പോയി വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ട്രെയിനിംഗ് കൊടുക്കുകയും അധ്യാപകർക്ക് ട്രെയിനിംഗ് കൊടുക്കുകയും ചെയ്യുന്ന, 400 രൂപ മാത്രം ഡെയ്‌ലി വേജസിൽ കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷക്കാലമായി ജോലി ചെയ്തുകൊണ്ടിരുന്നവരാണ്. അവരെ പിരിച്ചുവിട്ടതിന് കാരണം പറയുന്നത് കേന്ദ്രഗവൺമെന്റിന്റെ പ്രോജക്ടായിരുന്നതിനാൽ ഇപ്പോൾ പണം വരുന്നില്ലെന്നാണ്. പക്ഷെ, സംസ്ഥാന ഗവൺമെന്റ് പണം കൊടുത്ത് അവരെ സംരക്ഷിക്കണം. അവർ വലിയ സേവനമാണ് നടത്തുന്നത്. ആ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നാഷണൽ ഗെയിംസ് നമ്മുടെ കേരളത്തിന്റെ അന്തസ്സും, അഭിമാനവും ഉയർത്തിയ ഇന്ത്യയിൽ എല്ലാവരും ശ്രദ്ധിച്ച ഒരു വലിയ ഇവന്റ് ആയിരുന്നു. അക്കാര്യത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് നൂറിൽ നൂറ്റിയൊന്ന് മാർക്കും ഞാൻ കൊടുക്കുക യാണ്.

അതുസംബന്ധിച്ച് അദ്ദേഹത്തെ മാൻ ഓഫ് ദി മാച്ച് എന്നു പറയും. അദ്ദേഹം ഈ സ്പോർട്സ് വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം ഊണും ഉറക്കവും ഉപേക്ഷിച്ച് ഇതിന്റെ വിജയത്തിനുവേണ്ടിയുള്ള പരിശ്രമത്തിലായിരുന്നു. ഇന്ത്യൻ പ്രസിഡന്റ് അതിനെക്കുറിച്ച് എന്താണ് പറഞ്ഞതെന്ന് നിങ്ങൾ വായിച്ചിട്ടുണ്ടോ? ഒളിംപിക് അസോസിയേഷന്റെ പ്രസിഡന്റ് ശ്രീ. എൻ. രാമചന്ദ്രൻ പറഞ്ഞത് കേരളം മറ്റുള്ള സംസ്ഥാനങ്ങൾക്ക് അനുകരണീയമായ ഒരു കേരള മോഡൽ തന്നെ ഈ നാഷണൽ ഗെയിംസ് നടത്തിപ്പിലൂടെ സൃഷ്ടിച്ചിരിക്കുകയാണെന്നാണ്. നമ്മുടെ മുൻ ഒളിമ്പ്യൻ താരങ്ങൾ, ദേശീയ അന്തർദേശീയ താരങ്ങൾ ഇവരെല്ലാപേരും ഒരേപോലെ മുക്തകണ്ഠം പ്രശംസിച്ചപ്പോൾ, ശ്രീ.വി. ശിവൻകുട്ടി ഹൈക്കോടതിയിൽ കേസുകൊടുക്കാൻ പോയി. ബഹുമാനപ്പെട്ട ഹൈക്കോടതി അത് എടുത്ത് എറിഞ്ഞു എന്നു മാത്രമല്ല, സി.ബി.ഐ അന്വേഷിച്ചപ്പോൾ ആരാണ് ഈ പരാതിയുമായി വന്നത് ഇവർക്കൊന്നും ഒരു വിവരവുമില്ലേ, എന്നുള്ള ഭാഷയിൽ പോലും അവസാനം എഴുതേണ്ട അവസ്ഥ അവർക്കു വന്നു. നമ്മൾ എങ്ങനെ എല്ലാ കാര്യത്തിലും എതിർക്കുക, എല്ലായിടത്തും അഴിമതിയാണെന്നു പറയുക, അഴിമതിയിൽ ഒരു പുകമറ സൃഷ്ടിക്കുക ഇതൊന്നും ശരിയായ രീതിയല്ല. 99 ശതമാനം വിജയകരമായി നടന്ന ഒരു വലിയ ഇവന്റായിരുന്നു അത്. നിങ്ങൾകൂടി അതിനകത്ത്

പങ്കെടുത്തിരുന്നുവെങ്കിൽ എത്ര മനോഹരമാകുമായിരുന്നു. നിങ്ങളുടെ സേവനം ഒന്നുമില്ലെങ്കിലും കാണാനെങ്കിലും കഴിയുമായിരുന്നല്ലോ. അവസാന നിമിഷം എന്തിനാണ് മാറി നിന്നത്. ശ്രീ. ജേക്കബ്ബ് പുന്നൂസിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെയും ഞാൻ അഭിനന്ദിക്കുകയാണ്. അവരുടെ കഷ്ടപ്പാടും, ബുദ്ധിമുട്ടും ആ വിജയത്തിന് പിന്നിലുണ്ട്. അവരെയെല്ലാം ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു നിർദ്ദേശം കൂടി പറയാനുണ്ട്. ആറ് വർഷമായി ജില്ലാ സ്പോർട്സ് കൗൺസിലിൽ കുറേ രാഷ്ട്രീയക്കാർ കയറി ഇരിക്കുകയാണ്. അവർക്ക് സ്പോർട്സുമായി യാതൊരു ബന്ധവുമില്ലെന്നു മാത്രമല്ല അവരുടെ കാലാവധി കഴിഞ്ഞിട്ടും ഇപ്പോഴും തുടരുകയാണ്. അത് സ്പോർട്സ് താരങ്ങൾക്ക് വിട്ടുകൊടുത്ത് അവരെ പിരിച്ചു വിടാനുള്ള എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് നിയമസഭക്ക് ആലോചിക്കാവുന്ന കാര്യമാണല്ലോ. അക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകണം. ശ്രീ. കെ. സി. ജോസഫിന്റെ സാംസ്കാരിക വകുപ്പിന് ധനസഹായം നൽകുന്നതിന് അങ്ങേയറ്റം അനുകൂലിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അവതരിപ്പിക്കാത്ത ബഡ്ജറ്റിനെക്കുറിച്ച് ചർച്ച

നടത്തുന്ന ലോകത്തിലെ ആദ്യത്തെ സർക്കാരാണ് നമ്മുടെ സർക്കാർ. ജനങ്ങളുടെ വികാരം ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്. ജീവിച്ചുപോകുക എന്നതിനുപകരം ജീർണ്ണിച്ചു പോകുക എന്ന അവസ്ഥയിലാണ് സാധാരണക്കാരന്റെ ചുറ്റുപാട്. ആവശ്യത്തിലേറെയുണ്ടായ വിവാദങ്ങളും, കുനിൻമേൽ കുരുപോലെയുണ്ടായ വിലക്കയറ്റവും ജനങ്ങളെ പൊറുതി മുട്ടിക്കുന്നു. ഇത്രയേറെ സാംസ്കാരിക മൂല്യച്യുതി വന്നുപെട്ട ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. ഉന്നത നിലവാരം പുലർത്തേണ്ട സാംസ്കാരിക സ്ഥാപനങ്ങൾ വിവാദങ്ങളുടെ പടുകുഴിയിലാണ് ഇന്നുള്ളത്. അക്കാഡമികൾക്ക് ജനകീയ മുഖം നഷ്ടപ്പെട്ടിട്ടുണ്ട്, അത് പരിശോധിക്കേണ്ടതാണ്. പാഠപുസ്തകം സമയത്തിന് കിട്ടണമെന്നു പറയുന്നത് വിവരക്കേടാണോ? 2013-ൽ കരിക്കുലം കമ്മിറ്റി തീരുമാനിച്ചിട്ടും വിവാദമായത് അശാസ്ത്രീയമായ സമീപനം കൊണ്ടല്ലേ? കുട്ടികൾക്ക് അടി കൊണ്ടതും, കെ.ബി.പി.എസ്-ന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ഏകോപനമില്ലാത്ത അവസ്ഥക്ക് വിദ്യാർത്ഥികൾ എന്തു പിഴച്ചു. ഹൈസ്കൂൾ, ഹയർ സെക്കന്ററി വിജയശതമാനം വർദ്ധിച്ചു എന്നുള്ളത് സമ്മതിക്കുന്നു. വിജയിച്ച കുട്ടികളെപ്പോലും നാണം കെടുത്തുന്ന വിവാദങ്ങൾ ഈ സർക്കാരും അതിലെ ബന്ധപ്പെട്ടവരും ഉണ്ടാക്കിയില്ലേ; അതിന് അവർ എന്തു കുറ്റം ചെയ്തു? ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന വി.സി.-മാർ കോഴ,

കെടുകാര്യസ്ഥത എന്നിവയുടെ ആശാൻമാരായി വിലസിയിട്ടും ഈ സർക്കാർ ഒന്നും ചെയ്തില്ല. സർവ്വകലാശാലകളുടെ പ്രശ്നങ്ങൾ തീർന്നോ? തീർന്നു എന്ന് മന്ത്രിപറയും, വി.സി. തീർന്നില്ലാ എന്നുപറയും. ഇങ്ങനെ കെടുകാര്യസ്ഥതയിൽ അമ്മാനമാടുന്ന വി.സി.യും, സർവ്വകലാശാലകളും നമുക്ക് അപമാനകരമല്ലേ? നമ്മുടെ വളർന്നു വരുന്ന പുതിയ തലമുറയ്ക്ക് ഇതൊരു മാർഗ്ഗദർശനമായാൽ അതിൽ തെറ്റു പറയാനുണ്ടോ? പറിച്ചു നടാത്ത ഒരു സാംസ്കാരിക പൈതൃകത്തിന്റെ ഉടമകളാണ് നമ്മൾ. അതുകൊണ്ടുതന്നെ സർക്കാരിന് വിശാലവും, സർഗ്ഗാത്മകവും, ധീരവുമായ നിലപാടുകൾ വേണം. ആ നിലപാടുകൾ നടപ്പിലാക്കാനുള്ള ആർജ്ജവം വേണം. നമ്മുടെ സാംസ്കാരിക വകുപ്പ് മന്ത്രിയ്ക്ക്, ഫാസിസം തിരനോട്ടം നടത്തുന്നത് കലാ സാംസ്കാരിക രംഗത്താണ് എന്ന തിരിച്ചറിവുണ്ടാകണം. ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മ ശക്തിപ്പെടുത്തണം. വിദ്യാഭ്യാസരംഗം വളരെ ശ്രദ്ധിക്കേണ്ടതും, നിയന്ത്രിക്കേണ്ടതുമാണ്. ഗാന്ധിജിയെ അല്ല നെഹ്റുവിനെയാണ് കൊല്ലേണ്ടിയിരുന്നത് എന്ന പ്രസ്താവന ഒരു കാറ്റത്ത് വന്ന വാർത്തയല്ല, ഏറെ വെല്ലുവിളികൾ നേരിടേണ്ടിവരും എന്ന മുന്നറിയിപ്പാണ്. ഈ മുന്നറിയിപ്പിനെ നിങ്ങൾ ലാഘവത്തോടുകൂടി കൊച്ചു വർത്തമാനം പറഞ്ഞ് പിരിഞ്ഞു പോകുന്നത് ശരിയല്ല. എന്നോ സമൂഹം തള്ളിക്കളഞ്ഞ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും

പുതിയ രൂപത്തിൽ കടന്നുവരുന്നു. അതിനെ ചെറുതായിക്കാണരുത്. വിശ്വാസത്തെ കച്ചവടച്ചരക്കാക്കുന്നു. മൂലധനം മതത്തിന് കീഴടങ്ങുന്ന അവസ്ഥ വലിയ വിപത്ത് വരുത്തിവയ്ക്കും. ഇത് സാധാരണ ഒരു ചർച്ചയിൽ ഒതുങ്ങുന്നതല്ല, ഗൗരവമായി കൂടിയാലോചിച്ച് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകണം. പച്ചക്കറിയിൽ മാത്രമല്ല സാഹിത്യത്തിലും വിഷം കലർത്തിയിരിക്കുന്നു എന്ന് പ്രശസ്ത സാഹിത്യകാരനും, മുൻ സാഹിത്യ അക്കാഡമി പ്രസിഡന്റുമായ ശ്രീ. എം. മുകുന്ദൻ പ്രതികരിച്ചത് വലിയ ചർച്ചയായി. ഭരണവർഗ്ഗം ഭരണരംഗത്തും വിഷം കലർത്തിയിരിക്കുന്നു എന്നു പറയാനാണ് ഞാനുദ്ദേശിക്കുന്നത്. പൊതുവിദ്യാഭ്യാസരംഗം താറുമാറായാൽ ഇടിവെട്ടിയവനെ പാമ്പു കടിച്ചു എന്നു പറയുന്നതുപോലെയാകും സാധാരണക്കാരന്റെ ജീവിതം. ഈ ഭാരമെല്ലാം തീമഴയായി പെയ്തിറങ്ങുന്നത് സാധാരണക്കാരന്റെ മൂർദ്ധാവിലാണ്. ഈ രംഗത്തെക്കുറിച്ച് വളരെ ഗൗരവമായി ആലോചിച്ച് കാര്യങ്ങൾ നടപ്പിലാക്കണം. പല ഡിപ്പാർട്ടുമെന്റുകളിലെ മന്ത്രിമാർ വ്യത്യസ്ഥമാണെങ്കിലും ഏകോപനം നടക്കുന്നില്ല. ഏകോപനം നടക്കുന്നത് കോഴ വാങ്ങാൻ വേണ്ടി മാത്രമാണ്. ഭാഷാ നിയമം എവിടെപ്പോയി? പുരോഗമന കലാ സാഹിത്യ സംഘത്തിനും മറ്റ് സാംസ്കാരിക സംഘങ്ങൾക്കും ഭാഷാ നിയമം അടുത്തു തന്നെ ഉണ്ടാകുമെന്ന് എന്നോ മുഖ്യമന്ത്രി ഉറപ്പു നൽകിയതാണ്. മലയാളഭാഷാ നിയമം

ഇന്ന് അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ഇതിനെ മറികടക്കാൻ സർക്കാരിന് കഴിയുന്നില്ല എന്നത് തിരിച്ചറിയണം. മലയാളത്തിന്റെ ശത്രു മലയാളി തന്നെയാണെന്ന് പറയുന്നത് വളരെ മോശമാണ്, ഈ മനോഭാവം മാറ്റണം. ഭാഷയുടേയും, സംസ്കാരത്തിന്റേയും ശരിയായ മുന്നേറ്റത്തിന് സർക്കാർ മുൻകയ്യെടുക്കണം. അധിനിവേശ കാലഘട്ടത്തിനേക്കാൾ അപകടകരമായ അവസ്ഥയാണ് ഇന്ന് നമുക്കുള്ളത്. ഗ്രന്ഥശാലകൾ ചലനാത്മകമാക്കണം. എൽ.ഡി.എഫ്. സർക്കാർ സാഹിത്യ കലാകാരന്മാരുടെ പേരിലുള്ള നിരവധി സ്മാരകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഞാൻ സാഹിത്യ അക്കാഡമി സെക്രട്ടറി ആയിരിക്കുമ്പോൾ എനിക്ക് നേരിട്ട് അറിയാവുന്നതാണ്. ആ സ്മാരകങ്ങളിൽ പലതും ഇന്ന് വേണ്ടത്ര ഗൗരവത്തിൽ നടക്കുന്നില്ല. പലതിനും ജനകീയമുഖം നഷ്ടപ്പെട്ടിട്ടുണ്ട്. ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങളിലൂടെ വളർന്നു വന്ന ചലചിത്ര സാംസ്കാരമാണ് കേരളത്തിനുള്ളത്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് അപശബ്ദമില്ലാതെ, ചിട്ടയോടെ നടത്തിയിരുന്ന ചലചിത്രമേളകൾ വിദേശരാജ്യങ്ങൾപോലും പ്രകീർത്തിച്ചതാണ്. നടന്മാർ, നടികൾ, സംവിധായകർ തുടങ്ങി എല്ലാ രംഗത്തും പ്രശസ്തരായ ധാരാളം കലാകാരൻമാർ ലോകത്തിന്റെ മുന്നിൽ തല ഉയർത്തി നിന്ന് മലയാളത്തിന്റെ അഭിമാനം കാത്തു. അവരുടെ കൂട്ടായ്മ തകർത്തില്ലേ? അവരുടെ കൂട്ടായ്മ തകരാൻ

കാരണം അവരെ വേണ്ട രൂപത്തിൽ അംഗീകരിച്ചിരുന്നില്ല എന്നതാണ്. വളരെ ശാസ്ത്രീയമായ ഇടപെടൽ ഉണ്ടായിരുന്നുവെങ്കിൽ പലരേയും നമുക്ക് നിലനിർത്താമായിരുന്നു. രാഷ്ട്രീയ ഇടപെടൽ വേണ്ടെന്നു ഞാൻ പറയുകയില്ല. രാഷ്ട്രീയ ഇടപെടൽ വേണം. ശ്രീമതി ബീനാപോൾ എന്തിനാണ് രാജിവച്ച് പോയത്? ബാക്കിയുള്ള വരൊക്കെ മൂന്നു കൊല്ലം കഴിഞ്ഞു, രാജി വെച്ചു എന്നൊക്കെ വേണമെങ്കിൽ നമുക്ക് പറയാം. അസ്വാരസ്യങ്ങളും, അബദ്ധജഡിലമായ കാര്യങ്ങളും അവിടെ എങ്ങനെ നടക്കുന്നു, അത് കുമ്പാരമായി മാറുന്നു. അതൊന്ന് ശ്രദ്ധിക്കാൻ...

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ശ്രീമതി ബീനാ പോളിന് രാജിവയ്ക്കാൻ കഴിയില്ലെന്നത് അങ്ങേയ്ക്ക് അറിയാമോ; ഡെപ്യൂട്ടേഷനിൽ വന്ന ഒരാൾക്ക് എങ്ങനെയാണ് രാജിവയ്ക്കാൻ കഴിയുന്നത്? അവർ രാജിവയ്ക്കാതെ മടങ്ങിപോയതാണ് എന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം.

<u>ഡോ. എൻ. ജയരാജ്</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല വകുപ്പുകളുടെയും തലപ്പത്ത് രാഷ്ട്രീയപരമായി വളരെയേറെ ബന്ധങ്ങളുണ്ടായിരുന്ന ആളുകളായിരുന്നു. ഇന്ന് കേരളത്തിലെ സാംസ്കാരിക വകുപ്പിൽ പ്രധാനപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നവർ രാഷ്ട്രീയപാർട്ടികളുടെ ആളുകളല്ല, ആ രംഗവുമായി ബന്ധപ്പെട്ട ആളുകളാണ്. അത് അങ്ങേയ്ക്ക് അറിയാത്ത ഒരു കാര്യമല്ല.

<u>ശ്രീ.പുരുഷൻ കടലുണ്ടി</u>: സർ, രാഷ്ട്രീയവും ആ പ്രശ്നങ്ങളുമൊക്കെ ചർച്ച ചെയ്തത് എനിക്ക് നേരിട്ട് അറിയാവുന്ന കാര്യങ്ങളാണെന്ന് മാത്രമല്ല, പലരേയും കുറിച്ച് വന്ന വാദങ്ങളും അപവാദങ്ങളുമൊക്കെ നമുക്ക് അറിയാവുന്നതാണ്. അതൊന്നും ഒരു പ്രശ്നമല്ല. അതാത് ഗവൺമെന്റ് ആരെ തീരുമാനിക്കുന്നുവെന്നുള്ളതിൽ തന്നെയാണ്, ആ കാര്യങ്ങളിൽ തർക്കമൊന്നുമില്ല. പക്ഷേ ഒരു ഡിപ്പാർട്ടുമെന്റ് എങ്ങനെ കൊണ്ടുപോകണമെന്ന് അറിയാത്ത ഒരാളെ നിർബന്ധിച്ച് ആ സ്ഥാനത്ത് ഇരുത്തുന്നത് ശരിയല്ല. ഒരു ഡിപ്പാർട്ടുമെന്റ് എങ്ങനെ നയിച്ചുകൊണ്ടു പോകണമെന്ന് അറിയുന്ന ആളായിരിക്കണം അതിന്റെ ഹെഡ് ആകേണ്ടത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്ന ഒരു കാര്യമാണ് മധ്യപ്രദേശിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 3000 കോടി രൂപയുടെ 'വ്യാപം' കുംഭകോണം. ഇതുവരെ 46 പേരാണ് മരണപ്പെട്ടത്. അവിടത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ലക്ഷ്മീകാന്ത് ശർമ്മയുടെ നേതൃത്വത്തിൽ നടക്കുന്ന ഒരു കുംഭകോണമാണിത്. പരീക്ഷ എഴുതാതെ പുറത്തിരുന്നാൽ മതി. പ്രോക്സികൾ വന്ന് പരീക്ഷ എഴുതിക്കൊള്ളും. ഇനി പരീക്ഷാഹാളിൽ കടന്നാൽ തന്നെ കോപ്പിയടിക്കുന്നതിനുള്ള സൗകര്യവും കിട്ടും. ഇതിനെല്ലാം കൂട്ട് നിന്നതിന്റെ

ഫലമായി അവിടെ ഒരു ഗവർണ്ണറുടെ മകൻ ആത്മഹത്യ ചെയ്തു. ആ തലത്തിലേയ്ക്ക് നമ്മുടെ കേരളമെത്താൻ ഇനി എത്ര ദിവസം വേണ്ടിവരും എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അധികദൂരം പോകേണ്ടിവരില്ല. കലയും സംസ്കാരവും ജനങ്ങളുടേതാണെന്നും അതിന്റെ വേരുകൾ സമൂഹത്തിൽ ആഴ്ന്നിറങ്ങണമെന്നും അത് സാമാന്യ ജനങ്ങളുടെ വികാരവും ചിന്തയും ഇച്ഛാശക്തിയും സംയോജിപ്പിക്കുകയും അവരെ ഉയർത്തുകയും വേണമെന്ന് പറഞ്ഞത് ലെനിനാണ്. അതോർക്കണം. പല കാര്യങ്ങളെക്കുറിച്ചും ഓർമ്മയുണ്ടായിരിക്കണം. ഇന്നു വരുന്ന, രാജിവച്ച് പുറത്തുപോകുന്ന, വിവാദങ്ങളാകുന്ന, എവിടെയാണ് പിഴച്ചത്, ആർക്കാണ് പിഴച്ചത്? ഇതുകൊണ്ട് കാര്യക്ഷമമല്ലാത്ത രീതിയിൽ നമ്മുടെ പല ഡിപ്പാർട്ടുമെന്റുകളും നടക്കുന്നു. അത് വി.സി.ആയാലും ശരി അല്ലെങ്കിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിലായാലും ശരി. നമ്മുടെ കൊച്ചു കൊച്ചു സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഗ്രാന്റുകൾ അനുവദിച്ച് ഇടതുപക്ഷ ജനാധിപത്യ സർക്കാർ മുന്നോട്ടു കൊണ്ടുവന്നിരുന്നു. അതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു? എന്തുകൊണ്ട് അവർക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്നില്ല. എന്തുകൊണ്ട് ഗ്രാന്റ് കൊടുക്കുന്നില്ല? സാഹിത്യ അക്കാഡമിയിൽ നിരന്തരമായി

ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇന്ന് രണ്ടു കോടി നാൽപ്പതു ലക്ഷം രൂപയുടെ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആദ്യം നമ്മൾ ജില്ലാ ക്യാമ്പ് നടത്തുകയും പിന്നീട് അതിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്ക് സംസ്ഥാന ക്യാമ്പും നടത്തി. എന്തുകൊണ്ട് നിങ്ങൾക്ക് അതിന് സാധിക്കുന്നില്ല? മറ്റൊന്ന്, ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകൊണ്ടാണോയെന്ന് അറിയില്ല, ഇതുവരെയും ഭരണകക്ഷിയിൽപ്പെടാത്ത ഒരാളെയും ഒരു അക്കാഡമിയിലേയ്ക്കും വിളിക്കുന്നില്ല. ഓരോ അക്കാഡമിയിലും മുമ്പിരുന്ന സെക്രട്ടറിമാരും മുൻ ഭാരവാഹികളുമുണ്ട്. ഇതൊക്കെ ഒരു വൺമാൻ ഷോ പോലെ നടത്തുന്നു. ഇതേ രീതിയിലാണെങ്കിൽ എങ്ങനെയാണ് സാംസ്കാരിക രംഗം ജനകീയവൽക്കരിക്കാൻ പറ്റുക? സാഹിത്യ അക്കാഡമിയെ ദന്തഗോപുരവാസി കളെന്ന് പറഞ്ഞിരുന്നു. എന്നാൽ ഇന്നങ്ങനെയല്ല. അവിടെ എന്തൊക്കെ വികസനം വന്നു. എൽ.ഡി.എഫ്. സർക്കാർ ചെയ്ത കാര്യങ്ങൾ തന്നെ വളരെ ശാസ്ത്രീയമായ രീതിയിൽ ചെയ്യാൻ കഴിയും.

ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് എനിക്ക് എല്ലാ അഭിപ്രായവുമില്ല. പക്ഷേ ആ റിപ്പോർട്ട് ചർച്ച ചെയ്യാൻ എന്തുകൊണ്ടാണ് ഈ ഗവൺമെന്റ് മടിക്കുന്നത്? ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ റിപ്പോർട്ടിൽ പലതും ചർച്ച ചെയ്ത് മാറ്റരുത്. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, സാംസ്കാരിക കേരളം

കൈപിടിച്ചുയർത്തിക്കൊണ്ട് വന്ന മഹാ പ്രസ്ഥാനമാണ് സംസ്ഥാന ലൈബ്രറി കൗൺസിൽ. അത് തകർക്കാനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിൻമാറണം. അറിവിലൂടെ ശാക്തീകരണത്തിന് വഴിയൊരുക്കുന്ന ആധുനിക കാലത്ത് വായനയിലൂടെ വളരാനും ഗുണമേന്മയുള്ള ജീവിത സംസ്കാരം ഉറപ്പു വരുത്തുവാനും പുത്തൻ സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് അതിനെ വളർത്തി വലുതാക്കണം. നമ്മുടെ വായനാ സംസ്കാരം .... അതുപോലെതന്നെ എഴുതുന്ന കലാകാരന്മാർക്ക് വളരെയേറെ സഹായങ്ങൾ ചെയ്യാനും അവർക്ക് ധാരാളം സാധ്യതകൾ ഉള്ളതുമായ ഒരു മഹാ പ്രസ്ഥാനമാണ് ലൈബ്രറി കൗൺസിൽ. അതുകൊണ്ട് അതിന്റെ ചിറകരിയരുതെന്നാണ് എനിക്ക് പറയാനുള്ളത്. ലൈബ്രറി കൗൺസിൽ തകർന്നാൽ ഗ്രന്ഥശാലകൾ, എഴുത്തുകാർ, പ്രസാധകർ എല്ലാം തകരും. ആ ഗ്രന്ഥശാലകൾ ചലനാത്മകമാക്കണം. എൽ.ഡി.എഫ്. ഭരണകാലത്ത് ഒട്ടേറെ സ്മാരകങ്ങൾ.... അതിനുള്ള ഗ്രാന്റുകൾ വർദ്ധിപ്പിക്കണം. ഒരോ ലക്ഷം വരുന്ന കൊച്ചു കൊച്ചു ഗ്രാന്റുകൾ വർദ്ധിപ്പിക്കണം. കാരണം നമ്മുടെ ദേശീയ നേതാക്കളും നവോത്ഥാന നായകരും അധിനിവേശ സംസ്കാരത്തിനെതിരെ പോരാടാൻ കലാകാരന്മാരേയും സാഹിത്യകാരന്മാരേയുമാണ് കൂട്ടുപിടിച്ചത്. അതുകൊണ്ട് പ്രാദേശിക കലാസമിതികളും അതുപോലെ പ്രാദേശിക

ലൈബ്രറികളും സജീവമാക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യണം. നന്നായി നടന്നിരുന്ന തുഞ്ചൻ സ്മാരക കലാപീഠം ഇന്ന് പൂട്ടിയിട്ടുണ്ട്. നന്നായി നടന്നിരുന്ന തുഞ്ചൻ സ്മാരക കലാപീഠം പൂട്ടിയത് ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കലാകാരന്മാരുടെ ക്ഷേമ പദ്ധതികളും പെൻഷനും കാലം തെറ്റിയ കാലാവസ്ഥ പോലെയായി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): എവിടെയുള്ള തുഞ്ചൻ സ്മാരകമാണ് പൂട്ടിയത്.?

ശ്രീ. പുരുഷൻ കടലുണ്ടി: പാലക്കാടുള്ള തുഞ്ചൻ സ്മാരക കലാപീഠമാണ് പൂട്ടിയത്. തുള്ളലിന് വേണ്ടിയുള്ള തുഞ്ചൻസ്മാരക കലാപീഠമാണ് പൂട്ടിയത്. മിനിട്ട്സ് പരിശോധിച്ചശേഷം അങ്ങനെയൊരു പേരില്ലെങ്കിൽ ഞാൻ പിൻവലിച്ചു. കലാകാരന്മാരുടെ പെൻഷനും ക്ഷേമ പദ്ധതികളും കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കാലം തെറ്റിയ കാലാവസ്ഥ പോലെ ഓരോന്നും ഇങ്ങനെ മാറി മാറി പോകുന്നത് ശരിയല്ല. ഞാൻ അധികം നീട്ടുന്നില്ല. ഏതായാലും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുമെന്ന വിശ്വാസത്തോടുകൂടി ഞാൻ നിർത്തുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, വികസനവും കരുതലും മുഖമുദ്രയാക്കിയ സർക്കാരിന്റെ വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്നീ

വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു. 2011 മെയ് മാസം 17-ാം തീയതി വെറും രണ്ട് അംഗങ്ങളുടെ ഭൂരിപക്ഷത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം എല്ലാ പ്രതിപക്ഷ പ്രവചനങ്ങളേയും കാറ്റിൽ പറത്തിയാണ് ഈ ഗവൺമെന്റ് നാല് വർഷം പിന്നിട്ടിരിക്കുന്നത്. നാലു വർഷം പിന്നിട്ടു എന്നുള്ളതല്ല, ഞങ്ങളുടെ അഭിമാന ബോധം, ഈ നാലുവർഷക്കാലംകൊണ്ട് കേരളത്തിന്റെ വികസന രംഗത്തും ക്ഷേമ പ്രവർത്തനങ്ങളിലും സാമൂഹ്യസേവന പ്രവർത്തനങ്ങളിലുമെല്ലാം തങ്ങളുടേതായ ഒരു കയ്യൊപ്പ് ചാർത്തി നിരവധി പദ്ധതികൾ നടപ്പിലാക്കി കേരളത്തിന് അഭിമാനകര മായ നേട്ടങ്ങളുണ്ടാക്കി എന്നുള്ളതാണ് ഞങ്ങളുടെ അഭിമാനകരമായ നേട്ടം. പ്രവർത്തനനിരതമായ നാലു വർഷം. നിയമസഭയിൽ ഒരു തുടക്കക്കാരനെന്ന നിലയിൽ, ഞങ്ങളൊക്കെ ആദ്യ ദിവസങ്ങളിൽ അസംബ്ലിയിൽ വന്നിരുന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ ഉൾപ്പെടെയുള്ള ആളുകൾ ഈ ഗവൺമെന്റിന് കൽപ്പിച്ച് നൽകിയിരുന്ന ആയുസ്സ് എത്രയെന്ന് ഞങ്ങൾക്കൊക്കെ ഓർമ്മയുണ്ട്. 100 ദിവസത്തെ മുതൽ ഏതാനും മാസങ്ങൾ വരെ ആയുസ്സ് കൽപ്പിച്ചവരുണ്ട്. രണ്ട് ഭരണപക്ഷ അംഗങ്ങൾ മൂത്രമൊഴിക്കാൻ പോയാൽ ഗവൺമെന്റ് താഴെ വീഴുമെന്ന് പ്രഖ്യാപിച്ചവർ ഈ സഭയ്ക്ക് അകത്തും പുറത്തും

ഇപ്പോഴുമുണ്ട്. ഇന്നത്തെ പാർട്ടിസെക്രട്ടറിയും അന്നത്തെ പോളിറ്റ്ബ്യൂറോ അംഗവും പറഞ്ഞത് മംഗൾയാൻ ചൊവ്വയിലെത്തുമ്പോഴേയ്ക്കും ഐക്യജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് താഴെ വീഴും, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി സ്ഥാനം രാജി വയ്ക്കേണ്ടിവരുമെന്നാണ്. മംഗൾയാൻ ചൊവ്വയിലെത്തി, വേണമെങ്കിൽ തിരിച്ച് കേരളത്തിൽ വന്ന് ഒരിക്കൽക്കൂടി ചൊവ്വയിലെത്താനുള്ള സമയമായി. ഇപ്പോഴും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് തന്നെയാണ് കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്നതും ശ്രീ. ഉമ്മൻ ചാണ്ടിതന്നെയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയായി തുടരുന്നതും. ഈ ദിവസങ്ങളിലെ പ്രസംഗങ്ങളിലെല്ലാംതന്നെ ഞങ്ങൾ കേൾക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം അഹങ്കാരം വെടിയണം എന്നുള്ളതാണ്. അഹങ്കാരം വെടിയണമെന്ന് ഐക്യജനാധിപത്യമുന്നണിയെ നിരന്തരം ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അരുവിക്കരയിലെ തെരഞ്ഞെടുപ്പിന്റെ റിസൾട്ട് വന്നതിനുശേഷമുള്ള പ്രതികരണങ്ങൾ അവിടെയുള്ള വോട്ടർമാർ മുഴുവൻ മദ്യപാനികളായി, അവിടെയുള്ള വോട്ടർമാർ മുഴുവൻ അവനവന്റെ വോട്ട് പണത്തിനായി വിൽക്കുന്നവരായി, അവിടെയുള്ള വോട്ടർമാർ മുഴുവൻ രാഷ്ട്രീയ കുതിരക്കച്ചവടത്തിന് കൂട്ട് നിന്നവരായി എന്നൊക്കെയാണ്. എട്ടുമാസം കഴിഞ്ഞാൽ അരുവിക്കരയിൽ വീണ്ടുമൊരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ അന്ന് ഈ

ആക്ഷേപിച്ചവരെ അവിടത്തെ ജനങ്ങൾ തിരിഞ്ഞുകുത്തുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. പരാജയപ്പെട്ടപ്പോഴാണ് അരുവിക്കരയിലെ വോട്ടർമാർ ഒന്നിനും കൊള്ളരുതാത്തവരായിമാറിയത്. എന്റെ കയ്യിലുള്ള ക്ലിപ്പിംഗ്സ്- 'അരുവിക്കരയിൽ തിരഞ്ഞെടുപ്പ് ഫലം വരുമ്പോൾ യു.ഡി.എഫ്. ഭരണം ഇല്ലാതാകും' തെരഞ്ഞെടുപ്പ് സമയത്ത് ഒരിക്കലും രംഗത്ത് വരാതെ തെരഞ്ഞെടുപ്പിന്റെ തൊട്ട് തലേദിവസം പത്രസമ്മേളനം നടത്തി ശ്രീ. പിണറായി വിജയൻ പറഞ്ഞതാണ്. റിസൾട്ട് വരുമ്പോൾ യു.ഡി.എഫിന്റെ ഭരണം ഇല്ലാതാകുമെന്ന്. "അരുവിക്കര ഫലം സർക്കാരിന് ഷോക്ക് ട്രീറ്റ്മെന്റാകും" പറഞ്ഞത് ശ്രീ. കാനം രാജേന്ദ്രൻ. "യു.ഡി.എഫ്-ലെ ഘടകകക്ഷികൾ എൽ.ഡി.എഫ്-ൽ എത്തും" പറഞ്ഞത് സാക്ഷാൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ. അതുപോലെ "കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും എതിരായ വിധിയെഴുത്ത്" ശ്രീ. ജി. ദേവരാജൻ. "അഴിമതി നടത്താൻ മുഖ്യമന്ത്രി അനുമതി ചോദിക്കുന്നു" ശ്രീ. ആനത്തലവട്ടം ആനന്ദൻ. "അഴിമതി ഭരണത്തിനുള്ള തിരിച്ചടിയാകും ജനവിധി" ശ്രീ. വി.എസ്. അച്ചുതാനന്ദൻ. "അരുവിക്കരയിൽ ശക്തമായ ഭരണവിരുദ്ധതരംഗം" ശ്രീ. കോടിയേരി ബാലകൃഷ്ണൻ. യു.ഡി.എഫ്. ശിഥിലമാകുമെന്ന പേരിൽ ശ്രീ. പിണറായി വിജയൻ നടത്തിയ പത്രസമ്മേളനത്തിന്റെ വാർത്തകളുമായി അന്നത്തെ

പത്രങ്ങളൊക്കെ എഴുതി. "അഴിമതിക്കെതിരെയുള്ള രോഷമായി വിധിയെഴുത്ത് മാറും ഇക്കുറി ജനപക്ഷം ഇടത്തോട്ട്", "അരുവിക്കരയിൽ എൽ.ഡി.എഫ്-ന്റെ തരംഗം" ശ്രീ. സി. ദിവാകരൻ, "അരുവിക്കര ഇടതുമുന്നണിക്കൊപ്പം" അങ്ങനെ ഈ മുന്നണിയുടെ പരാജയം ഉറപ്പുവരുത്തി ഗവൺമെന്റ് രാജിവയ്ക്കേണ്ടിവരുമെന്ന് പ്രഖ്യാപിച്ച് ഗവൺമെന്റിനെതിരായ വിധിയെഴുത്താകുമെന്ന് പ്രഖ്യാപിച്ചപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി ഒളിച്ചോടിയില്ല. അന്ന് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞത് ഇത് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ തന്നെയാകും എന്നാണ്. നിങ്ങൾ അതിനെ അഹങ്കാരമെന്ന് വിളിക്കുന്നു. ജനപക്ഷത്തുനിന്നതിന്റെ ആത്മവിശ്വാസം എന്നാണ് ഐക്യജനാധിപത്യ മുന്നണി അതിനെ വിളിക്കാനാഗ്രഹിക്കുന്നത്. അതാണ് പിറവത്തും നെയ്യാറ്റിൻകരയിലും ലോക്സഭാ തിരഞ്ഞെടുപ്പിലും അരുവിക്കര യിലും ഞങ്ങൾ പറഞ്ഞത്. തദ്ദേശ ഭരണസ്ഥാപനങ്ങളിലേയ്ക്ക് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിലും 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിലും ഐക്യജനാധിപത്യ മുന്നണി പറയാൻ പോകുന്നത് അതുതന്നെയാണ്. ഈ ഗവൺമെന്റുണ്ടാക്കിയ നേട്ടങ്ങളുടെ പിൻബലത്തിലാണ് ഞങ്ങളത് പറയുന്നത്. അരുവിക്കരയിലെ ജയം ഐക്യജനാധിപത്യ മുന്നണിക്ക് എന്തുകൊണ്ട് അനുകൂലമായി എന്നുള്ളതിന്

രണ്ടുമൂന്ന് കാരണങ്ങൾ ഉണ്ട്, ഒരു കാരണം, ശ്രീ. കെ. എസ്. ശബരീനാഥൻ എന്ന ദീർഘവീക്ഷണമുള്ള, കാഴ്ചപ്പാടുള്ള ഒരു ചെറുപ്പക്കാരൻ അവിടെ സ്ഥാനാർത്ഥിയായി കടന്നുവന്ന് ജനങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റാൻ പ്രാപ്തനാണെന്ന് തെളിയിച്ച അദ്ദേഹത്തിന്റെ വാക്കുകൾ നമ്മൾ അസംബ്ലിയിൽ കേട്ടു. അതോടൊപ്പംതന്നെ ഈ ഗവൺമെന്റിനെതിരായി ഇവർ ഉന്നയിച്ചിരുന്നതെല്ലാം ആരോപണങ്ങൾ മാത്രമായിരുന്നുവെന്നും ഗവൺമെന്റിന്റെ നേട്ടങ്ങളെല്ലാം യാഥാർത്ഥ്യങ്ങളായതുകൊണ്ടുമാണ് അരുവിക്കരയിലെ ജനങ്ങൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി അത്തരമൊരു തീരുമാനമെടുത്തത് എന്നാണ് എന്റെ വിശ്വാസം. വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് പറയുമ്പോൾ എനിക്ക് ഒരുകാര്യം പറയേണ്ടതായിട്ടുണ്ട്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എന്നെല്ലാം അധികാരത്തിൽ വരുന്നോ അന്നെല്ലാം ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യമാണ് പൊതുവിദ്യാഭ്യാസ മേഖലയിൽനിന്നും ഗവൺമെന്റ് പിന്മാറുന്നു എന്നുള്ളത്. പൊതുവിദ്യാഭ്യാസ മേഖല കച്ചവടത്തിനു വേണ്ടി തുറന്നിട്ടിരിക്കുന്നു എന്നുള്ളത് കഴിഞ്ഞ കാലങ്ങളിലെല്ലാം ഇവർ ഉന്നയിക്കാൻ ശ്രമിക്കാറുള്ള മുദ്രാവാക്യമാണ്. ഇത്തവണ അങ്ങനെയൊന്നും ഉന്നയിക്കാൻ ഇവർക്ക് സാധിച്ചിട്ടില്ല. കാരണം പൊതുവിദ്യാഭ്യാസ മേഖലയിൽ,

സാധാരണക്കാരൻ പഠിക്കുന്ന സ്കൂളുകളിൽ രണ്ടുവർഷംകൊണ്ട് 14952 കുട്ടികളുടെ വർദ്ധനവുണ്ടായത് സമീപകാല ചരിത്രത്തിൽ ആദ്യമായിട്ടാണ്. അമ്മ മലയാളത്തെ നിർബന്ധഭാഷയാക്കിയത് ഈ ഗവൺമെന്റാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതു പോലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം-നമ്മുടെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ മാത്രമല്ല അവരുടെ employability യും ഒരു പ്രധാന പ്രശ്നമാണെന്ന് തിരിച്ചറിഞ്ഞ് അവരെ അതിന് പ്രാപ്തരാക്കിയത് ഈ ഗവൺമെന്റും ഈ ഡിപ്പാർട്ടുമെന്റുമാണ്. അതിനെക്കാളുപരി ചരിത്രത്തിൽ ആദ്യമായി പൊതുമേഖലയിൽ, 22 സർക്കാർ/ എയ്ഡഡ് കോളേജുകൾക്ക് അനുമതി കൊടുക്കുകയും അതിൽ ഭൂരിഭാഗവും ഇതിനോടകംതന്നെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ളവരുടെ മണ്ഡലത്തിൽ വിദ്യാഭ്യാസമേഖലയിൽ ഒരു ഗവൺമെന്റ് സ്ഥാപനം തുടങ്ങിയത് ഈ ഗവൺമെന്റാണ് എന്നുള്ള ചരിത്രം വിസ്മരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റിനെതിരായി ഇവരിൽ പലരും ഇത്തരം പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഭാഷാപിതാവിന്റെ പേരിൽ സർവ്വകലാശാല ആരംഭിച്ചത് ഈ ഗവൺമെന്റാണ്. ഐ.ഐ.റ്റി.-യുടെയും ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെയും പ്രവർത്തനങ്ങളുമായി നമ്മൾ മുന്നോട്ടുപോകുന്നുണ്ട്.

പാഠപുസ്തകത്തെ സംബന്ധിച്ച് ഒരു വിവാദം നിലനിൽക്കുന്നുണ്ട്. സ്കൂൾ തുറക്കുന്ന സമയത്തുതന്നെ നിർബന്ധമായും പാഠപുസ്തകങ്ങൾ കുട്ടികളുടെ കൈകളിലേക്കെത്തണമെന്ന് ഞാനും ആഗ്രഹിക്കുന്നുണ്ട്. പാഠപുസ്തക അച്ചടി- അഞ്ചുവർഷംകൊണ്ട് പാഴായത് 6 കോടി, അദ്ധ്യാപകരുടെ കമ്മീഷൻ നിർത്തി- പുസ്തകവിതരണം നിലച്ചു, പാഠപുസ്തകത്തിന് അമിത കയറ്റിറക്കുകൂലി, വിതരണം സ്തംഭിച്ചു. പഠിത്തം പകുതിയായി പുസ്തകമെത്തിയില്ല, പാഠപുസ്തകങ്ങളുടെ വില ഇരട്ടിയാക്കി, പാഠപുസ്തക അച്ചടിയിൽ 20 കോടി രൂപയുടെ അഴിമതി, അക്ഷരത്തെറ്റ്- നാലാം ക്ലാസ്സിലെ 2.60 ലക്ഷം ഗണിതശാസ്ത്ര പുസ്തകങ്ങൾ ഉപേക്ഷിക്കുന്നു, 40 ലക്ഷത്തിന്റെ നഷ്ടം, പുസ്തകവിതരണം വൈകും, പാഠപുസ്തകവിതരണത്തിന്റെ ടെക്സ്റ്റ്ബുക്ക് ഡിപ്പോകൾ പുറത്ത്, പാഠപുസ്തക വിതരണത്തിലും വിവേചനം-ഈ തലക്കെട്ടുകളൊന്നും ശ്രീ. പി. കെ. അബ്ദുറബ്ബ് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായപ്പോൾ കേരളത്തിലെ അച്ചടി മാധ്യമങ്ങൾ നിരത്തിയ അച്ചുകളല്ല. നേരെ മറിച്ച് ശ്രീ. എം. എ. ബേബി കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കേരളത്തിൽവന്ന വാർത്തകളാണ്.

കേരളത്തിൽ അഭിമാനകരമായ ഒന്നാണ് ദേശീയ ഗെയിംസ്. ദേശീയ

ഗെയിംസ് തുടങ്ങുന്നതിനുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തി അതുമായി മുന്നോട്ടുപോകുമ്പോൾ നമുക്കൊപ്പം നിന്നവർ നമ്മളെ വഞ്ചിക്കുന്നത് നമ്മൾ കണ്ടു. ഗെയിംസ് ദിനങ്ങൾ അടുത്തെത്തിയപ്പോൾ പത്തിരുപത്തിരണ്ടുപേർ എല്ലാ കമ്മിറ്റികളിൽനിന്നും രാജിവച്ച് അതിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരോട് നിങ്ങൾ ജയിലിൽ പോകേണ്ടിവരുമെന്ന് ഭീഷണിപ്പെടുത്തിയതും നമ്മൾ കണ്ടു. പത്രമാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്രസർക്കാരിനും ഒളിമ്പിക് അസോസിയേഷനും കത്തയച്ചു. ഗെയിംസ് മാറ്റിവയ്ക്കേണ്ടിവരുമെന്ന് പറഞ്ഞു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ആദ്യം രാജിവച്ചത് ശ്രീ. കെ. മുരളീധരനാണ്. അതിനുശേഷമാണ് ഇതെല്ലാം നടന്നത്. നിങ്ങളുടെ ചീഫ് സെക്രട്ടറിയാണ് ഇത് ദേശീയ ഗെയിംസല്ല ഓണാഘോഷമാണെന്ന് പറഞ്ഞത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ചീഫ് സെക്രട്ടറിയും അങ്ങനെയുള്ള പലരും പറയുന്നതാണ് ഇപ്പോഴും ആപ്തവാക്യമെങ്കിൽ ഐക്യജനാധിപത്യ മുന്നണി ഏറ്റെടുക്കാൻ പോകുന്നത് ജനങ്ങളുടെ വാക്കുകളും അവരുടെ വികാരങ്ങളുമാണ് എന്നുള്ളത് ഈ ഗെയിംസിലും തെളിയിക്കപ്പെട്ടിരിക്കുകയാണ്. ദേശീയ ഗെയിംസിനെതിരെ സി.ബി.ഐ. അന്വേഷണം വേണമെന്ന് പറഞ്ഞ് കോടതിയിൽപോയി. സി.ബി.ഐ.യുടെ റിപ്പോർട്ടുകളിലെ ആദ്യ പരാതി

Synthetic track- spending Rs.20/- crores. അതിനുള്ള മറുപടി - Allegation raised in the petition is not found to be correct. സി.ബി.ഐ. കോടതിയിൽ കൊടുത്ത രേഖ. Sports goods were to be imported from Hungary, Italy, France, Switzerland, Germany and USA and for importing the sports goods, a company at Delhi by name "Prize Water Corporation" was appointed without following any norms or without inviting tenders. സി.ബി.ഐ. കോടതിയിൽ കൊടുത്ത മറുപടി - Hence no action of corruption could be found to have taken place.

Distribution of food/catering, tenders were invited on four occasion and 7 institutions participated in the same. All the tenders were rejected and a fresh tender was invited incorporating a condition that only caterers who had canvassed business of more than 1 lakh can participate in the tender. എന്നുപറഞ്ഞ് സി.ബി.ഐ.-ക്ക് നൽകിയ പരാതി. മറുപടിയിൽ പറയുന്നു, Verification also revealed that there were no complaints about the quality of food supplied by the firm during the games. Preliminary verification could not bring out any irregularities in the award of tender.

Equipment a rent of Rs.2.65 crores was paid to one M/s Modern Lighting Company അതിന് കൊടുത്ത പരാതിയിൽ മറുപടി പറഞ്ഞിരിക്കുന്നു Verification disclosed that the work was awarded to M/s. SSL Media after adhering to all tender formalities. ഇങ്ങനെ പറയുന്ന കാര്യങ്ങൾക്കെല്ലാം വ്യക്തമായ അന്വേഷണത്തിന്റെ മറുപടിയായി.... അതിന്റെ കൺക്ലൂഷനിൽ കോടതിയിൽ സി.ബി.ഐ. സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു, On the basis of the above preliminary verification report, it is submitted that there is no sufficient grounds to proceed further by registering a crime. Hence this matter is reported as disposed. ഈ ഗവൺമെന്റിനെ അപമാനിക്കാൻ വേണ്ടി, കേരളത്തെ അപമാനിക്കാൻവേണ്ടി ഉയർത്തിക്കൊണ്ടുവന്ന വാദങ്ങളെല്ലാം തെറ്റാണെന്ന് തെളിയിച്ച് സി.ബി.ഐ. ക്ലീൻ സർട്ടിഫിക്കറ്റ് നൽകിയ, രാജ്യം കണ്ടതിൽവച്ച് ഏറ്റവും നല്ല ദേശീയ ഗെയിംസിന് നേതൃത്വം നൽകിയ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റിനും അതിന് നേതൃത്വം നൽകിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന പ്രിയപ്പെട്ട കായിക വകുപ്പുമന്ത്രിക്കും ഈ രാജ്യത്തെ, സംസ്ഥാനത്തെ യുവാക്കളുടെ പൂർണ്ണ പിന്തുണയുണ്ടെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. ജോസ് തെറ്റയിൽ ഇവിടെ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യം ബി.ജെ.പി.-ക്ക് എതിരായ പോരാട്ടം നടക്കണ്ടേ എന്നുള്ളതാണ്. ഇവിടെ പ്രിയപ്പെട്ട ബാലേട്ടൻ സൂചിപ്പിച്ച 'വ്യാപം' കേസ്സുൾപ്പെടെ 47 ആളുകൾ കൊല്ലപ്പെട്ടു. രാജസ്ഥാനിൽ ലളിത് മോദിയുടെ നേതൃത്വത്തിൽ നടന്ന വസുന്ധര രാജ സിന്ധ്യ ഉൾപ്പെട്ട അഴിമതി, മഹാരാഷ്ട്രയിൽ പങ്കജ് മുണ്ടെ നടത്തിയ അഴിമതി, ഛത്തീസ്ഗഡിൽ ഒരു രൂപയുടെ അരിയുമായി ബന്ധപ്പെട്ട് രമൻസിംഗിനെതിരായി നിലനിൽക്കുന്ന ആരോപണങ്ങൾ, ഇതൊക്കെ നിലനിൽക്കുമ്പോൾത്തന്നെ അത്തരം ജനകീയ പ്രശ്നങ്ങൾ, കൃഷിഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, നെറ്റ് ന്യൂട്രാലിറ്റി ഉൾപ്പെടെയുള്ള പ്രശ്നങ്ങളിലൊന്നും കേന്ദ്രവിരുദ്ധ സമരങ്ങൾ നടത്താൻ ഇവർക്ക് സമയമില്ല. ഇവരുടെ സമയം മുഴുവൻ സരിതയിലും ബിജു രമേശിലും മാത്രം ഒതുക്കിനിർത്തിയതിന്റെ പരാജയം കൂടിയാണ് ഇവർക്ക് നേരിടേണ്ടിവന്നത്. ഈ രാജ്യത്തിന്റെ പ്രധാനമന്ത്രി രാജ്യം നേരിടുന്ന ഇത്തരം വെല്ലുവിളികളെ സംബന്ധിച്ച് ഒരു തരത്തിലും പ്രതികരിക്കാൻ തയ്യാറല്ല. ഡോ. മൻമോഹൻ സിംഗ് ദുർബ്ബലനും മൗനിയുമാണെന്ന് വിശേഷിപ്പിച്ച ആളുകൾ ഒരു സൂപ്പർ മൗനിയായ പ്രധാനമന്ത്രിയെയാണ് ഇന്ത്യയിൽ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ അദ്ദേഹത്തെ കണ്ടുകൊണ്ടിരിക്കുന്ന എന്നുപറഞ്ഞാൽ ഒരുപക്ഷേ നിങ്ങൾക്ക്

എന്നോട് ദേഷ്യം തോന്നാൻ സാധ്യതയുണ്ട്. 2014 മേയ് മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ്, 2014 ജൂൺ മാസത്തിൽ പ്രധാനമന്ത്രി ഭൂട്ടാനിലാണ്. ജൂലൈയിൽ ബ്രസീലിലാണ്. ഓഗസ്റ്റിൽ നേപ്പാളിലും ജപ്പാനിലുമാണ്. സെപ്റ്റംബറിൽ യു.എസ്.എ.-യിലാണ്. നിങ്ങൾ വിശ്വസിക്കുമോ എന്നറിയില്ല, ഒക്ടോബറിൽ അദ്ദേഹം ഇന്ത്യയിൽത്തന്നെയുണ്ടായിരുന്നു. കാരണം മഹാരാഷ്ട്രയിലും ഹരിയാനയിലും തെരഞ്ഞെടുപ്പായിരുന്നു. നവംബറിൽ മ്യാൻമറിലും ആസ്ട്രേലിയയിലും ഫിജിയിലും നേപ്പാളിലുമായിരുന്നു. ഡിസംബറിൽ ജമ്മുകാശ്മീർ ഇലക്ഷൻ, ജനുവരിയിൽ ഡൽഹിയിലും ഇലക്ഷനും ആയിരുന്നു. മാർച്ചിൽ സീഷെൽസിലും മൗറീഷ്യസിലും ശ്രീലങ്കയിലും സിങ്കപ്പൂരിലും ആയിരുന്നു. ഏപ്രിലിൽ ഫ്രാൻസിലും ജർമ്മനിയിലും കാനഡയിലുമായിരുന്നു. മേയിൽ ചൈനയിലും മംഗോളിയയിലും സിയോളിലുമായിരുന്നു. ഈ ജൂലൈയിൽ ഉസ്ബക്കിസ്ഥാൻ, കസഖ്സ്ഥാൻ, താജിക്കിസ്ഥാൻ, ഖിർഗിസ്ഥാൻ, തുർക്കിമിനിസ്ഥാൻ തുടങ്ങിയ അഞ്ചുരാജ്യങ്ങളിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ ആദ്യത്തെ വിസിറ്റിംഗ് പ്രധാനമന്ത്രി. ഇന്ത്യയുടെ മതേതര മൂല്യങ്ങൾക്കുനേരെ പല്ലിളിക്കുന്ന പ്രസ്താവനകളും പ്രവർത്തനങ്ങളുമായി രാജ്യത്തെ വെല്ലുവിളിക്കുന്ന ഗവൺമെന്റിനെതിരെ

പ്രതികരിക്കുന്നതിനുപകരം അന്ധമായ കോൺഗ്രസ്സ് വിരോധം വച്ചുപുലർത്തുന്നവർക്ക് ഇനിയും കേരളത്തിലെ ജനങ്ങളുടെ അംഗീകാരം ലഭിക്കില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ജനങ്ങൾക്കൊപ്പം നിന്ന ജനക്ഷേമപ്രവർത്തനങ്ങൾക്ക് നിരന്തരം ജനങ്ങൾ നൽകിയ അംഗീകാരത്തിന്റെ, അരുവിക്കരയുടെ വിജയത്തിന്റെ തിളക്കവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് പ്രഖ്യാപിച്ച് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ആർ. രാജേഷ്: സർ, പരാജയപ്പെട്ട വകുപ്പുകളുടെ ഒരു കൂടാരമാണ് യു.ഡി.എഫ്. സർക്കാർ. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. ഷാഫി പറമ്പിലിന്റെ 12 മിനിട്ടുനീണ്ട പ്രസംഗത്തിനിടയ്ക്ക് ഏതെങ്കിലും ഒരു വരി കഴിഞ്ഞ നാലുവർഷക്കാലത്തെ യു.ഡി.എഫ്.-ന്റെ ഭരണനേട്ടത്തെക്കുറിച്ചോ, വിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ച ഏതെങ്കിലുമൊരു നേട്ടത്തെക്കുറിച്ചോ പറയുമെന്നാണ് കരുതിയത്. കെ.എസ്.യു.-ന്റെ സംസ്ഥാന പ്രസിഡന്റായിരുന്ന ആളാണ് ശ്രീ. ഷാഫി പറമ്പിൽ. പക്ഷേ വിദ്യാഭ്യാസ മേഖലയെ സ്പർശിക്കാതെയാണ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. മാനേജ്മെന്റുകളുമായി ഒരു പ്രശ്നവുമില്ലാത്ത, ശാന്തിയുള്ള ഭരണമാണ് യു.ഡി.എഫ്.ന്റേതെന്ന് ശ്രീ. ജോസഫ്

വാഴയ്ക്കൻ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. നരേന്ദ്ര മോഡി അദാനിയുമായി ഉണ്ടാക്കുന്ന കരാർ പോലെ, ശ്രീ. നരേന്ദ്ര മോഡി ബംഗ്ലാദേശിൽ പോയി ബംഗ്ലാദേശുമായി ഉണ്ടാക്കുന്ന കരാറുപോലെയാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ് മാനേജ്മെന്റുകളുമായി ഉണ്ടാക്കുന്ന കരാർ. മോഡി ബംഗ്ലാദേശിൽ പോയി അതിർത്തിക്കരാർ പരിഹരിച്ചത് ബംഗ്ലാദേശ് ആവശ്യപ്പെട്ട മുഴുവൻ ഭൂമിയും കൊടുത്തു കൊണ്ടാണ്. അദാനി ആവശ്യപ്പെടുന്ന എല്ലാ പണവും സാഹചര്യങ്ങളും ഒരുക്കിക്കൊടുത്തുകൊണ്ടാണ് ശ്രീ. നരേന്ദ്ര മോഡി കരാർ ഉണ്ടാക്കുന്നത്. അതുപോലെ മാനേജ്മെന്റ് ആവശ്യപ്പെടുന്ന എല്ലാ കാര്യങ്ങളും കൊടുത്തുകൊണ്ട് ഒരു കരാർ ഉണ്ടാക്കാതിരിക്കാൻ ആർക്കാണ് കഴിയുക? മാനേജ്മെന്റിന് സർവ്വ സ്വാതന്ത്ര്യവും കൊടുക്കുന്ന ഒരു കരാർ ഉണ്ടാക്കുമ്പോൾ സ്വാഭാവികമായും ശാന്തിയുണ്ടാകും. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ ആയിരുന്നില്ല. ഈ നാട്ടിൽ പണമില്ലാത്തവർക്ക് പഠിക്കാനുള്ള സാഹചര്യം ഒരുക്കുന്നതിനായി മാനേജ്മെന്റുകളെ നിലയ്ക്കുനിർത്താനാവശ്യമായ നടപടിയാണ് ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചത്. വിദ്യാഭ്യാസ മേഖലയിൽ നിങ്ങൾ സ്വീകരിക്കുന്ന നയം എന്താണെന്ന് കോൺഗ്രസ്സിന്റെ മുഖപത്രമായ 'വീക്ഷണം' പറയുന്നുണ്ടല്ലോ. ശ്രീ. ജോസഫ് വാഴയ്ക്കനും ശ്രീ. ഷാഫി പറമ്പിലും

'വീക്ഷണം' പത്രമെടുത്ത് പരിശോധിക്കണം. ധാരാളം പത്രങ്ങൾ ഷാഫി ഇവിടെ വായിച്ചു. പക്ഷെ 'വീക്ഷണം' മാത്രം വായിച്ചില്ല. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് കോൺഗ്രസ്സിന്റെ മുഖപത്രമായ 'വീക്ഷണം' പറയുന്നത് ഈജിയൻ തൊഴുത്ത് എന്നാണ്. ശ്രീ. വി. ഡി. സതീശനെ പോലുള്ള ആളുകളോട് ഞങ്ങൾക്ക് ബഹുമാനമുണ്ട്, പ്രമുഖനായ നിയമസഭാ സാമാജികനുമാണ് അദ്ദേഹം. അത്തരത്തിലുള്ള ഒരാൾ രാത്രിയിൽ ഒരു മുറിയ്ക്കകത്തിരുന്ന് ഫെയ്സ്ബുക്കിൽ പോസ്റ്റ് ഇടുകയല്ല ചെയ്യേണ്ടത്. കെ.പി.സി.സി. വൈസ് പ്രസിഡന്റ് കൂടിയായ ശ്രീ. വി. ഡി. സതീശൻ നേതൃത്വം കൊടുക്കുന്ന ഭരണമാണ് ഇവിടെ നടക്കുന്നത്. പാഠപുസ്തകം ലഭ്യമാക്കാത്തതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സ് പാർട്ടിക്കുണ്ട്; അതിൽനിന്ന് ഒളിച്ചോടാൻ കോൺഗ്രസ്സ് പാർട്ടിയ്ക്ക് കഴിയില്ല. നിങ്ങൾകൂടി നേതൃത്വം കൊടുക്കുന്നൊരു ഭരണസംവിധാനമാണ് നടത്തേണ്ടത്. മുസ്ലീം ലീഗിനെ പഴിചാരി രക്ഷപ്പെടാൻ കോൺഗ്രസ്സിനാവില്ല. നിങ്ങളുടെയും കൂടി നേതൃത്വം കൊടുക്കുന്നൊരു ഭരണസംവിധാനത്തിന്റെ ഭാഗമായി ഈ പാപഭാരത്തിൽനിന്ന് ഒളിച്ചോടാൻ കോൺഗ്രസ്സിന് കഴിയില്ല. വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് നിങ്ങളുടെ നേട്ടമെന്താണ്? വിദ്യാഭ്യാസ മേഖല കേവലമായ സർവ്വകലാശാലകളുടെ ബിരുദദാന കേന്ദ്രം മാത്രമല്ല. സർട്ടിഫിക്കറ്റ് കൊടുക്കുക, പരീക്ഷ നടത്തുക,

ജയിപ്പിക്കുക എന്നത് മാത്രമല്ല വിദ്യാഭ്യാസത്തിന്റെ പ്രത്യേകത. അസാമാന്യമായ മനുഷ്യ വിഭവ ശേഷിയുടെ കേന്ദ്രമാണ് കേരളം. അത് ഡെവലപ്പ് ചെയ്യുക എന്നതാണ് ഒരു പൊതു വിദ്യാഭ്യാസ മേഖലയുടെ പ്രത്യേകത. സാർവ്വത്രികമായ വിദ്യാഭ്യാസമാണ് 1957-ലെ ഗവൺമെന്റ് ആവിഷ്കരിച്ചത്. വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമായി ആ പൊതു വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിലാണ് കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക പുരോഗതി. ആ പൊതു വിദ്യാഭ്യാസത്തിന്റെ ശക്തിപ്പെടലാണ് ഈ നാടിന്റെ നവോത്ഥാന മുന്നേറ്റത്തിന്റെയും ഈ നാടിന്റെ മതേതരത്വത്തിന്റെയും അടിത്തറ. ആ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അടിത്തറ ശക്തിപ്പെട്ടതിന്റെ ഭാഗമായാണ് നമ്മുടെ നാടിന്റെ വർഗ്ഗീയതയ്ക്കെതിരെയുള്ള ഒരു മതേതരമനസ്സിനെ രൂപപ്പെടുത്തിയെടുത്തത്. കഴിഞ്ഞ നാലര വർഷക്കാലത്തെ വിദ്യാഭ്യാസ മേഖലയിലെ ഭരണം അക്ഷരാർത്ഥത്തിൽ ഇതെല്ലാം ഇല്ലാതാക്കുന്ന സമീപനമാണ് സ്വീകരിച്ചത്. കേരളം ആർജ്ജിച്ചെടുത്ത എല്ലാ നേട്ടങ്ങളും തകർക്കുകയാണ്. പൊതുവിദ്യാഭ്യാസ മേഖല തകർത്തു, അഴിമതി, സ്വജനപക്ഷപാതം എന്നിവ കൊടികുത്തി വാഴുകയാണ്. സ്വകാര്യ സ്വാശ്രയ കച്ചവടക്കാർക്കുവേണ്ടി നിലകൊള്ളുകയാണ് യു.ഡി.എഫ്.ന്റെ ഭരണം. പൊതു വിദ്യാലയങ്ങളുടെ

അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള എന്ത് നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്? പൊതു വിദ്യാഭ്യാസ മേഖലയെ തകർക്കാൻ അനിയന്ത്രിതമായി ഇഷ്ടംപോലെ സി.ബി.എസ്.ഇ. അൺ-എയ്ഡഡ് സ്കൂളുകൾ അനുവദിക്കുക എന്നതിനപ്പുറത്ത് പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താൻ എന്ത് നടപടി സ്വീകരിച്ചു? എൽ.ഡി.എഫ്. സർക്കാർ വിജയകരമായി നടപ്പിലാക്കിയ ഏതെങ്കിലും പദ്ധതികൾ തുടർന്നുകൊണ്ടുപോകാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞോ? വിലക്കയറ്റം വല്ലാതെ രൂക്ഷമാകുമ്പോഴും സർക്കാർ പ്രഖ്യാപിച്ച മെനു അനുസരിച്ച് സ്കൂളുകളിൽ കുട്ടികൾക്ക് കൊടുക്കുന്ന ഉച്ചഭക്ഷണ പദ്ധതിക്കാവശ്യമായ പണം അനുവദിക്കാൻ നിങ്ങളുടെ ഗവൺമെന്റിന് കഴിഞ്ഞില്ല. സർക്കാർ പ്രഖ്യാപിച്ച മെനു അനുസരിച്ച് ഏതെങ്കിലും ഒരു സ്കൂളിൽ ഉച്ചഭക്ഷണം കൊടുക്കാനാവശ്യമായ നടപടി ഞങ്ങളുടെ ഗവൺമെന്റ് സ്വീകരിച്ചുവെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് പറയാൻ കഴിയുമോ? പറയാൻ കഴിയില്ല.

ഹയർ സെക്കന്ററി സ്കൂൾ ബാച്ച് അനുവദിക്കുന്നതിൽ ചരിത്രത്തിലില്ലാത്ത നിലയിലുള്ള അഴിമതിയാണ് നടക്കുന്നത്. എല്ലാ മാനദണ്ഡങ്ങളും മറികടന്ന് ഹയർ സെക്കൻഡറി ഡയറക്ടർ ശിപാർശ ചെയ്ത സ്കൂൾ ലിസ്റ്റിന് പുറമേയാണ് കായികമന്ത്രി കൂടിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകളടങ്ങുന്ന ഒരു

മന്ത്രിസഭാ ഉപസമിതി കൊടുക്കുന്ന ലിസ്റ്റ്. എന്തിനാണ് ഹയർ സെക്കന്ററി ഡയറക്ടർ കൊടുക്കുന്ന ലിസ്റ്റിനുപുറമേ ഇങ്ങനെയൊരു ലിസ്റ്റ് തയ്യാറാക്കുന്നത്? തങ്ങൾക്ക് താല്പര്യമുള്ള സ്കൂളുകൾക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ബാച്ചുകൾ അനുവദിച്ച്, വ്യാപകമായ നിലയിൽ അഴിമതി നടത്തുന്ന ഒരു മേഖലയായി ഹയർ സെക്കൻഡറി സ്കൂൾ ബാച്ച് അനുവദിക്കുന്ന സെക്ടർ മാറിയിരിക്കുന്നു.

സ്വകാര്യ കോളേജുകൾക്ക് എയ്ഡഡ് പദവി കൊടുക്കാനാവശ്യമായ നീക്കത്തിനുപിന്നിൽ വ്യാപകമായ അഴിമതിക്കാണ് കളമൊരുങ്ങുന്നത്.

ഓപ്പൺ സ്കൂൾ, എസ്.സി.ഇ.ആർ.ടി. എന്നിവിടങ്ങളിൽ പിൻവാതിൽ നിയമനം നടക്കുകയാണ്. ആ നിയമനത്തിന്റെ ഭാഗമായി പരിചയസമ്പന്നരായ ആളുകളെ പിരിച്ചുവിട്ടുകൊണ്ട് തങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകളെ അഴിമതി നടത്തിയും പണം വാങ്ങിയും പിൻവാതിലിലൂടെ നിയമിക്കുന്ന നിലയിലേയ്ക്ക് മാറിയിരിക്കുന്നു.

എസ്.എസ്.എൽ.സി. പരീക്ഷാഫലം - വിദ്യാഭ്യാസ രംഗത്തെ ഏത് മേഖലയിലാണ് പുരോഗതി ഉണ്ടായിട്ടുള്ളത്? രാജ്യത്തെ ഏറ്റവും കുറ്റമറ്റനിലയിൽ നടക്കുന്നൊരു പരീക്ഷയായിരുന്നു കേരളത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ. അതിന്റെ റിസൾറ്റ് പ്രഖ്യാപനം നാടിന് അപമാനമായില്ലേ? ഗോപാലേട്ടന്റെ പൈക്കുട്ടിക്കും കിട്ടി 8 എ പ്ലസ് എന്ന രീതിയിൽ ഫെയ്സ് ബുക്കിലൊക്കെ പോസ്റ്റ്

വന്നു. ഞാൻ എ പ്ലസ് കിട്ടിയ കുട്ടികളെ അപമാനിക്കുന്നതല്ല. അപമാനിച്ചത് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പാണ്. ഉറക്കമിളച്ച്, കഠിനാദ്ധ്വാനം ചെയ്ത് പഠിച്ച, അച്ഛനമ്മാർ കഷ്ടപ്പെട്ട് പഠിപ്പിച്ചവരാണ് 4,68,273 കുട്ടികൾ. ഈ കുട്ടികളെ അപമാനിച്ചത് ആരാണ്? നമ്മുടെ നാട്ടിൽ 'പ്രേമം' സിനിമ ഇറങ്ങുമ്പോൾ അതിന്റെ ട്രെയിലർ ഇറങ്ങി, 'പുലി' സിനിമ ഇറങ്ങുമ്പോൾ അതിന്റെ ട്രെയിലർ ഇറങ്ങി. ഏത് സിനിമ ഇറങ്ങിയാലും അതിന് ട്രെയിലറുകളുണ്ടാകും. കേരളത്തിന്റെ ചരിത്രത്തിലാദ്യമാണ് എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രഖ്യാപിക്കുമ്പോൾ അതിന്റെ ട്രെയിലർ ഇറങ്ങുന്ന നിലയിലേക്ക് ഒരു റിസൾട്ട് പ്രഖ്യാപനമുണ്ടായത് ഈ വർഷമാണ്. ഇത് അപമാനകരമല്ലേ? എസ്.എസ്.എൽ.സി. പരീക്ഷാഫലം കൃത്യമായി പ്രഖ്യാപിക്കാൻ കഴിയാത്ത സ്ഥിതിയിലേക്ക് ഈ നാട് മാറുകയാണ്. ധാർമ്മികതയുണ്ടെങ്കിൽ രാജി വയ്ക്കേണ്ടതാണ്. ഇങ്ങനെയൊരു മന്ത്രിയോ വിദ്യാഭ്യാസ വകുപ്പോ ഇതിനുമുമ്പ് നമ്മുടെ നാട്ടിലുണ്ടായിട്ടില്ല.

പാഠപുസ്തകം- ഞങ്ങൾ സമരം ചെയ്താൽ, പാഠപുസ്തകം ചോദിച്ചാൽ പ്രശ്നമാണ്. ഞങ്ങൾ ഒരു കാര്യം പറയാം. മഹാനായ ബൊളീവിയൻ കവി പാബ്ലോ നെരൂദയുടെ കവിതയിൽ 'നിന്റെ വീടിന്റെ ഒരു മുറിയിൽ അതിഭയങ്കരമായ തീ ആളിപ്പടരുമ്പോൾ അടുത്ത മുറയിൽനിന്നുകൊണ്ട് സ്വസ്ഥമായി നിനക്ക് പഠിക്കാൻ

കഴിയുന്നുവെങ്കിൽ നീ ഒരു വിദ്യാർത്ഥിയല്ല' എന്ന ഒരു വാചകമുണ്ട് 'ഈ വീടിന്റെ ഒരു മുറിയിൽ അതിഭയങ്കരമായ തീ ആളിപ്പടരുമ്പോൾ അടുത്തുള്ള മുറിയിൽ സ്വസ്ഥമായി നിനക്ക് ഇരുന്ന് പഠിക്കാൻ കഴിയുന്നുവെങ്കിൽ നീ ഒരു വിദ്യാത്ഥിയല്ല' എന്നാണ് നെരൂദ പറയുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖല കത്തുകയാണ്. കുട്ടികൾക്ക് പഠിക്കാൻ പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവ ഇല്ല. ആ പാഠപുസ്തകം ചോദിച്ചുകൊണ്ട് സമരം ചെയ്യുന്ന വിദ്യാർത്ഥികളെയാണ് ഭീകരമായി ലാത്തിചാർജ്ജ് ചെയ്യുന്നത്. നിങ്ങൾക്ക് പാഠപുസ്തകത്തിന്റെ കാര്യത്തിൽ എന്തിനാണ് ബേജാറെന്നാണ് മുസ്ലീം ലീഗ് ചോദിക്കുന്നത്. പാഠപുസ്തകങ്ങൾ ആവശ്യമുണ്ട്. മുസ്ലീം ലീഗിന് പാഠപുസ്തകം കത്തിക്കാനായിട്ടാണ് ആവശ്യമുള്ളത്. കേരളത്തിന്റെ തെരുവിലിട്ട് ആദ്യമായി പാഠപുസ്തകം കത്തിച്ച പാർട്ടിയാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മുസ്ലീം ലീഗ് പാർട്ടി. "മതമില്ലാത്ത ജീവൻ" എന്ന പാഠഭാഗത്തിന്റെ പേരിൽ സമരം ചെയ്യുമ്പോൾ മലപ്പുറത്തെ തെരുവിലിട്ട് എത്രയോ പാഠപുസ്തകങ്ങളാണ് നിങ്ങൾ കത്തിച്ചത്. നിങ്ങളാണ് കേരളത്തിന്റെ തെരുവിലിട്ട് പാഠപുസ്തകങ്ങൾ കത്തിച്ചത്. ആ പാഠപുസ്തകം കത്തിച്ച ലീഗ് പാർട്ടി ചോദിക്കുന്നത് എന്തിനാണ് നിങ്ങൾക്ക് പാഠപുസ്തകത്തിന്റെ കാര്യത്തിൽ ഇത്ര ബേജാർ എന്നാണ്. ഞങ്ങൾക്ക് പാഠപുസ്തകം ആവശ്യമുണ്ട്. ഞങ്ങളുടെ കുട്ടികൾക്കും, ഞങ്ങളെ തല്ലുന്ന

പോലീസുകാരുടെ കുട്ടികൾക്കും പാഠപുസ്തകം കിട്ടുന്നതിനുവേണ്ടിയാണ് ഞങ്ങൾ സമരം ചെയ്യുന്നത്. ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങയോട് ഞങ്ങൾക്ക് ബഹുമാനമുണ്ട്. അങ്ങ് കേരളത്തിന്റെ മുളങ്കാടുകൾ എല്ലാം ലാത്തിയാക്കി മാറ്റിയാലും കേരളത്തിലെ മുഴുവൻ വെടിമരുന്നും ഗ്രനേഡാക്കി മാറ്റിയാലും പാഠപുസ്തകം കിട്ടുന്നതുവരെയുള്ള സമരത്തിൽ എത്ര ചോരത്തുള്ളികൾ വീണാലും ആ സമരവുമായി ഞങ്ങൾ മുന്നോട്ടുതന്നെ പോകുമെന്ന് ഈ അവസരത്തിൽ പ്രഖ്യാപിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: പരീക്ഷ വൈകിയതല്ല, ഓണം നേരത്തെ വന്നതാണ് എന്നുള്ള കാര്യം താങ്കൾക്ക് അറിയില്ലേ?

ശ്രീ. ആർ. രാജേഷ്: അപക്വമായ പ്രസ്താവനകൾകൊണ്ട്, എനിക്ക് തോന്നുന്ന അക്ഷരാർത്ഥത്തിൽ ശ്രീ. നരേന്ദ്ര മോഡി മന്ത്രിസഭയിലെ സാക്ഷി മഹാരാജിന് തുല്യമാണ് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ്. എത്ര അപകടകരമായ പ്രസ്താവനയാണ് നടത്തുക. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

പാഠപുസ്തകത്തിന്റെ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന ശ്രീ. കെ. അജിത്തിന്റെ ചോദ്യത്തിന്, ഹയർ സെക്കൻഡറി മേഖലയിൽ, വി.എച്ച്.എസ്.ഇ.

മേഖലയിൽ എല്ലാ പാഠപുസ്തകങ്ങളും വിതരണം ചെയ്തു എന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയ്ക്കകത്ത് മറുപടി നൽകിയത്. പക്ഷേ പൂർത്തീകരിച്ചിട്ടില്ല. ഹയർ സെക്കൻഡറിക്ക് പാഠപുസ്തകമില്ല. ഉന്നത വിദ്യാഭ്യാസമേഖലയാകെ തകർക്കുകയാണ്. പണം കൊടുത്ത് നേടാൻ കഴിയുന്നൊരു സ്ഥാനമാണോ വൈസ് ചാൻസലർ പദവി? കേരള, കോഴിക്കോട് എന്നീ സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാർ....... എം.ജി. സർവ്വകലാശാലയുടെ വി.സി.യെ പുറത്താക്കുന്നു. ശ്രീ. എം. ഹംസ സൂചിപ്പിച്ചതുപോലെ കണ്ണൂർ സർവ്വകലാശാല വി.സി. ഒരു മഹാമന്ത്രികനാണ്. ആഗസ്റ്റ് മാസം 15-ാം തീയതി രണ്ട് കോളേജിൽ ഒരേ സമയത്ത് വ്യത്യസ്തമായ കോഴ്സുകൾ ഒരേ ദിവസം ഒരേ സമയം പഠിക്കുന്നു എന്ന സർട്ടിഫിക്കറ്റ് പ്രൊഡ്യൂസ് ചെയ്ത് വി.സി. ആയി മാറിയ ആളാണ് കോഴിക്കോട് സർവ്വകലാശാലാ വി.സി. ലീഗ് നേതാക്കൾ ട്രസ്റ്റികളായ ട്രസ്റ്റുകൾക്ക് ഭൂമി എഴുതിക്കൊടുക്കുന്ന അവസ്ഥയിലേയ്ക്ക് കോഴിക്കോട് സർവ്വകലാശാലാ വി.എസി. മാറുകയാണ്. ഇത് എത്ര അപമാനകരമായൊരു കാര്യമാണ്. ഭൂമി കച്ചവടമാണ്. ഇവിടെ കച്ചവടം നടത്തുന്ന ആളുകളായി വി.സി. പദവിലേയ്ക്കുള്ള ആളുകളെ തീരുമാനിക്കുന്ന അപകടകരമായൊരു സ്ഥിതി നാടിന് സംഭവിച്ചത് എങ്ങനെയാണ്? ഇങ്ങനെയൊരു കാലമുണ്ടായിരുന്നോ? വി.സി. എന്നാൽ

സുപ്രധാനമായൊരു പോസ്റ്റാണെന്ന് നമുക്കറിയാം. ആ വി.സി.മാരെപ്പോലും പണം കൊടുത്ത് നിയമിക്കുന്ന നിലയിലേക്ക് ഈ നാട് മാറുകയാണ്. കോഴിക്കോട് സർവ്വകലാശാലയിൽ ഗുരുതരമായ പരീക്ഷാക്രമക്കേട്, ഭൂമിദാനം, റീവാല്യുവേഷൻ വഴി അനധികൃതമായ മാർക്ക് ദാനം, തോറ്റവരെ ജയിപ്പിക്കൽ എന്നീ കുറ്റകൃത്യങ്ങൾക്ക് തൃശ്ശൂർ വിജിലൻസ് കോടതി കേസെടുക്കാൻ ഉത്തരവിട്ടിരിക്കുകയാണ്. ഒരു സർവ്വകലാശാലയ്ക്കെതിരെ ഇത്ര ദാരുണമായൊരു സ്ഥിതി ഈ നാടിന്റെ ചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. സർവ്വകലാശാലയുടെ അസിസ്റ്റന്റ് നിയമനത്തിന് കോഴവാങ്ങുന്നത് ദൃശ്യമാധ്യമത്തിലൂടെ കണ്ടു. ഞങ്ങൾ ലീഗുകാരോട് ചോദിക്കുന്നു, അസിസ്റ്റന്റ് നിയമനത്തിന് കോഴ വാങ്ങയതിന് ആരെയാണ് പിടികൂടിയത്? തേഞ്ഞിപ്പലം പഞ്ചായത്ത് പ്രസിഡന്റ്, യൂത്ത് ലീഗിന്റെ നേതാവാണ് കോഴ വാങ്ങിയതെന്ന് ദൃശ്യമാധ്യമങ്ങളിലൂടെ കേരളജനത കണ്ടു. മുസ്ലീം ലീഗ് വിദ്യാഭ്യാസ മേഖലയെ വിൽപ്പനച്ചരക്കാക്കുകയാണ്. ഈ നാടിന്റെ ചരിത്രത്തിൽ ഇന്നുവരെയില്ലാത്ത നിലയിൽ സർവ്വകലാശാലകൾ അഴിമതിയുടെ കേന്ദ്രങ്ങളായി മാറുമ്പോൾ ഈ സർവ്വകലാശാലകൾ അങ്ങനെ പോകേണ്ടതില്ല എന്ന നിലയിലാണ് ഗവർണ്ണർ ജസ്റ്റിസ് പി. സദാശിവം വൈസ്ചാൻസലർമാരുടെ മീറ്റിംഗ് വിളിക്കാൻ തീരുമാനിച്ചത്. സർക്കാർ വിദ്യാഭ്യാസ മേഖലയിൽനിന്ന്

ഒളിച്ചോടുന്നതിന്റെ എറ്റവും പ്രധാനപ്പെട്ട തെളിവാണിത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്, കേരളത്തിൽ സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതുസംബന്ധിച്ച പഠനം നടത്താൻ ഹയർ എഡ്യൂക്കേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? നിയമസഭയിൽ അങ്ങ് ഇതിന് മറുപടി നൽകണം. നിരവധി ചോദ്യങ്ങൾക്ക് അങ്ങ് മറുപടി നൽകുമ്പോൾ അവ്യക്തമായ മറുപടിയാണ് നൽകാറുള്ളത്. സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കാനാവശ്യമായ പഠനം നടത്താൻ ഹയർ എഡ്യൂക്കേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നതിന് അങ്ങ് മറുപടി നൽകുമെന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്. ആർ.എം.എസ്.എ. പദ്ധതി അട്ടിമറിക്കുന്നു, സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അദ്ധ്യാപകരെ നിയമിക്കാൻ അങ്ങ് തയ്യാറാകണം. ഇവിടെ ചില ആളുകൾ സൂചിപ്പിച്ച കാര്യം. ഇവിടെ ബി.ജെ.പി.യെ വളർത്തിയത് ആരാണ്? അരുവിക്കര തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അപകടകരമായൊരു സ്റ്റേറ്റ്മെന്റ് നടത്തിയത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അരുവിക്കര തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) മൂന്നാം സ്ഥാനത്തേയ്ക്ക് പോകും എന്ന അപകടകരമായ സ്റ്റേറ്റ്മെന്റ് നടത്തി വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കിയത് ആരാണ്? പാഠപുസ്തക വിഷയത്തിന്റെ ഭാഗമായി ഒരു സമരത്തിലേയ്ക്ക് ഇവിടത്തെ

ബി.ജെ.പി.യുടെ വിദ്യാർത്ഥിപ്രസ്ഥാനമായ എ.ബി.വി.പി. ഇന്നവരെ വരാത്തതിന്റെ കാരണമെന്താണ്? ഇവിടെ ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ഭാഗമായാണ് ബി.ജെ.പി. സമരത്തിന് മുതിരാത്തത്. അരുവിക്കര ഇലക്ഷനിൽ നിങ്ങൾ നടത്തിയ അഡ്ജസ്റ്റ്മെന്റിന്റെ ഭാഗമായാണ് പാഠപുസ്തകം ലഭ്യമാക്കാൻ ഇത്രയും വൈകിയിട്ടും ബി.ജെ.പി.യുടെ വിദ്യാർത്ഥിപ്രസ്ഥാനമായ എ.ബി.വി.പി. സമരത്തിന്റെ ഭാഗമായി വരാത്തത്. ഇവിടെ ബി.ജെ.പി.യുമായി അഡ്ജസ്റ്റ്മെന്റ് നടത്തുന്നത് കോൺഗ്രസാണ്. മതവിദ്വേഷമുണ്ടാക്കിയ പ്രസംഗം നടത്തിയ പ്രവീൺ തൊഗാഡിയയ്ക്കെതിരെയുള്ള കേസ് പിൻവലിച്ചത് യു.ഡി.എഫ്. ഗവൺമെന്റല്ലേ? ഒരു സി.ഐ.യെ ബോംബെറിഞ്ഞു കൊന്ന കേസിലെ പ്രതിയെ വെറുതെ വിട്ടത്, അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചത്, ഒരു വർഷം അദ്ദേഹം ചികിത്സയിലായിരുന്നത്, ആ കേസ് എഴുതിത്തള്ളിയത് യു.ഡി.എഫ്. ഗവൺമെന്റല്ലേ? യു.ഡി.എഫ്.ൽ തന്നെ എതിർപ്പുണ്ടായിട്ടും വിഴിഞ്ഞം പദ്ധതിയെ ഞങ്ങൾ സ്വാഗതം ചെയ്തു. നരേന്ദ്ര മോദിയുടെ അനുചരനായ അദാനിക്കുതന്നെ വിഴിഞ്ഞം പദ്ധതി കൊടുക്കണമെന്ന് തീരുമാനിച്ചതും ആരാണ്? ഇവിടെ അവിശുദ്ധമായൊരു കൂട്ടുകെട്ട് ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിലാണ്. ലീഗുകാർ ശ്രദ്ധിക്കുക, നിങ്ങൾക്ക് ഈ

രാജ്യത്തെ കോൺഗ്രസിനെ വിശ്വസിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. ബാബറി മസ്ജിദ് പള്ളി പൊളിക്കുമ്പോൾ .........

ശ്രീ. എ. കെ. ബാലൻ: വിഴിഞ്ഞം പദ്ധതി അദാനിക്കുതന്നെ കൊടുക്കണമെന്നുപറഞ്ഞ് ശ്രീ. ഒ. രാജഗോപാൽ മുഖ്യമന്ത്രിക്ക് കത്ത് കൊടുത്തു എന്നുപറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരുവിക്കരയിൽ ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. ഒ. രാജഗോപാലിനും യു.ഡി.എഫ്.നും ബി.ജെ.പി.ക്കും ഒരേ സ്വരമായിരുന്നു. കഴിഞ്ഞ ഒരു വർഷമായി നിങ്ങൾ തമ്മിലുള്ള അഡ്ജസ്റ്റ്മെന്റ് രാഷ്ട്രീയം, അവിഹിതമായ രാഷ്ട്രീയമാണ് കേരളം ഭരിക്കുന്നത്. അതിന് വലിയ വില ഇവിടത്തെ കോൺഗ്രസ് പാർട്ടി നൽകേണ്ടിവരും. നിങ്ങൾ ഏത് തെരഞ്ഞെടുപ്പിലാണ് ജയിക്കുക എന്ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല ചോദിച്ചു. നാലിനെക്കാൾ വലുത് എട്ടാണെന്ന് ഞാൻ പഠിച്ചിട്ടുണ്ട്. ഞാനും ശ്രീ. രമേശ് ചെന്നിത്തലയും മാവേലിക്കരക്കാരാണ്. എനിക്കു തോന്നുന്നു, മാവേലിക്കരയിൽ നാലിനെക്കാൾ വലുത് എട്ട് തന്നെയാണ്. 2009-ലെ പാർലമെന്റ് ഇലക്ഷനിൽ ഞങ്ങൾക്ക് നാല് സീറ്റായിരുന്നു. 2014-ലെ പാർലമെന്റ് ഇലക്ഷനിൽ നാല് മാറി എട്ടായത് വർദ്ധനവാണോ കുറവാണോയെന്ന് ഈ സഭ

പരിശോധിക്കണം. നാലിൽനിന്ന് ഞങ്ങൾ എട്ടിലേയ്ക്ക് പോയെങ്കിൽ, ശ്രീ. ഷാഫി പറമ്പിൽ പറയുന്നതുപോലെയല്ല, ശ്രീ. വി. എം. സുധീരൻ സൂചിപ്പിക്കുന്നതുപോലെ അരുവിക്കരയല്ല യു.ഡി.എഫ്. 2016-ലെ നിയമസഭാ ഇലക്ഷനിലും വരാൻ പോകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിലും അരുവിക്കരയല്ല കേരളം എന്നു തെളിയിക്കുന്ന നിലയിലേയ്ക്ക് പോകും എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ നാല് വർഷക്കാലത്തെ യു.ഡി.എഫ്.ന്റെ വിദ്യാഭ്യാസപരമായ നേട്ടം സംബന്ധിച്ചും അതോടൊപ്പം കഴിഞ്ഞ അഞ്ച് വർഷത്തെ എൽ.ഡി.എഫ്.ന്റെ വിദ്യാഭ്യാസപരമായ നേട്ടകോട്ടങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വിലയിരുത്തലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി എം. എ. ബേബി ഇന്നത്തെ ചർച്ചയിൽ പങ്കെടുത്ത് അത് വിശദീകരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. അരുവിക്കരയിലെ തെരഞ്ഞെടുപ്പിൽ അമിതമായ ആഹ്ലാദപ്രകടനം ശരിയല്ലെന്ന് എൽ.ഡി.എഫ്. പറയുന്നത് ഞാൻ മുഖവിലയ്ക്കെടുക്കുകയാണ്. അതുപോലെ ഒരു തെരഞ്ഞെടുപ്പിൽ തോറ്റു എന്നുവിചാരിച്ച് വലിയ നിരാശയും പാടില്ല എന്നതുകൂടി അവർ മനസ്സിലാക്കണം.

കൊല്ലത്തും കുണ്ടറയിലും തോറ്റു എന്നുവിചാരിച്ച് അതിനുശേഷം ഒന്നും പ്രസംഗിക്കുകയില്ല എന്ന് ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി നിലപാടെടുക്കാനുണ്ടായ കാരണം കഴിഞ്ഞ കാലത്തെ കോൺട്രിബ്യൂഷനായി അദ്ദേഹത്തിന് ഇവിടെ ഒന്നും പറയാനില്ലാത്തതുകൊണ്ടാണെന്നാണ് ഞാൻ കരുതുന്നത്. കേരളം ഉണ്ടായതിനുശേഷം ആറ്റുനോറ്റിരുന്ന് അരിവാൾ ചുറ്റിക നക്ഷത്രം അടയാളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഏക വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി. അദ്ദേഹത്തിന്റെ കാലത്ത് വിദ്യാഭ്യാസമേഖലയിലുണ്ടായ നേട്ടങ്ങളെക്കുറിച്ച് പറയണ്ടേ? ഇവിടെ അവസാനം പ്രസംഗിച്ച വിദ്യാർത്ഥിനേതാവ് ശ്രീ. ആർ. രാജേഷടക്കം ചുറ്റിത്തിരിഞ്ഞ് സംസാരിച്ചത് പാഠപുസ്തകത്തിന്റെ വിതരണത്തിൽ വന്ന കാലതാമസത്തെക്കുറിച്ചാണ്. പാഠപുസ്തക വിതരണത്തിൽ കഴിഞ്ഞ കാലത്തുണ്ടായ കാര്യങ്ങളെ സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്തകളുണ്ട്. ഡിസംബറിൽപോലും പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ ശ്രീ. എം. എ. ബേബിയുടെ കാലത്ത് കഴിഞ്ഞിട്ടില്ല. അതൊരു വലിയ കുറവാണെങ്കിൽ അതിനവർ മറുപടി പറയണ്ടേ? ഡിസംബറിൽപോലും ഫോട്ടോകോപ്പിയെടുത്ത് കുട്ടികൾക്ക് കൊടുത്ത സാഹചര്യമുണ്ടായി. ഇവിടെ ഓണം നീട്ടിവച്ചു എന്ന് ബഹുമാനപ്പെട്ട എ. കെ.

ബാലൻ ഉൾപ്പെടെയുള്ളവർ പറഞ്ഞു. ഓണം നീട്ടിവച്ചു എന്ന് പരിഹസിക്കുന്ന ആളുകൾ ഓണപ്പരീക്ഷയേ കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടില്ല. ഓണപ്പരീക്ഷ നിർത്തിവച്ചത് പുന:സ്ഥാപിച്ചത് ശ്രീ. പി. കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായി യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ഓണപ്പരീക്ഷ എന്നത് സാങ്കേതികമായിത്തന്നെ മാറ്റിവച്ചു. ഓണപ്പരീക്ഷ നീണ്ടുപോയത് വലിയൊരു കാര്യമായി പറയുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ഭരണകാലത്ത് പൊതുവിദ്യാഭ്യാസമേഖലയിൽ എന്തൊക്ക നേട്ടങ്ങളുണ്ടാക്കി എന്ന് അവർക്ക് പറയാൻ കഴിയണമായിരുന്നു. ബഹുമാനപ്പെട്ട ആർ. രാജേഷ് പറഞ്ഞത് ഉച്ചക്കഞ്ഞി കൊടുത്തു എന്നാണ്. ഉച്ചക്കഞ്ഞി വർഷങ്ങളായി കൊടുത്തുകൊണ്ടിരിക്കുകയാണ്, ഇപ്പോഴും കൊടുക്കുന്നുണ്ട്. അതല്ലാതെ എന്ത് നേട്ടമാണ് വ്യത്യസ്തമായി പറയാനുള്ളത്. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി എന്താണ് ചെയ്തിട്ടുള്ളത്; ആകെ ഒരു കോളേജ് മാത്രമാണ് അനുവദിച്ചത്, ആലപ്പുഴയിൽ ഡോ. ടി. എം. തോമസ് ഐസക്കിന്റെ നാട്ടിൽ. എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിനാണ് അത് അനുവദിച്ചത്? യു.ഡി.എഫ്. ഗവൺമെന്റ് 22 കോളേജുകളാണ് അനുവദിച്ചത്. 13

വർഷത്തിനുശേഷം സർക്കാർ/എയ്ഡഡ് കോളേജുകളിൽ 219 കോഴ്സുകൾ അനുവദിച്ചു. അതുപോലെ 2011-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുന്ന സമയത്ത് 178 സ്കൂളുകളിൽ 313 ബാച്ചുകൾ അനുവദിച്ചു. യു.ഡി.എഫ്. ഗവൺമെന്റിനെക്കാൾ വലിയ സാമ്പത്തിക ഭദ്രതയുള്ള ഗവൺമെന്റായിരുന്നു അവരുടേത് എന്നാണ് അവർ വിശേഷിപ്പിക്കാറുള്ളത്. വലിയ പണം കൈകാര്യം ചെയ്ത് അത് സാമ്പത്തികമായി ട്രഷറിയിൽ കെട്ടിവച്ച് പോകുന്ന ആളുകൾ ഇതിനുള്ള പോസ്റ്റുപോലും ക്രിയേറ്റ് ചെയ്യാതെയാണ് പോയത്. അതിനാവശ്യമായ പോസ്റ്റ് ക്രിയേറ്റ് ചെയ്തത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. പ്ലസ് ടു-വിന് അനുവദിച്ച 313 ബാച്ചുകൾക്കും, കോഴ്സുകൾക്കും അതിനുള്ള അദ്ധ്യാപകർക്കും നിയമനാംഗീകാരം കൊടുത്തത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2012-ൽ 40 ഗവൺമെന്റ് സ്കൂളുകൾക്ക് പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു. 2013-ൽ 580-ഉം 2014-ൽ 700-ഉം ബാച്ചുകൾ അനുവദിച്ചു. സർക്കാർ വിദ്യാലയങ്ങളുടെ അഭിമാനകരമായൊരു മുന്നേറ്റം ഇപ്പോൾ നമുക്ക് കാണാൻ കഴിയും. പതിനായിരത്തിലധികം കുട്ടികൾ കഴിഞ്ഞ വർഷം ഒന്നാം ക്ലാസിൽ ചേരുകയുണ്ടായി. ഈ വർഷം നാലായിരത്തിലധികം കുട്ടികൾ പുതുതായി

അഡ്മിഷൻ എടുത്തു. മാത്രമല്ല, കൃത്യമായ ഒരവലോകനം നടത്തിയാൽ അൺഎയ്ഡഡ് മേഖലയിൽനിന്നുള്ള കുട്ടികൾ ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു എന്ന് കാണാം. കാരണം ഈ മേഖലയെ ശക്തിപ്പെടുത്താൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുണ്ടായി. പാഠപുസ്തകത്തിന്റെ പരിഷ്കരണത്തെക്കുറിച്ച് നിങ്ങൾ മറന്നുപോവുകയാണ്. കഴിഞ്ഞകാലത്തിനുശേഷം പാഠപുസ്തകത്തിന്റെ പരിഷ്കരണമുണ്ടായി. മാത്രമല്ല, കഴിഞ്ഞ നാല് വർഷവും സ്കൂൾ അടയ്ക്കുമ്പോൾതന്നെ പാഠപുസ്തകവുമായി കുട്ടികൾ പോകുന്ന സന്തോഷകരമായ സാഹചര്യമുണ്ടായി. ഈ വർഷം പാഠപുസ്തകം വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായി എന്നത് ശരിയാണ്. അതിന്റെ കാരണം ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ഇവിടെ നിരന്തരമായി വിശദീകരിക്കുകയുണ്ടായി. നിങ്ങൾ പിന്നെയും അതിൽ മാത്രം ഒതുങ്ങിനിന്ന് സംസാരിക്കുന്നത് വളരെ നിർഭാഗ്യകരമാണ്. വിദ്യാഭ്യാസരംഗത്ത് ഈ ഗവൺമെന്റ് പുതിയ പുതിയ പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബിയുടെ എന്ത് കോൺട്രിബ്യൂഷനാണ് ഈ രംഗത്ത് ഉണ്ടായിട്ടുള്ളത്. 2006-ൽ കേരള പ്രൊഫഷണൽ കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ആക്ടിനുവേണ്ടി അദ്ദേഹം ഉറക്കമിളച്ചിരുന്നാണ് ആ ബിൽ പാസാക്കിയത്. ആ

ബിൽ പാസ്സാക്കിയപ്പോൾ അന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്, മാനേജ്മെന്റുകൾക്ക് വിലങ്ങ് വീഴുമെന്നാണ്. എത്ര മാനേജ്മെന്റുകളെയാണ് വിലങ്ങ് വീഴ്ത്താനും നിയന്ത്രിക്കാനും കഴിഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ ക്രിയാത്മകമായ ഇടപെടലുകൾ നടത്തി. ഇപ്പോൾ കുട്ടികളുടെ അഡ്മിഷൻ സുഗമമായി നടന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, മാനേജ്മെന്റുകളുടെ പുറകെപോയി സീറ്റിനുവേണ്ടി കെഞ്ചുന്നതിനുപകരം ഗവൺമെന്റ് ചെയ്തത്, മൂന്ന് മെഡിക്കൽ കോളേജുകൾ ആരംഭിച്ച്, കുട്ടികളെ പ്രവേശിപ്പിച്ചു. അവിടെ രണ്ട് വർഷത്തെ പഠനം കഴിഞ്ഞ് കുട്ടികൾ മൂന്നാംവർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. മെഡിക്കൽ യൂണിവേഴ്സിറ്റിയെക്കുറിച്ച് നേരത്തെ ഇവിടെ പ്രസംഗിച്ചവർ സൂചിപ്പിക്കുകയുണ്ടായി. എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾ മറ്റുള്ള സ്ഥലങ്ങളിൽ അഞ്ച് വർഷംകൊണ്ട് കോഴ്സ് പൂർത്തിയാക്കുമ്പോൾ ഇവിടെ ആറ് വർഷമാകുമായിരുന്നു. ഇപ്പോൾ മെഡിക്കൽ യൂണിവേഴ്സിറ്റി വന്നതിനുശേഷം, ഈ വർഷം കൃത്യം 5 വർഷംകൊണ്ട് ആദ്യത്തെ ബാച്ച് പുറത്തിറങ്ങി. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങൾ പരീക്ഷ നടത്തുന്ന സമയത്തുതന്നെ നമ്മുടെ കുട്ടികൾക്കും പരീക്ഷ നടത്താൻ കഴിഞ്ഞു. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും താഴെത്തലത്തിലുള്ള

വിദ്യാഭ്യാസ രംഗത്തും സാധാരണക്കാർക്ക് സപ്പോർട്ട് നൽകുന്ന വളരെയധികം വിപ്ലവകരമായ നിലപാടെടുത്ത ഈ ഗവൺമെന്റിന്റെ നടപടിയെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നുവെന്ന വാക്ക് പറയാനുള്ള ആർജ്ജവമെങ്കിലും കാണിക്കേണ്ടതായിരുന്നു. അത് പറയാൻ നിങ്ങൾക്ക് കഴിയുന്നില്ല. ഗവൺമെന്റിന്റെ ഇതുപോലുള്ള നല്ല പ്രവർത്തനങ്ങളും സാധാരണക്കാരോടൊപ്പംനിന്ന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും എണ്ണിയാൽ തീരില്ല. ഇവിടെ പാഠപുസ്തകങ്ങളുടെ കാര്യം പറയുകയുണ്ടായി. 'പാഠപുസ്തക വിതരണം നിലച്ചു', '20 കോടിയുടെ അഴിമതി', 'പാഠപുസ്തകത്തിന് അമിത കയറ്റിറക്ക് കൂലി', 'പഠിത്തം പകുതിയായി, പുസ്തകമെത്തിയില്ല', 'ടെക്സ്റ്റ് ബുക്ക് ഡിപ്പോകൾ പുറത്ത് പകരം പഞ്ചായത്ത് സമിതികൾ', 'അക്ഷരത്തെറ്റ് - നാലാം ക്ലാസ്സിലെ 2060 ലക്ഷം ഗണിതശാസ്ത്ര പുസ്തകങ്ങൾ ഉപേക്ഷിക്കുന്നു' എന്നിങ്ങനെ വാർത്തകൾ വന്നിട്ടുണ്ട്. അച്ചടിച്ച പുസ്തകങ്ങളിൽ തെറ്റ് വന്നു. ആ പുസ്തകങ്ങൾ എവിടെ നിന്നാണ് അച്ചടിച്ചിറക്കിയത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി വലിയ വിദ്യാഭ്യാസ വിചക്ഷണനാണെന്നോ, ഉജ്ജ്വലനായ പ്രാസംഗികനാണെന്നോ, വി.കെ. കൃഷ്ണമൂർത്തിക്കുശേഷം ഇത്രയും വലിയ പ്രാസംഗികനുണ്ടായിട്ടില്ലെന്നോ ഒന്നും അവകാശപ്പെടുന്നില്ല. പക്ഷേ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം

ഗാന്ധിജിയെയും തവളയെയും തിരിച്ചറിയാൻ കഴിയും. മഹാത്മാഗാന്ധിയുടെ ചിത്രത്തിനുപകരം തവളയുടെ ചിത്രമുള്ള പുസ്തകങ്ങൾ കഴിഞ്ഞ കാലത്ത് വന്നിട്ടുണ്ട്. ആ പുസ്തകം മാറ്റുന്നതിനുവേണ്ടിമാത്രം എത്ര കോടി രൂപയാണ് സംസ്ഥാന ഖജനാവിൽ നിന്നും മാറ്റിയത്. ആടിന് പകരം പട്ടിയുടെ പടം അച്ചടിച്ചിറക്കി. 'ബക്കരി' എന്ന് പേരുള്ള ആറാം ക്ലാസ്സിലെ പാഠത്തിൽ ആട്ടിൻകുട്ടിയുടെ ചിത്രം കൊടുക്കുന്നതിനുപകരം നാവ് നീട്ടിയിരിക്കുന്ന പട്ടിക്കുട്ടിയുടെ ചിത്രമാണ് കൊടുത്തത്. ആടിനെയും പട്ടിയെയും, ഗാന്ധിജിയെയും തവളയെയും തിരിച്ചറിയാതെയും മഹാന്മാരെ നിന്ദിക്കുക കൂടി ചെയ്ത പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. നബിതിരുമേനിയെക്കുറിച്ചുള്ള പാഠപുസ്തകങ്ങളും വന്നിട്ടുണ്ട്. ഇതെല്ലാം നാല് വർഷങ്ങൾക്കുമുമ്പ് നടന്നതാണ്. ഒന്നും പറഞ്ഞ് വഷളാക്കുന്നില്ല. ശ്രീ. എം.എ. ബേബിയുടെ കാലത്ത്, 6-ാം ക്ലാസ്സിലെ സോഷ്യൽ സ്റ്റഡീസ് കൈപുസ്തകത്തിൽ 'മത്ഹബ് നഹീം സിഖാതെ'- ഒരു മതവും മതനിന്ദ പഠിപ്പിക്കുന്നില്ലെന്നതിനുപകരം 'മുഹമ്മദ് നബി നഹീം സിഖാതെ' എന്നെഴുതി. അതും പിൻവലിക്കേണ്ടിവന്നു. ഒന്നും വെറുതെ പറഞ്ഞ് വഷളാക്കുന്നില്ല. ഞാൻ എന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ് പറയുന്നത്. കാര്യങ്ങൾ പറഞ്ഞ് വഷളാക്കേണ്ടതും പറഞ്ഞ കാര്യങ്ങൾ പിൻവലിക്കേണ്ടതുമായ

സാഹചര്യങ്ങൾ ഞങ്ങൾക്കില്ലെന്ന് ഓർക്കണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി ഇവിടെ പല തവണ മാപ്പ് പറയുകയുണ്ടായി. കഴിഞ്ഞ തവണ എസ്.എസ്.എൽ.സി. ഫലത്തിന്റെ കാര്യത്തിലും എ പ്ലസ് കിട്ടിയ കുട്ടികളുടെ കാര്യത്തിലും തെറ്റ് പറ്റുകയുണ്ടായി. അങ്ങനെ ഗവൺമെന്റിന് തെറ്റ് പറ്റിയ സാഹചര്യത്തിൽ ശ്രീ. എം.എ. ബേബി പല തവണ ഇവിടെ മാപ്പ് പറയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ആ കാര്യങ്ങൾ പറയണ്ട. അതുപോലെ യു.ഡി.എഫ്.ന്റെ അദ്ധ്യാപക പാക്കേജ്....

ശ്രീ. ജി. സുധാകരൻ: തെറ്റ് പറ്റിയപ്പോൾ മാപ്പ് പറയുന്ന സാഹചര്യം ഉണ്ടായത് ശരിയായ കാര്യമല്ലേ?

ശ്രീ. എം. ഉമ്മർ: അങ്ങയോട് ഞാൻ യോജിക്കുന്നു. ഇവിടെ പത്താം തരത്തിന്റെ ഫലം വന്നപ്പോൾ സാങ്കേതിക പിഴവുകൾ ഉണ്ടായത് വലിയ കാര്യമായി ചൂണ്ടിക്കാട്ടിയതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ശ്രീ. എം.എ. ബേബിയുടെ കാലത്ത് എ പ്ലസ് കിട്ടിയ നൂറുകണക്കിന് കുട്ടികൾ തോറ്റുപോയതായി ഫലം വന്നപ്പോഴും മാപ്പ് പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ്, വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന പാലക്കാട്, തിരൂരങ്ങാടി തുടങ്ങിയ 3 പുതിയ വിദ്യാഭ്യാസ ജില്ലകൾ അനുവദിച്ചു.

മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ രംഗത്തെ പിന്നാക്കാവസ്ഥയെക്കുറിച്ച് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ അദ്ധ്യയനവർഷം പ്ലസ് വണ്ണിന് അർഹത നേടിയിട്ടുള്ള മലപ്പുറത്തെ കുട്ടികളുടെ എണ്ണം 81070 ആണ്. സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖലയിലെ പോളിടെക്നിക്ക് അടക്കമുള്ള കുട്ടികൾക്ക് ഇന്ന് ലഭ്യമാകുന്ന സീറ്റുകൾ 33300. 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചാൽ കിട്ടുന്നത് 8840. ബാക്കി അഡ്മിഷൻ കിട്ടാതെ, അഡ്മിഷനായി അപേക്ഷിച്ച കുട്ടികളുടെ എണ്ണം 39524. ഓരോ പ്രദേശത്തെയും കുട്ടികളുടെ എണ്ണത്തിന്റെയും ലഭ്യമായ സീറ്റുകളുടെയും അടിസ്ഥാനത്തിൽ, ഗവൺമെന്റിന് സാമ്പത്തിക ബാദ്ധ്യതയുണ്ടെങ്കിൽപ്പോലും സമർത്ഥരായ കുട്ടികൾക്ക് പഠിക്കാൻ അവസരം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ രണ്ടായിരം - മൂവായിരം കുട്ടികൾ പഠിക്കുന്ന 150 ഗവൺമെന്റ് സ്കൂളുകളും ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന 50-ലധികം യു.പി. സ്കൂളുകളും മലപ്പുറം ജില്ലയിലുണ്ട്. ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന 50-ലധികം യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയെന്നു പറഞ്ഞാൽ ആ വിഭാഗത്തിലെ ജനങ്ങളോട് നീതി പുലർത്തുകയെന്നാണ്. ഒരു സ്കൂളിലെ മുഴുവൻ കുട്ടികളെക്കാളും കൂടുതലായ, ആയിരത്തിലധികം കുട്ടികൾ എസ്.എസ്.എൽ.സി.ക്കുമാത്രം

പഠിക്കുന്ന 7 സ്കൂളുകളാണുള്ളത്. മലപ്പുറത്ത് കഴിഞ്ഞ അദ്ധ്യയന വർഷം ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തിയ ഒരു സ്കൂളുണ്ട്. 2060 കുട്ടികളാണ് അവിടെ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയത്. രണ്ട് സ്കൂളുകളിൽ പഠിക്കേണ്ട കുട്ടികൾ പത്താം തരത്തിൽ മാത്രമുള്ള ആ സ്കൂളിലെ വിജയം 100 ശതമാനമായിരുന്നു. കഴിഞ്ഞ തവണ പത്താം തരത്തിന്റെ വിജയശതമാനം ഉയർന്നപ്പോൾ ചില ആളുകൾ വളരെയധികം പരിഹസിക്കുകയുണ്ടായി. പക്ഷേ അതേസമയം കേരളത്തിലെ സി.ബി.എസ്.ഇ. സ്കൂളിൽ 99-100 ശതമാനം വിജയം ഉണ്ടായപ്പോൾ അത് ന്യൂസല്ല. കാരണം, വരേണ്യ വർഗ്ഗത്തിന്റെ കുട്ടികൾ പഠിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളാണെങ്കിൽ 100-ഉം 110-ഉം ശതമാനം വിജയമുണ്ടാകും. ഉച്ചക്കഞ്ഞി നൽകുന്ന സ്കൂളുകളിൽ പോകുന്ന പാവപ്പെട്ടവന്റെ കുട്ടികൾക്ക് വിജയശതമാനം ഉണ്ടായപ്പോൾ അതിനെ പരിഹസിച്ച ആളുകളുടെ നിലപാട് വളരെ പരിഹാസ്യമാണെന്നേ ഞാൻ പറയുന്നുള്ളു. പാവപ്പെട്ട പിന്നാക്കം നിൽക്കുന്ന കുട്ടികൾ പഠിക്കാൻ തുടങ്ങിയിട്ടുണ്ട്. ഒരു പ്രദേശത്ത് പിന്നാക്കം നിൽക്കുന്ന കുട്ടികൾ പഠിച്ച് പാസ്സാകുമ്പോൾ സന്തോഷിക്കുകയല്ലേ വേണ്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ, മലപ്പുറത്ത് കുട്ടികൾ കോപ്പിയടിച്ചെന്ന് പറഞ്ഞു. ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഇത്തവണ

മെഡിസിന്റെ ഫലത്തിൽ അദ്ദേഹത്തിനുള്ള മറുപടി വീണ്ടും വന്നിരിക്കുകയാണ്. മെഡിന്റെ ആദ്യത്തെ 10 റാങ്കുകളിൽ 4 എണ്ണം, പിന്നാക്കം നിൽക്കുന്ന മലപ്പുറത്തെ കുട്ടികൾക്കാണ്. അതിൽ ഹിബ എന്ന കുട്ടിയുമുണ്ട്. അതോടൊപ്പം ആദ്യത്തെ 150 റാങ്കുകളിൽ 50 ഓളം കുട്ടികൾ മലപ്പുറം ജില്ലയിലെ കുട്ടികളാണ്. വിദ്യാഭ്യാസപരമായി അവസരം ലഭിച്ചപ്പോൾ പിന്നാക്കം നിൽക്കുന്ന പ്രദേശത്ത് വലിയ മുന്നാക്കം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അർഹതപ്പെട്ട, മെരിറ്റടിസ്ഥാനത്തിൽ അപ്ഗ്രഡേഷൻ നടത്തുകയും പുതിയ കോളേജുകൾ നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും വളരെ മനോഹരമായി ദേശീയ ഗെയിംസ് നടത്തിയ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെ അഭിനന്ദിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇവിടെ യു.ഡി.എഫ്.ന്റെ നല്ല നേതാക്കന്മാരും ശ്രീ. എം. പി. അബ്ദു സമദ് സമദാനി ഉൾപ്പെടെയുള്ള മഹാന്മാരായ പ്രാസംഗികരും ശ്രീ. ജോസഫ് വാഴയ്ക്കനെ പോലുള്ള രാഷ്ട്രീയത്തിലെ ബുൾഡോസറായ ആളുകളുംചേർന്ന് ശ്രീ. പി.കെ. അബ്ദുറബ്ബിനെ അല്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ലോകത്തിലെ എല്ലാ സ്ഥലത്തുമുള്ള സുഗന്ധദ്രവ്യങ്ങൾകൊണ്ട് മൂടിയാലും അഴിമതിയുടെ ദുർഗന്ധം ഈ സഭയിൽ

നിറഞ്ഞ് നിൽക്കുകയാണ്. ശ്രീ. ഷാഫി പറമ്പിൽ, അവസാനം ശ്രീ. എം. ഉമ്മർ വരെ വിദ്യാഭ്യാസരംഗം ഗംഭീര സംഭവമാണെന്ന് പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ 4 വർഷമായി അഴിമതി മുഖമുദ്രയാക്കിയിരിക്കുന്ന ഗവൺമെന്റാണ് രാജ്യം ഭരിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. അതിൽനിന്ന് വിദ്യാഭ്യാസ വകുപ്പിന് മാറി നിൽക്കാൻ കഴിയില്ല, വിദ്യാഭ്യാസ വകുപ്പും അതിന്റെ ഭാഗമാണ്. ഇപ്പോൾ ഈ അഴിമതി ഗവൺമെന്റിന്റെ ബ്രാന്റ് അംബാസിഡർമാർ രണ്ടുപേരാണ്. ഒന്ന് ശ്രീ. കെ. എം. മാണിയും മറ്റൊന്ന് ശ്രീ. പി. കെ. അബ്ദുറബ്ബും. ഈ രണ്ട് ബ്രാന്റ് അംബാസിഡർമാരാണ് ഗവൺമെന്റിനെ നയിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി ബ്രാന്റ് അംബാസിഡർ അല്ല. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്നതുകൊണ്ട് അദ്ദേഹത്തെ ചീഫ് ബ്രാന്റ് അംബാസിഡർ എന്നുപറയാം. സാധാരണ 'കാളക്കുറ്റൻ പിഞ്ഞാണക്കടയിൽ കടന്നതുപോലെ', 'ആന കരിമ്പിൻ തോട്ടത്തിൽ കയറിയതുപോലെ' എന്ന് പറയാറുണ്ട്. ഇപ്പോൾ അത് മാറ്റി, 'അബ്ദുറബ്ബ് വിദ്യാഭ്യാസ മന്ത്രി ആയതുപോലെ' എന്നാണ് പറയുന്നത്. ശ്രീ. കെ.എം. ഷാജിയെപ്പോലെയല്ല, ഞാൻ പ്രതികരിക്കുന്ന ആളാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് വ്യക്തിപരമായി എനിക്ക് ഒരു വിരോധവുമില്ല. അദ്ദേഹം കഴിഞ്ഞ 4 വർഷമായി വിദ്യാഭ്യാസ മേഖലയിൽ ചെയ്തുകൊണ്ടിരിക്കുന്നത്, വിദ്യാഭ്യാസ

മേഖലയിൽ നാം ഉണ്ടാക്കിയ നേട്ടങ്ങൾ തകർക്കുന്നതാണ്. പൊതുവിദ്യാഭ്യാസ മേഖലയുടെ ആണിക്കല്ല് ഇളകി, യാതൊരു രക്ഷയുമില്ലാത്ത അവസ്ഥയായി. ഇവിടെ ശ്രീ. ജോസ് തെറ്റയിൽ പറഞ്ഞതുപോലെ, എന്നെ തല്ലണ്ടമ്മാവാ, ഞാൻ നന്നാകില്ലെന്ന ഒരു തത്വശാസ്ത്രമേ അദ്ദേഹത്തിനുള്ളൂ. അദ്ദേഹത്തിന് ഒരു കാര്യവും മനസ്സിലാകുന്നില്ല. പാഠപുസ്തകത്തെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ വിഷമിക്കേണ്ട കാര്യമെന്താണ്? ക്ലാസ് മുറിയിലെ പ്രധാനപ്പെട്ട ആയുധമായ പാഠപുസ്തകം ഇതുവരെ കൊടുത്തിട്ടില്ല. അതിനുകാരണമെന്താണ്? ജൂൺ 3-ാം തീയതി പാഠപുസ്തകത്തിന്റെ അച്ചടി നിർത്തിവയ്ക്കാൻ തീരുമാനിച്ചില്ലായിരുന്നുവെങ്കിൽ.... കെ.ബി.പി.എസ്. എന്നുപറയുന്ന സ്ഥാപനത്തിന് മൾട്ടികളറുള്ള പേജ് മണിക്കൂറിൽ 32,000 കോപ്പി അച്ചടിക്കാൻ കഴിയുന്ന രണ്ട് മെഷീനുകളുണ്ട്. കൂടാതെ മറ്റ് സ്ഥാപനങ്ങളുമുണ്ടായിരുന്നു. ആ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതിനുപകരം നിങ്ങൾ 3-ാം തീയതി അച്ചടി നിർത്തിവച്ചത് എന്തിനുവേണ്ടിയായിരുന്നു? സി-ആപ്റ്റ്-നെ ഇതിന്റെ അച്ചടി ഏൽപ്പിച്ചത് എന്തിനാണ്? പ്രൈവറ്റ് ഏജൻസിക്ക് പുസ്തകത്തിന്റെ അച്ചടി മറിച്ചുകൊടുത്തുകൊണ്ട് കമ്മീഷൻ വാങ്ങലാണ് അവരുടെ പരിപാടി. അങ്ങനെയുള്ളവരെ ഈ ജോലി ഏൽപ്പിച്ചതെന്തിനാണ്? നേരെ സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചുകൊടുത്തുവെന്നതാണ് നിങ്ങൾ ചെയ്ത കാര്യം. ഇത്

പെട്ടെന്നുണ്ടായ ഒരു കാര്യമല്ലല്ലോ? നിങ്ങൾ ശ്രീ. എം. എ. ബേബിയുടെ കാര്യം പറഞ്ഞു, ഞങ്ങൾക്ക് തെറ്റ് പറ്റി, സമ്മതിച്ചു. ഗവൺമെന്റ് എന്നുപറയുന്നത് മാറിമാറി വരുന്ന ഒന്നല്ലേ; ഒരു ഗവൺമെന്റിന്റെ തെറ്റ് ആവർത്തിക്കാൻ വേണ്ടിയാണോ ഒരു ഡിപ്പാർട്ടുമെന്റിരിക്കുന്നത്? നിങ്ങൾ ഈ വർഷം ഇവിടെ ചെയ്ത കാര്യമെന്താണ്; സി-ആപ്റ്റ് എന്ന സ്ഥാപനത്തെ പാഠപുസ്തകങ്ങളുടെ അച്ചടി ഏൽപ്പിച്ചുകൊടുത്തു. അവർ അത് രഹസ്യമായി സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചു. മറ്റൊരു സ്ഥാപനത്തെ ഏൽപ്പിക്കണമെങ്കിൽ 15 ദിവസത്തെ കാലാവധി വേണം, എന്നാൽ നിങ്ങൾ എല്ലാ നിയമവും ലംഘിച്ചുകൊണ്ട് നാലുദിവസത്തിനുള്ളിൽ സി-ആപ്റ്റ്-ന് വർക്ക് കൊടുത്തു. സോളാർ എന്നുപറയുന്ന വേറൊരു കമ്പനിയുണ്ടായിരുന്നു 5.8 കോടി രൂപയ്ക്കാണ് അവർ ക്വട്ടേഷൻ കൊടുത്തത്. അതിൽനിന്നും 1.98 കോടി രൂപ കൂടുതലാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. അത് ഹൈക്കോടതിയും ലോകായുക്തയും ചോദ്യം ചെയ്തപ്പോൾ നിങ്ങളത് മാറ്റി റീ-ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു. അവസാനം നിങ്ങൾ വീണ്ടും കെ.ബി.പി.എസ്.-നെത്തന്നെ ഏൽപ്പിച്ചു. ഈ ബുദ്ധി നിങ്ങൾക്കന്ന് തോന്നാമായിരുന്നില്ലേ; 17-10-2014-ൽ സ്പെഷ്യൽ സെക്രട്ടറി ഗവൺമെന്റിന് അയച്ചിരിക്കുന്ന കത്തിൽ 'ഞങ്ങളുടെ എല്ലാ മെഷിനറികളും മാൻപവറും റെഡിയായി നിൽക്കുകയാണ്, നിങ്ങൾ ഓർഡർ

നൽകണ'മെന്നുപറയുന്നു. കത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അങ്ങേയ്ക്ക് തരാം. അതുകഴിഞ്ഞ് വീണ്ടും രണ്ടാമതൊരു കത്തുകൂടി 17-10-20014-ന് വീണ്ടും അയച്ചിരിക്കുകയാണ്, 'There is no sufficient stock of paper available all categories of chart, printing of text books for the next academic year'. നിങ്ങൾ ആവശ്യത്തിനുള്ള പേപ്പർ കൊടുത്തില്ല. പേപ്പർ കൊടുക്കാൻവേണ്ടി ഏൽപ്പിച്ചിരുന്നത് നേരത്തെ 'ഡെൽറ്റ' എന്നുപറയുന്ന കമ്പനിയെ ആയിരുന്നു. ആ 'ഡെൽറ്റ' എന്ന കമ്പനി മാറി; 'ഡെൽറ്റ' ക്വാട്ട് ചെയ്ത തുകയിൽനിന്ന് 7 കോടി രൂപ കുറച്ച് വേറെ ഒരു കമ്പനി ക്വാട്ട് ചെയ്തപ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ ആ കമ്പനിക്കെതിരെ കേസ് കൊടുത്തു. പെറ്റീഷൻ കിട്ടേണ്ട താമസം ആ കമ്പനിക്ക് ക്വാളിഫിക്കേഷനില്ലായെന്ന് നിങ്ങൾ പറഞ്ഞു. 'ഡെൽറ്റ' എന്ന കമ്പനിക്ക് വേണ്ടി ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ഇടപെട്ടില്ലേ; ആർക്കുവേണ്ടിയാണ് ഇടപെട്ടത്? അതിനുശേഷം സി-ആപ്റ്റ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. ഈ സ്ഥാപനത്തിന്റെ ജോലിയെന്താണ്? ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ലോട്ടറി ടിക്കറ്റ് അച്ചടിച്ചിട്ടാണെങ്കിലും 5 കോടിയിലധികം രൂപ ലാഭമുണ്ടാക്കി. അന്നത്തെ സർക്കാർ 3 കോടി രൂപ സി-ആപ്റ്റ്-ന്റെ റിനോവേഷനുവേണ്ടി നൽകി, എം. ഡി. എന്തുചെയ്തു; എം.ഡി.ക്ക് റിനോവേറ്റ് ചെയ്യാൻ താൽപ്പര്യമില്ലായിരുന്നു. നിങ്ങൾ

ഈ സ്ഥാപനത്തെ ഒരു പരിചയാക്കി വച്ചിരിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് അതിന്റെ ചെയർമാൻ. ഇതുപോലെ ഓർഡർ എടുക്കുക, സ്വകാര്യ കമ്പനിയെ ഏൽപ്പിച്ച് കൊടുത്ത് കമ്മീഷൻ വാങ്ങുക, ഈ പരിപാടിയല്ലേ നടന്നുകൊണ്ടിരിക്കുന്നത്; അതിന് അങ്ങ് അവിടെ ചെയർമാനായി ഇരിക്കേണ്ട കാര്യമെന്താണ്? അങ്ങ് ചെയർമാൻ ആയി ഇരുന്ന് ശ്രീ. സജിത് വിജയരാഘവൻ എന്നുപറയുന്ന ഐ.എ.എസ്.കാരനും കൂടി ചേർന്ന് ഈ തട്ടിപ്പ് നടത്തിയില്ലേ; വാസ്തവത്തിൽ അവരായിരുന്നില്ലേ ഇതിന്റെ പ്രധാനപ്പെട്ട ഉത്തരവാദികൾ? പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റ് ചെയ്ത കാര്യമെന്താണ്; ശ്രീ. കെ. പി. മോഹനന്റെ അച്ചടി വകുപ്പിലെ കെ.ബി.പി.എസ്. എന്ന സ്ഥാപനത്തിന് ഒന്നരവർഷമായിട്ട് എം.ഡി.യുണ്ടോ; ഫിനാൻസ് ഓഫീസറുണ്ടോ; പ്രധാനപ്പെട്ട ആളല്ലേ, പേഴ്സണൽ മാനേജരുണ്ടോ? അവിടെ നാഥനില്ലാത്ത കളരിയാണ്. ആ നാഥനില്ലാത്ത കളരിയിൽ നിങ്ങൾ എം.ഡി.യെ നിയമിക്കാത്തതെന്തുകൊണ്ടാണ്? എം.ഡി.യെ നിയമിക്കാനുള്ള ഡീലിംഗ്സ് നടന്നിട്ടില്ല. എല്ലാ ഏർപ്പാടും കാശാണല്ലോ; പുതിയ എം.ഡി.യെ നിയമിച്ചിട്ടില്ലല്ലോ, ആരെയും നിങ്ങൾ നിയമിച്ചിട്ടില്ല, ആ സ്ഥാപനത്തെ നിങ്ങൾ നാഥനില്ലാ കളരിയാക്കി. സി-ആപ്റ്റ് എന്നസ്ഥാപനത്തെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റി. സ്വകാര്യ കമ്പനിയെ

ഏൽപ്പിക്കുന്നതിനുവേണ്ടിയാണ് ഇത് ചെയ്തതത്. അതാണ് ശ്രീ. വി. ഡി. സതീശൻ ഇതിൽ അഴിമതിയുണ്ടെന്ന് പറഞ്ഞത്.

<u>മി. ചെയർമാൻ:</u> യെസ്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ:</u> സർ, 2 മിനിട്ട് കൂടി, ലീഗ്കാർക്ക് മാത്രം കൂടുതൽ സമയം കൊടുത്താൽ പോരാ, എനിക്കും വേണം.

<u>മി. ചെയർമാൻ:</u> ദയവായി അങ്ങനെ പറയരുത്. ഈ ചെയർ എല്ലാപേരോടും നീതി കാണിച്ചിട്ടുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഇതിലെ അഴിമതി നിങ്ങളന്വേഷിക്കണം. ആരാണ് ചെയ്തത്, യാദൃശ്ചികമായി വന്നതാണോ; യാദൃശ്ചികമായിട്ട് വന്നതല്ല, മനഃപൂർവ്വം സ്വകാര്യ പ്രസ്സനെ ഏൽപ്പിച്ചുകൊടുക്കാൻ നടത്തിയ ആസൂത്രിതമായ നീക്കത്തിന്റെ ഫലമായിട്ടാണ് കേരളത്തിലെ 50 ലക്ഷത്തോളം വരുന്ന കുട്ടികൾക്ക് പാഠപുസ്തകമില്ലാതെ പോയത്. ആ ബാലശാപം ആയിരിക്കും നിങ്ങൾ ഈ ജീവിതത്തിൽ അനുഭവിക്കാൻ പോകുന്ന ഏറ്റവും വലിയ ശാപം. ഈ കുട്ടികൾക്ക് പുസ്തകം കിട്ടാത്തതിന്റെ ബാലശാപം. ആ ബാലശാപം അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകളാണ് നിങ്ങൾ. നിങ്ങൾ പറയുന്നതുപോലെ ശ്രീ. എം. എ. ബേബിക്ക് ബാലശാപമുണ്ടാകുമെങ്കിൽ അത് ഞങ്ങൾ നോക്കിക്കൊള്ളാം.

ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ ശാപം ഏൽക്കുന്നവരല്ല. പിന്നെ നിങ്ങൾ അരുവിക്കരയിൽ ജയിച്ചതാണ് വലിയ കാര്യമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. നിങ്ങളൊരു കാര്യം മനസ്സിലാക്കണം. കോൺഗ്രസുകാർക്ക് ഭയങ്കര അഹങ്കാരം വന്നിരിക്കുകയാണ്. ചകിരി വിരിച്ചിട്ടാണ് കോൺഗ്രസുകാർ ഇപ്പോൾ നിൽക്കുന്നത്. നിങ്ങൾ അധികം അഹങ്കരിക്കേണ്ട, 1996-ൽ 5 ഉപതെരഞ്ഞെടുപ്പുകൾ കേരളത്തിലുണ്ടായി. എല്ലാപേരും മറക്കരുത്. ആ ഉപതെരഞ്ഞെടുപ്പ് തലശ്ശേരി, പുനലൂർ, വൈക്കം, മാള, ചാത്തന്നൂർ എന്നിവിടങ്ങളിലായിരുന്നു. ആ അഞ്ചിടത്തും ഞങ്ങൾ ജയിച്ചു. തലശ്ശേരിയിൽ നായനാർ, പുനലൂർ പി.എസ്. സുപാൽ, വൈക്കത്ത് പി.നാരായണൻ, ചാത്തന്നൂർ കെ. അനിരുദ്ധൻ, മാളയിൽ യു.എസ്. ശശി. എന്നിവർ വൻഭൂരിപക്ഷത്തോടെ ജയിച്ചു. 2001-ലെ അടുത്ത തെരഞ്ഞെടുപ്പിൽ 99 സീറ്റ് നിങ്ങൾ നേടി അധികാരത്തിൽ വന്നു. പിന്നെ ഞങ്ങൾ തിരിച്ചുവന്നു. ഈ ഉപതെരഞ്ഞെടുപ്പിൽ നിങ്ങൾ 23 കൊല്ലമായി ജയിച്ചുകൊണ്ടിരിക്കുന്ന മണ്ഡലത്തിൽ നിങ്ങൾ ജയിച്ചു. വക്രബുദ്ധിയും വർഗ്ഗീയതയും ഒത്തുചേർന്നപ്പോൾ നിങ്ങളവിടെ വീണ്ടും ജയിച്ചു. അല്ലാതെ വലിയ സംഭവമൊന്നും അവിടെയുണ്ടായിട്ടില്ല. പക്ഷെ നിങ്ങളൊരു കാര്യം മനസ്സിലാക്കണം, ബി.ജെ.പി. അവിടെ വോട്ട് നേടി. നിങ്ങൾ

ഞങ്ങളെയാണ് കുറ്റം പറയുന്നത്. ബി.ജെ.പി.യെ വളർത്തുന്നതിൽ ദേശീയതലത്തിൽ വഹിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെ പങ്ക് നിങ്ങളവിടെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളൊരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടായിരിക്കും ബി.ജെ.പി. ഞങ്ങളെ ശക്തമായി എതിർത്തു. നിങ്ങളും ഞങ്ങളെ ശക്തമായി എതിർത്തു. രണ്ടു കൂട്ടരുടെയും കോമൺ ശത്രു ഇടതുപക്ഷ പാർട്ടികളാണ്. ബി.ജെ.പി. നിങ്ങളുടെ ശത്രുവാണോ; ശത്രുവല്ല, എന്തുകൊണ്ടാണ്; ബി.ജെ.പി.ക്ക് വളരാൻ നിങ്ങളൊരു തടസ്സമല്ല. നിങ്ങളങ്ങനെയാണെങ്കിൽ ഇന്ത്യയിലത് സംഭവിക്കുകയില്ലല്ലോ. ഇൻഡ്യയിൽ ബി.ജെ.പി. വളരാനുള്ള പ്രധാനപ്പെട്ട കാരണക്കാർ നിങ്ങളാണ് എന്ന കാര്യം നിങ്ങൾക്കുതന്നെയറിയാം. നിങ്ങൾ 44 സീറ്റിൽ ചുരുങ്ങിപ്പോയി എന്നുള്ളത് ഒരു ഗമയായി കൊണ്ടുനടക്കരുത്. അപ്പോൾ നിങ്ങൾ ചോദിക്കും സി.പി.ഐ.(എം.)ന് എത്ര സീറ്റുണ്ടെന്ന്, പക്ഷെ നിങ്ങൾ നോക്കേണ്ട കാര്യം 44 സീറ്റിൽ നിങ്ങൾ ചുരുങ്ങിപ്പോയി. ഇടതുപക്ഷത്തിനെതിരായാണ് വോട്ടുകൾ മുഴുവൻ വന്നതെന്ന് കഴിഞ്ഞ ദിവസം ശ്രീ. പാലോട് രവി പറയുന്നത് കേട്ടു, ഇത് ഏത് സാമ്പത്തിക രാഷ്ട്രീയ ശാസ്ത്രമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരു ഗവൺമെന്റ് ഭരിക്കുമ്പോൾ ഇടതുപക്ഷത്തിനെതിരെ ബി.ജെ.പി.യുടെയും കോൺഗ്രസിന്റെയും വോട്ട് കൂട്ടി ഒരു

പുതിയ കണക്കുണ്ടാക്കിയിരിക്കുകയാണ്. നിങ്ങൾ ഒരിക്കലും നേരെയാകാൻ പോകുന്നില്ല. നിങ്ങൾ എന്നിട്ട് ഞങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ 23 വർഷമായി ജയിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്ത് ഞങ്ങൾ ജയിക്കാൻ ഒരു ശ്രമം നടത്തി, ഞങ്ങൾ പരാജയപ്പെട്ടു, ഞങ്ങളത് സമ്മതിക്കുന്നു. പക്ഷെ നിങ്ങളുടെ വക്രബുദ്ധിയും വർഗ്ഗീയതയും അവിടെ വിജയിച്ചുവെന്ന കാര്യമാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. നിങ്ങളിൽ പല ആളുകളും സി.പി.ഐ.-യെ കോൺഗ്രസിലേയ്ക്ക് എടുക്കാൻ പോകുന്നുണ്ട് എന്നുപറയുന്നുണ്ട്. ആ വെള്ളം വാങ്ങിവച്ച് കുളിച്ചോ, ഇപ്പോൾ ഒരു ഇളം ചൂട് കാണും, നിങ്ങളൊരു കാര്യം മനസ്സിലാക്കണം, നിങ്ങളുടെ പാർട്ടികത്തുള്ള പല ആളുകളും ഈ ഖദർ മുണ്ടിനടിയിൽ കാക്കി ട്രൗസറിട്ട് നടക്കുന്നവരാണെന്ന കാര്യം നിങ്ങൾ മറക്കരുത്. ഇവിടെ ബി.ജെ.പി.ക്ക് വല്ല രക്ഷയും കിട്ടുമെങ്കിൽ നിങ്ങളിൽ പല ആളുകളും ബി.ജെ.പി.ക്കാരായി മാറും. കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഉണ്ടാക്കുമ്പോൾ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖ്യമന്ത്രി സഖാവ് പി. കെ. വാസുദേവൻ നായർ, അധികാരമാണ് ഏറ്റവും വലുതെങ്കിൽ ഞങ്ങൾ പറയുന്നു, ഈ സംസ്ഥാനത്ത് രാഷ്ട്രീയത്തിലൂടെ ലഭിക്കാവുന്ന ഏറ്റവും വലിയ പദവിയായ മുഖ്യമന്ത്രി പദവി വിശുദ്ധമായ ഒരു രാഷ്ട്രീയ മുന്നണി ഉണ്ടാക്കുന്നതിനുവേണ്ടി ആ മുഖ്യമന്ത്രി പദവി

വലിച്ചെറിഞ്ഞ് മുന്നണിയുണ്ടാക്കിവരാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇവിടെ ഉരുക്കുകോട്ടപോലെ വളരണമെന്ന ഉത്തരവാദിത്വം സി.പി.ഐ. (എം.)ന്റെ ഉത്തരവാദിത്വമാണ്. നിങ്ങൾ കൊല്ലന്റെ ആലയിൽ സൂചി വിൽക്കാൻ വരേണ്ട, നിങ്ങളുടെ ഔദാര്യമൊന്നും ആവശ്യമില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കേരളത്തിലിരിക്കാൻ നിങ്ങളുടെ ഔദാര്യമൊന്നും വേണ്ട. നിങ്ങൾക്ക് എന്തെങ്കിലും മാന്യതയുണ്ടായിട്ടുണ്ടെങ്കിൽ അത് കമ്മ്യൂണിസ്റ്റ്കാരുടെ കൂടെ കൂടിയപ്പോഴായിരുന്നു. 'ചാണകം ചാരിയാൽ ചാണകം മണക്കും, ചന്ദനം ചാരിയാൽ ചന്ദനം മണക്കും'. ഒരു ഉപതെരഞ്ഞെടുപ്പിൽ ഒരു സീറ്റിൽ വിജയിച്ചപ്പോൾ കേരളം മൊത്തം സീറ്റ് പിടിച്ചെടുത്തതുപോലെയാണ് പറയുന്നത്. നിങ്ങളുടെ സീറ്റ് നിങ്ങൾ നിലനിർത്തി. അതിന്റെ പേരിൽ നിങ്ങൾ അഹങ്കരിക്കേണ്ട, അതാണ് ഞാൻ പറഞ്ഞത്, ഞങ്ങൾക്കുണ്ടായ അനുഭവം നിങ്ങൾ മറക്കരുത്, 1996-ലെ ഉപതെരഞ്ഞെടുപ്പിൽ 5 സീറ്റുകളിൽ ജയിച്ചിട്ടും 2001-ൽ ജനങ്ങൾ ഞങ്ങളെ പരാജയപ്പെടുത്തി 99 സീറ്റ് നേടി നിങ്ങളെ ജയിപ്പിക്കുകയാണ് ചെയ്തത്. അതൊന്നും മറക്കരുത്.

മി. ചെയർമാൻ: 4 മിനിട്ട് അധികമായി പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. കെ. എം. മാണിക്കിപ്പോൾ

ക്ലീൻ ചിറ്റ് കൊടുത്തിരിക്കുകയാണ്. ഇത് കലികാല വൈഭവമാണ്. കലികാല വൈഭവത്തിൽ ദുഷ്ടന്മാർ പനപോലെ വളരും എന്നാണ് പറയുന്നത്. നമ്മുടെ വിജിലൻസ് അന്വേഷിച്ച് കണ്ടെത്താത്ത കോടികൾ എവിടെപ്പോയി എന്നാണ്. നമ്മുടെ പ്രിയങ്കരനായ ശ്രീ. ജി. സുധാകരന്റെ കവിതയിൽ 'എങ്ങ് എവിടെ കുഴിച്ചിട്ടൊരീ കോടികൾ' എന്ന് ചോദിക്കുകയാണ്. ശ്രീ. കെ. എം. മാണിയുടെ കോടികൾ 'എങ്ങെവിടെ കുഴിച്ചിട്ടു' എന്നന്വേഷിച്ചുനടക്കുകയാണ് ആളുകൾ. കലികാലത്തിൽ ദുഷ്ടന്മാരെ പനപോലെ വളർത്തും, അവരുടെ നെഗറ്റീവ് കഴിവുകളെ വാഴ്ത്തിപാടുന്ന കാലമാണ്. ഈ ഗവൺമെന്റ് നമ്മുടെ രാജ്യത്തിന്റെ ഒരു ശാപവും കലികാലവൈഭവവുമാണ്. ഈ ഗവൺമെന്റിനെ ജനങ്ങൾ അംഗീകരിച്ചിരിക്കുന്നുവെന്ന് അരുവിക്കര തെരഞ്ഞെടുപ്പ് കൊണ്ട് മാത്രം വിലയിരുത്തരുത്... (മൈക്ക് ഓഫ്)

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി റബ്ബാണ്. നിങ്ങളുടെ കാലത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ബേബിയാണ്. ബേബിയും റബ്ബും തമ്മിലുള്ള വ്യത്യാസം ഞാൻ ഈ സഭയ്ക്ക് പറഞ്ഞുതരേണ്ടതില്ല. നാലര വർഷംകൊണ്ട് മലയാള സർവ്വകലാശാല ഈ ഗവൺമെന്റ് യാഥാർത്ഥ്യമാക്കി.

ഞാൻ നിയമസഭയിൽ അനേകം തവണ ഉന്നയിച്ചൊരു കാര്യമായിരുന്നു അത്. അന്ന് മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ മലയാള സർവ്വകലാശാല സ്ഥാപിക്കുമെന്ന് പറഞ്ഞു. ആ മന്ത്രിസഭയിലെ ഒരു മന്ത്രി പറഞ്ഞത് ഞാൻ ജീവനോടെയുണ്ടെങ്കിൽ മലയാള സർവ്വകലാശാല തരില്ലെന്നാണ്. ആ സർവ്വകലാശാല ഞങ്ങൾ യാഥാർത്ഥ്യമാക്കി. മലയാളം നിർബന്ധ ഭാഷയാക്കി. സമഗ്രവിദ്യാഭ്യാസ പരിപാടി നടപ്പാക്കി. ഇ-ഗവേണൻസ് നടപ്പാക്കി. കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി. സർവ്വശിക്ഷാ അഭിയാന്റെ പദ്ധതികളും IT @ സ്കൂളും നടപ്പിലാക്കി. 22 കോളേജുകൾ, പാലക്കാട് ഐ.ഐ.റ്റി തുടങ്ങി എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങൾ ഈ മന്ത്രിസഭയ്ക്കുണ്ടായി. ഗാന്ധിജി ഏതാണ്, മാക്രി ഏതാണ് എന്നും ആടേതാണ് പട്ടിയേതാണ് എന്നും ആട്ടിൻ കാഷ്ടമേതാണ് കാപ്പിക്കുരു ഏതാണ് എന്നും തിരിച്ചറിയാൻ കഴിയാത്തവരാണ് പാഠപുസ്തകത്തെ ഇന്ന് കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറയാനുള്ളത് 18-ാം തീയതി പാഠപുസ്തകം കൊടുക്കുമെന്ന് പറഞ്ഞത് കൊടുക്കാനുള്ള അശ്രാന്തപരിശ്രമം നടത്തണമെന്നാണ്. ഈ പാഠപുസ്തക വിവാദത്തിൽനിന്നുള്ള പാഠം ഉൾക്കൊണ്ടുകൊണ്ട് മേലിൽ ഇങ്ങനെ

വരാതിരിക്കാൻ ശ്രദ്ധിക്കണം. ശ്രീ. എം. എ. ബേബിയുടെ കാലത്തും പാഠപുസ്തകത്തിനുവേണ്ടി ഞങ്ങൾ ഈ സഭയിൽ ഒരുപാട് ബഹളം കൂട്ടിയിട്ടുണ്ട്. അത് നിങ്ങൾ മറക്കണ്ട. 35-ാം ദേശീയ ഗെയിംസ് സമാനതകളില്ലാത്ത ഒരു വിജയത്തിന്റെ ബാക്കിപത്രമാണ്. 611 കോടിയിൽ 450 കോടി രൂപമാത്രമാണ് ചെലവുചെയ്തത്. ഇന്ത്യയുടെ പ്രസിഡന്റ്, പ്രധാനമന്ത്രി, ദേശീയ താരങ്ങൾ, അന്തർദേശീയ താരങ്ങൾ, കോച്ചുകൾ, അതുപോലെ ഒരുപാടുപേർ സ്റ്റേഡിയം കോർട്ടുകളെയും കായിക ഉപകരണങ്ങളുടെ ഗുണമേന്മയെയും താമസം, ഭക്ഷണം, ഗതാഗത സൗകര്യങ്ങളെ സംബന്ധിച്ചും പ്രശംസിക്കുകയുണ്ടായി. പറയിപെറ്റ പന്തിരുകുലത്തിലെ പാക്കനാര് പണ്ടു പറഞ്ഞു, എല്ലാ തമ്പ്രാക്കളും തമ്പ്രാക്കളല്ല, ആഴ്വാഞ്ചേരി തമ്പ്രാക്കളാണ് തമ്പ്രാക്കളെന്ന്. അതുപോലെ എല്ലാ സ്പോർട്സ് മന്ത്രിമാരും സ്പോർട്സ് മന്ത്രിമാരല്ല, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു സ്പോർട്സ് മന്ത്രിയാണ് എന്ന് ഈ നാഷണൽ ഗെയിംസ് തെളിയിച്ചിരിക്കുകയാണ്. 54 സ്വർണ്ണം, 48 വെള്ളി, 69 വെങ്കലം ഉൾപ്പെടെ 162 മെഡലുകൾ കേരളം വാരിക്കൂട്ടി. 2011-ൽ റാഞ്ചിയിൽ കേരളത്തിന് ഏഴാം സ്ഥാനമായിരുന്നു. ഈ ദേശീയ ഗെയിംസിന്റെ ഭാഗമായി 10 സ്റ്റേഡിയം, 'റൺ

കേരള റൺ' എന്നു പറയുന്ന പതിനായിരങ്ങളുടെ കൂട്ടയോട്ടം അതുപോലെ സച്ചിൻ ടെണ്ടുൽക്കറുടെ സാന്നിദ്ധ്യം ഇവയെല്ലാം നമ്മുടെ രാജ്യത്തിന് അഭിമാനകരമായിരുന്നു. കലാസാംസ്കാരിക രംഗത്ത് മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി കിട്ടിയത് നിസ്സാരമായ കാര്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സാംസ്കാരിക വകുപ്പുമന്ത്രിയും ഡൽഹിയിൽപ്പോയി നിരന്തരമായി സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടാണ് അത് കിട്ടിയത്. സാംസ്കാരിക സ്ഥാപനങ്ങൾ പുനഃസംഘടിപ്പിച്ചത് രാഷ്ട്രീയം നോക്കിയിട്ടല്ല. ശ്രീ. പുരുഷൻ കടലുണ്ടി പറഞ്ഞു, രാഷ്ട്രീയം നോക്കിയിട്ടാണ് പുനഃസംഘടിപ്പിച്ചതെന്ന്. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിൽ പൂച്ചാലിസം നടപ്പിലാക്കിയവർക്ക് ഞങ്ങളെക്കുറിച്ചത് പറയാൻ അർഹതയില്ലായെന്നാണ് ഞാൻ പറയുന്നത്. രാഷ്ട്രീയ പുനഃസംഘടനയല്ലയെന്നുള്ളതിന്റെ തെളിവാണ് സാഹിത്യ അക്കാഡമിയുടെ പ്രസിഡന്റായി ശ്രീ. പെരുമ്പടവം ശ്രീധരനെയും സംഗീത നാടക അക്കാഡമിയുടെ പ്രസിഡന്റായി ശ്രീ. സൂര്യ കൃഷ്ണമൂർത്തിയെയും നിയമിച്ചത്. ബോംബെ, പൂന, കൽക്കത്ത, ബാംഗ്ലൂർ, ഹൈദ്രാബാദ്, ഡെൽഹി എന്നിവിടങ്ങളിൽ സാഹിത്യ ക്യാമ്പ് നടത്തി കേരള സാഹിത്യ അക്കാഡമി പുതിയൊരു പാത വെട്ടിത്തുറക്കുകയുണ്ടായി. ഭാരത്

ഭവൻ തൈക്കാട് ആധുനിക ഓഫീസ് സ്ഥാപിച്ചു. ശ്രീ. സതീഷ് ബാബു പയ്യന്നൂരിന്റെ നേതൃത്വത്തിൽ അഭിമാനകരമായൊരു സ്ഥാപനമായി വളർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ ആദ്യത്തെ കൾച്ചറൽ കോംപ്ലക്സ് ശ്രീ. കെ. സി. ജോസഫിന്റെ നേതൃത്വത്തിലാണുണ്ടായത്. ശ്രീ. എ. ആർ. തമ്പാൻ നയിക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീ. നെടുമുടി ഹരികുമാർ നയിക്കുന്ന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള കലാമണ്ഡലം, ഒ. വി.വിജയൻ അക്കാഡമി, വൈലോപ്പള്ളി സംസ്കൃതി ഭവൻ, ഫോക്ക് ലോർ  അക്കാഡമി, മോയീൻകുട്ടി വൈദ്യർ സ്മാരകം മോയീൻകുട്ടി വൈദ്യർ അക്കാഡമിയാക്കി മാറ്റി.  ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങൾ കലാസാംസ്കാരിക രംഗത്ത് നമ്മുടെ ഗവൺമെന്റിന് ഉണ്ടാക്കാൻ കഴിഞ്ഞു. നമ്മുടെ യുവജനോത്സവങ്ങൾ അത്യാഗ്രഹത്തിന്റെയും അഹങ്കാരത്തിന്റെയും ആർഭാടത്തിന്റെയും പ്രതീകമായി മാറിക്കൊണ്ടിരിക്കുകയാണ്. കലാതിലകവും കലാപ്രതിഭയും അവസാനിപ്പിച്ചതിനുശേഷം മത്സരങ്ങളുടെ തീവ്രത കുറഞ്ഞിട്ടുണ്ടെന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല. പല വിഷയങ്ങൾക്കും മൂല്യനിർണ്ണയത്തിന് മാനദണ്ഡങ്ങളും പാരമ്പര്യ രീതികളുമുണ്ട്. ഉദാഹരണത്തിന് നൃത്തം, നാടകം, സംഗീതം, ഭരതമുനിയുടെ നാട്യശാസ്ത്രംപോലെയുള്ള നൂറ്റാണ്ടുകളുടെ

പാരമ്പര്യമുള്ള മഹദ്ഗ്രന്ഥങ്ങളുണ്ട്.  എന്നാൽ മിമിക്രി, നാടൻപാട്ട്, നാടോടി നൃത്തം തുടങ്ങിയവയടക്കമുള്ള വിഷയങ്ങൾക്ക് പാരമ്പര്യങ്ങളില്ല, വ്യക്തമായ മാനദണ്ഡങ്ങളില്ല, ആധികാരികമായ ഗ്രന്ഥങ്ങളില്ല. അതുകൊണ്ട് നമ്മുടെ കലോത്സവങ്ങളിലെ എല്ലാ വിഷയങ്ങൾക്കും എല്ലാവരും അംഗീകരിക്കുന്ന മാനദണ്ഡങ്ങളുള്ള ഒരു ഗ്രന്ഥമുണ്ടാക്കണമെന്ന് ഞാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുകയാണ്. കുട്ടി പഠിക്കുന്നു എന്നതാണ് വിദ്യാഭ്യാസം.  ഞാൻ ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസത്തെയോ കഴിഞ്ഞ ഗവൺമെന്റിന്റെ വിദ്യാഭ്യാസത്തെയോ ആസ്പദമാക്കിയല്ല ഇനിയുള്ള കാര്യങ്ങൾ പറയുന്നത്. കുട്ടി തനിയെ പഠിക്കും,  മറ്റുള്ളവർ പഠിപ്പിച്ചാലും പഠിക്കും. യഥാർത്ഥ വിദ്യാഭ്യാസം അറിവ് മാത്രമല്ല കുട്ടിയുടെ വൈകാരികമായ വളർച്ച, അവന്റെ സൗന്ദര്യബോധത്തിന്റെ വളർച്ച, സ്വഭാവത്തിന്റെ വളർച്ച ഇവയെല്ലാം വിദ്യയിൽപ്പെടും. 'ഉയർന്ന വിദ്യാഭ്യാസം ഉടുപ്പിൽ തുന്നിച്ചേർക്കും, ഉയർന്ന വിദ്യാഭ്യാസം എത്ര താഴ്ത്തില നമ്മെയെന്ന് ' മഹാനായ വള്ളത്തോൾ പാടിയിട്ടുണ്ട്. 'അന്യന്റെ അവയവംകൊണ്ട് ചിന്തിക്കുന്നവരാണ് നമ്മളെന്ന് ' കുഞ്ഞിരാമൻ നായരും പാടിയിട്ടുണ്ട്. ഓരോ കാലഘട്ടത്തിലെയും മനുഷ്യസമൂഹം ആ സമൂഹത്തിന്റെ നിലനിൽപ്പിന് ആധാരമായ വിദ്യ

കണ്ടെത്തുകയായിരുന്നു. ദ്രോണാചാര്യർ തന്റെ ശിഷ്യരായ കൗരവന്മാരെയും പാണ്ഡവന്മാരെയും  അസ്ത്രവിദ്യയാണ് പഠിപ്പിച്ചത്. കണക്കും സയൻസും എക്കണോമിക്സും അല്ല. കാരണം, അന്നത്തെ മനുഷ്യസമുദായത്തിൽ ഒരു രാഷ്ട്രത്തിന്റെതന്നെ നിലനിൽപ്പ്  അസ്ത്രവിദ്യയിലും യുദ്ധമുറകളിലുമുള്ള പ്രാവീണ്യമായിരുന്നു. പിന്നീട് ചരിത്രം പറയുന്നത് ഓരോ കാലഘട്ടത്തിലും അതാത് സമൂഹം അവർക്ക് അനിവാര്യമായ വിദ്യ നേടുകയായിരുന്നുവെന്നാണ്. കുംഭാരൻ കലമുണ്ടാക്കുന്നതും ആശാരി മരപ്പണി നടത്തുന്നതും പെരുംകൊല്ലൻ ആയുധമുണ്ടാക്കുന്നതുമെല്ലാം ഒരു കാലഘട്ടത്തിലെ വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസമെന്നുപറയുന്നത് മനോഹരമായ കെട്ടിടങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ മാത്രംകൊണ്ടുണ്ടാകുന്നതല്ല. ഇന്ത്യയിലെ ഏറ്റവും മഹത്തായ വിദ്യാഭ്യാസ സ്ഥാപനം ഇന്ദിരാഗാന്ധിപോലും പഠിച്ച ശാന്തിനികേതനാണ്. ഇന്ത്യയിലേയ്ക്ക് നോബൽ സമ്മാനം കൊണ്ടുവന്ന രബീന്ദ്രനാഥ ടാഗോറിന്റെ ശാന്തിനികേതന് മേൽക്കൂര ഉണ്ടായിരുന്നില്ല. അതിരുകളില്ലാത്ത ആകാശവും വൃക്ഷങ്ങളുടെ കൊമ്പുകളുമായിരുന്നു ടാഗോറിന്റെ വിശ്വവിദ്യലയത്തിന്റെ മേൽക്കൂര. അവിടെയുള്ള ഏക കെട്ടിടത്തിന്റെ നെറ്റിയിൽ യജ്ജുർവേദത്തിലെ 'എത്ര വിശ്വം ഭവത്യേകനീഡം' എന്നുള്ള മന്ത്രമാണ് എഴുതിവച്ചിരിക്കുന്നത്.

ഈ വിശ്വംമുഴുവൻ ഒരു പക്ഷിക്കൂടാണെന്നും ഒരു പക്ഷിക്കൂട്ടിൽ എങ്ങനെ പക്ഷികൾ കൊക്കുരുമ്മി ജീവിക്കുന്നുവോ അതുപോലെ ലോകത്തിലെ മുഴുവൻ മനുഷ്യ സമുദായവും ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുന്നുവെന്നുമുള്ള വിശ്വദർശനമാണ് ടാഗോർ നൽകിയത്. അതുകൊണ്ട് ഭൗതികമായ സാഹചര്യങ്ങൾ മാത്രംകൊണ്ട് വിദ്യയാകുന്നില്ല. ഇന്ന് കുട്ടികൾക്ക് രണ്ട് ശത്രുക്കളാണുള്ളത്. ഒന്ന് ട്യൂഷൻ മാസ്റ്ററും രണ്ടാമത് ബാലശത്രുക്കളായി മാറുന്നത് കുട്ടികളുടെ രക്ഷിതാക്കളുമാണ്. കുട്ടികളെ അറിവുനേടാനല്ല പഠിപ്പിക്കുന്നത്, റാങ്കും എ പ്ലസ്സും നേടാനാണ്. അറിവല്ല പ്രശ്നം. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ രംഗത്ത് അനാരോഗ്യകരമായ മത്സരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഒരു കുട്ടി മറ്റൊരു കുട്ടിയെ കാണുന്നത് നെയ്മറും മെസ്സിയും തമ്മിൽ പരസ്പരം മത്സരത്തിന്റെ ഭാഗമായി കാണുന്നതുപോലെയാണ്. ട്യൂഷൻ മാസ്റ്റർ മറ്റൊരു രാക്ഷസനാണ്. ഇന്ന് വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും കമ്പ്യൂട്ടറടക്കമുള്ള എല്ലാ ആധുനിക സൗകര്യങ്ങളുമുണ്ട്. പക്ഷെ ലൈബ്രറിക്കുള്ള പ്രാധാന്യം കുറഞ്ഞിരിക്കുന്നു. എല്ലാവരും പരീക്ഷയ്ക്കിരിക്കുക എന്ന ഏക ലക്ഷ്യത്തിനുവേണ്ടിയാണ് പഠിക്കുന്നത്. സിലബസ് ടെക്സ്റ്റ് ബുക്കും, ടെക്സ്റ്റ്

ബുക്ക് ഗൈഡുമായാണ് മാറിക്കൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളുടെ സൂകര പ്രസവമാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. കേരളവും വിഭിന്നമല്ല. ഒരു കാർഷിക സർവ്വകലാശാല കൊണ്ടുനടക്കാൻ കഴിയാത്ത കേരളത്തിൽ അതിൽ നിന്ന് വിഭജിച്ച് വെറ്ററിനറി സർവ്വകലാശാലയും ഫിഷറീസ് സർവ്വകലാശാലയും ഉണ്ടാക്കി, മൂന്നും സാമ്പത്തിക പ്രതിസന്ധിയിലാക്കിയ സംസ്ഥാനമാണ് കേരളം. അതിനുപുറമേ ഡീംഡ് യൂണിവേഴ്സിറ്റികളുണ്ട്. ഡീംഡ് യൂണിവേഴ്സിറ്റികളെക്കാളും യൂണിവേഴ്സിറ്റികളെ ഡൂംഡ് യൂണിവേഴ്സിറ്റികളാക്കാനാണ് നമുക്ക് താത്പര്യം. തൊഴിലില്ലാത്തവനെക്കാൾ തൊഴിലിനുകൊള്ളാത്തവരാണ് ഈ രാജ്യത്തുള്ളതെന്ന് പ്രസിദ്ധ ഗാന്ധിയനായ ശ്രീമൻ നാരായണൻ പറയുകയുണ്ടായി. കുട്ടി ജനിക്കുന്നതിന് നൂറ് വർഷം മുമ്പ് വിദ്യാഭ്യാസം ആരംഭിക്കണം. മനുഷ്യനെ എപ്പോഴാണ് പഠിപ്പിച്ചു നന്നാക്കാൻ പറ്റുന്നതെന്ന് വിക്ടർ ഹ്യൂഗോയോട് ഒരാൾ ചോദിച്ചപ്പോൾ പിതാവിൽ നിന്നല്ല പിതാമഹനിൽ നിന്നാണ് തുടങ്ങേണ്ടത് എന്നാണ് അദ്ദേഹം പറഞ്ഞത്. കുട്ടി ജനിക്കുന്നതിന് നൂറ് വർഷം മുമ്പ് വിദ്യ ആരംഭിക്കണമെന്ന് പറഞ്ഞത് ഡീൻഇങ്കയാണ്. ലക്ഷക്കണക്കിന് മനുഷ്യരെ കൊന്ന ഹിറ്റ്ലർ അറുപത് ലക്ഷം

പേരെയാണ് ഗ്യാസ് ചേമ്പറിലിട്ട് ചുട്ടുകൊന്നത്. ഗ്യാസ് ചേമ്പറിലിട്ട് ചുട്ട് കൊല്ലാൻ വിധി പറഞ്ഞത് ഹിറ്റ്ലറാണെങ്കിലും അതിന്റെ നിർമ്മാണം ഏറ്റെടുത്തത് എഞ്ചിനീയർമാരാണ്. ഗ്യാസ് ചേമ്പറിലിട്ട് പതിനായിരക്കണക്കിന് നിരപരാധികളെ കൊന്നത് ആ സ്ഥാപനത്തിലെ ഡോക്ടർമാരാണ്. അവിടുത്തെ കുട്ടികളുടെ കശാപ്പ് നിർവ്വഹിച്ചത് അവിടെയുണ്ടായിരുന്ന നഴ്സുമാരാണ്. ഇന്ന് എല്ലാ മാതാപിതാക്കൻമാരും മക്കളെ ഡോക്ടറാക്കാനും എഞ്ചിനീയറാക്കാനുമാണ് നടക്കുന്നത്. ബഹുരാഷ്ട്ര കുത്തകകളുടെ കോടിക്കണക്കിന് രൂപയുടെ മരുന്ന് കമ്മീഷനും സമ്മാനങ്ങളും വാങ്ങി എഴുതുന്ന ധർമ്മബോധമില്ലാത്ത പതിനായിരക്കണക്കിന് ഡോക്ടർമാർ ഇവിടെ ഉണ്ടായിട്ട് എന്താണ് കാര്യം? പതിനായിരം ഡോക്ടർമാരുണ്ടായാൽ പതിനായിരം രോഗികളും ഉണ്ടാകും എന്ന സങ്കൽപ്പത്തിലാണ് നമ്മൾ കഴിയുന്നത്. അതുകൊണ്ട് എത്ര ആയിരം ഡോക്ടർമാരുണ്ടായി എത്ര ആയിരം എഞ്ചിനീയർമാരുണ്ടായി എന്നതിനെക്കാളേറെ ഈ എഞ്ചിനീയർമാരും ഡോക്ടർമാരുമടക്കമുള്ള അഭ്യസ്തവിദ്യരായി പുറത്തുവരുന്നവർ എന്ത് ധർമ്മം അനുഷ്ഠിക്കുന്നു, അവരിലുള്ള മാനവികത എന്താണ്, അവരിലുള്ള മനുഷ്യത്വമെന്താണ് എന്ന് പരിശോധിക്കാൻ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ഒരു

മാർഗ്ഗവുമില്ല. ഗവേഷണം ഇന്ന് വിദ്യാഭ്യാസ രംഗത്ത് നടക്കുന്നില്ല. അമേരിക്കക്കാർ പറയുന്നത്, ഗവേഷണം നടത്തുക അല്ലെങ്കിൽ നശിക്കുക എന്നതാണ്. നമ്മുടെ യൂണിവേഴ്സിറ്റികളിലെ ഏറ്റവും അവസാനത്തെ ധർമ്മമായി ഗവേഷണം മാറിക്കൊണ്ടിരിക്കുകയാണ്. ചൈനയടക്കമുള്ള രാജ്യങ്ങൾ ഓരോ വീടുകളും കുടിലുകളും വ്യവസായ കേന്ദ്രങ്ങളായി മാറ്റിയത് അവർ നടത്തിയ ഗവേഷണത്തിന്റെ വിജയമായിരുന്നു എന്നു കാണാൻ നിർഭാഗ്യവശാൽ നമുക്ക് കഴിയുന്നില്ല. ഇവിടെ മുന്നണികൾ മാറുമ്പോഴും വിദ്യാഭ്യാസ മന്ത്രിമാർ മാറുമ്പോഴും പഴയ ശീലങ്ങളിൽനിന്ന് വ്യതിചലിച്ച് പുതിയ മാർഗ്ഗം കണ്ടെത്താൻ ശ്രമിക്കുന്നില്ല എന്നുള്ളത് നിർഭാഗ്യമാണ്. മത്സരം മൂത്ത് ഡോക്ടറും എഞ്ചിനീയറുമാക്കാൻ നടക്കുകയും അങ്ങനെ വരുന്നവർക്ക് ലക്ഷങ്ങൾ സ്ത്രീധനം വാങ്ങാനും കാറും ബംഗ്ലാവും പൊന്നും പണവും സമ്പാദിക്കാനുമല്ലാതെ രാഷ്ട്രസേവനത്തെക്കുറിച്ച് ചിന്തയില്ല. മഹാനായ മഹാത്മാ ഗാന്ധി അടിസ്ഥാന വിദ്യഭ്യാസത്തിന്റെ പ്രചരണം ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തോടൊപ്പം ആരംഭിച്ചത് ഈ ധാർമ്മികമൂല്യങ്ങളുടെ ച്യുതി മനസ്സിലാക്കിക്കൊണ്ടായിരുന്നു. കലാസാംസ്കാരിക രംഗത്ത്, ഇവിടെ ശ്രീ. അബ്ദുസമദ് സമദാനിയും പലരും ചൂണ്ടികാണിച്ചതുപോലെ.....

മി. ചെയർമാൻ: യെസ്, പ്ലീസ് കൺക്ലൂഡ്...

ശ്രീ. സി. പി. മുഹമ്മദ്: സർ, കേരളം ഇന്ന് സാംസ്കാരികമായി ഏറ്റവുമധികം പിന്നോക്കം പോകുകയാണ്. വിവാഹ ധൂർത്ത്, അതിരുകവിഞ്ഞ മദ്യപാനം, ക്രിമിനൽ കുറ്റങ്ങളുടെ ആധിക്യം ഇതെല്ലാം നമ്മുടെ സാംസ്കാരിക മുന്നേറ്റത്തെ പിന്നോട്ടു വലിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ നദീ തീരങ്ങൾ പ്രത്യേകിച്ചും ഞാൻ ജീവിക്കുന്ന ഭാരതപ്പുഴയുടെ തീരം സംസ്കാരത്തിന്റെ കേദാരമായിരുന്നു. ഇന്ന് നദീ തീരങ്ങളിൽ നടക്കുന്ന ഏറ്റവും വലിയ സാംസ്കാരിക പ്രവർത്തനം ശവസംസ്കാര പ്രവർത്തനം മാത്രമായി മാറിയിരിക്കുകയാണ്. അരുവിക്കര തെരഞ്ഞെടുപ്പിനെക്കുറിച്ച് പലരും പലതും പറഞ്ഞു. പാഠപുസ്തക വിവാദം തന്നെ പ്രതിപക്ഷമുണ്ടാക്കിയത് അതിന്റെ ജാള്യത മറക്കാനാണ്. കുളിച്ചില്ലെങ്കിലും കൗപീനം പുരപ്പുറത്തുകിടക്കട്ടെ എന്ന ചിന്തയിലാണ് പാഠപുസ്തക വിവാദവുമായി പ്രതിപക്ഷം മുന്നോട്ടുപോകുന്നത്......(മൈക്ക് ഓഫ്)......

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. സി. പി. മുഹമ്മദ്: സർ, അതുകൊണ്ട് കോടിക്കണക്കിന് പണം ധൂർത്തടിച്ചു. കേരളത്തിലെ എല്ലാ അബ്ക്കാരി മുതലാളിമാരും കോടികളുമായി അരുവിക്കരയിലെത്തി. എന്തെല്ലാം ആഘോഷങ്ങളുണ്ടാക്കി. തൃശ്ശൂർ പൂരത്തിലെ

കുടമാറ്റം പോലെ സിനിമാ താരങ്ങളെ ഇറക്കി കലാപരിപാടികൾ നടത്തി അവസാനം ദയനീയമായി പരാജയപ്പെട്ടു.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, സർക്കസുകാരൻ സൈക്കിളിൽനിന്നു വീണാൽ അതു സർക്കസാക്കുന്നതുപോലെ ന്യായീകരിക്കുന്ന ഇവരുടെ തൊലിക്കട്ടിക്കുമുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ സമ്പൂർണ്ണമായ അരാജകത്വമാണ് നിലനിൽക്കുന്നത്. കണ്ണൂരിലെ സ്പോർട്സ് ഡിവിഷന്റെ സ്ഥിതി വളരെ ദയനീയമാണ്. താമസം, ഭക്ഷണം, കുട്ടികളുടെ പരിശീലനം ഇതൊക്കെ വലിയ പ്രശ്നമായി നിലനിൽക്കുകയാണ്. ആ കാര്യത്തിന് പരിഹാരമുണ്ടാകണം. ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രി കണ്ണൂർ സ്പോർട്സ് ഡിവിഷൻ സന്ദർശിച്ച് വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കണമെന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോടാണ് എനിക്ക് മറ്റൊരു കാര്യം പറയുവാനുള്ളത്. കണ്ണപുരത്ത് ഫോക്‌ലോർ അക്കാദമിയുടെ കീഴിൽ ഒരു നാടൻ കലാഗ്രാമം അനുവദിച്ചതാണ്. അതിന്റെ രേഖകൾ ബഹുമാന്യനായ മന്ത്രി

ഏറ്റുവാങ്ങിയിട്ട് ഇപ്പോൾ ഒരു വർഷം തികയാൻ പോവുകയാണ്. കണ്ണൂർ ജില്ലയിൽ ഏഴു കോടി രൂപയ്ക്ക് ഒരു കലാഗ്രാമം ഉണ്ടാക്കിയിട്ടുണ്ട്. അതിൽ ഞങ്ങൾക്ക് ഒരു പ്രയാസവുമില്ല. പക്ഷെ കണ്ണപുരത്ത് പ്രഖ്യാപിച്ച കലാഗ്രാമത്തിന്റെ കാര്യത്തിലും താത്പര്യം ഉണ്ടാകണം. ധനവകുപ്പിൽ നിങ്ങൾ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചു കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. ഇവിടെ എന്തെല്ലാം വാഗ്ദാനങ്ങൾ നൽകി. എല്ലാ സ്കൂളുകളിലും ഒരു സ്മാർട്ട് റൂം, വിദ്യാഭ്യാസ വകുപ്പിന്റെ വാഗ്ദാനമായിരുന്നു. ഇവിടെ എവിടെയാണ് സ്മാർട്ട് റൂം. കേരളത്തിലെ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് റൂമാക്കുമെന്ന് നിങ്ങൾ പറഞ്ഞു. സ്മാർട്ട് റൂമാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? അക്കാഡമിക് സിറ്റി, ഇപ്പോൾ അതിനെക്കുറിച്ച് കേൾക്കുന്നില്ല. നോളേജ് സിറ്റിയെക്കുറിച്ച് ആരും പറയുന്നില്ല. കേരളത്തിലെ എല്ലാ ചെറുകിട കർഷകരുടെ പെൺമക്കൾക്കും ഒരു ലാപ്ടോപ്. ബി.പി.എൽ. കുടുംബത്തിലെ പെൺകുട്ടികൾക്ക് ലാപ്ടോപ്. ആർക്കെങ്കിലും ലാപ്ടോപ് കിട്ടിയിട്ടുണ്ടോ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയാൻ കഴിയുമോ? പാഠപുസ്തകത്തിന്റെ കാര്യത്തിൽ ഒട്ടേറെ ആളുകൾ കാര്യങ്ങൾ പറഞ്ഞു. കഴിഞ്ഞ ജൂൺ മൂന്നാം തീയതി ഗവൺമെന്റ് പ്രസ്സിനുകൊടുത്ത ഓർഡർ നിങ്ങൾ ക്യാൻസൽ ചെയ്തു. പിന്നീട് നിങ്ങൾ റീ-ടെൻഡർ വിളിക്കുന്നത്

പതിനേഴാം തീയതിയാണ്. മന്ത്രിസഭാ യോഗം കഴിഞ്ഞതിനുശേഷം. പിന്നീട് റീടെൻഡർ ഉപേക്ഷിച്ചു. ജൂൺ മൂന്നു മുതൽ പതിനേഴ് വരെയുള്ള പതിനാറ് ദിവസമുണ്ടായിരുന്നുവെങ്കിൽ ഒരു ദിവസം കെ.ബി.പി.എസ്.-ന് രണ്ടരലക്ഷം പുസ്തകം അച്ചടിക്കാൻ കഴിയും. അങ്ങനെ വന്നാൽ പതിനാറ് ദിവസം കൊണ്ട് എത്ര പുസ്തകം അച്ചടിക്കാൻ കഴിയുമായിരുന്നു. യഥാർത്ഥത്തിൽ ഇത് വളരെ ബോധപൂർവ്വം സൃഷ്ടിച്ചതല്ലേ. ഇന്ന് വിദ്യഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞു, ഇരുപതാം തീയതിയ്ക്കുള്ളിൽ പാഠപുസ്തകം എത്തിക്കുമെന്ന്. ഇന്ന് ഹൈക്കോടതിയിൽ സംസ്ഥാന സർക്കാർ സത്യവാങ്മൂലം കൊടുത്തതിൽ പറയുന്നത് ഇരുപത്തിമൂന്നിന് പുസ്തകം എത്തിക്കുമെന്നാണ്. ഇതിൽ ഏതാണ് വിശ്വസിക്കേണ്ടത്. റമദാൻ മാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവസാന പത്തിൽ എത്തിയിരിക്കുകയല്ലേ. ഈ സന്ദർഭത്തിലെങ്കിലും കളവു പറയാതിരിക്കാൻ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി നിങ്ങൾ ശ്രമിക്കേണ്ടതല്ലേ. ഈ പ്രതിസന്ധി നിങ്ങൾ ഉണ്ടാക്കിയതാണ്. കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എപ്പോൾ പുസ്തകമെത്തുമെന്ന് ചേദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു പുസ്തകം വിതരണം ചെയ്തുവെന്ന്. മാന്നാർ മത്തായി സ്പീക്കിംഗ് എന്ന സിനിമയിൽ മത്തായിയുടെ കഥാപാത്രമുണ്ട്. മത്തായിയോട് ഫോണിൽ വിളിച്ചുചോദിക്കും പുറപ്പെട്ടോ? ആ

പുറപ്പെട്ടു. അരമണിക്കൂർ നേരത്തെ പുറപ്പെട്ടു. വേണമെങ്കിൽ ഒരു മണിക്കൂർ നേരത്തെ പുറപ്പെടാമെന്ന പറഞ്ഞതുപോലയാണ് ഇവിടുത്തെ അവസ്ഥ. പാഠപുസ്തക അച്ചടി പൂർത്തിയായി. വേണമെങ്കിൽ രണ്ടാഴ്ച മുമ്പേ പൂർത്തിയാക്കാമെന്ന പറയുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. ഇവിടെ ഹയർസെക്കണ്ടറിയുടെ അവസ്ഥ എന്താണ്? എസ്.സി.ഇ.ആർ.റ്റി - പത്തുവരെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യാൻ പാകത്തിൽ രൂപപ്പെടുത്തിയതല്ലേ അതിന്റെ സ്ട്രക്ച്ചർ. എസ്.സി.ഇ.ആർ.റ്റി.യെ ശക്തിപ്പെടുത്താൻ എന്തെങ്കിലും നടപടി ഇവിടെ സ്വീകരിച്ചോ? അമ്പതോളം പഠന വിഭാഗങ്ങൾ ഹയർ സെക്കണ്ടറിയിലില്ലേ. എത്ര വിഷയങ്ങളുടെ പഠന വിഭാഗം എസ്.സി.ഇ.ആർ.റ്റി.യിലുണ്ട്. ഹയർ സെക്കണ്ടറിയിൽ കഴിഞ്ഞവർഷം പ്ലസ് വണ്ണിന്റെ പുസ്തകം മാറി. ആ മാറിയ പുസ്കത്തിന്റെ ഹാന്റ് ബുക്ക് ഇതുവരെ കൊടുക്കാൻ കഴിഞ്ഞോ? പാഠഭാഗം എന്തുദ്ദേശത്തോടെയാണ് തയ്യാറാക്കിയത്, അത് വിനിമയം ചെയ്യേണ്ടത് എങ്ങനെയാണ്, മൂല്യനിർണ്ണയം എങ്ങനെ, ചോദ്യ മാതൃക എങ്ങനെ എന്നിവയെല്ലാം അദ്ധ്യാപകർക്ക് മനസ്സിലാക്കാൻ കഴിയണമെങ്കിൽ ഹാന്റ് ബുക്ക് കൊടുക്കണം. പാഠപുസ്തകങ്ങളെക്കാൾ ശ്രദ്ധയോടെ, സൂക്ഷ്മതയോടെയാണ് ഈ അദ്ധ്യപാക സഹായി തയ്യാറാക്കേണ്ടത്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹയർ സെക്കണ്ടറിക്ക് നാല് അലോട്ട്മെന്റ്, ഇപ്പോൾ രണ്ട് അലോട്ട്മെന്റ്. ഒരു അലോട്ട്മെന്റ് നടത്താൻ ഏഴ് ദിവസം. ആദ്യ അലോട്ട്മെന്റ് ജൂൺ 15, രണ്ടാമത്തെ അലോട്ട്മെന്റ് ജൂൺ 29. അതിനിടയിൽ ഒന്നോ രണ്ടോ അലോട്ടമെന്റ് കൂടി നടത്താൻ കഴിയുമായിരുന്നില്ലേ, എന്തിനുവേണ്ടിയായിരുന്നു? എയ്ഡഡ് സ്കൂളിലെ മാനേജ്മെന്റ് സീറ്റിൽ വിദ്യാർത്ഥികളെ എത്തിക്കുവാൻ, സി.ബി.എസ്.ഇ. സ്കൂളിൽ വിദ്യാർത്ഥികളെ എത്തിക്കാൻ മാനേജ്മെന്റുമായി ഒത്തുകളിക്കുകയാണ് ചെയ്തത്. സർവ്വകലാശാല നിയമനവുമായി ബന്ധപ്പെട്ട് ചന്ദ്രഹാസമിളക്കിയവരല്ലേ അവിടെയിരിക്കുന്നത്. 2010-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തിലെ സർവ്വകലാശാലകളിലെ അനധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടതാണ്. എന്നാൽ ആ തീരുമാനത്തിന് മേൽ നാലുവർഷക്കാലം നിങ്ങൾ അടയിരുന്നില്ലേ. ഈ കാര്യത്തിൽ നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടോ? ഈ സർവ്വകലാശാലകളിലെ അനധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടുന്നതിൽ തടസ്സമെന്താണെന്ന് ഈ സഭയിൽ നിങ്ങൾ മറുപടി പറയണം. അതുപോലെതന്നെ എയ്ഡഡ് കോളേജുകളിലെ അധ്യാപക-അനധ്യാപക മേഖലകളിലെ സംവരണം സംബന്ധിച്ച വിഷയത്തിൽ രണ്ട്

ചെറുപ്പക്കാർ കോടതിയിൽ പോയി. ഇതു സംബന്ധിച്ച് 6 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട കോടതി പറഞ്ഞിരിക്കുന്നത്. എസ്.സി.-ക്ക് 15 ശതമാനം, എസ്.ടി.-ക്ക് 10 ശതമാനം. കേരളത്തിലെ എയ്ഡഡ് മേഖലയിൽ ഇപ്പോൾ ഏഴായിരത്തിലധികം അദ്ധ്യാപകരുണ്ട്. സംവരണ വിഭാഗത്തിൽ നിന്ന് 1800 പേർ വരേണ്ടതാണ്. അതിനുപകരം എത്രപേരാണുള്ളത്? എസ്.ടി. വിഭാഗത്തിൽ നിന്ന് ആകെയുള്ളത് 9 പേരാണ്. അപമാനകരമാണ്. ഇക്കാര്യത്തിൽ അടിയന്തര തീരുമാനമെടുക്കാൻ നടപടിയുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഈ സഭയിൽ ഇന്ന് ഒരു ശ്രദ്ധ ക്ഷണിക്കൽ വന്നു. ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. 2003-ൽ ശ്രീ. സോജൻ ഫ്രാൻസിസിന്റെ കേസിൽ ഹൈക്കോടതിയിൽ നിന്ന് ഒരു വിധിയുണ്ടായി. ഒരു വിദ്യാർത്ഥിയെ പരീക്ഷയെഴുതാൻ അനുവദിച്ചതുമായി ബന്ധപ്പെട്ട് കോടതിയിൽ ഒരു കേസ് വന്നു. പരീക്ഷയെഴുതാൻ അവിടത്തെ കൺട്രോളർ നൽകിയിട്ടുള്ള അനുമതി സർവ്വകലാശാല ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമാണോ എന്ന് പരിശോധിച്ച് കേസിന്റെ മെറിറ്റിലേയ്ക്ക് പോകുന്നതിനുപകരം ബഹുമാനപ്പെട്ട കോടതി ചെയ്തത്, അതിനുമപ്പുറത്ത് കടന്ന് 2003-ൽ കേരളത്തിൽ കലാലയ രാഷ്ട്രീയം നിരോധിച്ചു. അന്നാരായിരുന്നു മുഖ്യമന്ത്രി, ശ്രീമാൻ എ.കെ. ആന്റണി.

കെ.എസ്.യു. എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ ഇന്ത്യയിലെ ഏറ്റവും ഉയർന്ന രാഷ്ട്രീയ നേതാവായി മാറിയ ശ്രീ. എ. കെ. ആന്റണി. അദ്ദേഹത്തെ കാണാൻ വിദ്യാർത്ഥി പ്രവർത്തകരായിരുന്ന ഞങ്ങളൊക്കെ പോയി, അപ്പുറത്തിരിക്കുന്ന ശ്രീ. പി. സി. വിഷ്ണുനാഥുണ്ട്. ഞങ്ങൾ അന്ന് കെഞ്ചി പറഞ്ഞു. ഇത് കേരളത്തിലെ കലാലയ രാഷ്ട്രീയത്തിന്റെ മരണമണി മുഴക്കുമെന്നും അതുകൊണ്ട് ഇക്കാര്യത്തിൽ ഇടപെടണമെന്നും. സത്യവാങ്മൂലം കൊടുക്കുമ്പോൾ ഇത് ദുരുപയോഗം ചെയ്യാതിരിക്കാനുള്ള വ്യക്തമായ വ്യവസ്ഥകൾ വേണമെന്ന് ഞങ്ങൾ പറഞ്ഞു, നിങ്ങൾ കേട്ടോ? ഇപ്പോൾ ഈ വൈകിയ വേളയിൽ നിങ്ങൾ അത് തിരിച്ചറിഞ്ഞു, അതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഞാൻ ചോദിക്കട്ടെ, സംസ്കൃത സർവ്വകലാശാലയുടെ ബിൽ ഇവിടെ വന്നില്ലേ...., ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് ആരായിരുന്നു സിൻഡിക്കേറ്റ് മെമ്പർ? യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ. ഇപ്പോൾ ലിങ്ദോ കമ്മീഷൻ വന്നതുകൊണ്ട് 80 ശതമാനം ഹാജരും പേപ്പർ അരിയർ ഇല്ലാത്ത കുട്ടികൾക്കു മാത്രമേ മത്സരിക്കാൻ സാധിക്കുകയുള്ളൂ. ആ സിൻഡിക്കേറ്റിൽ സർവ്വകലാശാല യൂണിയൻ ചെയർമാനെ നിലനിർത്തണമെന്ന് ആ ബില്ലിന്മേൽ ഞങ്ങൾ ഭേദഗതി കൊണ്ടുവന്നു. വിദ്യാഭ്യാസ മന്ത്രി ആ ഭേദഗതിയെ നിഷ്കരുണം തള്ളി. സർവ്വകലാശാല യൂണിയൻ

ചെയർമാനെ സിൻഡിക്കേറ്റിൽ നിന്നും മാറ്റിയ ഗവൺമെന്റല്ലേ ഈ ഗവൺമെന്റ്. ഇപ്പോൾ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കൊണ്ടുവന്നത് എന്തിനുവേണ്ടിയാണ്. ഇന്നലെ സബ്ജക്ട് കമ്മിറ്റി ചേർന്നു. ഞാൻ അതിനെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. ജനാധിപത്യത്തെ ശക്തിപ്പെടുത്തണമെങ്കിൽ കലാലയങ്ങളിൽ ജനാധിപത്യ അന്തരീക്ഷമുണ്ടാകണം, അതിനെ പരിപോഷിപ്പിക്കണമെന്ന് വിദ്യാർത്ഥി രാഷ്ട്രീയത്തെക്കുറിച്ച് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നതുകേട്ടു. വെറുതെ പറഞ്ഞാൽ പോരാ, വാക്കും പ്രവൃത്തിയും പൊരുത്തപ്പെടണം. ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കരട് ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അവിടെ വിദ്യാർത്ഥി പ്രതിനിധിയുണ്ടോ; ബോർഡ് ഓഫ് ഗവേണൻസിൽ വിദ്യാർത്ഥി പ്രതിനിധികളില്ല. ഇവിടെ മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ യൂണിയനുണ്ട്, എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്, നഴ്സസ്, പി.ജി. ഇവർക്കൊക്കെ യൂണിയനാകാം. പക്ഷേ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ വിദ്യാർത്ഥി പ്രാതിനിധ്യം, വിദ്യാർത്ഥി യൂണിയൻ, കലാമത്സരങ്ങൾ, സർഗ്ഗാത്മക മത്സരങ്ങൾ, ജനാധിപത്യവേദി ഇതൊന്നും വേണ്ട. ആരാണ് ഇതൊക്കെ കൊണ്ടുവന്നത്. വിദ്യാഭ്യാസ മന്ത്രിയറിയാതെ ഇത്തരത്തിൽ ഒരു നിയമം ഇവിടെ കൊണ്ടുവരുവാൻ സാധിക്കുമോ; അങ്ങനെയല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി

പറയണം. സ്വയംഭരണ കോളേജ് ബിൽ പാസ്സാക്കിയപ്പോൾ ഇപ്പറയുന്ന ഓട്ടോണമസ് കോളേജിൽ വിദ്യാർത്ഥി സംഘടനകളുണ്ടാകുമോ; വിദ്യാർത്ഥി യൂണിയനുണ്ടാകുമോ എന്ന് പ്രതിപക്ഷം ഏകകണ്ഠമായി ചോദിച്ചു. നിങ്ങൾ എന്താണ് ചെയ്തത്. സർക്കാർ കോളേജുകൾക്ക് ഓട്ടോണമസ് കൊടുക്കുന്ന ആ ബില്ലിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ വേണ്ടെന്ന് വച്ചവരാണ് നിങ്ങൾ. എന്നിട്ട് ഇപ്പോൾ നിങ്ങൾ പറയുന്നതെന്താണ്? ഗവേണിംഗ് കൗൺസിലിൽ വിദ്യാർത്ഥി പ്രാതിനിധ്യമില്ല. സർവ്വകലാശാലകളിൽ; കോളേജുകളിൽ ഏറ്റവും പ്രധാനപ്പെട്ട സ്റ്റേക്ക്ഹോൾഡേഴ്സ് വിദ്യാർത്ഥികളല്ലേ. ആ വിദ്യാർത്ഥികൾക്ക് ഗവേണിംഗ് ബോഡിയിൽ, അക്കാദമിക് കൗൺസിലിൽ, ബോർഡ് ഓഫ് ഗവേണൻസിൽ ഒരു സ്ഥാനവുമില്ല എന്നുവന്നാൽ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ എവിടെ പോയി പറയും. അതിനൊരു അപ്പലേറ്റ് ബോഡിയുണ്ടോ; ഗ്രീവൻസ് സെല്ലുണ്ടോ; വെറുതെ നല്ല വർത്തമാനം പറഞ്ഞ് സുഖിപ്പിച്ചാൽ പോരാ. മറിച്ച് പറയുന്ന വാക്കിൽ ഉറച്ചുനിൽക്കാനുള്ള ഇച്ഛാശക്തിയും ആർജ്ജവും കാണിക്കാൻ നിങ്ങൾ തയ്യാറാകണം എന്നാണ് പറയാനുള്ളത്. വിദ്യാർത്ഥി സമരത്തെക്കുറിച്ച് ഇന്ന് രാവിലെ മുഖ്യമന്ത്രി പറഞ്ഞു. ഒരു കാര്യം ഞങ്ങൾ പറയാം, അരുവിക്കര കേരളത്തിലെ അവസാനത്തെ തെരഞ്ഞെടുപ്പല്ല എന്ന കാര്യം നിങ്ങൾ

മനസ്സിലാക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷൻ അവസാനം വിളിച്ചു. ഞങ്ങൾക്ക് നിങ്ങളുടെ ഒരു ദാക്ഷിണ്യവും വേണ്ട.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങ് പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻ ആദ്യ സബ്മിഷനായി തന്നെ അവതരിപ്പിച്ചു. പ്രതിപക്ഷ നേതാവ് അവസാനം സംസാരിച്ചത് വേറൊരു കാര്യത്തിനാണ്.

ശ്രീ. റ്റി. വി. രാജേഷ്: ഞാൻ പറഞ്ഞത് പിൻവലിക്കാം. വിദ്യാർത്ഥി സമരത്തെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞു. പോലീസ് വിദ്യാർത്ഥികളെ തല്ലി തലയൊടിക്കുമ്പോൾ; വാരിയെല്ല് അടിച്ചുപൊളിക്കുമ്പോൾ വിദ്യാർത്ഥികളിൽ ചിലർ പോലീസിനു നേരെ പ്രതികരിച്ചിട്ടുണ്ട്. സമരത്തിന്റെ രൂപഭാവം തീരുമാനിച്ചിട്ടല്ല നമ്മൾ സമരത്തിലേയ്ക്ക് പോകുന്നത്. അതൊക്കെ സമരത്തിന്റെ ഘട്ടത്തിൽ വിദ്യാർത്ഥികളിൽ നിന്നും ഉയർന്നുവരുന്ന കാര്യമാണ്. ഇവിടെ പാഠപുസ്തകത്തിനുവേണ്ടി സമരം ചെയ്യുന്നവരെ തെരുവിലിട്ട് വേട്ടയാടുന്നു. ഭീകരവാദികളെപ്പോലെ വീട് വളഞ്ഞിട്ട്; വീട്ടിൽ നിന്ന് ഉറക്കപ്പായിൽ നിന്നും പിടിച്ചുകൊണ്ടുപോകുകയാണ്. എന്താണ് ഈ വിദ്യാർത്ഥികൾ ചെയ്തത്. പാഠപുസ്തകത്തിന്റെ സമരം ന്യായമാണ്. പാഠപുസ്തകം നേരത്തെ

ലഭിക്കേണ്ടതായിരുന്നു എന്ന് പറഞ്ഞത് ഈ സഭയിൽ ഇന്നലെ അടിയന്തര പ്രമേയത്തിന് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നില്ലേ. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് ഈ വിദ്യാഭ്യാസ വകുപ്പ് അപമാനകരമാണ് എന്ന് ഫെയ്സ്ബുക്കിൽ പറയാൻ ശ്രീ. വി. ഡി. സതീശൻ തയ്യാറായില്ലേ. അപ്പോൾ ഇതിനെതിരെ പ്രതികരിച്ചുകൂടാ. മറിച്ച് എം.ജി. കോളേജിൽ കയറിയ ആർ.എസ്.എസ്.-കാർ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അക്രമിക്കുകയും കാർ തല്ലിത്തകർക്കുകയും ചെയ്തു. ഇതറിഞ്ഞ് കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസ് കോളേജിലെത്തിയപ്പോൾ വരാന്തയിൽ വച്ച് ആർ.എസ്.എസ്. റൗഡികൾ പോലീസിനു നേരെ ബോംബെറിഞ്ഞു. ഒരു സി.ഐ.-യുടെ വലതു കാലും വലതു പാദവും അറ്റുപോയി. ഇപ്പോൾ 10 വർഷമായിട്ടും എഴുന്നേറ്റു നടക്കാൻ സാധിക്കുന്നില്ല. ആ കേസിന്റെ വിചാരണസമയത്ത് ആ കേസ് ഒഴിവാക്കാൻ ഈ കേരളത്തിലെ മുഖ്യമന്ത്രിക്ക് ഒരു മടിയുമുണ്ടായിരുന്നില്ല. ആർ.എസ്.എസ്.-ന് ക്ലീൻ ചീറ്റ്, എസ്.എഫ്.ഐ-ക്കാർക്ക് ഗ്രനേഡ്. ഇതൊക്കെ ജനങ്ങൾ മനസ്സിലാക്കുമെന്നേ പറയാനുള്ളൂ. പിന്നേ ഉച്ചഭക്ഷണത്തിന്റെ കാര്യത്തിൽ, നിലവിൽ ഒരു കുട്ടിക്ക് 6 രൂപയാണ് നൽകുന്നത്. അത് വർദ്ധിപ്പിക്കണം. 6 രൂപ എന്ന് തീരുമാനിക്കുമ്പോൾ മുട്ടയുടെ വില 3 രൂപയും

പാലിന്റെ വില 32 രൂപയുമായിരുന്നു. എന്നാൽ ഇപ്പോൾ പാലിന്റെ വില 40 രൂപയും മുട്ടയുടെ വില 6 രൂപയുമായി. ഈയിടയ്ക്ക് ഞാൻ ഒരു സ്കൂളിൽ പോയി അവിടെ നിന്ന് ഭക്ഷണം കഴിച്ചു. പോഷകസമൃദ്ധമായ ഭക്ഷണം കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്, എന്നാൽ അവിടത്തെ കറി രസമാണോ സാമ്പാറാണോ എന്ന് പറയാൻ കഴിയാത്ത അവസ്ഥയാണ്. ഇതിനു പരിഹാരമുണ്ടാകണം. കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള വിഹിതം വർദ്ധിപ്പിക്കാൻ തയ്യാറാകണം.

കേരളത്തിലെ മുഖ്യമന്ത്രി ഇപ്പോൾ തെളിവുണ്ടോ തെളിവുണ്ടോ എന്ന് ചോദിച്ചുനടക്കുകയാണ്. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ഈ കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ 'തെളിവുരഹിത സംസ്ഥാന'മാക്കി മാറ്റിയിരിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി സംസ്ഥാനത്തെ 'വെളിവുരഹിത സംസ്ഥാന'മാക്കി മാറ്റാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്തൊക്കെയാണ് ഇവിടെ നടക്കുന്നത്. യു.പി. സ്കൂൾ ഹെഡ്മാസ്റ്ററെ വി.സി. യാക്കാൻ ശ്രമിച്ച ലോകത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന ഖ്യാതി അങ്ങേയ്ക്കു മാത്രം അവകാശപ്പെട്ടതാണ്. അതുപോലെതന്നെ പൊതുവിദ്യാഭ്യാസം പൊളിച്ചടുക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു വിദ്യാഭ്യാസ മന്ത്രിയെയാണ് നാം കാണുന്നത്. മുൻവർഷങ്ങളിൽ പുസ്തകം നേരത്തെ കിട്ടിയതുകൊണ്ടാണ് ഇത്തവണ

പുസ്തകം വൈകിയതായി തോന്നുന്നതെന്ന് കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നതുകേട്ടു. അങ്ങയുടെ ഈ പ്രസ്താവനക്ക് ഇത്തവണത്തെ ഏറ്റവും നല്ല തമാശയ്ക്കുള്ള അവാർഡ് ലഭിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതി ടൂറിസം വകുപ്പ് അനുവദിക്കുമ്പോൾ ഗംഗ എന്നായിരുന്നു പേര് അതുമാറ്റി ഗ്രേസാക്കി. മുസ്ലീം ലീഗിന്റെ പൂർവ്വകാല നേതാക്കന്മാർക്കുണ്ടായ വീക്ഷണമെങ്കിലും നിങ്ങൾക്കുണ്ടോ; നിങ്ങളുടെ പത്രത്തിന്റെ പേര് ചന്ദ്രിക എന്നല്ലേ; ചന്ദ്രിക എന്ന പേര് നിങ്ങൾ മാറ്റേണ്ടതല്ലേ. ചോദ്യപേപ്പറിൽ ലീഗിന്റെ ചിഹ്നമായ ചന്ദ്രക്കല അടിച്ചുവച്ചു. എറണാകുളത്തുനടന്ന എസ്.എസ്.എ. പരിപാടിയിൽ അധ്യാപികമാർ പച്ച ബ്ലൗസ് ധരിച്ചുവരണമെന്ന് നിർദ്ദേശിച്ചു. പച്ച കോട്ട്, പച്ച ബോർഡ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലുള്ള മുന്നിയൂർ എയിഡഡ് സ്കൂളിലെ അധ്യാപകനായ അനീഷിനെതിരെ വ്യാജപരാതി തയ്യാറാക്കി പിരിച്ചുവിടുന്നതിന് കൂട്ടുനിന്നു ഈ വിദ്യാഭ്യാസ മന്ത്രി. ആ നിരാംലംബനായ ചെറുപ്പക്കാരന് അവസാനം ആത്മാഹുതി ചെയ്യേണ്ടി വന്നു. അതുപോലെതന്നെ ഇവിടത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ താക്കോൽ സ്ഥാനങ്ങളിൽ ലീഗുകാരുടെ താവളമാക്കി മാറ്റി. കാലിക്കറ്റ് യൂണിവേഴ്സിറ്റി ലീഗ് ഓഫീസാക്കി മാറ്റിയില്ലേ. ഞങ്ങൾക്ക് ഒരു കാര്യം മാത്രമേ

ലീഗുകാരോട് പറയാനുള്ളൂ. കേരളം ഒരു ബഹുസ്വര സമൂഹമാണ്. ഈ ബഹുസ്വര സമൂഹത്തിൽ നിങ്ങളുടെ ഇത്തരത്തിലുള്ള അൽപ്പത്തരം ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ എന്താണെന്ന് നിങ്ങൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. യഥാർത്ഥത്തിൽ അരുവിക്കരയിലെ ബി.ജെ.പി.യുടെ വോട്ടിംഗ് ശതമാനത്തിന്റെ വർദ്ധനവിൽ ഒരു കാരണം ഇതുകൂടിയാണെന്ന് മനസ്സിലാക്കിയാൽ നല്ലതെന്ന് മാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്. കേരളത്തിലെ മുഖ്യമന്ത്രിക്ക് ഇപ്പോൾ....

മി. സ്പീക്കർ: ശ്രീ. ടി. വി. രാജേഷ് പ്ലീസ്... നിങ്ങളുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. വി. രാജേഷ്: സർ, അഞ്ചുമിനിറ്റ് ശ്രീ. സി.പി.മുഹമ്മദിന് കൊടുത്തു.

മി. സ്പീക്കർ: ശ്രീ. വി. സുനിൽകുമാർ മാത്രമേ സമയം എടുത്തുള്ളൂ. അഞ്ചുമിനിറ്റ് ആരും എടുത്തില്ല.

ശ്രീ. ടി. വി. രാജേഷ്: കേരളത്തിലെ മുഖ്യമന്ത്രിക്കിപ്പോൾ ഹൈക്കമാന്റ് ശ്രീമതി സോണിയാ ഗാന്ധിയായിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതിയെന്ന് അറിയാമോ കേരളത്തിലെ മുഖ്യമന്ത്രിയുടെ ഹൈക്കമാന്റ് നരേന്ദ്ര മോദിയാണ്. ഇപ്പോൾ മോദിയുടെയും മുഖ്യമന്ത്രിയുടെയും ഹൈക്കമാന്റ് ഒരാളാണ്, അദാനിയാണ്. ഇപ്പോൾ ശ്രീമതി സോണിയാ ഗാന്ധി സൈലന്റ് മോദി. അതുപോലെ നരേന്ദ്ര മോദി ആക്ടീവ് മോദി. അതല്ലേ ഇവിടെ സംഭവിക്കുന്നത്. തൊഗാഡിയയുടെ കേസ്

പിൻവലിക്കുന്നു. എം.ജി. കോളേജിലെ കേസ് ഒഴിവാക്കുന്നു. ആർ.എസ്.എസ്സുകാർക്ക് പോലീസ് സ്റ്റേഷനിൽ പ്രത്യേക ട്രീറ്റ്മെന്റ്. ഈ നടപടി ആർ.എസ്.എസ്സിന് ഉത്തേജനം നൽകും. ഇതാണ് നമ്മൾ ആറ്റിങ്ങലിൽ കണ്ടത്. ആറ്റിങ്ങലിൽ പള്ളി ആക്രമിച്ചു, അവർ പലയിടങ്ങളിലും ആയുധം കുന്നുകൂട്ടി പതിയിരിക്കുകയാണ്. അവർ ചാടിവീഴാത്തത് കേരളത്തിലെ ഗവൺമെന്റിന്റെ പോലീസിനെ കണ്ടിട്ടല്ല. മറിച്ച് ഇവിടെ കരുത്തുറ്റ സാക്രിയമായ ഒരു ഇടതുപക്ഷ പ്രസ്ഥാനം ഉണ്ടായതുകൊണ്ടാണെന്ന് ലീഗുകാരനും കേരള കോൺഗ്രസ്സുകാരനും ചിന്തിച്ചാൽ നല്ലതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അരുവിക്കരയെക്കുറിച്ച് രണ്ട് വാക്ക് എങ്ങനെ പറയാതിരിക്കും. അരുവിക്കരയിൽ ഭയാനകമായ മത, സാമുദായിക ധ്രുവീകരണമാണുണ്ടായത്. ഇത് കേരള രാഷ്ട്രീയത്തിന്റെ വിപത്ത് സൂചനയാണ്. അരുവിക്കരയിലെ പോരാട്ടത്തെ രാഷ്ട്രീയ സമരമാക്കി മാറ്റാൻ ഞങ്ങൾ ശ്രമിച്ചു. എന്നാൽ ആ തെരഞ്ഞെടുപ്പിനെ രാഷ്ട്രീയേതരമാക്കി മാറ്റാനാണ് യു.ഡി.എഫും ബി.ജെ.പി.യും ശ്രമിച്ചത്. അവിടെ സാമുദായിക വർഗ്ഗീയ ഘടകങ്ങൾക്ക് മേൽക്കൈ ലഭിച്ചു. യഥാർത്ഥത്തിൽ ഭരണ വിരുദ്ധവികാരം സ്പ്രെഡ് ചെയ്തു. സാമുദായിക ധ്രുവീകരണത്തിലൂടെ നിങ്ങളത് കോമ്പൻസേറ്റ് ചെയ്തു. അതിന് നിങ്ങൾ വലിയ വില കൊടുക്കേണ്ടിവരുമെന്ന് ഓർമ്മപ്പെടുത്താൻ ഞങ്ങൾ

ആഗ്രഹിക്കുകയാണ്. അരുവിക്കര തെരഞ്ഞെടുപ്പ് സമയത്ത് ശ്രീ. എ.കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. വി.എം. സുധീരന്റെയും പ്രസംഗം ഞാൻ കേട്ടു.

മി. സ്പീക്കർ: ശ്രീ. ടി.വി. രാജേഷ് നാല് മിനിറ്റായി. പ്ലീസ്...പ്ലീസ്.

ശ്രീ. ടി. വി.രാജേഷ്: കേന്ദ്രഗവൺമെന്റിനെതിരെ ഒരക്ഷരം പറയാൻ ശ്രീ. ഉമ്മൻ ചാണ്ടി തയ്യാറായോ? ആർ.എസ്.എസ്സിനെയും ബി.ജെ.പി.യെയും കുറിച്ച് ആ തെരഞ്ഞെടുപ്പിൽ ഒരക്ഷരം പറഞ്ഞില്ല. കേന്ദ്ര ഗവൺമെന്റിനെ വിമർശിച്ചില്ല. ആങ്ങള ചത്താലും നാത്തൂന്റെ കണ്ണീര് കാണണമെന്ന ദുർവാശിയല്ലേ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക്. മതേതര ബോധമുള്ള കോൺഗ്രസ്സുകാർ ഇത് ചിന്തിക്കണം. 2004-ൽ നിങ്ങൾ അധികാരത്തിലേറിയത് ഇടതുപക്ഷത്തിന്റെ പിൻബലത്തോടുകൂടിയാണെന്ന് ഞങ്ങളുടെ മേക്കിട്ട് കയറുന്നവർ ഒന്ന് ആലോചിക്കുന്നത് നന്നായിരിക്കും. എവിടെയാണ് ബിജെ.പി. വളർന്നത്. ഗുജറാത്ത്, മധ്യപ്രദേശ്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലെ ബി.ജെ.പി........... കഴിഞ്ഞ ദിവസം പ്രസംഗിക്കുന്നത് കേട്ടു. സി.പി.ഐ.(എം)ൽ നിന്ന് അങ്ങോട്ടാണ് ഒഴുക്കെന്ന്. ബി.ജെ.പി. എം.പി.മാരുടെ പ്രൊഫൈലെടുത്ത് പരിശോധിച്ചാൽ എവിടെയാണ് ഓവർ ഫ്ലോയെന്ന്

എല്ലാവർക്കും ബോധ്യമാകും. ഞങ്ങൾക്ക് പറയാനുള്ള കാര്യം നിങ്ങൾ ജയിച്ചുവെന്നത് ശരിയാണ്. ശ്രീ. ശബരീനാഥനെ ഞങ്ങൾ ആത്മാർത്ഥമായി അഭിനന്ദിക്കുകയും ചെയ്യുന്നു. പക്ഷേ, അരുവിക്കരയല്ല കേരളം എന്ന് നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് അതിരുകടന്ന അഹന്തയും ധിക്കാരവും ധാർഷ്ട്യവും നിങ്ങൾക്ക് ചേർന്നതല്ല എന്ന് മാത്രം സൂചിപ്പിക്കുന്നു.

(ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗം ബഹിഷ്കരിച്ച പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, വളരെ ഉന്നതമായ പാരമ്പര്യമുള്ള നമ്മുടെ നിയമസഭ വിചിത്രമായ രംഗങ്ങളാണ് സാക്ഷ്യം വഹിക്കുന്നത്. പല ദിവസങ്ങളായി സഭ ആരംഭിക്കുമ്പോൾ മുദ്രാവാക്യം വിളിയും പ്രകടനവും ബഹിഷ്കരിക്കുമ്പോഴും മുദ്രാവാക്യം വിളിയും പ്രകടനവും. വളരെയേറെ ഉന്നതമായ പാരമ്പര്യമുള്ള സഭയിൽ, ആ സഭയുടെ എല്ലാ ഉന്നതമായ നിലവാരവും തകർക്കുന്ന നിലയിലേയ്ക്ക് കൊണ്ടുപോകുന്നതിൽ പ്രതിപക്ഷത്തോട് വലിയ ദു:ഖമുണ്ട്. ഇവിടെ വലിയ വിമർശനങ്ങൾ ഉന്നയിച്ചു. ഡിമാന്റ് ചർച്ചകളിൽ വിമർശനം ഉന്നയിക്കുന്ന ആളുകളുടെ സാമാന്യ മര്യാദയാണ് ഉന്നയിക്കുന്ന വിമർശനങ്ങൾക്ക് ഉത്തരം

കേൾക്കാൻ തയ്യാറാകുകയെന്നത്. ഇവിടെ വിമർശിക്കുന്നതല്ലാതെ ഉത്തരം കേൾക്കാൻ ആരും സഭയിലില്ല. ഇത്തരം ഒളിച്ചോട്ടം അവരെ രക്ഷിക്കാൻ പോകുന്നില്ല. ഇവിടെ ഡിമാന്റ് ചർച്ചയിൽ സാംസ്കാരിക വകുപ്പിനെപ്പറ്റി അധികമാരും പറഞ്ഞുകേട്ടില്ല. എങ്കിലും സഭാ രേഖകളിൽ വരുന്ന പ്രസംഗമായതുകൊണ്ട് കഴിഞ്ഞ ഒരു കൊല്ലക്കാലത്തെ സാംസ്കാരിക പ്രവർത്തനത്തെപ്പറ്റി ചുരുക്കിപ്പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ സാംസ്കാരിക രംഗത്ത് വലിയ ഉണർവുണ്ടായ കാലഘട്ടമാണ് കഴിഞ്ഞ ഒരു കൊല്ലക്കാലം. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മലയാള ഭാഷയ്ക്ക് ലഭിച്ച ശ്രേഷ്ഠഭാഷാ പദവി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പരിപാടിയാണെങ്കിലും നടക്കാതെ പോയ ആ വലിയ അവകാശവാദം കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെടുത്തി, ഇന്ത്യയിൽ തമിഴ്, കന്നട, തെലുങ്ക്, സംസ്കൃതത്തിന് ശേഷം അഞ്ചാമത്തെ ഭാഷയായി മലയാളത്തിന് ലഭിച്ച ശ്രേഷ്ഠഭാഷ പദവി നമ്മുടെ ഭാഷയ്ക്ക് വലിയ അംഗീകാരമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സംസാരിക്കാനുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ആരംഭിച്ച മലയാളം യൂണിവേഴ്സിറ്റി. കേരളം ഉണ്ടായത് 1956 നവംബർ മാസത്തിലാണ്. പക്ഷേ, ഈ കാലമത്രയും ഉണ്ടാകാതെ പോയ തീരുമാനമാണ്

മലയാളം യൂണിവേഴ്സിറ്റി. മലയാള ഭാഷയുടെ വികസനത്തിനും പുരോഗതിക്കും വികാസത്തിനുംവേണ്ടി നടത്തിയ പരിശ്രമങ്ങൾ- ശ്രേഷ്ഠഭാഷ പദവി, മലയാളം യൂണിവേഴ്സിറ്റി, മലയാളം ഒന്നാം ഭാഷയ്ക്കുള്ള പദവി, കോടതി ഭാഷ മലയാളം ആക്കുന്നതിനുള്ള നീക്കങ്ങൾ ഇതെല്ലാം ഉണ്ടായത് കഴിഞ്ഞ നാല് കൊല്ലത്തിനിടയിലാണ്. പ്രധാനപ്പെട്ട ഒരു കാര്യം സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഞങ്ങൾ പൂർണ്ണമായ സ്വാതന്ത്ര്യം കൊടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സാംസ്കാരിക സ്ഥാപനങ്ങളെല്ലാം ഒരുതരം റിമോട്ട് കൺട്രോളിലായിരുന്നു. മന്ത്രിയുടെ ഓഫീസിലെ ഒരു fraction ആണ് നിയന്ത്രിച്ചിരുന്നത്. അവിടെ നിന്ന് മോചനമുണ്ടായി, ഒരു നിയന്ത്രണവുമില്ലാതെ രാഷ്ട്രീയ പ്രേരിതമല്ലാത്ത സാംസ്കാരിക സമിതികൾക്ക് സ്വാതന്ത്ര്യം കൊടുത്തു. അതിന്റെ ഫലമായി വളരെ ഗുണകരമായ മാറ്റങ്ങൾ ഈ രംഗത്തുണ്ടായിട്ടുണ്ട്. ഇവിടെ കേരളത്തിലെ 14 ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കാൻ പോവുകയാണ്. ആദ്യഘട്ടമായി എറണാകുളം ജില്ലാ പൈതൃക മ്യൂസിയം കൊച്ചിയിൽ ബാസ്റ്റ്യൺ ബംഗ്ലാവിൽ 5.4 കോടി രൂപ ചെലവിൽ, തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം തൃശ്ശൂർ കൊല്ലംകോട് പാലസിൽ 5.21 കോടി രൂപ ചെലവിൽ, തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയം പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കേ നടയിലുള്ള ശ്രീപാദം കൊട്ടാരത്തിൽ 6.96 കോടി രൂപ

ചെലവിൽ, പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം കൽപ്പാത്തിയിലെ മണിശങ്കർ അയ്യർ ഓഡിറ്റോറിയത്തിൽ 3.96 കോടി രൂപ ചെലവിൽ നിർവ്വഹിക്കുന്ന സ്മാരകം, പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം, കോന്നി ആനത്താവളത്തിനടുത്ത് 2 കോടി രൂപ ചെലവിൽ, വയനാട് ജില്ലാ പൈതൃക മ്യൂസിയം, മാനന്തവാടി പഴശ്ശി കൊട്ടാരത്തിൽ 4.2 കോടി രൂപ ചെലവിൽ ഇങ്ങനെ 14 ജില്ലകളിലും ആരംഭിക്കാൻ പോകുന്ന പൈതൃക മ്യൂസിയങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച സംരംഭങ്ങളാണ്. പഴയ ഗ്രന്ഥങ്ങളും താളിയോല ഗ്രന്ഥങ്ങളുമടക്കം പത്തുലക്ഷം പേജുകൾ സ്കാനിംഗ് പൂർത്തിയാക്കി 1001 ഡിജിറ്റൽ ഗ്രന്ഥങ്ങൾ ലോകത്ത് സമർപ്പിച്ചു. ഇരുളടഞ്ഞ മുറികളിൽ വെളിച്ചം കാണാതെ കിടന്ന അമൂല്യഗ്രന്ഥങ്ങൾ ഇന്ന് ഇന്റർനെറ്റിലൂടെ ഡൗൺലോഡ് ചെയ്താൽ ലോകത്തെവിടെയുമുള്ള മലയാളികൾക്ക് ലഭ്യമാകും. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങൾ മലയാളം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ ഏഴ് ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ ശ്രീനാരായണ ഗുരുവിന്റെ പഠനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീനാരായണഗുരു ഉണ്ടായത് ഈ നാല് വർഷത്തിനിടയിലല്ല. കേരളത്തിൽ ആദ്യമായി ഈ ഗവൺമെന്റ് അതിനുള്ള

നടപടി സ്വീകരിച്ചു. ചെമ്പഴന്തിയിലെ അന്തർദേശീയ പഠന കേന്ദ്രം സജീവമായി മുന്നോട്ടുപോകുന്നു. ലോകത്തെമ്പാടുമുള്ള മലയാളികളുടെ രണ്ടാം തലമുറയ്ക്ക് മലയാളം പഠിക്കാൻ സഹായകമായ മലയാളം മിഷൻ സജീവമായി മുന്നോട്ട് പോവുകയാണ്. കൊണ്ടോട്ടിയിൽ പ്രവർത്തിച്ചുവന്ന മഹാകവി മോയിൻകുട്ടിവൈദ്യ സ്മാരകത്തെ മാപ്പിളകലാ അക്കാഡമിയാക്കി. വിപുലമായ അറബി-മലയാളം റഫറൻസ് ലൈബ്രറി അവിടെ ആരംഭിച്ചു. സർവ്വവിജ്ഞാനകോശം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, നാടൻകലാ അക്കാഡമി, ലളിതകലാ അക്കാഡമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഭാരത് ഭവൻ, വൈലോപ്പിള്ളി സംസ്കൃതിഭവൻ, സാഹിത്യ അക്കാഡമി, സംഗീത നാടക അക്കാഡമി, പുരാരേഖ വകുപ്പ്, പുരാവസ്തുവകുപ്പ് തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളെല്ലാം കഴിഞ്ഞ കാലഘട്ടങ്ങളിൽ സജീവമായി നമ്മുടെ സംസ്ഥാനത്തിന്റെ ഉന്നതമായ സാംസ്കാരിക പാരമ്പര്യം ഉയർത്തി കാണിക്കാൻ പരിശ്രമിച്ചിട്ടുണ്ട്. സാംസ്കാരിക രംഗത്ത് ഒരു റിമോട്ട് കൺട്രോൾ ഭരണമില്ല, സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ഇവിടെ വലിയ നേട്ടങ്ങളുണ്ടായിട്ടുണ്ട്. അതിൽ വളരെയേറെ സംതൃപ്തിയുണ്ട്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ആദിവാസി മൂപ്പനായ ചെമ്പൻ കൊലുമ്പൻ ഇടുക്കിയുടെ ചരിത്രത്തിന്റെ ഭാഗമാണ്. ഇടുക്കി ആർച്ച് ഡാം

നിർമ്മിക്കുന്നതിനുവേണ്ടി അദ്ദേഹം ആ സ്ഥലം കാണിച്ചുകൊടുത്ത ഒരു ചരിത്ര പാരമ്പര്യമുണ്ട്. സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് ഇടുക്കിയിൽ ചെമ്പൻ കൊലുമ്പന്റെ സ്മാരകം പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി 2012-13 ബഡ്ജറ്റിൽ അനൗൺസ്മെന്റുണ്ടായിരുന്നു. ആ നടപടികൾ പൂർത്തീകരിച്ച് അത് എത്രയും പെട്ടെന്ന് സഫലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. റോഷി അഗസ്റ്റിൻ ചൂണ്ടിക്കാണിച്ചതുപോലെ ചെമ്പൻ കൊലുമ്പൻ മുൻകൈ എടുത്ത് ഇടുക്കി ആർച്ച് ഡാം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലോകത്തിന് കാണിച്ചുകൊടുത്ത അദ്ദേഹത്തിന്റെ സ്മാരകം ഈ വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, ഒട്ടേറെ സാസ്കാരിക സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തൊട്ടടുത്ത് സാംസ്കാരിക വകുപ്പിന്റെ സ്ഥലമുണ്ട്. ഇതെല്ലാംകൂടി ഒരു കൾച്ചറൾ കോംപ്ലക്സായി രൂപപ്പെടുത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ ?

ശ്രീ. കെ. സി. ജോസഫ്: സർ, വൈലോപ്പിള്ളി ഭവന്റെ കോംപ്ലക്സിൽ തലസ്ഥാന നഗരിയിലുള്ള സാംസ്കാരിക സ്ഥാപനങ്ങളെല്ലാം ഒന്നായി പ്രവർത്തിക്കുന്ന ഒരു കൾച്ചറൽ കോംപ്ലക്സുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന്

അറിയിക്കുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ശ്രീ. പുരുഷൻ കടലുണ്ടി സ്ഥലം പറഞ്ഞില്ലെങ്കിലും ലക്കിടിയിലുള്ള കുഞ്ചൻനമ്പ്യാർ സ്മാരകത്തിന് ആവശ്യമായ ഫണ്ടില്ല, പക്ഷേ അത് പൂട്ടിയിട്ടൊന്നുമില്ല. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് ആവശ്യമുള്ള ഫണ്ട് നല്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ലക്കിടിയിലെ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന് 2009-2010-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് 1,75,000 രൂപ കൊടുത്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2010-2011-ൽ 13,25,000 രൂപയും 2011-12-ൽ 21,24,000 രൂപയും 2012-13-ൽ 14,75,000 രൂപയും കൊടുത്തിട്ടുണ്ട്. ഫണ്ട് കുറച്ചിട്ടില്ല, പക്ഷേ അവിടെ ശമ്പളം കൊടുക്കാനുള്ള ഫണ്ട് ലഭിക്കുന്നില്ല. പല സ്ഥാപനങ്ങളിലെയും സ്ഥിതി ഇതാണ്. വെള്ളാവൂരിലെ തിരുവിതാംകൂർ ഫോക്‌ലോർ അക്കാഡമി, കലയപുരം കലാഗ്രാമം, നെടിയവിള കലാഗ്രാമം, പൂരക്കളി അക്കാഡമി, പാലക്കാട് വാദ്യോപകരണ മ്യൂസിയം, ഹിൽ പാലസ് മ്യൂസിയം നവീകരണം തുടങ്ങി നിരവധി പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനും നിരവധി സാംസ്കാരിക സ്ഥാപനങ്ങളെ നവീകരിക്കാനും ശ്രമിക്കുന്നുണ്ട്. ഇതുമായി സഹകരിച്ച എല്ലാ എം.എൽ.എ.മാർക്കും ഞാൻ നന്ദി പറയുന്നു. ധനാഭ്യർത്ഥന

അവതരിപ്പിക്കുന്നത് മറ്റൊരു മന്ത്രിയായതുകൊണ്ട് ധനാഭ്യർത്ഥന പാസ്സാക്കാൻ ഞാൻ അപേക്ഷിക്കുകയാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന യുവജനക്ഷേമ ബോർഡും യുവജന കമ്മീഷനും സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മ്യൂസിയം, മൃഗശാല എന്നീ വകുപ്പിനെക്കുറിച്ചുള്ള ധനാഭ്യർത്ഥന ചർച്ചയിൽ വിമർശനങ്ങളൊന്നും ഉണ്ടായിട്ടില്ല. സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കേരളോത്സവം, സംരംഭകത്വ വികസനം, ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങൾ, കലാ-സാസ്കാരിക പരിപാടികൾ, ജോബ് ഫെയറുകൾ, സാമൂഹിക തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, സാഹസിക പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പരിപാടികളിലൂടെ മികച്ച മുന്നേറ്റം നടത്താൻ സംസ്ഥാന യുവജനക്ഷേമ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങളെ കണ്ടെത്തി അവാർഡ് നൽകി ആദരിക്കുന്ന 'സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം' യുവജനങ്ങൾക്ക് നൽകുന്ന ഏറ്റവും വലിയ പുരസ്കാരമെന്ന നിലയിൽ ശ്രദ്ധേയമായിട്ടുണ്ട്. കേരളത്തിലെ യുവജനങ്ങളുടെ സാമൂഹ്യവും

സാമ്പത്തികവും തൊഴിൽപരവുമായ നിജസ്ഥിതി സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് യുവജനക്ഷേമ ബോർഡിന്റെ കീഴിൽ യുവജന പഠന ഗവേഷണകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാന മന്ദിരവും യൂത്ത് കൺവെൻഷൻ സെന്ററും നിർമ്മാണ പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്. ഈ വർഷത്തെ അന്താരാഷ്ട്ര യുവജന ദിനത്തിന് ഇതിന്റെ കെട്ടിടം ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാജ്യത്തിന് മാതൃകയായി കേരള നിയമസഭ പാസാക്കി നിലവിൽവന്ന സംസ്ഥാന യുവജനകമ്മീഷൻ മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ഉപഭോഗത്തിനെതിരെയും സൈബർ കുറ്റങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദുർബ്ബല-പിന്നോക്ക ജനവിഭാഗങ്ങൾ, തോട്ടം തൊഴിലാളികൾ, വ്യാപാര സ്ഥാപനങ്ങളിൽനിന്ന് ജോലി ചെയ്യുന്നവർ ഉൾപ്പെടെയുള്ള യുവാക്കൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങളിൽ കമ്മീഷൻ ഇടപെടുകയും ഫലപ്രദമായ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. യുവജന സമൂഹത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ ശക്തമായ ഒരു സഹായിയായി സംസ്ഥാന യുവജന കമ്മീഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. മ്യൂസിയം-

മൃഗശാല വകുപ്പിൽ വൈവിദ്ധ്യമാർന്ന പദ്ധതികളോടെ സന്ദർശകർ ആഗ്രഹിക്കുന്ന രൂപത്തിൽ തനിമ നിലനിർത്തിക്കൊണ്ട് മ്യൂസിയവും മൃഗശാലയും മനോഹരമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇവിടെയെത്തുന്ന സന്ദർശകരുടെ എണ്ണത്തിൽ വലിയ തോതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അയൽ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും അനാകൊണ്ട ഉൾപ്പെടെയുള്ള പക്ഷി മൃഗാദികളെയും മൃഗശാലയിലെത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. വിനോദത്തിനും വിജ്ഞാനത്തിനും ഏറെ ഉപകാരപ്പെടുന്ന രൂപത്തിലും സന്ദർശകർക്ക് ആവശ്യമായ മറ്റ് ആധുനിക സൗകര്യങ്ങളൊരുക്കുന്നതിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സന്ദർശകർക്ക് ഉപകാരപ്പെടുന്ന രൂപത്തിൽ കൂടുതൽ ബാറ്ററി കാറുകൾ വാങ്ങുന്ന കാര്യത്തിലും കുട്ടികൾക്ക് ഉല്ലാസത്തിനും വിനോദത്തിനും മികച്ച സൗകര്യങ്ങളൊരുക്കുന്നതിനും കൂടുതൽ പുതിയ മൃഗങ്ങളെയും മറ്റു ജീവികളെയും എത്തിക്കുന്നതിന് കേന്ദ്രമൃഗശാല അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി വിവിധ മൃഗങ്ങളുടെ പരിബന്ധങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും കാര്യക്ഷമമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെയും യുവജന കമ്മീഷന്റെയും മ്യൂസിയം-

മൃഗശാല വകുപ്പിന്റെയും ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾക്ക് നന്ദി പറയാൻ കഴിയാതെ പോകുന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഇവിടെയുള്ള ബാക്കി ആളുകൾ പോസിറ്റീവായിട്ടുള്ള നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്. അതിന് നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

സിനിമ ഇപ്പോൾ വലിയ കോൺട്രവേഴ്സിയിൽ നിൽക്കുകയാണ്. ഈ രംഗത്തുള്ള ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് അവരുമായി ഒരു ഡേറ്റ് തീരുമാനിച്ച് ചർച്ച ചെയ്യും. ഇതുപോലുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പോസിറ്റീവായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് അവരുടെ നിർദ്ദേശംകൂടി അംഗീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നതിനുള്ള ശ്രമമാണ്. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ഒട്ടനവധി കാര്യങ്ങൾ ഞങ്ങൾക്ക് നടപ്പിലാക്കാൻ കഴിഞ്ഞു.

സമയത്തിന്റെ ചുരുക്കംകൊണ്ട് അതൊന്നും ദീർഘമായി പറയുന്നില്ല. ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അത് ഭംഗിയായി പോവുകയാണ്. ഇപ്രാവശ്യം ശ്രീ. ഷാജി എൻ. കരുണിനെ ഡയറക്ടറാക്കി ഐ.എഫ്.എഫ്.കെ. (International Film Festival of Kerala) തിരുവനന്തപുരത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചിത്രാഞ്ജലിയെ ഒരു ഫിലിം സിറ്റിയായി ഡെവലപ് ചെയ്യുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അതുമായി ബന്ധപ്പെട്ട ആളുകളുമായി ഔദ്യോഗികമായി ചർച്ച നടത്തി. ഇപ്പോൾ സിനിമാരംഗത്ത് ആറ് സംഘടനകളാണുള്ളത്. ആ ആറ് സംഘടനകളുടെ പ്രതിനിധികളെയും ഇതുമായി താൽപര്യമുള്ള മഹത് വ്യക്തികളെയും വിദഗ്ദ്ധൻമാരെയും ഉൾപ്പെടുത്തി ചർച്ച നടത്തി ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയാണ് നടത്തുന്നത്.

പരിസ്ഥിതി സംബന്ധിച്ച് ഇന്നലെ കേന്ദ്രപരിസ്ഥിതി വകുപ്പുമന്ത്രി ഡൽഹിയിൽ ഒരു യോഗം വിളിച്ചിരുന്നു. നിയമസഭാ സമ്മേളനമായതുകൊണ്ട് എനിക്ക് ആ യോഗത്തിൽ പങ്കെടുക്കാൻ സാധിക്കുകയില്ലെന്നുള്ള വിവരം അദ്ദേഹത്തെ അറിയിച്ചിട്ടുണ്ടായിരുന്നു. കേരളത്തിന്റെ പ്രൊപ്പോസൽ ഞങ്ങൾ കൊടുത്തിട്ടുണ്ട്. 123 വില്ലേജുകളെയാണ് ഇ.എസ്.എ. ( Ecologically Sensitive

Area) ആയി പ്രഖ്യാപിക്കുന്നതിനുവേണ്ടി വച്ചിട്ടുള്ളത്. അതിനുള്ള പരാതികളെല്ലാം ഗവൺമെന്റ് കേൾക്കുന്നുണ്ട്. ആ പരാതികൾ പരിശോധിക്കുന്നതിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റുമാരും എം.എൽ.എ. മാരുമടക്കമുള്ള ജനപ്രതിനിധികളുമായി ആലോചിച്ച് ഒരു കഡസ്ട്രൽ മാപ്പ് തയ്യാറാക്കിയിരുന്നു. ആ മാപ്പിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിനെ വിവരം അറിയിച്ചിട്ടുണ്ട്. ഏറ്റവും സന്തോഷകരമായ കാര്യം, പാരിസ്ഥിതികാനുമതി കൊടുക്കുന്നതിനുവേണ്ടി Environment Impact Assessment നടത്തുകയും അതോടൊപ്പം Environment Clearance കൊടുക്കുന്നതിനുവേണ്ടി ഓൺലൈൻ ആപ്ലിക്കേഷൻ ക്ഷണിക്കുന്നതിനുവേണ്ടിയും തീരുമാനിച്ചു. അതോടുകൂടി ഇതിലുള്ള ധാരാളം സംശയങ്ങൾ മാറ്റാൻ കഴിയും. ട്രാൻസ്പരൻസിയോടുകൂടി കാര്യങ്ങൾ ചെയ്യാൻ കഴിയും. അതുകൊണ്ട് ആ സിസ്റ്റം കഴിയുന്നത്ര വേഗം ഇവിടെ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയാണ്. ഇപ്പോഴുള്ള പല പ്രശ്നങ്ങൾക്കും അത് പരിഹാരമുണ്ടാകുമെന്നുതന്നെയാണ് എന്റെ വിശ്വാസം. സ്പോർട്സ് രംഗത്ത്, സ്പോർട്സ് കൗൺസിൽ ചെയ്തിട്ടുള്ള സേവനങ്ങൾ ഞാൻ ഒരിക്കൽകൂടി വളരെ നന്ദിയോടുകൂടി ഓർക്കുകയാണ്. ഇപ്രാവശ്യം സ്പോർട്സ് രംഗത്ത് ഏതാണ്ട് 16 കോടി രൂപയാണ് വിവിധ മത്സരങ്ങളിൽ കേരളത്തിന്റെ അന്തസ്സ് ഉയർത്തിയ

കായികതാരങ്ങൾക്കായി വിതരണം ചെയ്തിട്ടുള്ളത്. സ്പോർട്സ് രംഗത്ത് കേരളത്തിന്റെ അന്തസ്സ് ഉയർത്തിയ സ്പോർട്സ് താരങ്ങൾക്ക് ഈ വർഷം 16,97,16,335/- രൂപ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ പഴയ കുറെ കടങ്ങളുണ്ടായിരുന്നു. അതായത് 2009 മുതൽ തുകയൊന്നും കാര്യമായി കൊടുക്കാതിരുന്നതുകൊണ്ട് ആ ഇനത്തിൽ കൊടുക്കാതിരുന്ന 4 കോടി രൂപയുംകൂടി ഈ ഗവൺമെന്റ് കൊടുത്തു തീർക്കുകയായിരുന്നു. ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന 12 കോടി രൂപയും 2009 മുതൽ കൊടുക്കാമെന്ന് പറഞ്ഞിട്ടും കൊടുക്കാതിരുന്ന 4 കോടി രൂപയുംകൂടി ചേർത്ത് 16 കോടി രൂപയുള്ള ഒരു വലിയ സാമ്പത്തിക സഹായം കായിക താരങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ഞാൻ സന്തോഷത്തോടുകൂടി പറയുന്നു, കേരളചരിത്രത്തിൽ ആദ്യത്തെ ഒരനുഭവമാണ് കായികതാരങ്ങൾക്ക് ഇത്രയും വലിയ പ്രോത്സാഹനം കൊടുത്തിട്ടുള്ളത്. ഇഞ്ചിയോണിലെ 17-ാമത് ഏഷ്യൻ ഗെയിംസിൽ medal winners ആയി വന്ന കുട്ടികൾക്കുമാത്രം 86 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. അവർക്കെല്ലാം നല്ലരീതിയിൽ പ്രോത്സാഹനം കൊടുക്കാൻ ശ്രമിച്ചിട്ടുണ്ട്. 35-ാമത് നാഷണൽ ഗെയിംസിൽ medal winners ആയി വന്നിട്ടുള്ള കായിക താരങ്ങൾ, അവരുടെ കോച്ചുകൾ, ടീം മാനേജർമാർ, ചീഫ് ഓഫ് ദി മിഷൻ, ഡെപ്യൂട്ടി ചീഫ് ഓഫ് ദി മിഷൻ

ഇങ്ങനെയുള്ള ആളുകൾക്കായി 8,56,85,000/- രൂപ ക്യാഷ് അവാർഡായി കൊടുത്തിട്ടുണ്ട്. അവർ വളരെ സന്തുഷ്ടരാണ്. അവരുടെ ജീവിതത്തിലെ ആദ്യത്തെ ഒരനുഭവമായിട്ടാണ് ഈ കാര്യങ്ങളെക്കുറിച്ച് അവർ പറയുന്നത്. കഴിഞ്ഞ സർക്കാരിന്റെ കടം 4,24,99,914/- രൂപയായിരുന്നു. ആ പണം അന്ന് കൊടുക്കാൻ കഴിഞ്ഞില്ല; അതുകൂടി കൊടുത്ത് കായികരംഗത്ത് ഇപ്പോൾ ഞങ്ങൾ ഒരു ക്ലീൻ സ്ലേറ്റായി നില്ക്കുകയാണ്. ഈ കാര്യങ്ങൾ ഭംഗിയായി കൊണ്ടു പോകുകയാണ്. Institute of Sports Science and Applied Research Kerala - കേരള ചരിത്രത്തിൽ ആദ്യത്തെ ഒന്നാണ്. ഇൻഡ്യയിൽത്തന്നെ ഇതുപോലെ ഭാവനയോടുകൂടിയ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഇതുസംബന്ധിച്ച് ഓസ്ട്രേലിയൻ ഗവൺമെന്റുമായി ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിൽ അതുമായി ബന്ധപ്പെട്ട ആളുകൾ വന്നിരുന്നു. അവരുടെയുംകൂടി സഹായത്തോടെ ഈ ഇൻസ്റ്റിറ്റ്യൂട്ട് ഇൻഡ്യയിലെ നമ്പർ വൺ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടിയിലാണ് ഇപ്പോൾ നില്ക്കുന്നത്. സ്പോർട്സ് സയൻസ്, അനുബന്ധ ഗവേഷണം എന്നിവ വഴി കായികരംഗത്ത് മികവ് നേടുന്ന അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആയി ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇൻഡ്യയിലെ ആദ്യത്തെ സംരംഭമാണിത്. മികവുറ്റ കായികതാരങ്ങൾക്ക് ശാസ്ത്രീയമായി പരിശീലനം നല്കുക, സ്പോർട്സുമായി

ബന്ധപ്പെട്ട പഠനം, പരിശീലനം, ഗവേഷണം എന്നിവ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെയും വിദഗ്ധരുടെയും സഹായത്തോടെ നടപ്പാക്കുക, കായികരംഗത്തുനിന്ന് വിരമിക്കുന്ന താരങ്ങൾക്കും കോച്ചുകൾക്കും അനുയോജ്യമായ രീതിയിൽ അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുക ഇങ്ങനെ ഇതുവരെ കായികരംഗത്തുള്ള ആളുകൾക്ക് കിട്ടാത്ത സഹായം, 35-ാം നാഷണൽ ഗെയിംസിൽ സൂപ്പർ പെർഫോർമൻസ് കാണിച്ച ആ മികവ് ഒന്നുകൂടി extent ചെയ്തുകൊണ്ട് മുന്നോട്ടു പോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആ ഇൻസ്റ്റിറ്റ്യൂട്ട് അതിന് സഹായകരമാകും.

ശ്രീ. എം. പി. വിൻസെന്റ്: സർ, നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട് നല്ലരീതിയിൽ നടത്തുവാൻ കഴിഞ്ഞുവെന്നതിൽ പ്രത്യേകം അഭിനന്ദനമുണ്ട്. പല ആരോപണങ്ങളും കാര്യങ്ങളും പറഞ്ഞാലും അതെല്ലാം അർത്ഥമില്ലാത്ത വാക്കുകളായിപ്പോയി. അതിലുപരി ഒരു കാര്യമുള്ളത് ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നിരവധി സ്റ്റേഡിയങ്ങൾ പുതുക്കിയെടുക്കാനും നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ ഇതെല്ലാം മെയിന്റയിൻ ചെയ്യാനും മറ്റുമായി നടപടികളെടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? അതിനുള്ള ഫണ്ട് ഗവൺമെന്റ് കണ്ടെത്തിയിട്ടുണ്ടോ? ഫണ്ടില്ലെങ്കിൽ നാളെകളിൽ അത്തരം

സ്റ്റേഡിയങ്ങളും മറ്റും നശിച്ചുപോകുന്ന ഒരു അവസ്ഥയുണ്ടാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് വളരെ കറക്റ്റാണ്. നാഷണൽ ഗെയിംസ് കഴിഞ്ഞപ്പോൾ കേരളത്തിന്റെ അന്തസ്സ് വളരെ ഉയർന്നിരിക്കുകയാണ്. ആദ്യം അതിനെതിരായി കുറെ കാര്യങ്ങൾ പറഞ്ഞു നടന്നു. സത്യം പറഞ്ഞാൽ അവരോട് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. കാരണം അവർ തന്നെ ഹൈക്കോടതിയിൽ കേസ് കൊടുത്തതുകൊണ്ട്, ഹൈക്കോടതിയുടെ ഒരു തീരുമാനം വന്നതിനാൽ നമ്മൾ ആ കേസ് വാദിക്കുകയേ വേണ്ട. നമ്മൾ ആ തീരുമാനത്തിന് വിട്ടിരിക്കുകയാണ്. ആ കേസ് സി.ബി.ഐ. അന്വേഷിക്കണം എന്നാണ് ആവശ്യപ്പെട്ടത്. അപ്പോൾ കോടതി ഈ കൊടുത്തിരിക്കുന്ന പെറ്റീഷനകത്ത് അന്വേഷണവിധേയമാകാൻ എന്തെങ്കിലും ഉണ്ടോയെന്നതിനെക്കുറിച്ച് സി.ബി.ഐ. പരിശോധിക്കാനെന്നു പറഞ്ഞ് വിട്ടുകൊടുത്തു. അതനുസരിച്ച് സി.ബി.ഐ. റിപ്പോർട്ടും കൊടുത്തിട്ടുണ്ട്. സി.ബി.ഐ. യ്ക്ക് കൊടുത്ത റിപ്പോർട്ടാണ് എന്റെ കയ്യിലുള്ളത്. സി.ബി.ഐ. റിപ്പോർട്ടിലെ ആദ്യത്തെ രണ്ടുമൂന്ന് പരാമർശങ്ങൾ ശ്രീ. ഷാഫി പറമ്പിൽ ഇവിടെ പറയുകയുണ്ടായി. അവരാകെ പറഞ്ഞത് 9 ആക്ഷേപങ്ങളായിരുന്നു. ആ 9 ആക്ഷേപങ്ങൾക്കും ഒരടിസ്ഥാനവുമില്ല എന്നുപറഞ്ഞു. പിന്നെ അതിൽ

ഒരടിസ്ഥാനമുണ്ടായിരുന്നു, ഇവിടെ ഈ ഗെയിംസ് നടത്താതിരിക്കണം. കേരളത്തിൽ ഈ ഗെയിംസ് നടക്കരുത്. അത് നടക്കാതിരിക്കുന്നതിനുവേണ്ടി അവർ ധാരാളം നടപടികളെടുത്തു. അവർ ജി.ടി.സി.സി.-യുമായി സംസാരിക്കുകയും അവർക്ക് കത്ത് കൊടുക്കുകയും ചെയ്തു. ഇൻഡ്യൻ ഒളിമ്പിക്സ് അസോസിയേഷന് കത്തുകൊടുത്തു. കേന്ദ്രമന്ത്രിമാർ ഇവിടെ വരാതിരിക്കുന്നതിനുവേണ്ടി ശ്രമം നടത്തി. നാഷണൽ ഗെയിംസ് നടത്തിയ ഗ്രീൻ ഫീൽഡ് സ്റ്റേഡിയം ലോകത്തെ രണ്ടാമത്തെ സ്റ്റേഡിയമാണ്. ആ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഇത് നടത്തുന്നത് ശരിയല്ലായെന്നുപറഞ്ഞ് ധാരാളം വാദഗതികൾ നടത്തി. എല്ലാവരുടെയും സഹകരണത്തോടുകൂടി കേരളജനത അതിനെയെല്ലാം മറികടന്നു. അങ്ങനെ ഈ ഗെയിംസിൽ വമ്പിച്ച വിജയം ഉണ്ടായി. കേരളചരിത്രത്തിൽ ആദ്യമായാണ് 162 മെഡലുകൾ നേടാൻ കഴിഞ്ഞത്. 35-ാം ദേശീയ ഗെയിംസിന് മുമ്പ് 34 ദേശീയ ഗെയിംസ് നടന്നിട്ടും ഇതുപോലെ മെഡൽ വാരിക്കൂട്ടാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ടീം നന്നായി പെർഫോം ചെയ്തു. നല്ല വിജയമായിരുന്നു. ആ വിജയത്തെ എല്ലാവരും അഭിനന്ദിച്ചിട്ടുണ്ട്. പലരും, പ്രതിപക്ഷത്തുള്ള ചുരുക്കം ചില ആളുകളും എന്നെ വ്യക്തിപരമായി അഭിനന്ദനങ്ങൾ അറിയിച്ചിട്ടുണ്ട്. പക്ഷെ, ഒന്നുരണ്ടുപേർ അതുമിതുമൊക്കെ പറഞ്ഞു; അത് സ്വാഭാവികമാണ്; അതുകൊണ്ട് ഞാൻ അവരെ

ഒന്നും പറയുന്നില്ല. ഞാൻ പരിശോധിച്ചപ്പോൾ അവർക്ക് ഗെയിംസുമായിട്ട് ഒരു ബന്ധവുമില്ല. ജീവിതത്തിൽ ഒരു തലപ്പന്തുപോലും കളിക്കാൻ 5 മിനിറ്റ് മെനക്കെടാത്ത ആളുകളാണ് ഇതിനെ വിമർശിക്കുന്നതിനുവേണ്ടി വിദഗ്ധൻമാരായി വന്നുപെട്ടതെന്നുള്ള ഒരു ആക്ഷേപം കായികതാരങ്ങൾക്കുണ്ട്. എനിക്ക് ആ ആക്ഷേപമില്ല. ഏതായാലും കായികതാരങ്ങളെ അപമാനിക്കുന്നതിനുവേണ്ടി ശ്രമിക്കരുതായിരുന്നു. ഇവിടെ ശ്രീ. എം. പി. വിൻസെന്റ് ചോദിച്ച ഒരു ചോദ്യം ഉണ്ട്, ഈ പറഞ്ഞ സ്റ്റേഡിയങ്ങൾ സംരക്ഷിക്കുന്ന കാര്യം - 31 വെന്യൂവിലാണ് നാഷണൽ ഗെയിംസ് നടന്നത്. ആ വെന്യൂ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണം. നാഷണൽ ഗെയിംസ് അവസാനിച്ച തൊട്ടടുത്ത ക്യാബിനറ്റിൽത്തന്നെ ഇതിനെ സംബന്ധിച്ച് ഒരു തീരുമാനം എടുത്തിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇതെല്ലാം അതത് പ്രദേശത്തുള്ള ജില്ലാ കളക്ടർമാരും; സ്പോർട്സ് കൗൺസിലിന്റെ കയ്യിലുള്ള സ്റ്റേഡിയം അവരും; സ്പോർട്സ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിലുള്ള സ്റ്റേഡിയങ്ങൾ അവരും നോക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നുരണ്ടു സ്റ്റേഡിയങ്ങൾ നോക്കാൻ പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം മറ്റുചില സ്റ്റേഡിയങ്ങൾ അതേനിലയിൽ കൊടുത്തിട്ടുണ്ട്. നമ്മൾ ഇപ്പോൾ കണ്ടെത്തിയിട്ടുള്ളത്, അതിനുവേണ്ടി ഒരു

സ്പോർട്സ് റെഗുലേറ്ററി അതോറിറ്റി ഉണ്ടാക്കുകയാണ്. കാരണം ഈ സ്റ്റേഡിയങ്ങളുടെയൊക്കെ standardization ഉണ്ടാകണം. Standardization ഉണ്ടായെങ്കിൽ മാത്രമേ ദേശീയ-അന്തർദ്ദേശീയ മത്സരം സംസ്ഥാനത്ത് നടക്കുകയുള്ളൂ. അതിനാവശ്യമായ വിധത്തിൽ വിദഗ്ദ്ധരെ വച്ചുള്ള ഒരു സ്പോർട്സ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുകയാണ്. അതോടൊപ്പംതന്നെ സ്പോർട്സ് ഡെവലപ്പ്മെന്റിനുവേണ്ടി ഞങ്ങൾ ഒരു ഫണ്ട് സ്വരൂപിക്കുകയാണ്. ആ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഇതെല്ലാം നിലനിർത്താൻ കഴിയും. മൂന്നാമത് ഒരു കാര്യം കൂടി ചെയ്യുന്നുണ്ട്, ഈ സ്റ്റേഡിയങ്ങൾ എല്ലാം ആക്ടീവായി എടുക്കുക അപ്പോൾ അതിൽനിന്ന് ഒരു വരുമാനം ഉണ്ടാകും. അങ്ങനെ ഇൻകം ജനറേറ്റിംഗ് ആയി ഒരു സ്കീം കൊണ്ടുവരികയാണ്. ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾക്കുവേണ്ടി ഇത് കൊടുക്കും. ആ മത്സരങ്ങളിൽ നിന്ന് കിട്ടുന്ന വരുമാനം ഈ സ്റ്റേഡിയങ്ങളുടെ നിലനില്പിനുവേണ്ടി വിനിയോഗിക്കണം. നമ്മൾ പരിശോധിച്ചപ്പോൾ ഓരോ സ്റ്റേഡിയത്തിനും വമ്പിച്ച തുക അതിന്റെ മെയിന്റനൻസിനുതന്നെ വേണം. ആ തുക ഗവൺമെന്റിൽനിന്ന് കിട്ടാനുള്ള സാധ്യതയുണ്ടോ എന്ന് പരിശോധിക്കാം. സ്വന്തം കാലിൽ നില്ക്കത്തക്കവിധത്തിൽ പോകാൻ പറ്റുമോ എന്ന് ആദ്യം പരിശോധിക്കുകയാണ്. അതുകൊണ്ട് ഒരു സ്പോർട്സ് ഡെവലപ്പ്മെന്റ് ഫണ്ട്

രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇത് കൊണ്ടുപോകുകയും വേണം എന്ന് കരുതുകയാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട് പല സ്റ്റേഡിയങ്ങൾക്കും അസോസിയേഷനുകൾക്കും equipments വാങ്ങി കൊടുത്തിട്ടുണ്ട്. ഞാൻ ആർച്ചറി അസോസിയേഷന്റെ സ്റ്റേറ്റ് പ്രസിഡന്റാണ്. ആർച്ചറി അസോസിയേഷനുവേണ്ടി മത്സരങ്ങളിൽ പങ്കെടുക്കാൻ നമ്മുടെ കുട്ടികൾക്ക് equipments കൊടുത്തിരുന്നു. അതുപോലെ ടേബിൾ ടെന്നീസിന് ടേബിൾ ടെന്നീസ് ബോർഡുകൾ കൊടുത്തിരുന്നു. അങ്ങനെ കുറെ ഇനങ്ങൾക്ക് equipments സപ്ലൈ ചെയ്തിട്ടുണ്ട്. ആ equipments അസോസിയേഷനുതന്നെ സംസ്ഥാനത്തുള്ള കായികതാരങ്ങൾക്ക് പ്രാക്ടീസ് ചെയ്യാൻ വേണ്ടി കൊടുക്കാൻ സാധിക്കുമോ എന്നുള്ളതാണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ നിർദ്ദേശം നല്ലതാണ്. പക്ഷേ അതിനൊരു ഫൂൾപ്രൂഫ് അറേഞ്ച്മെന്റ് വേണം. കാരണം ഇതിന് നമ്മളൊരു അസെറ്റ് വാല്യൂ തീരുമാനിക്കുകയാണ്. ഒരു നോഷണൽ വാല്യൂ വച്ച് അതിന്റെയടിസ്ഥാനത്തിൽ ഇത് ആവശ്യമുള്ള ആളുകൾക്ക് കൊടുക്കുകയാണ്. സ്പോർട്സ് കൗൺസിൽ അസോസിയേഷനിൽ അഫിലിയേറ്റുചെയ്തിട്ടുള്ള സ്പോർട്സ്

കൗൺസിൽ ചോദിച്ചാൽ അവർക്കിത് പ്രാവർത്തികമാക്കാം. സ്പോർട്സ് കൗൺസിൽ മുഖാന്തിരം അസോസിയേഷനുകൾക്ക് ഇതു വാങ്ങിക്കൊണ്ടുപോകുകയും ചെയ്യാം. ഒരു അസെറ്റ് വാല്യു നമ്മൾ തീരുമാനിക്കുകയും ആ രൂപത്തിൽ ക്രമമായി പോവുകയും ചെയ്താൽ പത്തു കൊല്ലം കഴിഞ്ഞാലും ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകില്ല. അതുകൊണ്ട് ഇത് കറക്ടായി കൊണ്ടുപോകണം. ആ പ്രോസസിലാണ് ഇപ്പോൾ നിൽക്കുന്നത്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഹോക്കി താരവും വൈസ് ക്യാപ്റ്റനുമായ ശ്രീ. പി. ആർ. ശ്രീജേഷ് ഇന്ത്യയുടെ അഭിമാനമാണ്. സ്വീകരണ സമ്മേളനത്തിന് വന്നപ്പോൾ അദ്ദേഹത്തിന്റെ പേരിൽ ഒരു സ്റ്റേഡിയം നിർമ്മിക്കാമെന്ന് അങ്ങ് പറയുകയുണ്ടായി. ഈ വർഷം തന്നെ അത് തുടങ്ങാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. പി. ആർ. ശ്രീജേഷിന്റെ പേരിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. അതിനാവശ്യമായ നടപടികളെടുക്കും. ഇഞ്ചിയോണിലെ മത്സരം കഴിഞ്ഞു മടങ്ങിവന്നപ്പോൾ അദ്ദേഹത്തിന് 15 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. മാത്രവുമല്ല ചരിത്രത്തിലാദ്യമായി എട്ട് ഗ്രേഡ് പ്രൊമോഷനോടുകൂടി ഡി.ഇ.ഒ. ആയി അദ്ദേഹത്തെ നിയമിച്ചിട്ടുണ്ട്. കേരള ഗവൺമെന്റ് അല്ലാതെ ഇന്ത്യയിൽ ഒരു ഗവൺമെന്റും ഇതുപോലൊരു

നടപടിയെടുത്തിട്ടില്ല. അത്രയും കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, അങ്ങയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രമഫലമായാണ് 30 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഷൂട്ടിംഗ് റെയ്ഞ്ച് വട്ടിയൂർക്കാവിൽ സ്ഥാപിച്ചത്. എന്നാൽ അഞ്ചു വർഷം സ്പോർട്സ് വകുപ്പിന്റെ ചുമതല വഹിച്ച മന്ത്രി എന്റെ മുൻഗാമിയായിട്ട് അവിടെ ഉണ്ടായിട്ടുണ്ടെങ്കിലും അദ്ദേഹത്തിന് സ്പോർട്സ് സംബന്ധിച്ച് അവിടെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. 30 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച ഷൂട്ടിംഗ് റെയ്ഞ്ച് മെയിന്റനൻസ് നടത്താൻ ഒരു മാസം 2 ലക്ഷത്തിൽ കൂടുതൽ തുക വേണമെന്നാണ് എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടുള്ളത്. വിവിധ സ്ഥലങ്ങളിൽനിന്ന് ഷൂട്ടിംഗിനായി അവിടെ കുട്ടികൾ വരാറുണ്ട്. ആയതിനാൽ ഈ ഷൂട്ടിംഗ് റെയ്ഞ്ച് സംരക്ഷിക്കാനുള്ള പ്രത്യേക സംവിധാനമുണ്ടാക്കാൻ സ്പോർട്സ് വകുപ്പ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങുമായി ഇക്കാര്യം ഞാൻ സംസാരിച്ചിരുന്നതാണ്. ഷൂട്ടിംഗ് അക്കാഡമിയാണ് നമ്മുടെ മനസ്സിലുള്ളത്. എം.എൽ.എ.-യുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി അവിടെ രൂപീകരിക്കുകയും ആ കമ്മിറ്റി അതിലെ പൊതുവായ കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുകയും ചെയ്യും. ഇപ്പോൾ ആ ഷൂട്ടിംഗ് റെയ്ഞ്ച് പരിപാലിക്കാൻ സ്പോർട്സ് ഡയറക്ടേറ്റിനെയാണ്

ചുമതലപ്പെടുത്തിയിരിക്കുന്നത്. അവരെ അഡ്രൈസ് ചെയ്യുന്നതിനുവേണ്ടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഉണ്ടാകും. ഷൂട്ടിംഗ് അക്കാഡമി സ്ഥാപിച്ചാൽ ഇന്റർനാഷണൽ മത്സരങ്ങൾ അവിടെ കൊണ്ടുവരാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, നമ്മുടെ അഭിമാനതാരമായ ശ്രീമതി. ടിന്റു ലൂക്ക എന്റെ നിയോജക മണ്ഡലത്തിലാണ്. ശ്രീമതി. ടിന്റു ലൂക്ക വിജയ കിരീടവുമായി വന്നപ്പോൾ സംസ്ഥാന സർക്കാർ 25 ലക്ഷം രൂപ നൽകി. നേരത്തേ തലശ്ശേരി-മൈസൂർ റോഡിൽ 10 സെന്റ് സ്ഥലവും വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപയും സൗജന്യമായി നൽകിയിരുന്നു. അങ്ങനെ 35 ലക്ഷം രൂപയും പത്തു സെന്റ് സ്ഥലവും നൽകി ശ്രീമതി. ടിന്റു ലൂക്കയ്ക്ക് വീട് നിർമ്മിച്ചു നൽകിയ സർക്കാരിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം നാഷണൽ ഗെയിംസിൽ സ്വർണ്ണത്തിളക്കം നേടിയെടുത്ത ജോലിയില്ലാത്ത കുട്ടികൾക്ക് ജോലി നൽകണം എന്നൊരു ആവശ്യമുണ്ട്. അതിനെ സർക്കാർ അനുകൂലമായി പരിഗണിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 54 പേരാണ് നാഷണൽ ഗെയിംസിൽ ഗോൾഡ് മെഡൽ നേടിയിട്ടുള്ളത്. ആ 54 പേരിൽ individual ഇനത്തിൽ ഗോൾഡ്, സിൽവർ, ബ്രോൺസ് - ഇവ മൂന്നും വാങ്ങിയിട്ടുള്ളവർക്ക്

ജോലികൊടുക്കുന്നതിനുള്ള പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം നാഷണൽ റിക്കോർഡ് നേടിയിട്ടുള്ള നാലുപേരുണ്ട്. അവർക്ക് ഗസറ്റഡ് തസ്തികയിൽ ജോലി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ വടകരയിലെ ഒരു കളരി അക്കാഡമിയിൽ രണ്ടു പ്രാവശ്യം ഞാൻ പോയിട്ടുണ്ട്. അവിടെ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ അവിടേയ്ക്ക് അയയ്ക്കുകയും അവർ അവിടെ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ബാക്കി കാര്യങ്ങൾ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ചെങ്ങന്നൂരിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്കും സിമ്മിംഗ് പൂളും നൽകാമെന്ന് അങ്ങ് പ്രഖ്യാപിച്ചിരുന്നതാണ്. അതിന്റെ പ്രൊപ്പോസൽ കായിക വകുപ്പിലുണ്ട്. അത് എത്രയും വേഗം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പല എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലത്തിലേയ്ക്കുള്ള ധാരാളം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെയെല്ലാം പൊതുവായിട്ടുള്ള കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. ബഡ്ജറ്റിൽ വന്നതിന്റെ പ്രോസസ് നടത്തി ശരിയായി പോകുന്നുണ്ട്. ചെങ്ങന്നൂർ

സ്റ്റേഡിയത്തിന്റെ തറക്കല്ലിടുന്നതിൽ ഞാൻ പങ്കെടുത്തിരുന്നു. അതുപോലെ മൾട്ടി പ്ലസ് സ്റ്റേഡിയത്തിന്റെ ഉദ്ഘാടനത്തിനും ഞാൻ വന്നിരുന്നതാണ്. ബാക്കിയുള്ള കാര്യങ്ങളും വളരെ ഗൗരവമായി നോക്കുന്നുണ്ട്. ഇതുൾപ്പെടെ, പൂഞ്ഞാറിലെ ജി.വി. രാജ സ്റ്റേഡിയം....... ഇൻഡിവിഡ്വൽ ആയിട്ടുള്ള നിരവധി പ്രൊപ്പോസലുകളുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി പൂർണ്ണമായി ചെയ്യുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഫുട്ബോളിനെ ഏറെ സ്നേഹിക്കുന്നവരാണ് മലപ്പുറത്തെ ജനങ്ങൾ. മലപ്പുറം കോട്ടപ്പടിയിൽ നവീകരിച്ച സ്റ്റേഡിത്തിന്റെ ഉദ്ഘാടനത്തിന് എത്തിയപ്പോൾ മലപ്പുറത്ത് ഒരു ഫുട്ബോൾ അക്കാഡമി സ്ഥാപിക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചിരുന്നതാണ്. അത് എത്രയുംവേഗം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ടുമൂന്ന് പ്രാവശ്യം ഇക്കാര്യം ഓഫീസേഴ്സിനെക്കൂടി ഇരുത്തി ഞാൻ സംസാരിച്ചിരുന്നതാണ്. അത് പ്രോസസ്സിലിരിക്കുകയാണ്. അതിന്റെ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. മറ്റൊരു കാര്യം കൂടി എനിക്ക് പറയാനുണ്ട്. നേരത്തെ നാഷണൽ ഗെയിംസിന്റെ ചില കാര്യങ്ങളൊക്കെ കണ്ട് ഇന്ന് മാധ്യമം പത്രത്തിൽ ഒരു വാർത്തവന്നു. 2009-ൽ

ആരംഭിച്ച നടപടികളാണ്. ആ നടപടി ഈ ഗവൺമെന്റുമായി ഒരു ബന്ധവുമില്ലാത്തതാണ്. അതുകൊണ്ട് ആ വാർത്ത ഞാൻ നിഷേധിക്കുന്നു എന്ന് മാത്രമേ പറയുന്നുള്ളൂ. സ്പോർട്സ് രംഗത്ത് ഇനിയും മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. അതിന് പൊതുവേ എല്ലാവരുടേയും സഹായസഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

സ്പോർട്സ് കൗൺസിലിന്റെ കാലാവധി കഴിഞ്ഞു. കാലാവധി കഴിഞ്ഞ സ്പോർട്സ് കൗൺസിലിന്റെ ഒരു പ്രശ്നമുള്ളത് ഒന്നുകിൽ 5 വർഷമോ അല്ലെങ്കിൽ തെരഞ്ഞെടുത്ത മറ്റൊരു സമിതി വരുന്നതുവരെയോ whichever is later എന്ന നിലയിലാണ് പണ്ടൊരു നിയമമുള്ളത്. ആ നിയമം കുറച്ച് അപാകതയുള്ളതാണ്. അതുകൊണ്ട് ആ നിയമം മാറ്റുന്നതിനുവേണ്ടി തീരുമാനിക്കുകയും ബില്ല് തയ്യാറാക്കി ഓർഡിനൻസായി ഇറക്കുന്നതിനുവേണ്ടി നിയമസഭാ സമ്മേളനത്തിന് മുമ്പ് ഗവർണ്ണർക്ക് അയച്ചിരുന്നു. ഇപ്പോൾ സമ്മേളനം കൂടാൻ തീരുമാനിച്ചിരുന്നതുകൊണ്ട് അത് ബില്ല് ആയി വരട്ടെ എന്നുപറഞ്ഞ് അദ്ദേഹത്തിന്റെ ഒപ്പീനിയനോടുകൂടി മടങ്ങിക്കിട്ടി. അത് ഡിപ്പാർട്ടുമെന്റിൽ റെഡിയായിരിക്കുകയാണ്. ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് സമയം കിട്ടിയാൽ തീർച്ചയായും ബി.എ.സി.-യുടെ തീരുമാനത്തിന് വിധേയമായി ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കും. ഇല്ലെങ്കിൽ നിയമപരമായ മറ്റ്

മാർഗ്ഗങ്ങളിലൂടെ പോകുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും സംസാരിച്ചവരോട് ഞാൻ നന്ദി പറയുകയാണ്. പുസ്തകത്തെ സംബന്ധിച്ചും എസ്.എസ്.എൽ.സി. റിസൾട്ടിനെ സംബന്ധിച്ചുമാണ് ഇവിടെ പുതിയതായി കാര്യമായ വിമർശനങ്ങൾ വന്നത്. മറ്റു കാര്യങ്ങൾ എല്ലാം തന്നെ കഴിഞ്ഞ നാലു വർഷമായി ഓരോ അവസരങ്ങളിലും പ്രതിപക്ഷത്തുനിന്നും പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. പാഠപുസ്തകത്തിന്റെ കാര്യം രണ്ടുമൂന്നു തവണ സഭയിൽ വ്യക്തമാക്കിയതാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലും പാഠപുസ്തകം കൃത്യസമയത്തും സമയത്തിനുമുൻപും കൊടുക്കാൻ കഴിഞ്ഞു. അതിനുമുൻപുണ്ടായിരുന്ന ഗവൺമെന്റിന്റെ കാലത്ത് പാഠപുസ്തകങ്ങൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുണ്ടായ പ്രശ്നങ്ങൾ ശ്രീ. ഷാഫി പറമ്പിൽ സംസാരിച്ചപ്പോൾ പേപ്പർ കട്ടിംഗ് അടക്കം ക്വാട്ടുചെയ്തുകൊണ്ട് ഇവിടെ പറഞ്ഞു. അതേയവസരത്തിൽ കഴിഞ്ഞ വർഷവും അതിനുമുൻപുള്ള വർഷവും 'കുട്ടികളെ കാത്തിരിക്കുന്ന പുസ്തകം' എന്നുള്ള ടൈറ്റിലിലാണ് പല പത്രങ്ങളിലും വാർത്തകൾ വന്നത്. കാരണം അത്രയും നേരത്തേ പുസ്തകങ്ങൾ അച്ചടിക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് കഴിഞ്ഞ തവണ

സംസാരിച്ചപ്പോൾ മൂന്നുവർഷം നേരത്തെ കൊടുത്തതുകൊണ്ടാണ് ഒരു മാസം ഡിലേ വന്നത് വലിയ പ്രശ്നമായി പ്രതിപക്ഷം കാണുന്നതെന്ന് ഞാൻ പറഞ്ഞത്. ഏതായാലും ഡിലേ ഡിലേ തന്നെയാണ്. അത് ആരും നിഷേധിക്കുന്നില്ല. 20-ാം തീയതിയോടുകൂടി പുസ്തകം അച്ചടിച്ചുകൊടുക്കാനുള്ള എല്ലാ പരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. കെ.ബി.പി.എസ്. ആണ് കഴിഞ്ഞ കുറെ വർഷമായി പുസ്തകം അച്ചടിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷവും അവരെ തന്നെയാണ് ഏൽപ്പിച്ചത്. അവസാനനിമിഷമാണ് ഇത്രയും ബുക്ക് ബാക്കിവരുമെന്നവർ പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റിൽ ചർച്ച ചെയ്തതിനുശേഷമാണ് ഗവൺമെന്റ് പ്രസ്സിനും കൂടി കൊടുക്കാൻ തീരുമാനിച്ചത്. ഗവൺമെന്റ് പ്രസ്സും കെ.ബി.പി.എസ്.- ഉം കൂടി അടിച്ചിട്ടും പൂർത്തിയാക്കാൻ കഴിയില്ലായെന്ന് പറഞ്ഞപ്പോൾ, ക്യാബിനറ്റ് തന്നെയാണ് ഷോർട്ട് ടെണ്ടർ വിളിക്കാൻ പറഞ്ഞത്. ആ ഷോർട്ട് ടെണ്ടറിൽ ഒരു കക്ഷിമാത്രം വന്നതുകൊണ്ടാണ് ആ ടെണ്ടർ വീണ്ടും ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് പോയത്. ഒരു ടെണ്ടർമാത്രമായി അംഗീകരിക്കണ്ട വീണ്ടും ടെണ്ടർ വിളിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വീണ്ടും എല്ലാ ടെണ്ടർ പ്രോസസും പൂർത്തിയാക്കാൻ ഒന്ന്-രണ്ടുമാസം കാലതാമസം വേണ്ടിവരും എന്നുപറഞ്ഞതിനാൽ ആ സമയത്ത്

പെട്ടെന്നുതന്നെ കെ.ബി.പി.എസ്. പുസ്തകങ്ങൾ അച്ചടിച്ചുതരാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അവരെ ഏൽപ്പിച്ചത്. അല്ലാതെ ആർക്കെങ്കിലും പുറംകരാർ കൊടുത്ത് പണം ഉണ്ടാക്കാനോ അഴിമതി നടത്താനോ ഒരു ഉദ്ദേശവും ഉണ്ടായിരുന്നില്ല. ഇക്കാര്യങ്ങളിൽ വിദ്യാഭ്യാസവകുപ്പുമന്ത്രി സ്വന്തമായി ഒരു തീരുമാനവും എടുത്തിട്ടില്ല. അച്ചടി വകുപ്പുമന്ത്രിയും ക്യാബിനറ്റുമൊക്കെ അറിഞ്ഞുകൊണ്ടാണ് ഇക്കാര്യത്തിൽ തീരുമാനങ്ങളെടുത്തിട്ടുള്ളത്. ഇന്നലെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും ഉദ്യോഗസ്ഥരും കൂടി യോഗം ചേർന്നു. കാരണം വിദ്യാഭ്യാസ വകുപ്പ് മാത്രം ചെയ്യുന്ന ഒരു കാര്യമല്ല. അച്ചടിവകുപ്പും വിദ്യാഭ്യാസവകുപ്പും എല്ലാവരും കൂടി ചെയ്യുന്ന ഒരു കാര്യമാണ്. മാത്രമല്ല ഈ വർഷവും കഴിഞ്ഞ വർഷവും ഒരു പ്രത്യേകതയുള്ളത് ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ പാഠപുസ്തകങ്ങളും പരിഷ്ക്കരിച്ചു. ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ ഇനി ഒൻപത്, പത്ത് മാത്രമാണ് അടുത്ത അദ്ധ്യയന വർഷം ഇറങ്ങാനുള്ളത്. അതിന്റെ പരിഷ്ക്കരണം ഇപ്പോൾ തുടങ്ങിയിരിക്കുകയാണ്. 1,3,5,7,11 ക്ലാസ്സുകളിലെ പുസ്തകങ്ങൾ കഴിഞ്ഞ കൊല്ലം പരിഷ്ക്കരിച്ചു. ഇക്കൊല്ലം കുട്ടികൾ അത് പഠിച്ചു. 2, 4, 6, 8, 12 ക്ലാസ്സുകളിലെ പരിഷ്ക്കരിച്ച പുസ്തകങ്ങളാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ഒരു കാര്യം

എനിക്ക് പറയാൻ കഴിയും, പുസ്തകങ്ങൾ പരിഷ്കരിച്ചുവെന്ന് മാത്രമല്ല അടിക്കുന്ന പേപ്പറിന്റെ ക്വാളിറ്റി മാറ്റി, കളർ പ്രിന്റ് ആക്കി, ഇതിനൊക്കെ കാലതാമസം വരുന്നുണ്ട്. പാഠപുസ്തകങ്ങൾ മുഴുവൻ എസ്.സി.ഇ.ആർ.ടി.-യുടെയും ഐ.റ്റി @ സ്കൂളിന്റെയും സൈറ്റുകളിൽ ഉണ്ട്. കഴിഞ്ഞ കാലങ്ങളിൽ പാഠപുസ്തക പരിഷ്കരണം നടക്കുമ്പോൾ പുസ്തകങ്ങളിൽ വന്നിട്ടുള്ള പാഠഭാഗങ്ങളെയും ഫോട്ടോകളെയും സംബന്ധിച്ച് പരാമർശങ്ങളും വിവാദങ്ങളും ഉണ്ടാകാറുണ്ട്. പക്ഷെ ഈ രണ്ടു വർഷവും ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള പരിഷ്കരിച്ച പുസ്തകങ്ങളെ സംബന്ധിച്ച് ഒരു പരാമർശവും വിവാദവും വന്നിട്ടില്ലായെന്നത് വിദ്യാഭ്യാസവകുപ്പിന്റെ ഏറ്റവും വലിയ നേട്ടമായി കാണാൻ സാധിക്കും. ഒരു വിവാദവും ഉണ്ടായിട്ടില്ല. അങ്ങനെയൊക്കെയുള്ള സാഹചര്യത്തിൽ ചില പ്രശ്നങ്ങൾ കൊണ്ട് അൽപ്പം കാലതാമസം വന്നുവെന്നുള്ളതിനാണ് ഇപ്പോൾ പ്രതിപക്ഷം ഈ രീതിയിലുള്ള ബഹളങ്ങളും സമരങ്ങളും നടത്തുന്നത്. ഏതായാലും അതുസംബന്ധിച്ച് ചർച്ച വച്ചിട്ടുണ്ട്. അത് അതിന്റേതായ രീതിയിൽ പരിഹരിക്കാം. എസ്.എസ്.എൽ.സി. റിസൾട്ടിന്റെ കാര്യവും അതുപോലെ തന്നെ. മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ നേരത്തെ തന്നെ എസ്.എസ്.എൽ.സി. റിസൾട്ട് പബ്ലിഷ് ചെയ്യാൻ സാധിച്ചു. ഈ വർഷവും അങ്ങനെ എല്ലാവരോടുംകൂടി ആലോചിച്ചിട്ടാണ് തീരുമാനിച്ചത്.

പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ, അതിന്റെ ഡി.റ്റി.പി. അയയ്ക്കുന്ന സ്ഥലത്ത്, പരീക്ഷാഭവനിൽ, അതുപോലെതന്നെ സർവ്വറിന്റെ കാര്യത്തിലുമൊക്കെ ചെറിയ ചെറിയ അപാകതകൾ ഉണ്ടായിട്ടുണ്ടെന്നുള്ള പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ വച്ചത്. അവരുടെ അന്വേഷണ റിപ്പോർട്ട് ഇപ്പോൾ വരാനിരിക്കുകയാണ്. അതിൽ എന്തെങ്കിലും അപാകതകൾ കരുതി കൂട്ടി ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കും. ഇവിടെ നേരത്തെ പ്രസംഗിച്ചപ്പോൾ പറഞ്ഞതുപോലെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജയിച്ച കുട്ടികൾ തോറ്റു. മുഴുവൻ വിഷയങ്ങളിലും എ-പ്ലസ് കിട്ടിയവർക്ക് അത് നഷ്ടപ്പെട്ടു. പക്ഷെ ഇപ്രാവശ്യം 16-ാം തീയതിയുള്ള റിസൾട്ട് 20-ാം തീയതി പ്രസിദ്ധീകരിച്ചു. രണ്ടു തവണ പ്രസിദ്ധീകരിച്ചു എന്നുപറഞ്ഞത്, രണ്ടാമത് അതിന്റെ കറക്ഷൻ വന്നതാണ്. ആ കറക്ഷൻ വന്നിട്ടുപോലും നേരത്തേ എ-പ്ലസ് കിട്ടിയ ഒരു കുട്ടിയുടെയും എ-പ്ലസ് നഷ്ടപ്പെട്ടിട്ടില്ല. നേരത്തേ ജയിച്ച ഒരു കുട്ടിയും തോറ്റിട്ടില്ല. ആകെ റിസൾട്ടിൽ .5 ശതമാനം മാറ്റം വന്നുവെന്നല്ലാതെ ഒന്നും സംഭവിച്ചിട്ടില്ല. അപ്പോഴും എന്തു പറഞ്ഞു, ഇത്രയും ശതമാനം കുട്ടികൾ പാസാകുന്നു പിന്നെ പരീക്ഷ നടത്തണമോ? ഒരാഴ്ച കഴിഞ്ഞാണ് സി.ബി.എസ്.ഇ.-യുടെ റിസൾട്ട് വന്നത്. സി.ബി.എസ്.ഇ. 99.5

ശതമാനം വിജയം കൈവരിച്ചു. അപ്പോൾ ആർക്കും ഒന്നും പറയാനില്ല. ഈ രീതിയിലുള്ള വിമർശനങ്ങൾക്കുവേണ്ടിയുള്ള വിമർശനങ്ങളാണ് ഇവിടെ നടത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ ലോകത്തെമ്പാടും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ചുള്ള സമഗ്രമായ പരിഷ്കരണം വേണം എന്നതാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അത് ഏറ്റവും താഴെത്തട്ടുമുതൽ തുടങ്ങുകയും യൂണിവേഴ്സിറ്റി തലം വരെ കൊണ്ടുപോകുകയും വേണം. അതിന്റെ ഭാഗമായിട്ടാണ് ഒട്ടേറെ കാര്യങ്ങൾ ഞങ്ങൾ ചെയ്തത്.

അതുപോലെതന്നെ പ്രീ-പ്രൈമറി ടീച്ചർമാരുടെ ശമ്പളവും മറ്റുകാര്യങ്ങളും വളരെ ശോചനീയമായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് അയ്യായിരം രൂപയാക്കാൻ തീരുമാനിച്ചു. അതിന് ഒരു പാഠ്യപദ്ധതി ഉണ്ടാക്കി ഇക്കൊല്ലം മുതൽ അത് കൊടുക്കാൻ പോകുകയാണ്. പാഠപുസ്തകങ്ങൾ മുഴുവൻ മാറ്റി, സ്കൂളുകളിലെ ടൈം ടേബിളുകൾ മാറ്റി. അദ്ധ്യാപകരുടെ പരിശീലനരീതിയിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവന്നു. കലയ്ക്കും സാഹിത്യത്തിനുമുള്ള പിരീഡുകൾ ക്രമീകരിച്ചു. അങ്ങനെ ഒരുപാട് മാറ്റങ്ങൾ സ്കൂൾ തലത്തിൽ നടത്തി. ഹയർ സെക്കണ്ടറി ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി കൊണ്ടുവന്നു. കോളേജുകൾ ഇല്ലാത്ത എല്ലാ നിയോജകമണ്ഡലങ്ങളിലും കോളേജുകൾ കൊണ്ടുവന്നു. ഇവിടെ അഞ്ച്-പത്തു

വർഷമായി കോളേജുകളിൽ ഒരു കോഴ്സും കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും ഏകദേശം 219 ഓളം പുതിയ കോഴ്സുകൾ കൊടുത്തു. അതിനുപുറമേയാണ് 22 ഗവൺമെന്റ് കോളേജുകൾ പുതിയതായി തുടങ്ങിയത്. മലയാള സർവ്വകലാശാല തുടങ്ങി, ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വന്നു. അക്കാഡമിക് സിറ്റി വന്നില്ലായെന്ന് പറഞ്ഞു. അക്കാഡമിക് സിറ്റിയുടെ കാര്യം ഈ വർഷമാണ് പ്രഖ്യാപിച്ചത്. അത് അസംബ്ലിയിൽ പറയുകയും ചെയ്തു. നവംബർ മാസത്തിൽ ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് നടത്തി, അതിന്റെ തുടർ നടപടിയായി അക്കാഡമിക് സിറ്റി സ്ഥാപിക്കാൻ വേണ്ടിയുള്ള നടപടികളിലേയ്ക്ക് പോകുകയാണ്. അന്താരാഷ്ട്ര തലത്തിലുള്ള യൂണിവേഴ്സിറ്റികളെ ക്ഷണിച്ചുകൊണ്ട് അവരുടെയൊക്കെ കോഴ്സുകൾ ഇവിടെ പഠിപ്പിക്കാൻ കഴിയുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ പോകുകയാണ്. ലോകത്തെമ്പാടുമുള്ള മാറ്റങ്ങൾ കാണാതെ കേരളത്തിൽ മാത്രം കിണറ്റിലെ തവളപോലെ ഒതുങ്ങിയിരിക്കാൻ സാധിക്കുകയില്ല. അക്കാഡമിക് സിറ്റിയാണെങ്കിലും കോളേജുകൾക്ക് ഓട്ടോണമിയാണെങ്കിലും ചിന്തിക്കുന്നത് അതുകൊണ്ടാണ്. നേരത്തെ ശ്രീ. രാജേഷ് പ്രസംഗിച്ചപ്പോൾ പ്രൈവറ്റ് സർവ്വകലാശാല തുടങ്ങാൻ തീരുമാനിച്ചു എന്നുപറഞ്ഞു. അങ്ങനെയൊരു തീരുമാനം

ഗവൺമെന്റ് എടുത്തിട്ടില്ല. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വിദ്യാഭ്യാസ മേഖലയിലെ പുതിയ സാദ്ധ്യതകളെ കുറിച്ച് ചർച്ച ചെയ്യുന്നുണ്ടാകും, പഠിക്കുന്നുണ്ടാകും. അതല്ലാതെ ഗവൺമെന്റ് അതിനുവേണ്ടിയുള്ള ഒരു തീരുമാനവും എടുത്തിട്ടില്ല. സർവ്വകലാശാലാ നിയമങ്ങൾക്കുവേണ്ടിയുള്ള ഓർഡിനൻസും ബില്ലും കൊണ്ടുവന്നതാണ്. പക്ഷെ സഭയിൽ നമുക്ക് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അത് വീണ്ടും ഗവർണ്ണർക്ക് പോയിരിക്കുകയാണ്. അടുത്തുതന്നെ അത് വരുന്നതാണ്. കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമിയൊക്കെ സ്വകാര്യ വ്യക്തികൾക്ക് ഗവൺമെന്റ് പതിച്ചുകൊടുക്കുകയാണ് എന്നുപറഞ്ഞു. അങ്ങനെയൊരു സംഭവം നടന്നിട്ടില്ല. കോഴിക്കോട് സർവ്വകലാശാലയെ കുറിച്ചുപറയുമ്പോൾ എല്ലാ സമയത്തും ഉള്ളതും ഇല്ലാത്തതും അസത്യങ്ങളും അർദ്ധ സത്യങ്ങളുമായിട്ടുള്ള കാര്യങ്ങളാണ് പറയുന്നത്. പണ്ടുപറഞ്ഞ കാര്യങ്ങൾതന്നെ ഇപ്പോഴും ആവർത്തിച്ചുകൊണ്ടാണ് പ്രതിപക്ഷത്തുനിന്നുള്ള മെമ്പർമാർ സംസാരിക്കുന്നത്. സ്കൂളുകളിലെ യൂണിഫോമിന്റെ കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ ചെലവിൽ ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും കഴിഞ്ഞ കൊല്ലം ചെയ്തതുപോലെതന്നെ കൊടുക്കുന്നുണ്ട്. അതിനുള്ള പണം ഡി.ഇ.ഒ.-മാർക്ക് എത്തിച്ചു കഴിഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഉച്ച ഭക്ഷണത്തിന് ഒരു

രൂപ വർദ്ധിപ്പിച്ചത്. പി.റ്റി.എ.-കളാണ് അത് നടത്തുന്നത്. അവർക്ക് അതനുസരിച്ചുള്ള വിഭവങ്ങൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. ഹെഡ്മാസ്റ്റർമാരുടെ പോസ്റ്റിംഗും ഡി.ഒ. മാരുടെ പോസ്റ്റിംഗും എല്ലാംതന്നെ കഴിഞ്ഞ ആഴ്ചയിലും ഈ ആഴ്ചയിലുമായി നടന്നുകൊണ്ടിരിക്കുകയാണ്. റിസോഴ്സ് ടീച്ചേഴ്സിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റാണ് അതിന്റെ പണം തരുന്നത്. കേന്ദ്ര ഗവൺമെന്റ് ആർ.എം.എസ്.എ. ഫണ്ടിൽ നിന്നും നൽകുന്ന പണമാണ്. ആ പണത്തിൽ വന്ന കുറവാണ് നിലവിലുള്ള ടീച്ചേഴ്സിൽ കുറച്ചുപേരെ ഒഴിവാക്കേണ്ടി വന്നത്. എന്തായാലും അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. എങ്ങനെ നമുക്ക് അവരെക്കൂടി നിലനിർത്താൻ കഴിയുമെന്നത് മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കേണ്ടതായിട്ടുണ്ട്. സ്കൂളുകളിലുള്ള ഒഴിവുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷമായി നമുക്ക് അറിയാം, നമ്മുടെ എക്കാലത്തെയുമുള്ള ഏറ്റവും വലിയ നേട്ടമായി പറയാൻ കഴിയുന്നത് അദ്ധ്യാപക പാക്കേജ് ആണ്. ആ വിഷയം മിക്കവാറും ഇന്നത്തെ ക്യാബിനറ്റിൽ കൊണ്ടുവരുന്നുണ്ട്. അത് പാസ്സായിക്കഴിഞ്ഞാൽ അദ്ധ്യാപക മേഖലയിലുള്ള 99 ശതമാനം പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കും. അങ്ങനെ വരുമ്പോൾ സ്കൂളുകളിലെ തസ്തികകളുടെ

അഭാവവും നമ്മുടെ ആർ.എം.എസ്.എ. സ്കൂളുകളുടെയും മറ്റു സ്ഥലങ്ങളിലെയും തസ്തികകളുടെ അഭാവവും നികത്താൻ സാധിക്കും. നേരത്തെ ഹയർ സെക്കണ്ടറി സ്കൂളുകളുടെയും കോളേജുകളുടെയും കാര്യം പറഞ്ഞു. വിക്ടേഴ്സ് ചാനലിനെ കുറിച്ച് നേരത്തെ പറഞ്ഞു. വിക്ടേഴ്സ് ചാനൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നന്നായി നടന്നു ഇപ്പോൾ മോശമാണ് എന്ന്. അത് നേരെ തിരിച്ചാണ്. വിക്ടേഴ്സ് ചാനൽ ഏറ്റവും നന്നായി നടക്കുന്നത് ഇപ്പോഴാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ പോയി എൻട്രൻസ് കോച്ചിംഗിന് സൗകര്യമില്ലാത്ത കുട്ടികൾക്ക് വീട്ടിലിരുന്നുകൊണ്ട് സൗജന്യമായി കോച്ചിംഗ് സൗകര്യം ലഭ്യമാക്കുന്നതിന് പ്രഗത്ഭരായ അദ്ധ്യാപകരുടെ ക്ലാസ്സുകൾ ആ ചാനലിലൂടെ അവർക്ക് കൊടുക്കുകയാണ്. 8,9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രത്യേകമായി ട്യൂഷൻ ക്ലാസ്സും അതുവഴി കൊടുക്കുന്നുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, പാഠപുസ്തക വിവാദം നിലനിൽക്കുന്ന സമയത്തുതന്നെ വിപ്ലവകരമായ ഒരു നേട്ടം നമ്മൾ കാണാതെ പോകുന്നുണ്ട്. ഐ.ടി @ സ്കൂളിലെ ശ്രീ നൗഫൽ ഉൾപ്പെടെയുള്ള ആളുകളുടെ നേതൃത്വത്തിൽ കണ്ടെത്തിയ ഡിജിറ്റൽ കൊളാബറേറ്റീവ് ടെക്സ്റ്റ്ബുക്ക് എന്ന ഇൻവെൻഷൻ ഹിസ്റ്ററിക്കാണ്, വിപ്ലവകരമാണ്. ഇനിയുള്ള കാലഘട്ടത്തിൽ കുട്ടികളുടെ കൈവശം പാഠപുസ്തകം മാത്രമായിരിക്കില്ല ടാബ്ലെറ്റുകൾപ്പെടെയുള്ള സംവിധാനങ്ങൾ അവർക്ക്

അനിവാര്യമായിത്തീരും. അതുകൊണ്ട് നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിലെ ഏറ്റവും നിർണ്ണായക മാറ്റമാകുന്ന DCT കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ് : ഞാൻ അക്കാര്യത്തിലേയ്ക്ക് വരികയാണ്. IT @ school-ന്റെ ഭാഗമായി ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം നമ്മൾ ചെയ്തുകൊണ്ടിരിക്കുകയാണ്. 24 മണിക്കൂറും സംപ്രേഷണം നടത്തുന്ന ഒരു ചാനലായി IT @ School-ന് കീഴിലുള്ള വിക്ടേഴ്സ് ചാനൽ മാറിയിട്ടുണ്ട്. അതിനുപുറമേയാണ് ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചതുപോലെ, ഈ ഗവൺമെന്റിന്റെ നാലാം വാർഷികത്തിൽ പ്രഖ്യാപിച്ച അഞ്ച് പദ്ധതികളിൽ ഒന്നാണ് ഡിജിറ്റൽ കൊളാബറേറ്റീവ് ടെക്സ്റ്റ്ബുക്ക്. സ്കൂളുകളിൽ പഠിപ്പിക്കുന്ന മുഴുവൻ വിഷയങ്ങളുടേയും പാഠഭാഗങ്ങൾ സൈറ്റിൽ അപ്ലോഡ് ചെയ്ത്, അതിലെ ഹാർഡ് സ്പോട്ടുകളായിട്ടുള്ള കാര്യങ്ങൾ കുട്ടികൾക്കുമാത്രമല്ല  ആ മേഖലയിലുള്ള ആർക്കും അതിലേയ്ക്ക് ഷെയർ ചെയ്യാൻ കഴിയുന്ന രീതിയിലുള്ള ഏറ്റവും നൂതനമായ, ഇന്ത്യയിൽ എവിടേയും ഇല്ലാത്ത, ഒരു സംവിധാനമാണിത്. ഇത് ഓരോ കുട്ടിക്കും ഉപയോഗിക്കാൻ കഴിയണമെങ്കിൽ സ്കൂളുകളിൽ മൊത്തമായി ടാബുകൾ  വിതരണം ചെയ്യുന്ന സംവിധാനം വേണം. നമ്മുടെ സാമ്പത്തിക പരാധീനതകൾ മൂലം ഘട്ടംഘട്ടമായി മാത്രമേ ടാബുകൾ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ.

കുട്ടികളില്ലാത്ത സ്കൂളുകൾക്കുവേണ്ടി, ഫോക്കസ് എന്നുപറയുന്ന പദ്ധതി കൊണ്ടുവന്ന് അറുപതിൽ താഴെ കുട്ടികളുള്ള സ്കൂളുകൾ സെലക്ട് ചെയ്ത് പ്രത്യേകമായ കാര്യങ്ങൾ നടത്തി. ഇക്കൊല്ലം അവിടെയെല്ലാം കുട്ടികളുടെ വർദ്ധനവ് വന്നിട്ടുണ്ട്. 200 സ്കൂളുകളിലായി ഏകദേശം ആയിരത്തോളം കുട്ടികൾ വർദ്ധിച്ചിട്ടുണ്ട്. അൺ ഇക്കണോമിക് എന്നു മുമ്പ് പറഞ്ഞിരുന്ന ഗവൺമെന്റ് സ്കൂളുകൾ പൂട്ടുന്നതിനുപകരം അവിടേയ്ക്ക് കുട്ടികളെ കൊണ്ടുവരുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്.

മറ്റൊരു വലിയ നേട്ടമെന്ന് പറയുന്നത് സിവിൽ സർവ്വീസ് അക്കാദമിയുടേതാണ്. സിവിൽ സർവ്വീസ് അക്കാദമി തിരുവനന്തപുരത്ത് മാത്രമാണ് ആദ്യം ഉണ്ടായിരുന്നത്. പിന്നീട് പൊന്നാനിയിലും ഇപ്പോൾ പാലക്കാടും കോഴിക്കോടും കോതമംഗലത്തും ചെങ്ങന്നൂരിലും കോന്നിയിലും അതിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചു. പഴയകാലങ്ങളിൽ സിവിൽ സർവ്വീസിന്റെ റിസൾട്ട് വരുമ്പോൾ കേരളത്തിൽ നിന്ന് പേരിനുപോലും ആരുമുണ്ടാകാറില്ല. എന്നാൽ കഴിഞ്ഞ മൂന്നുനാല് വർഷങ്ങളായി 30, 35, 45 എന്ന രീതിയിൽ സെലക്ഷൻ കിട്ടുന്നുണ്ട്. ഈ പ്രാവശ്യവും 37 കുട്ടികൾക്ക് സെലക്ഷൻ കിട്ടി. മൂന്ന് വർഷം മുമ്പ് ഒന്നാം റാങ്ക് കിട്ടിയത് തിരുവനന്തപുരത്തുള്ള ഒരു കുട്ടിക്കാണ്. ഈ വർഷം രണ്ടാം റാങ്ക് കിട്ടിയത് തിരുവനന്തപുരത്തുള്ള ഒരു കുട്ടിക്കാണ്. സിവിൽ സർവ്വീസ്

മേഖലയിലേയ്ക്ക് നമ്മുടെ കുട്ടികൾ കടന്നുവന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ മുന്നിലുള്ള ലക്ഷ്യം കുട്ടികൾക്ക് അഭിരുചിയുള്ളത് ഏത് മേഖലയിലാണെങ്കിലും ആ മേഖലയിലേയ്ക്ക് പോകാൻ കഴിയുന്ന, അത് പഠിക്കാൻ കഴിയുന്ന സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകുക എന്നുള്ളതാണ്. അതുകൊണ്ടാണ് സ്കൂളുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) കൊണ്ടുവന്നത്. ഇത് ഹയർ സെക്കൻഡറി സ്കൂളുകളിലേയും കോളേജുകളിലേയും കുട്ടികൾക്ക് അവരുടെ സാധാരണ രീതിയിലുള്ള പഠനത്തോടൊപ്പംതന്നെ ഒരു സ്കിൽ കോഴ്സ് പഠിക്കാനുള്ള സൗകര്യമാണ്. അങ്ങനെ പഠിക്കുന്ന സ്കിൽ കോഴ്സിന്റെ സർട്ടിഫിക്കറ്റും ഡിഗ്രി സർട്ടിഫിക്കറ്റും ഉപയോഗിച്ച് അവർക്ക് ജോലി അന്വേഷിക്കാം, അല്ലെങ്കിൽ സ്വന്തമായി സംരംഭങ്ങൾ തുടങ്ങാം. അതിന്റെ രണ്ടാം ഘട്ടവും ഇപ്പോൾ തുടങ്ങാൻ ആലോചിക്കുകയാണ്. ഓരോ നിയോജകമണ്ഡലത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്കിൽ പാർക്കുകൾ കൊണ്ടുവരികയാണ്. അവിടെ ഗവൺമെന്റ് നടത്തുന്ന കോഴ്സുകളും അതോടൊപ്പം ഇൻഡസ്ട്രികൾ നടത്തുന്ന കോഴ്സുകളുമുണ്ടാകും. പഠിക്കുന്നവർക്കും പഠനം നിർത്തിയവർക്കും മറ്റുമേഖലയിൽ ജോലി ചെയ്യുന്നവർക്കും, പ്രായവ്യത്യാസമെന്യേ എല്ലാവർക്കും ഒരു തൊഴിൽ പഠിക്കാൻ കഴിയുന്ന രീതിയിലുള്ള സംവിധാനമാണ് അവിടെയുള്ളത്. അഞ്ച് വർഷംകൊണ്ട്

ഏകദേശം മൂന്ന് ലക്ഷം കുട്ടികളെ തൊഴിൽ നൈപുണ്യമുള്ള കുട്ടികളായി വാർത്തെടുക്കാ നാണ് ഈ സംവിധാനംകൊണ്ട് ഉദ്ദേശിക്കുന്നത്.

യൂണിഫോമിന്റെ വിതരണം, ഞാൻ നേരത്തേ പറഞ്ഞതുപോലെ ഒരു വർഷം മാത്രമാണ് എംപാനൽ ചെയ്തുകൊടുത്തിട്ടുള്ളത്. അത് പല ഘട്ടങ്ങളിലായി താമസം വന്നതുകൊണ്ട് പഴയരീതിയിൽത്തന്നെ യൂണിഫോം ഓരോ സ്കൂളുകളിലും എത്തിച്ചുകൊടുത്ത് വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. സി. പി. മുഹമ്മദ് : സർ, പ്രൈമറി കുട്ടികൾക്ക് ഭക്ഷണം കൊടുക്കേണ്ട എന്ന ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് വലിയ തെറ്റാണ്, പിൻവലിക്കണം.

ശ്രീ. പി. കെ. അബ്ദുറബ്ബ് :സർ, അക്കാര്യം ഇന്നലെ സംസാരിച്ചതാണ്. പ്രീ-പ്രൈമറി കുട്ടികൾക്ക് ഭക്ഷണം കൊടുക്കേണ്ട എന്ന ഒരു ഉത്തരവ് ഇറക്കിയിട്ടില്ല. ഇക്കാര്യത്തിൽ ചെറിയ ഒരു കൺഫ്യൂഷൻ വന്നതാണ്. കോടതിവിധിയനുസരിച്ച്, 2012-ൽ ഒരു വർഷം തികയുന്ന പ്രീ-പ്രൈമറി ടീച്ചർമാർക്ക് പ്രതിമാസം 5000 രൂപവച്ച് ശമ്പളം കൊടുക്കാൻ തീരുമാനിച്ചു. ആ ഉത്തരവിൽത്തന്നെ പുതിയ പ്രീ-പ്രൈമറി സ്കൂളുകൾ തുടങ്ങരുതെന്നും പുതിയ ആളുകളെ നിയമിക്കരുതെന്നും പറഞ്ഞിരുന്നു. അതിന് വിപരീതമായി ചില സ്കൂളുകൾ പുതിയ പ്രീ-പ്രൈമറി സ്കൂളുകൾ

തുടങ്ങുകയും അവരുടെ ശമ്പളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഡി.പി.ഐ. ഇറക്കിയ പുതിയ ഉത്തരവിലാണ് പുതിയതായി വന്ന സ്കൂളുകളിൽ കൊടുക്കേണ്ടായെന്ന് പറഞ്ഞിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഇന്നലെ ഒരു യോഗം കൂടുകയും അതിൽ വച്ച് ഈ തീരുമാനം മാറ്റുകയും ചെയ്തിരുന്നു. അവർക്കുകൂടി ഭക്ഷണം കൊടുക്കാനുള്ള ഏർപ്പാട് ചെയ്യാൻ പറഞ്ഞിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സർ, എസ്.എസ്.എൽ.സി-യുടെ മൂല്യനിർണ്ണയ വുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട്, കുറച്ചുകൂടി ഗുണനിലവാരത്തോടെ എസ്.എസ്.എൽ.സി-യുടെ മൂല്യനിർണ്ണയം, പ്രത്യേകിച്ച് ടെർമിനൽ ഇവാല്യുവേഷന്റെ കാര്യത്തിൽ ഉണ്ടാകണമെന്നുള്ള ഒരു നിർദ്ദേശം ഞാൻ വച്ചിരുന്നു. അങ്ങ് അതിന് മറുപടി പറഞ്ഞില്ല.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, ആ വിഷയത്തിലേയ്ക്ക് ഞാൻ വരികയാണ്. എസ്.എസ്.എൽ.സി. ക്ക് എഴുത്ത് പരീക്ഷയുടെ മാർക്ക് കഴിഞ്ഞാൽ പിന്നെ കണ്ടിന്യൂവസ് ഇവാല്യുവേഷന്റെ മാർക്കാണുള്ളത്. എഴുത്തു പരീക്ഷയ്ക്ക് കുറഞ്ഞത് ഇത്ര മാർക്ക് വേണമെന്നുള്ള നിബന്ധന ഇപ്പോൾ ഇല്ല. അതുകൊണ്ടാണ് അഞ്ചോ പത്തോ മാർക്ക് കിട്ടിയ കുട്ടി കണ്ടിന്യൂവസ് ഇവാല്യുവേഷനിലൂടെ കൂടുതൽ മാർക്ക്

വാങ്ങുന്നത്. ഈ വിഷയം സംബന്ധിച്ച് ഒരു ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. എഴുത്തുപരീക്ഷയ്ക്ക് മിനിമം മാർക്കുണ്ടാകണമെന്നും അതിനുശേഷം മാത്രമേ കണ്ടിന്യൂവസ് ഇവാല്യുവേഷന്റെ മാർക്ക് കൊടുക്കാൻ പാടുള്ളൂവെന്ന ചിന്തയാണ് ഇപ്പോഴുള്ളത്. എല്ലാവരുമായി ചർച്ച ചെയ്ത് ഇപ്പോഴത്തെ രീതിയിൽ മാറ്റം വരുത്തണം. ബഹുമാനപ്പെട്ട അംഗവും നേരത്തേ ഇക്കാര്യം സംസാരിച്ചതാണ്. ഇക്കാര്യത്തിൽ എനിക്കും അദ്ദേഹത്തിന്റെ അഭിപ്രായമാണുള്ളത്.

സർവ്വകലാശാലകളിലെ പരീക്ഷകളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. എല്ലാ സർവ്വകലാശാലകൾക്കും ഏകീകൃതമായ ഒരു കലണ്ടർ ആവശ്യമാണ്. വിവിധ സർവ്വകലാശാലകളിലെ അഡ്മിഷനും ക്ലാസ്സുകൾ തുടങ്ങുന്നതും പരീക്ഷകൾ നടത്തുന്നതും റിസൾട്ട് പ്രസിദ്ധീകരിക്കുന്നതും ഒരേ സമയത്തായിരിക്കണമെന്ന് കഴിഞ്ഞ രണ്ട് വർഷങ്ങൾക്ക് മുമ്പുതന്നെ എല്ലാ യൂണിവേഴ്സിറ്റികൾക്കും നിർദ്ദേശം കൊടുത്തിരുന്നു. മാത്രമല്ല പുതിയ ഗവർണ്ണർ വന്നതിനുശേഷം അദ്ദേഹം വിളിച്ചുകൂട്ടാറുള്ള ഗവർണേഴ്സ് കൗൺസിലിൽ ഇക്കാര്യം വരികയും കുറേ യൂണിവേഴ്സിറ്റികൾ ഇതനുസരിച്ച് യൂണിഫോം കലണ്ടർ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ യൂണിവേഴ്സിറ്റികളുടേയും കലണ്ടറുകൾക്ക് യൂണിഫോമിറ്റി കൂടി വരുത്തണം. അപ്പോൾ സംസ്ഥാനത്ത് ഒരേ സമയത്ത് ഇതെല്ലാം നടക്കുന്ന ഒരു സ്ഥിതിയുണ്ടാകും.

അങ്ങനെയായാൽ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നവർക്കും മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്നവർക്കും ഒരു യൂണിവേഴ്സിറ്റിയിൽ നിന്നും മറ്റൊരു യൂണിവേഴ്സിറ്റിയിലേയ്ക്ക് പോകുന്നവർക്കും ഗുണം ലഭിക്കും.

കലോത്സവങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കലോത്സവങ്ങളുടെ കാര്യത്തിൽ നമ്മളെല്ലാവരും ബുദ്ധിമുട്ടുന്നത് അപ്പീലുകൾ കാരണമാണ്. പഴയകാലങ്ങളിൽ കോടതി മാത്രമാണ് ഇടപെട്ടിരുന്നതെങ്കിൽ ഇപ്പോൾ ലോകായുക്തയും ചൈൽഡ് റൈറ്റ്സ് കമ്മീഷനും ഇക്കാര്യത്തിൽ ഇടപെടുന്നതിന്റെ ഫലമായി അപ്പീലുകൾ വരുമ്പോൾ ഫൈനൽ മത്സരത്തിന് ഒരു ജില്ലയിൽ നിന്ന് ഒരാൾ എന്നതിനുപകരം മൂന്നും നാലും ആളുകൾ വരികയാണ്. അത് കലോത്സവത്തിന്റെ സമയക്രമങ്ങൾ തെറ്റിക്കുന്നു. മത്സരത്തിൽ ആദ്യം ജയിച്ച കുട്ടിയെ പുറംതള്ളി അപ്പീൽ വാങ്ങിയ കുട്ടി ജയിച്ചുവരുന്നു. അങ്ങനെയുള്ള ഒരുപാട് കാര്യങ്ങളുണ്ട്. അതിന്റെ മാന്വൽ പരിഷ്കരണം നടത്തണമെന്നുള്ളത് കഴിഞ്ഞ രണ്ടുവർഷമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. അതുമായി ബന്ധപ്പെട്ട എല്ലാ എക്സ്പേർട്ട്സുമായി ആലോചിച്ച് ഒരു നടപടിയെടുക്കും. അപ്പീലുകൾ എങ്ങനെ നിയന്ത്രിക്കാൻ കഴിയുമെന്നുള്ളതാണ് കലോത്സവവു മായി ബന്ധപ്പെട്ട ഏറ്റവും വലിയ പ്രശ്നം. അത് നിയന്ത്രിച്ചുകഴിഞ്ഞാൽ ത്തന്നെ വലിയതോതിലുള്ള

മാറ്റങ്ങളുണ്ടാകും. കഴിഞ്ഞ നാല് വർഷങ്ങളിലേയും കലോത്സവങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ നല്ല രീതിയിൽ നടത്തി. ഈ ഗവൺമെന്റ് വന്ന ആദ്യവർഷം തൃശ്ശൂരിൽ വച്ചാണ് നടത്തിയത്. അതുകഴിഞ്ഞ് മലപ്പുറത്ത് നടത്തി. അതുകഴിഞ്ഞ് പാലക്കാട് നടത്തി. ഈ വർഷം കോഴിക്കോട് നടത്തി. എല്ലാ വർഷവും ഒന്നിനൊന്നുമെച്ചമായി നടത്താൻ കഴിഞ്ഞു. കലോത്സവങ്ങൾ ലോകം മുഴുവനുമുള്ള എല്ലാവർക്കും കാണാനുള്ള സൗകര്യം IT@ school-ന്റെ നേതൃത്വത്തിൽ നമ്മൾ തയ്യാറാക്കി.

ശ്രീമതി ഗീതാ ഗോപി ഇവിടെ സംസാരിച്ചപ്പോൾ എനിക്ക് പാർട്ടിയിൽ നിന്നും വിമർശനമുണ്ടായിയെന്ന് സൂചിപ്പിച്ചു. എനിക്ക് അഭിനന്ദനങ്ങളല്ലാതെ ഒരു വിമർശനവും പാർട്ടിയിൽ നിന്നും ലഭിച്ചിട്ടില്ല. പ്ലസ് ടു സ്കൂളുകൾ തെരഞ്ഞെടുത്ത കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഹയർ സെക്കണ്ടറി ഡയറക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഒരു ടീം ഓരോ സ്കൂളിന്റെയും സ്റ്റാറ്റിസ്റ്റിക്സും അവിടെ വരുന്ന അപേക്ഷകളും പരിശോധിച്ചാണ് ബാച്ചുകൾ കൊടുത്തത്. 2009-ൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുകൊടുത്ത 174 ബാച്ചിന്റെ പോസ്റ്റുകൾ 2011-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കൊടുത്തത്. ഇവിടെ വിമർശിച്ചവർ പറഞ്ഞതുപോലെ ദിവസവേതനാടിസ്ഥാനത്തിലാണ് ടീച്ചർമാർ

ജോലിചെയ്തിരുന്നത്. അത് ഗവൺമെന്റ് ആദ്യം ക്ലിയർ ചെയ്തു. അതിനുശേഷം 2011-ൽ 550 പുതിയ ബാച്ചുകൾ കൊടുത്തു. അതിന്റെ പോസ്റ്റും ക്രിയേറ്റ് ചെയ്തു. 2013-ൽ കൊടുത്ത ബാച്ചുകളുടെ പോസ്റ്റ് ക്രിയേഷനാണ് ഇനി ബാക്കിയുള്ളത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഹയർ സെക്കണ്ടറി സ്കൂളുകളിലെ അനോമലി ലിസ്റ്റ് ക്യാബിനറ്റ് പാസ്സാക്കി എന്നുപറഞ്ഞ് ന്യൂസ് വന്നിട്ട് മൂന്നാഴ്ച കഴിഞ്ഞു. എന്നാൽ ഇന്നുവരെ അത് പുറത്തിറങ്ങിയിട്ടില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, അനോമലി ലിസ്റ്റ് ക്യാബിനറ്റ് പാസ്സാക്കി എന്നത് ശരിയാണ്. പക്ഷേ അത് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണുന്നതിനുമുമ്പാണ് ക്യാബിനറ്റിൽ വന്നത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണുമെന്നുള്ളതുകൊണ്ട് അവർക്ക് അയച്ചിരിക്കുകയാണ്. ഈയാഴ്ച തന്നെ അത് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അദ്ധ്യാപകരുടെ സ്ഥലംമാറ്റവും മറ്റുകാര്യങ്ങളുമെല്ലാം അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾത്തന്നെ ചെയ്യണമെന്ന രീതിയിൽ വളരെ സിസ്റ്റമാറ്റിക്കായാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അതിലൊന്നും യാതൊരു തരത്തിലുള്ള ക്രമക്കേടുകളും നടന്നിട്ടില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 100 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ

എയ്ഡഡ് സ്കൂളുകളാക്കും എന്നൊരു പ്രഖ്യാപനം വന്നിരുന്നു. അതിന്റെ നടപടികൾ എവിടെവരെയെത്തിയിട്ടുണ്ട്; എന്റെ നിയോജക മണ്ഡലത്തിൽ ഇങ്ങനെ 100 കുട്ടികളിൽ കൂടുതലുള്ള രണ്ട് സ്കൂളുകളുണ്ട്. ഇതുവരെ അവർക്ക് അതിന്റെ ഉത്തരവ് ലഭിച്ചിട്ടില്ല എന്നുള്ളൊരു ആക്ഷേപം വന്നു. ഇത് വളരെ ദയ അർഹിക്കുന്ന ഒരു കേസ്സാണ്. മെന്റലി ചലഞ്ച്ഡായിട്ടുള്ള കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങളാണ്. അതുകൊണ്ടുതന്നെ അക്കാര്യങ്ങൾ ഒന്ന് വേഗത്തിലാക്കുമോ എന്നാണ് അറിയേണ്ടത്.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, മെന്റലി ചലഞ്ച്ഡായിട്ടുള്ള 100 കുട്ടികളെങ്കിലുമുള്ള സ്കൂളുകൾ എയ്ഡഡ് ആക്കണമെന്നുള്ളത് ഈ ഗവൺമെന്റ് വന്നതിനുശേഷം തീരുമാനിച്ച കാര്യമാണ്. അതനുസരിച്ച് സ്കൂളുകളുടെ സെലക്ഷൻ കഴിഞ്ഞിരുന്നു. കുറേ സ്കൂളുകൾ സെലക്ട് ചെയ്തിട്ടുണ്ട്. ആ സ്കൂളുകളിലെ ബന്ധപ്പെട്ട ആളുകളുമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ കൂടിയിരുന്നു. സ്കൂളുകൾ തെരഞ്ഞെടുക്കുക എന്നുള്ളത് മാത്രമല്ല അതിനോടനുബന്ധിച്ച് അവിടത്തെ ടീച്ചേഴ്സിന്റെ റേഷ്യോ, അവരുടെ ശമ്പളം, മറ്റ് കാര്യങ്ങളൊക്കെ നിർണ്ണയിക്കാനുണ്ട്. അതിനുവേണ്ടിയുള്ള രണ്ടുമൂന്ന് മീറ്റിംഗുകൾ ഉണ്ടായിരുന്നു. അതിന് ഒരു കമ്മിറ്റിയും വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ നമുക്ക് പ്രാവർത്തികമാക്കാൻ

കഴിയും. അതിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ 50 കുട്ടികളുള്ള സ്കൂളുകളും എയ്ഡഡ് ആക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തേ പ്രഖ്യാപിച്ചിരുന്നതാണ്. 100 കുട്ടികളുള്ള സ്കൂളുകളുടെ പ്രശ്നം തീർന്നാൽ തീർച്ചയായും 50 കുട്ടികളുള്ള സ്കൂളുകളുടെ കാര്യത്തിലുള്ള തീരുമാനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കും.

ഹയർ സെക്കന്ററി ഡയറക്ടറുടെ തീരുമാനമനുസരിച്ചുള്ള സ്കൂളുകൾക്ക് കൂടുതൽ ബാച്ചുകൾ അനുവദിക്കാനാണ് കോടതി അംഗീകരിച്ചത്. അതനുസരിച്ചാണ് നമ്മൾ പോകുന്നത്. അത് മാത്രം പോരാ എന്നുള്ളതു കൊണ്ടും ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് കൂടുതൽ കൊടുക്കേണ്ടിവരും എന്നുള്ളതുകൊണ്ടുമാണ് ഗവൺമെന്റ് ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചത്. പക്ഷേ അത് കോടതി റദ്ദ് ചെയ്തതു കൊണ്ടാണ് ഹയർ സെക്കന്ററി ഡയറക്ടർ തീരുമാനിച്ച സ്കൂളുകൾക്ക് മാത്രം കൂടുതൽ ബാച്ചുകൾ കൊടുക്കാൻ തീരുമാനിച്ചത്. അതാണ് കഴിഞ്ഞ വർഷവും ചെയ്തത്. അവിടങ്ങളിലേയ്ക്കുള്ള പോസ്റ്റ് ക്രിയേഷൻ നടത്തേണ്ടതുണ്ട്.

അതുപോലെതന്നെ ഇവിടെ പറഞ്ഞ മറ്റൊരു കാര്യം വൈസ് ചാൻസലർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. വൈസ് ചാൻസലർമാരെ നിയമിക്കുന്നതിന് ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ മാനദണ്ഡങ്ങളൊന്നും

ഉണ്ടാക്കിയിട്ടില്ല. നേരത്തേയുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഇപ്പോഴുള്ള വൈസ് ചാൻസലർമാരെയെല്ലാം നിയമിച്ചിട്ടുള്ളത്. അവരുടെ പേരിലുള്ള പരാതികൾ അന്വേഷിക്കേണ്ടതും അവരുടെ പേരിൽ നടപടി എടുക്കാനുമുള്ള അധികാരം ചാൻസലറായ ഗവർണ്ണർക്ക് തന്നെയാണ്. മറ്റുള്ള രാജ്യങ്ങളിലെപ്പോലെ അക്കാദമിക രംഗത്തുള്ളവരെ മാത്രം വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് കൊണ്ടുവരിക എന്നുള്ളത് നമ്മുടെ സംസ്ഥാനത്ത് ഇതുവരെയും ഉണ്ടാകാത്ത ഒരു കാര്യമാണ്. അങ്ങനെ ചെയ്യുന്നത് അക്കാദമിക രംഗത്തെ മെച്ചപ്പെടുത്താനും രാഷ്ട്രീയ അതിപ്രസരണം കുറയ്ക്കാനും സഹായകമാകും. പക്ഷേ അത് എത്രത്തോളം പ്രായോഗികമായി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമെന്നുള്ളത് നമ്മൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഗ്രേസ് മാർക്കിനെ സംബന്ധിച്ച് കുറേ പരാതികൾ വരുന്നുണ്ട്. ഗ്രേസ് മാർക്ക് ഓരോ കുട്ടിക്കും അവരുടെ റിസൾട്ടിന്റെ കൂടെ കൊടുക്കണോ അതോ അഡ്മിഷൻ കിട്ടാനുള്ള അഡീഷണൽ ക്വാളിഫിക്കേഷനായി വച്ചാൽ മതിയോ എന്നൊക്കെയുള്ള ചർച്ചകൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. അഡീഷണൽ ക്വാളിഫിക്കേഷനായി വയ്ക്കുകയാണെങ്കിൽ പരീക്ഷയുടെ മാർക്കിന്റെകൂടെ ഇത് കൂട്ടില്ല. അതേയവസരത്തിൽ കുട്ടികൾക്ക് അഡ്മിഷൻ കിട്ടാനുള്ള അഡീഷണൽ ആനുകൂല്യമായി ഗ്രേസ് മാർക്ക്

എടുക്കാനായി സാധിക്കും. അത് പറ്റുമോ എന്നുള്ളത് എല്ലാവരുമായി കൂടിയാലോചിച്ച് തീരുമാനിക്കേണ്ട വിഷയമാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഹയർ സെക്കന്ററിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഈ വർഷം കുട്ടികളുടെ വിജയശതമാനം വളരെയേറെ വർദ്ധിച്ചു. ഹയർ സെക്കന്ററിയിൽ അഡ്മിഷൻ കിട്ടാതെ ഒരുപാട് കുട്ടികൾ പ്രയാസപ്പെടുന്ന സാഹചര്യവുമുണ്ട്. കഴിഞ്ഞ വർഷം ഈ വിഷയം ഹൈക്കോടതിയിൽ വരികയും ഗവൺമെന്റ് തലത്തിൽ പരിശോധിക്കുകയും ചെയ്തതാണ്. ഹയർ സെക്കന്ററിയുള്ള വിവിധ സ്കൂളുകൾ പുതിയ ബാച്ചുകൾ ചോദിച്ചിട്ടുണ്ട്. കോടതിയെക്കൂടി ബോദ്ധ്യപ്പെടുത്തി ഏറ്റവും ആവശ്യമുള്ള സ്ഥലങ്ങൾ പരിശോധിച്ച് ജനുവിനായിട്ടുള്ള കേസ്സുകളിൽ പുതിയ അഡീഷണൽ ബാച്ച് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒരാലോചന നടത്തുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഇനിയിപ്പോൾ പുതിയ ബാച്ചുകൾ കൊടുക്കുക എന്നത് ക്യാബിനറ്റ് തീരുമാനിക്കേണ്ട ഒരു വിഷയമാണ്. അതേയവസരത്തിൽ, കഴിഞ്ഞ വർഷം പ്രൊഫ. ലബ്ബ കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് ഒരു ക്ലാസ്സിൽ 50 കുട്ടികൾ മതി എന്ന് തീരുമാനിച്ച തായിരുന്നു. പക്ഷേ ഒന്നും രണ്ടും അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോഴും ഒരുപാട് കുട്ടികൾക്ക് അഡ്മിഷൻ ലഭിച്ചിട്ടില്ല

എന്നതിന്റെയടിസ്ഥാനത്തിലാണ് 20 ശതമാനം സീറ്റ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. അതിനനുസരിച്ച് പുതിയ ബാച്ചുകൾ കൊടുക്കുന്ന കാര്യം ക്യാബിനറ്റ് പ്രത്യേകമായി തീരുമാനിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ.

ഇവിടെ SCERT-യിൽ പിൻവാതിൽ നിയമനം നടന്നതായി പറഞ്ഞു. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനങ്ങളിലും പിൻവാതിൽ നിയമനം ഇതുവരെ നടത്തിയിട്ടില്ല. കോൺട്രാക്ട് വ്യവസ്ഥയിൽ വർക്ക് ചെയ്യുന്നവർ കാലാവധി കഴിയുമ്പോൾ പിരിഞ്ഞുപോകണമെന്നുള്ളത് സാധാരണ തത്വമാണ്. അതിനനുസരിച്ചുള്ള കാര്യങ്ങളല്ലാതെ ഒരു പിൻവാതിൽ നിയമനവും ഒരിടത്തും നടത്തിയിട്ടില്ല.

ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞ ഒരു പ്രശ്നം ലൈബ്രറികളുടെ ശാക്തീകരണത്തെക്കുറിച്ചാണ്. അത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. നമുക്ക് പലപ്പോഴും മറ്റ് പല കാരണങ്ങൾകൊണ്ടും ശ്രദ്ധിക്കാൻ കഴിയാത്ത ഒരു മേഖലയാണ്. അത് കുറേക്കൂടി ശക്തിപ്പെടുത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നതാണ്.

സാങ്കേതിക സർവ്വകലാശാലയെക്കുറിച്ച് ഇവിടെ പറഞ്ഞു. ആ ബിൽ സഭയിൽ വന്നതിനുശേഷം രണ്ടാമത് സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് പോയതാണ്. ആ ബില്ലുകൾ

ഉണ്ടാക്കുന്ന സമയത്ത് നിയമവകുപ്പും ഉദ്യോഗസ്ഥരുമാണ് കാര്യമായി പരിശോധിക്കുന്നത്. ഒരു റാന്റം വായന മാത്രമാണ് നമ്മളിൽനിന്നുമുണ്ടാകുന്നത്. ഏതായാലും സബ്ജക്ട് കമ്മിറ്റിയി ലേയ്ക്ക് പോകുമ്പോഴാണ് അതിന്റെ വിശദമായ ചർച്ചകൾ നടക്കുന്നത്. ഇന്നലെ സബ്ജക്ട് കമ്മിറ്റിയുണ്ടായിരുന്നു. മുഴുവനാക്കാൻ കഴിഞ്ഞില്ല. മറ്റൊരുദിവസത്തേയ്ക്ക് മാറ്റിവച്ചിട്ടുണ്ട്. തീർച്ചയായും എല്ലാവരുടെയും അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജനാധിപത്യ സംവിധാനങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്തിന് ഗുണകരമായ വിധത്തിൽ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്ന രീതിയിൽ കുറ്റമറ്റ ബില്ലായി സഭയിൽ കൊണ്ടുവരണമെന്നാണ് ആഗ്രഹിക്കുന്നത്.

മറ്റുകാര്യങ്ങളിലേക്കൊന്നും ദീർഘമായി ഞാൻ കടക്കുന്നില്ല. വിദ്യാഭ്യാസവകുപ്പ് കഴിഞ്ഞ നാലുവർഷമായി നടത്തിയ പ്രവർത്തനങ്ങളെ ക്കുറിച്ച് വളരെയേറെ അഭിമാനമാണ് എനിക്കുള്ളത്. കാര്യങ്ങളെ വിമർശിക്കുന്നതിനുപകരം വ്യക്തിപരമായ വിമർശനങ്ങളാണ് ഇവിടെ നടത്തിയത്. അതിനൊന്നും മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഏതായാലും ഈ ഗവൺമെന്റിന്റെ നാലുവർഷം പൂർത്തിയാകുമ്പോൾ, കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വളരെ നല്ലതും പുതിയതുമായ കാര്യങ്ങൾ, പുതിയ തലമുറയുടെ ചിന്തയ്ക്കും അവരുടെ ആഗ്രഹത്തിനും

അനുസരിച്ചുള്ള കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പിന് ചെയ്യാൻ കഴിഞ്ഞുവെന്ന സംതൃപ്തിയാണ് എനിക്കുള്ളത്. ഗവൺമെന്റിന്റെ പിന്തുണ പൂർണ്ണമായും വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ കാര്യങ്ങളിലും ലഭിച്ചിട്ടുണ്ട്. പാർട്ടിയുടെ പിന്തുണയും മുന്നണിയുടെ പിന്തുണയും ലഭിച്ചിട്ടുണ്ടെന്ന് സൂചിപ്പിക്കുകയാണ്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ.................................

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ …... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 09-ാം തീയതി രാവിലെ 8.30-ന് വീണ്ടും

സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.)

***